കുഞ്ചുണ്ണിരാജാ

ഉണ്ടതിൽ

കേരള സാഹിത്യ
അക്കാദമി

ലണ്ടനിൽ

കേരള സാഹിത്യ
അക്കാദമി

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണ
സംഘം ലിമിററഡ്

LONDONIL

(TRAVALOGUE)

BY

DR. K. KUNCHUNNI RAJA,
M. A., PH. D. (Madras), PH. D. (London)

First Impression March 1956

കേരളസാഹിത്യ
അക്കാദമി

All rights reserved by
SRY. P. SANTHA KUNJAMMA

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40, KOTTAYAM

Re. 1—8—0

ലണ്ടനിൽ

ഡാക്ടർ കെ. കുഞ്ചുണ്ണി രാജാ,
എം. ഏ., പിഎച്ച്. ഡി. (മദ്രാസ്)
പിഎച്ച്. ഡി. (ലണ്ടൻ)

കേരളസാഹിത്യ
അക്കാദമി

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 1 ക. 8 ണ.

Printed at the India Press, Kottayam. Copies 1000.

തമ്പുരാനോടൊപ്പം ലണ്ടനിൽ

അതിനുള്ള ഭാഗ്യം ഈയുള്ളവനും സിദ്ധിച്ചു--ഈ 'മിട്ടുക്കൻ'തമ്പുരാനോടൊപ്പം (ഡോ: കുഞ്ഞുണ്ണിരാജാവിനെ സ്വജനങ്ങൾ അങ്ങനെയാണു വിളിക്കുക) എനിക്കും ലണ്ടനിൽ പോയ്‌വരാൻ സാധിച്ചു. ആ സഹയാത്ര ഒന്നുരണ്ടു മണിക്കൂറിനുള്ളിൽ നടത്താനും കഴിഞ്ഞു. മദിരാശിയിൽ എന്റെ ഭവനത്തിലിരുന്നു് സങ്കല്പവായുവിമാനത്തിലേറി നടത്തിയ ആ യാത്രയുടെ മധുരസ്മരണ ഏതെങ്കിലും തരത്തിലൊന്നു രേഖപ്പെടുത്താനുള്ള കൊതിയും അതോടൊപ്പം എനിക്കുണ്ടായി. അതാ, തമ്പുരാൻതന്നെ എന്നോടതിനു കല്പിച്ചു. "കല്പിച്ചെങ്കിലെറാനെന്നല്ലാതിപ്പരിഷക്കിങ്ങുരിയാടാമോ?"

ഡോക്ടർ കുഞ്ഞുണ്ണിരാജാവിനെ ഒരിക്കൽ കണ്ടവർക്കും അദ്ദേഹവുമായി തെല്ലുനേരം സംഭാഷണം നടത്തുന്നവർക്കും അദ്ദേഹത്തെപ്പറ്റി പെട്ടെന്നു ചില അഭിപ്രായങ്ങൾ പറയാനുണ്ടാവും. വളരെ ശാന്തശീലനും സാധുമതിയും സംഭാഷണപരാങ്മുഖനുമായ ഒരാച്ച പണ്ഡിതവരേണ്യൻ. പാണ്ഡിത്യം കയറി കൊട്ടുമ്പിരിക്കൊണ്ടു് അദ്ദേഹത്തെ പലതരത്തിലും ഒരസാധാരണ മനുഷ്യനാക്കിയിട്ടുണ്ടെന്നു് ആരും പറയും. വളരെ ചെറുപ്പത്തിൽത്തന്നെ അനായാസം മദിരാശി സർവ്വകലാശാലയിൽനിന്നു് ഡോക്ടറേററ് ബിരുദംനേടി, ലണ്ടനിൽ ചെന്നു് അവിടെനിന്നും മറെറാരു ഡോക്ടറേററുംകൂടി സമ്പാദിച്ചു് രാപ്പകൽ ഗവേഷണം എന്നൊന്നിൽ മാത്രം ദത്താവധാനനായി കഴിയുന്ന തമ്പുരാനിൽനിന്നു് പരന്ന വായനയുടേയും ഉയർന്ന ചിന്തയുടേയും കനത്ത പാണ്ഡിത്യത്തിന്റെയും അത്യന്തം സത്യസന്ധമായ ഗവേഷണത്തിന്റെയും ഗംഭീരഫലങ്ങളേ ആരും പ്രതീക്ഷിക്കേണ്ടൂ. ഞങ്ങളുടെ

ചിരന്തനപരിചയവും സഹവാസവും സഹപ്രവർത്തനവും അദ്ദേഹത്തിൽനിന്നു മറെറാരു തരത്തിലുള്ള സാഹിത്യസേവനം—ലളിതസുന്ദരമായ കലാസൃഷ്ടി—എനിക്കു പ്രതീക്ഷിക്കാനുള്ള അവസരം ഉണ്ടാക്കിത്തന്നിട്ടുമില്ല. അങ്ങനെയിരിക്കെയാണ് അദ്ദേഹം എഴുതിയിട്ടുള്ള ഈ യാത്രാസ്മരണകൾ "എസ്. കെ. ഒന്നു നോക്കിത്തരു" എന്നു വിനയശാലീനമായ സ്വരത്തിൽ അദ്ദേഹം എൻെറനേക്കു നീട്ടിയതു്. ആ പണ്ഡിതമൂർദ്ധന്യനൊത്തമിച്ചു് യാത്രചെയ്താൽ ബുദ്ധിക്കു ഗരിമയുണ്ടാകുമെങ്കിലും ഹൃദയത്തിനു് തെളിമവരാനിടയില്ലെന്ന മട്ടിൽ ഞാനാകൃത്യം ഏറെറടുത്തു.

കടുത്ത നിരാശയാണെനിക്കുണ്ടായതു്! ലണ്ടൻയാത്ര കഴിഞ്ഞ ഡോക്ടർ ബിരുദധാരിയായ ഈ മഹാപണ്ഡിതനു് സംസ്കൃതം അറിഞ്ഞുകൂടാ; പണ്ഡിതനാണെന്നതിൽ സംശയമില്ല. എങ്കിലും പാണ്ഡിത്യത്തോടൊപ്പം കണ്ടുവരാറുള്ള ശുഷ്കത തമ്പുരാനെ തീണ്ടിയിട്ടേയില്ല. ലണ്ടനിൽ പോയതു് സംസ്കൃതത്തിൽ ഗവേഷണം നടത്തി ബിരുദമെടുക്കാനല്ലാ, പോയവഴിക്കുള്ളതെല്ലാം കണ്ണുതുറന്നു കാണാനും രസിക്കാനും മാത്രമാണോ എന്നും തോന്നി. അങ്ങനെ ഞാനെൻെറ ഈ സുഹൃത്തിനെ തരം മാറിയ ഒരാളായാണു് ഈ യാത്രയിൽ കണ്ടതു്.

മറെറാരത്ഭുതം കൂടി. ബോംബെ തുറമുഖത്തുനിന്നു ഞങ്ങളൊന്നിച്ചാണു കപ്പൽ കയറിയതു്. തമ്പുരാൻ എൻെറ തൊട്ടടുത്തുണ്ടായിരുന്നു. കപ്പൽ നീങ്ങി കുറെ കഴിഞ്ഞതോടെ തമ്പുരാനെ തപ്പിനോക്കിയിട്ടുപോലും ഞാൻ കണ്ടില്ല! പിന്നെ ഞാൻ കണ്ടതും കേട്ടതും വഴിക്കുള്ള പലതിൻെറയും ഭൂമിശാസ്ത്രവും ചരിത്രവും രാഷ്ട്രവിജ്ഞാനീയവും നരവംശശാസ്ത്രവും ഭൂഗർഭവിജ്ഞാനീയവും മററും മററുമാണ്. അതെല്ലാം അശേഷം മുഷിച്ചിൽ കൂടാതെതന്നെ. ലണ്ടനിൽ ചെന്നിട്ടോ? ഒന്നുരണ്ടു തവണ തമ്പുരാനെ ഒരു നിഴലാട്ടംപോലെ കണ്ടെന്നു തോന്നുന്നു. പക്ഷേ, അപ്പോഴും സാക്ഷാൽ സംസ്കൃതപണ്ഡിതനായ ഡോക്ടർ രാജാവിനെയല്ലാ

ഞാൻ കണ്ടതു്. ഒരിക്കൽ ചിത്രകലാമമ്മജ്ഞനെ, മററാരിക്കൽ രാഷ്ട്രതന്ത്രവിശാരദനെ, പിന്നൊരിക്കൽ ഒരു സമുദായശാസ്ത്രജ്ഞനെ—അങ്ങനെ സകലവിജ്ഞാനസമ്പന്നനായ ഒരു മഹാപണ്ഡിതനെയാണു് ഞാൻ അവിടെയെല്ലാം കണ്ടുമുട്ടിയതു്. എൻെറ സുഹൃത്തായ സാക്ഷാൽ 'മിട്ടുക്കൻതമ്പുരാ'നെ ഒന്നു തനിരൂപത്തിൽ കണ്ടാഹ്ലാദിച്ച രംഗം ഞാനിപ്പോഴും ഓക്കുന്നു. അദ്ദേഹത്തിൻെറ കെട്ടിലമ്മയായ 'ശാന്ത' നാട്ടിൽനിന്നും ലണ്ടനിലെത്തിയ ദിവസം.

"ഞാനാളയച്ചിഹ വരുത്തിയതാണു തന്നെ—
ത്താനായ്ശാന്തയെഴുന്നള്ളുകയല്ല ചെയ്തു"

എന്നദ്ദേഹം പച്ചയായി തുറന്നു പറഞ്ഞപ്പോൾ ഞാനദ്ദേഹത്തിൽ അന്നോളം കാണാതിരുന്ന 'രസികത'വും 'കവിത'വും 'മനുഷ്യത'വും ഓരോന്നിൻെറയും മൂദ്ധന്യാവസ്ഥയിൽ കണ്ടു. ലണ്ടനിൽ വസന്തം പുലന്ന ഭാഗം ഇത്ര ഹൃദയസ്പൃക്കായി വണ്ണിക്കുന്നതെന്തിനെന്നു് ഞാൻ ആദ്യം ശങ്കിച്ചു. പിന്നെയല്ലേ കായ്യം മനസ്സിലായതു്. തമ്പുരാനു് ശാന്തയുമായി ദ്വിതീയ മധുവിധു കൊണ്ടാടാൻവേണ്ടി ലണ്ടൻനഗരം അണിഞ്ഞൊരുങ്ങുകയായിരുന്നു.

ഈ സഹയാത്രയിൽ മററാരു മഹാത്ഭുതസംഭവം കൂടി എനിക്കുണ്ടായി. ലണ്ടനിലെ പ്രദർശനാലയം സന്ദർശിക്കുന്ന ഡോ: രാജാവിനെഅനേകം സചേതനഭ്രമകങ്ങളായ സാലഭഞ്ജികകളോടൊപ്പം മറേറതോ വെള്ളക്കാരായ സന്ദർശകർ കുറെനേരം തുറിച്ചുനോക്കി. ഒടുവിൽ അദ്ദേഹം അനങ്ങുന്നതു കണ്ടു് അവർ ഈ പൗരസ്ത്യമാതൃകയെ പാവയല്ലെന്നു കണ്ടു് നോട്ടം പിൻവലിച്ച കഥ തികഞ്ഞ ഫലിതചാതുരിയോടെ പറയുന്ന ഗ്രന്ഥകാരനെ എൻെറ നമ്മബോധം വാനോളം പുകഴ്ത്തിയിട്ടും അതിനിപ്പോഴും മതിവന്നിട്ടില്ല.

അഥവാ ആരുടേയും തുണകൂടാതെ ഒററയ്ക്കു് പാശ്ചാത്യപര്യടനം നടത്തി ദിഗ്ജയം ചെയ്തു തിരിച്ചുവന്ന ഈ പണ്ഡിതരാജനെ പുകഴ്ത്തുന്നവക്കാണു് പുകഴ്ചവരുന്നതു്. അദ്ദേഹത്തിന്നു് എന്നോടു തോന്നിയ കാരുണ്യവാത്സല്യങ്ങൾകൊണ്ടുമാത്രമാണു് ഈ ഒന്നാംതരം യാത്രാഗ്രന്ഥം മലയാളികളുടെ മുന്നിലപ്പിക്കാൻ എന്നെ കൂട്ടിനു വിളിച്ചതു്. അഭിമാനവിജൃംഭിതനായിട്ടാണു് "തമ്പുരാനോടൊപ്പം ഞാനും ലണ്ടനിൽ പോയെന്ന" കഥ വായനക്കാരെ അറിയിക്കുന്നതും.

മദിരാശി സവ്വകലാശാല,
12-9-1955

ഡോ: എസ്. കെ. നായർ

കേരള സാഹിത്യ അക്കാദമി

DEDICATED TO MY UNCLE.

Sri. K. K. RAJA,
Author of the Baspanjali.

"യഥാൎത്ഥസൌന്ദൎയ്യമറിഞ്ഞകൈതവം
രസിപ്പതാൎയ്യന്റെ ഹൃദന്തമൊന്നുതാൻ;
പതിച്ചിടുംകൌമുദിപുൽപ്പടപ്പിലും
തുടിപ്പതാഴിക്കകമൊന്നുമാത്രമാം."

ഗ്രന്ഥകാരനും പത്നിയും

1

സംസ്കൃതം പഠിക്കുവാൻ ശീമയ്ക്കു പോവുക! ഇതു വേണ്ടിവരുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. അപ്രതീക്ഷിതമായി 'ബ്രിട്ടീഷ് കൗൺസി'ലിന്റെ ഒരു സ്കോളർഷിപ്പ്. ഇതെങ്ങനെ ഉപേക്ഷിക്കും? ഉദ്ദേശ്യമെന്തെങ്കിലുമാകട്ടെ ശീമയ്ക്കു പോയിവരിക അത്ര എളുപ്പമായ ഒന്നല്ല. ആ സ്വർഗ്ഗത്തിലേയ്ക്കു പോവുകതന്നെയെന്നു തീരുമാനിച്ചു. കല്പവൃക്ഷവും കാമധേനുവും ഇല്ലെന്നുവന്നാലും കിന്നരന്മാരും വിദ്യാധരന്മാരും ഉണ്ടാകാതിരിക്കയില്ല. ഈ ആഹ്ലാദം ഓളം തുളുമ്പിക്കൊണ്ടായിരുന്നു എന്റെ പുറപ്പാട്.

'ആരംഭശ്ശൂരാഃ ഖലു കേരളീയാഃ' എന്നു കേട്ടിട്ടുണ്ട്. ഞാനതു വിശ്വസിച്ചിരുന്നില്ല. നാടും വീടും വിട്ട് ആയിരം കാതം അകലയ്ക്കു പോകേണ്ട അവസരം വന്നപ്പോൾ എന്തൊക്കെയോ എന്നെ പിടികൂടി. അന്ധവിശ്വാസങ്ങൾ, വിരഹവേദനകൾ ഇങ്ങനെ പലതും. പുറപ്പെടുവാൻ നല്ല ദിവസം നോക്കണം. ധീരത വെടിയാതിരിപ്പാൻ ഈശ്വരനോടു പ്രാർത്ഥിക്കണം. അമ്പല

ത്തിൽ പോകണം. എല്ലാം നിർവ്വഹിച്ചു. പഞ്ചാംഗം നോക്കി നല്ല ദിവസം കണ്ടുകൊണ്ടുതന്നെയാണു തറവാട്ടിൽനിന്നു പുറപ്പെട്ടതു്. പക്ഷെ, കപ്പൽ ഭാരതത്തിന്റെ തുറമുഖം വിട്ടതാകട്ടെ കറുത്തവാവും പൂരവും ചേർന്ന ദിവസം രാത്രി (1952 സെപ്റ്റംബർ 18-ാംതീയതി). എം. എ. ഡിഗ്രിയും ഡാക്ടറേററും എടുത്ത ഞാൻ അന്ധവിശ്വാസിയല്ലെന്നഭിമാനിച്ചിരുന്നിട്ടും കുട്ടിക്കാലത്തു പഠിച്ച,

"യമരുദ്രാഹി മുപ്പൂരം തുടക്കേട്ടയിവയെഴുനാളും
വിതയ്ക്കിൽ വിളയാ ഭ്രമര യാത്രപോകിലവൻവരാ."

എന്ന വരികൾ ഉത്സാഹത്തിൻെറ മുമ്പിൽ വിലങ്ങടിച്ചു നിന്നു.

'ബ്രിട്ടീഷ് കൗൺസിൽ' യാത്രയ്ക്കു വേണ്ടതായ സകല സൗകര്യങ്ങളും ഏർപ്പാടുചെയ്തുതന്നിരുന്നു. എല്ലാം രാജകീയമായ വിധത്തിൽത്തന്നെയായിരുന്നു എന്നു പറയാം. കപ്പലിൽ കയറുന്നതിന്നു മുമ്പു പല ചടങ്ങുകളും നിർവ്വഹിക്കുവാനുണ്ടായിരുന്നതുകൊണ്ടു പകൽ മൂന്നുമണിയോടുകൂടിത്തന്നെ യാത്രക്കാരെല്ലാം ബോംബെ തുറമുഖത്തു ഹാജരായി. എന്തെല്ലാം സാമാനങ്ങളാണു കൊണ്ടുപോകുന്നതെന്നു 'കസ്റ്റംസി'ൽ ഉദ്യോഗസ്ഥന്മാരെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം. ഇത്തരം പരിശോധന ഇറങ്ങുന്ന ദിക്കിലും ഉണ്ടായിരിക്കും. എൻെറ പെട്ടികൾ ഒന്നുംതന്നെ തുറക്കുവാൻ അവർ ആവശ്യപ്പെട്ടില്ല. മറെറാരു ചടങ്ങു് ആരോഗ്യം വേണ്ടിടത്തോളമുണ്ടോ എന്നു തീർച്ചപ്പെടുത്തുവാൻ ഡാക്ടർ നടത്തുന്ന ദേഹപരിശോധന

യാണ്. സാമാന്യമായി 'ഷേയ്ക്ക് ഹാൻറ'ചെയ്യുന്നതു കൊണ്ടുതന്നെ അദ്ദേഹം തൃപ്തിപ്പെട്ടിരുന്നതിനാൽ അഞ്ഞൂറിൽപരം യാത്രക്കാരുടെ ദേഹപരിശോധന രണ്ടു മണിക്കൂറുകൊണ്ടു കഴിഞ്ഞു.

എന്നെ യാത്രയയയ്ക്കുവാൻ സ്വന്തപ്പെട്ടവരാരും കൂടെ വന്നിട്ടുണ്ടായിരുന്നില്ല. ഞാൻ നേരത്തേതന്നെ കപ്പലിൽക്കയറി. ഒരു വലിയ കപ്പലിൽ സഞ്ചരിക്കുവാൻ തുടങ്ങുന്നതു് ആദ്യമായിട്ടാണ്. എല്ലാം ഒന്നു നടന്നു പരിശോധിക്കുവാൻതന്നെ ഞാൻ തീർച്ചപ്പെടുത്തി.

ആയിരത്തിലധികം യാത്രക്കാർക്കു വളരെ സുഖമായിത്താമസിക്കുവാൻവേണ്ട സകല സൗകര്യങ്ങളും തികഞ്ഞ ഒരു വലിയ വീടാണ് ഈ കപ്പൽ. പി ആൻഡ് ഓ. കമ്പനിക്കാരുടെ 'മലോജ'യിലാണു ഞാൻ പോകുന്നതെന്നു കേട്ടപ്പോൾ ഒരു സ്നേഹിതൻ പറകയുണ്ടായി, പത്തിരുപതു കൊല്ലം മുമ്പ് ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ അതിൻെറ ചിത്രവും ഒരു യാത്രാവിവരണവും ഉണ്ടായിരുന്നുവെന്ന്. കാഴ്ചയിൽ ഒരു പഴഞ്ചൻ കപ്പലാണതെന്ന് ഒരിക്കലും തോന്നുകയില്ല.

ഏ, ബി, സി, ഡി എന്നിങ്ങനെ നാലു 'ഡെക്കുകൾ'(നിലകൾ) ആണിതിന്നുള്ളതു്. യാത്രക്കാർക്കുള്ള 'ക്യാബി'നുകൾ (മുറികൾ) എല്ലാം താഴത്തെ മൂന്നു ഡെക്കുകളിലായിട്ടാണ്. ചില ക്യാബിനുകളിൽ നാലുപേരും മററു ചിലതിൽ ആറുപേരും ഉണ്ടായിരിക്കും. കിടക്കുവാനുള്ള കട്ടിലുകൾ നമ്മുടെ തീവണ്ടികളിലെ ഒന്നാംക്ലാസ്സു മുറികളിലുള്ളതുപോലെത്തന്നെയാണ് ഉറപ്പിച്ചിട്ടുള്ള

ു്. ഓരോ കട്ടിലിന്നും പ്രത്യേകം വിളക്ക്, സ്റ്റാൻഡ് മുതലായതെല്ലാമുള്ളതുകൊണ്ടു മററു യാത്രക്കാൎക്കുപദ്രവം തട്ടാത്ത വിധത്തിൽ രാത്രി വായിക്കുവാനും മററും സൗകൎയ്യമുണ്ടു്.

സാമാന്യമായി യാത്രക്കാർ രാത്രി ഉറങ്ങുവാൻ മാത്രമേ സ്വന്തം 'ക്യാബി'നുകളിൽ പോകയുള്ളു. പകൽ മുഴുവനും രാത്രി ഉറക്കം വരുന്നതുവരെയും അധികവും മുകളിലെ എ ഡെക്കിൽത്തന്നെയായിരിക്കും. ആദ്യമായി കയറിച്ചെല്ലുന്നതുതന്നെ ആ ഡെക്കിലെ വരാന്തയിലേയ്ക്കാണു്. നാലുപുറത്തും വരാന്തയുണ്ടു്. ഒരു തവണ ചുററിയാൽ ഏതാണ്ടു് ഒരു ഫർലോങ്ങ് ദൂരമായി. വരാന്തയുടെ ഇരു ഭാഗത്തും ചാരുകസേരകൾ നിരത്തി വെച്ചിരിക്കുന്നു. ഇവയിലൊന്നിൽക്കിടന്നു പ്രകൃതിരാമണീയകം കണ്ടാസ്വദിക്കുകയോ വരാന്തയിൽക്കൂടി അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ജനസഞ്ചയത്തെ നോക്കിക്കൊണ്ടിരിക്കയോ ചെയ്യാം.

എ ഡെക്കിൽത്തന്നെ മൂന്നു വിശാലമായ മുറികളുണ്ടു്. ഒന്നു് എഴുതുവാനും വായിക്കുവാനുമുള്ള സ്ഥലമാണു്; എഴുത്തുകടലാസ്സും കവറുമെല്ലാം ഇഷ്ടംപോലെ വെറുതെ കിട്ടും. മററു രണ്ടു മുറികളും സിഗരററ്, ലഹരി പദാൎത്ഥങ്ങൾ എന്നിവ വാങ്ങിക്കുവാനും സൗകൎയ്യമായിരുന്നു് ഉപയോഗിക്കുവാനുമുള്ള സ്ഥലങ്ങളാണു്. കുട്ടികൾക്കു കളിക്കുവാനുള്ള 'നർസറി'യും എ ഡെക്കിൽത്തന്നെ. ഷാപ്പുകൾ, ക്ഷൗരസ്ഥലം എന്നിവ ബി ഡെക്കിലാണു്. ഭക്ഷണത്തിന്നുള്ള രണ്ടു 'ഹാളു'കൾ സി ഡെക്കിലുമാണു്. ഈ കപ്പലിൽ എല്ലാ യാത്രക്കാരും 'ടൂറിസ്റ്റ്'

ക്ലാസ്സുകാരാണ്. മുറികളുടെ സ്ഥാനഭേദമനുസരിച്ച് കൂലിയിൽ അല്പാല്പം വ്യത്യാസങ്ങളുണ്ടെന്നു മാത്രമേയുള്ളു. ഏതു ഡെക്കിലെ വരാന്തകളിലും മുറികളിലും മററും എല്ലാവക്കും അവകാശം ഒപ്പമാണ്.

ആസ്ത്രേലിയയിൽനിന്നു വരുന്ന കപ്പലാണിതു്. പത്തഞ്ഞൂറു വെള്ളക്കാർ ഇതിലുണ്ടു്. ബോംബെയിൽനിന്നും പത്തഞ്ഞൂറു യാത്രക്കാർ കയറുകയാണ്. യാത്രയയയ്ക്കുവാൻ കപ്പലിലേയ്ക്കു വന്നിട്ടുള്ളവരും കുറച്ചല്ല. യാത്രയയപ്പിൽ പാശ്ചാത്യരുടെ ചടങ്ങുകൾ ചുംബനങ്ങളും ആലിംഗനങ്ങളുമാണ്. ഇന്ത്യക്കാരുടെ നില അതല്ല. മകനെപ്പിരിയുന്ന മാതാവു്, ഭർത്താവിനെ യാത്രയാക്കുന്ന നവോഢയായ യുവതി—എല്ലാവരും ഇററിറ്റു വീഴുന്ന കണ്ണുനീർ ഒതുക്കുവാൻ ശ്രമിക്കയാണ്. ഉപരിപഠനത്തിന്നു യൂറോപ്പിലേയ്ക്കു വരുന്നൊരു യുവാവു്, യാത്രയയയ്ക്കുവാൻ വന്ന ഭാര്യയുടെ കൈപിടിച്ചുകൊണ്ടു്, അങ്ങുമിങ്ങും നോക്കി പരിഭ്രമിച്ചുനടക്കുകയാണ്. ആരുടേയും കണ്ണുകളെത്താത്ത വല്ല മൂലയുമുണ്ടോ എന്നന്വേഷിക്കയായിരിക്കാം. വെള്ളക്കാർ പരസ്പരം ചുംബിക്കുന്നതും സരസമായി വർത്തമാനം പറയുന്നതും അയാൾ കാണുന്നുണ്ടു്. എങ്കിലും അയാൾ പരുങ്ങുന്നു. യാത്രക്കാരല്ലാത്തവരെല്ലാം കപ്പൽവിട്ടിറങ്ങേണ്ട സമയമായി. ആ പ്രേയസിയുടെ വേർപാടിൽ പ്രേയാൻെറ കണ്ണിൽ കണ്ണീർ പൊടിയുന്നതു് എൻെറ കണ്ണുകൾ കണ്ടു. യാത്രയാക്കുവാൻ സ്വന്തപ്പെട്ടവരാരും കപ്പലിലേയ്ക്കു വരാതിരുന്നതു നന്നായെന്നപ്പോൾ എനിക്കു തോന്നി.

കരയ്ക്കൽനിന്നു കപ്പലിലേയ്ക്കു വെച്ചിരുന്ന കോണി

നീക്കംചെയ്തുകഴിഞ്ഞു. കപ്പൽ പതുക്കെ ഇളകുവാൻ തുടങ്ങി. കരയ്ക്കൽ നില്ക്കുന്നവർ കൈലേസു വീശുന്നു. കൂട്ടത്തിൽ കുറെ വെള്ളക്കാരുമുണ്ട്. അവർ പരസ്പരം കൈകോർത്തുപിടിച്ച് നൃത്തംവെയ്ക്കുകയും പാട്ടുപാടുകയും ചെയ്യുന്നു. കപ്പലിൽ അവർ യാത്രയയച്ച വെള്ളക്കാർ ആ പാട്ടുകൾ ഏററുപാടുകയാണ്. കപ്പൽ കരയോടകന്നകന്നു പോരുന്നു. കരയ്ക്കൽനിന്നുള്ള പാട്ടിന്റെ ശബ്ദം നേർത്തുനേർത്തു വരുന്നു. അവിടെയുള്ള വിളക്കുകൾ മാത്രമേ കാണ്മാനുള്ളു. ക്രമേണ ആ വിളക്കുകളും മറഞ്ഞുകഴിഞ്ഞു. കപ്പൽ അതിവേഗത്തിൽ പാഞ്ഞുകൊണ്ടിരിക്കുന്നു. ആ ഡെക്കിൽ കുറെ നേരത്തോളം അലകടലും ആകാശവും നോക്കിക്കൊണ്ടു ഞാനങ്ങനെ നിന്നു. അപാരതയുടെ ചിന്തകൾ എന്റെ മനസ്സിലും അലതല്ലിക്കൊണ്ടിരുന്നു.

"അനന്തമജ്ഞാതമവർണ്ണനീയ-
മീലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തു നിന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തുകണ്ടു!"

എന്നു ഞാൻ എന്റെ മൗനഭാഷയിൽ പാടി.

ഒന്നു തിരിഞ്ഞുനോക്കിയപ്പോൾ അടുത്തൊന്നുരണ്ടു മലയാളികൾ, തിരുവിതാംകൂർ യൂണിവേഴ്സിററിയിലെ കെമിസ്ട്രിലക്ചററായ സ്നേഹിതൻ ടി. സി. മധുസൂദനൻപിള്ളയാണ് ഒരാൾ; പിഎച്ച്. ഡി. ബിരുദം സമ്പാദിക്കുവാൻ ലണ്ടനിലേയ്ക്കു പോവുകയാണ്. അടുത്തുതടിച്ച് ഉയരംകുറഞ്ഞുനില്ക്കുന്നത് തിരുവനന്തപുരം ട്രെയിനിങ്കോളേജിലെ ചരിത്രം ലക്ചറർ എൻ.

പരമേശ്വരൻപിള്ളയാണെന്നു പരിചയപ്പെടുത്തിത്തന്നു. അദ്ദേഹവും ഉപരിപഠനത്തിന്നുതന്നെ പുറപ്പെട്ടിരിക്കയാണ്. പ്രസന്നമായ മുഖഭാവവും കറുത്തു കനത്തു് ഉരുക്കട്ടിയുള്ള മീശയും അദ്ദേഹത്തിന്നുണ്ടു്. വാശ്രയാടി അദ്ദേഹത്തിന്റെ കൂടെപ്പിറപ്പാണ്. ഇതാ മറെറാരു മലയാളികൂടി വരുന്നു. തിരുവിതാംകൂർ വിദ്യാഭ്യാസഡയരക്ടറായിരുന്ന ഡാക്ടർ കോശിയുടെ ജാമാതാവായ ശ്രീമാൻ ജോർജ്ജ്, തിരുവിതാംകൂർയൂണിവേർസിററിയിലെ തത്വശാസ്ത്രം ലക്ചററാണിദ്ദേഹം. ലണ്ടനിൽ മനശ്ശാസ്ത്രത്തെപ്പററി ഉപരിപഠനത്തിന്നു പോവുകയാണ്. ഭാഗ്യവശാൽ താമസിയാതെ രണ്ടു മലയാളികളെക്കൂടി കാണുവാൻ കഴിഞ്ഞു. ഒരാറം മാവേലിക്കര ടി. കെ. നാരായണൻഉണ്ണിത്താൻ, മൂത്തിമാനായ ഉത്സാഹം. മറെറയാറം കൊച്ചിക്കാരനായ കെ. ഗോപാലകൃഷ്ണൻ; വേണ്ടതിനെ സംസാരിക്കൂ എന്നൊരു വ്രതമുള്ളപോലെ തോന്നും. നമ്മുടെ മൂത്തിമാനായ ഉത്സാഹം ധനശാസ്ത്രവിഷയകമായ ഉപരിപഠനത്തിന്നു് കേംബ്രിഡ്ജിലേയ്ക്കു പോകുന്നവനാണ്; ഗോപാലകൃഷ്ണൻ ഹോളണ്ടിൽ 'ഹേഗി'ൽ പുതുതായിത്തുടങ്ങുന്ന സമുദായശാസ്ത്രപഠനത്തിന്നുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ (International Institute of Social Studies) പഠിക്കുവാൻ പോകയുമാണ്. അതേ ഇൻസ്റ്റിട്യൂട്ടിലേയ്ക്കുതന്നെ പഠിക്കുവാൻ പോകുന്ന മിസ്. മത്തായി എന്നൊരു യുവതിയും കൂട്ടത്തിലുണ്ടായിരുന്നു; നല്ല പ്രസരിപ്പും തന്റേടവുമുള്ള ഒരു കലാകുശലയാണവർ. വേറെയും ഒന്നുരണ്ടു മലയാളികറം കപ്പലിലുണ്ടായിരുന്നുവെന്നു് ഞങ്ങറക്കു മനസ്സിലായതു് കുറച്ചുദിവസം കഴിഞ്ഞാണ്.

എന്റെ 'ക്യാബി'നിൽത്തന്നെയുള്ള രംഗനാഥനും (മലയാളം കുറേശ്ശെ അറിയാം) ഞങ്ങളുടെ സെററിൽത്തന്നെ ചേർന്നു. ഇങ്ങനെ കപ്പലിൽത്തന്നെ കൂട്ടുകെട്ടുകൊണ്ടൊരു കൊച്ചുമലയാളം സൃഷ്ടിച്ചുകൊണ്ടായിരുന്നു ഞങ്ങളുടെ പോക്ക്.

2

പത്തൊമ്പതാംതീയതി കാലത്ത് ആറുമണി. ഞാൻ എഴുന്നേററുകഴിഞ്ഞു. 'സ്ററുവർഡ്'(Steward) ഒരുകപ്പു ചായയും ഒരു ബിസ്കററും കൊണ്ടുവന്നു വിളിച്ചുകൊണ്ടാണിത്രനേരത്തെ ഉണർന്നത്. കുളിമുറിയിലേയ്ക്കു പോകുമ്പോഴും മററും 'ഡ്രസ്സിങ്ഗൗൺ' ധരിച്ചുവേണമെന്നു പഠിച്ചിരുന്നതുകൊണ്ട്, പെട്ടിതുറന്നു ശരിയായ വേഷം കെട്ടിത്തന്നെയാണ് പുറപ്പെട്ടത്. പക്ഷേ, അവിടെയെല്ലാം മുട്ടിറങ്ങാത്ത നിക്കർമാത്രം ധരിച്ചുകൊണ്ടുള്ള വെള്ളക്കാരെയും തോന്നിയവേഷത്തിൽ ഇറങ്ങിയിട്ടുള്ള ഇന്ത്യക്കാരെയുമാണു കണ്ടെത്തിയത്. ഏതായാലും ഇനി കപ്പലിൽ 'ഡ്രസ്സിങ്ഗൗൺ' ഉപയോഗിക്കുന്നില്ല.

ഒഴിച്ചുവിടുവാൻ പാടില്ലാത്ത ഒരു ചടങ്ങാണല്ലോ ക്ഷൗരം. അതു നിർവ്വഹിച്ചു. കപ്പലിലെ വേഗോദീരണസമ്പ്രദായം എനിക്കു പററിയതായിരുന്നില്ല. കുളിപ്പാൻ രസംതോന്നി. പാശ്ചാത്യരീതിയിലുള്ള 'ടബ്ബ്'മാത്രമല്ല, 'ഷവർബാത്തും' ഉണ്ട്.

കുളികഴിഞ്ഞപ്പോഴേയ്ക്കും പ്രാതലിന്നു സമയമായി. തലേന്നാൾ രാത്രി വാച്ചുകൾ അരമണിക്കൂർ പിന്നാക്കം തിരിച്ചുവെയ്ക്കണമെന്നു നോട്ടീസ്സുണ്ടായിരുന്നതറിയാത്ത

ചിലർ വളരെ നേരത്തെതന്നെ പ്രാതലിന്നു ഹാജരായിട്ടുണ്ട്. രണ്ടു പന്തിയായിട്ടാണ് പ്രാതലും ഊണും. ഏതു പന്തിയിൽ വേണമെന്നും മററും മുൻകൂട്ടി രജിസ്റ്റർചെയ്യേണ്ടതായിരുന്നു. അതുണ്ടായില്ല. ഒരു ദിക്കിൽച്ചെന്നിരുന്നു പ്രാതൽ തുടങ്ങി. കഴിയാറായപ്പോഴാണ് മററെ മുറിയിലാണു പോകേണ്ടിയിരുന്നതെന്നു മനസ്സിലായത്. മലയാളികളായ ഞങ്ങൾ കുറേപ്പേർ ഒരേ മേശയിൽത്തന്നെ രണ്ടാംപന്തിയിൽ ഭക്ഷണത്തിന്നേർപ്പാടുചെയ്തു. രണ്ടാം പന്തിയിലായാലുള്ള ഗുണം പരിഭ്രമംകൂടാതെ പതുക്കെച്ചെന്നാൽ മതിയെന്നതാണ്.

കപ്പലിലെ ഭക്ഷണം വളരെ നല്ലതുതന്നെ. സസ്യഭക്ഷണവും മാംസഭക്ഷണവും പ്രത്യേകമുണ്ടെങ്കിലും മുട്ടക്കറികളും മററും സസ്യവകുപ്പിലാണുൾപ്പെടുത്തിയിട്ടുള്ളത്. ഭക്ഷണത്തിന്റെ വട്ടങ്ങളെല്ലാം അന്നന്നു 'മെനു' കാർഡിൽ അച്ചടിച്ചു മേശപ്പുറത്തുവെച്ചിട്ടുണ്ടാകും. ഓരോരുത്തർക്കും ഇഷ്ടംപോലെ തിരഞ്ഞെടുക്കാം. തനി സസ്യഭക്ഷണം കിട്ടുവാൻ പലപ്പോഴും സ്ററുവർഡിനോടു പ്രത്യേകം പലതിനെപ്പററിയും ചോദിക്കേണ്ടിവന്നിട്ടുണ്ട്. വഴുതനങ്ങകൊണ്ടുള്ള കറിതന്നെ 'എഗ്പ്ലാന്റ് കറി' എന്ന പേർ കാണുമ്പോൾ കൂട്ടുവാൻ ഞാൻ സംശയിച്ചാൽ കൂട്ടുകാർ ചിരിക്കുകയായി. മാംസവും ഉരുളൻ കിഴങ്ങും മററും ഒന്നിച്ചു പുഴുങ്ങിയതിനുശേഷമാണ് വേർതിരിച്ചുവെയ്ക്കുന്നതെന്നുംമററും അവർ കളിയാക്കും. അസ്പഷ്ടമായ ഒരു കൊച്ചുപുഞ്ചിരി എന്റെ മുഖത്തും അവർ കണ്ടിരിക്കണം.

ഇന്നിനി 'ലൈഫ്ബെൽററ് എക്സർസൈസ്' ആണ്.

എല്ലാവരും അവനവൻെറ ക്യാബിനിൽനിന്ന് ഓ രോ 'ലൈഫ്ബൽററ്' എടുത്തു് ഏ ഡെക്കിൽ വർണം. അതു വേണ്ടവിധത്തിൽ കഴുത്തിൽക്കൂടെയിട്ടു കെട്ടുവാന റിയാത്തവക്കു കാണിച്ചുതരുവാൻ ചുമതലപ്പെട്ടവരുണ്ടു്. ആപത്തുണ്ടായാൽ 'ലൈഫ്ബൽററ്' അത്യാവശ്യമാ ണു്. ഏതാണ്ടു് ഇരുപത്തിനാലുമണിക്കൂറോളംനേരം വെള്ളത്തിൽ താഴാതെകിടക്കുവാൻ ഇതു സഹായിക്കും. യാത്രക്കാരിൽ പലരും ഈ 'എക്സർസൈസ്' വെറുമൊരു നേരമ്പോക്കായി മാത്രമേ കരുതുന്നുള്ളു.

ആസ്ത്രേലിയയിൽനിന്നുവരുന്ന മദാമ്മമാരുടെ വേ ഷം രസംപിടിച്ച കാഴ്ചയാണു്. ഉടൽ മറയ്ക്കുന്ന കാര്യ ത്തിൽ സിനിമകളിലും ചിത്രങ്ങളിലും കാണുന്നതിനേ ക്കാൾ മേലെക്കിടയിലുള്ളതാണതു്. അരയും മാറുംമാത്രം മറച്ചുകൊണ്ടു് വെറും 'നീന്തൽവേഷ'ത്തിൽത്തന്നെ ജന ങ്ങളുടെ ഇടയിൽക്കൂടി അങ്ങുമിങ്ങും അവർ ഉലാത്തും. ഷൂസ്സെല്ലാവക്കുമുണ്ടു്. ആസ്ത്രേലിയൻ പെൺകൊടികളു ടെ ആ ഒളിതിരണ്ട വേഷത്തിൽ പല കണ്ണുകളും ഒട്ടിപ്പി ടിച്ചുനിന്നു.

കപ്പലിൽ ഒരു പുസ്തകശാലയുണ്ടു്. കാലത്തും വൈ കുന്നേരവും ഓരോ മണിക്കൂർ തുറന്നിരിക്കും. പുസ്തക ങ്ങൾ ഇഷ്ടംപോലെ എടുക്കാം. വായിച്ചതിനുശേഷം തിരികെ കൊടുത്താൽമതി. മിക്കതും ഡിററക്റ്റീവുനോ വലുകളാണു്. ഞാനീ യാത്രയ്ക്കിടയ്ക്കു് എട്ടുപത്തു പുസ്ത കങ്ങൾ വായിച്ചുതള്ളി. ഡെക്കിലെ കസാലയിൻക്കിട ന്നു നോവൽ വായിക്കുക, മേൽപ്പരപ്പിലേയ്ക്കും കീഴ്പ്പര

പ്പിലേയും കണ്ണോടിക്കുക ഇതെല്ലാമായിരുന്നു എൻെറ ജിജ്ഞാസയുടെ വിനോദം.

ഇന്ത്യൻനാണയം ഇംഗ്ലീഷുനാണയമായി മാററണമെങ്കിൽ വേഗം കൊണ്ടുചെല്ലണമെന്നൊരു പ്രഖ്യാപനം കേട്ടു. എനിക്കും കുറച്ചു മാററുവാനുണ്ട്. ക്യാബിനിൽപ്പോയി നോക്കിയപ്പോഠം മുഴുവൻ കണ്ടില്ല. കിട്ടിയതും കൊണ്ടു ചെന്നപ്പോഴേയ്ക്കും അരഫർലാങ് നീളത്തിലുള്ള ഒരു 'ക്യൂ' നില്ക്കുന്നു. ഞാനും പിന്നാലെ കൂടി. "നോട്ടുകഠം മാത്രമേ മാറുവാൻ പററുകയുള്ളൂ; നാണ്യങ്ങഠം മാറുക സാദ്ധ്യമല്ല," ഒരാഠം പറഞ്ഞു.

ഇംഗ്ലീഷുനാണ്യങ്ങളിൽ ഏററവും ചെറിയതു് നമ്മുടെ 'പൈ'പോലെയുള്ള 'ഫാർതിങ്'ആണ്. അതിന്നിപ്പോഠം പ്രചാരം കുറഞ്ഞിരിക്കുന്നു. രണ്ടു 'ഫാർതിങ്' കൂടിയതാണ് 'അരപ്പെനി' (ഹെപ്പെനി); ആ ചെമ്പു നാണ്യം നമ്മുടെ തുളയനല്ലാത്ത കാലണപോലെയാണ്. പെനിയും ചെമ്പുനാണ്യംതന്നെ; അതിന്നു് തിരുവിതാംകൂർചക്രത്തിൻെറ വലിപ്പം കാണും. മൂന്നു പെൻസിൻ്റെ നാണ്യം(ത്രൂപ്പൻസ്) ചെമ്പും നിക്കലുംകൂടിയതും ഇന്ത്യൻ ഒററയണയുടെ ആകൃതിയിലുള്ളതുമാണ്. ആറുപെൻസ് അഥവാ അരഷില്ലിങ് ഒരു വെള്ളിനാണ്യമാകുന്നു; നമ്മുടെ നാലണത്തുട്ടുപോലെയാണതു്. എട്ടണനാണ്യംപോലെയുള്ള ഒന്നാണ് ഷില്ലിങ്. രണ്ടു ഷില്ലിങിൻേറയും രണ്ടരഷില്ലിങിൻേറയും നാണ്യങ്ങഠം നമ്മുടെ ഉറുപ്പികപോലെതന്നെ. പത്തു ഷില്ലിങും (അരപ്പവനും) പവനും നോട്ടുകളാണ്. സ്വർണ്ണംകൊണ്ടുള്ള പവൻനാണ്യവും മററും കാണുവാൻതന്നെ പ്രയാസമാണ്. കപ്പലിൽ ആ

വശ്യങ്ങൾക്ക് ഇംഗ്ലീഷുനാണ്യങ്ങൾ വേണ്ടിയിരിക്കുന്നു. നാണയമാററത്തിൻെറ പ്രയോജനം നല്ലപോലെ അനുഭവപ്പെട്ടു. ഉറുപ്പികയ്ക്കു് ഒന്നരഷില്ലിങ്ങ് എന്ന കണക്കിലാണു് നാണയം മാറിയതു്.

3

കപ്പൽ ബോംബെ വിട്ടതിന്നുശേഷം രണ്ടുമൂന്നു ദിവസത്തേയ്ക്കു കടൽ വളരെ പ്രശാന്തമായിരുന്നു. ഇളക്കം തീരെയുണ്ടായിരുന്നില്ല. വേഗത്തിൽ പോയ്ക്കൊണ്ടിരിക്കയാണെന്നറിയുന്നതുതന്നെ കടലിലേയ്ക്കു നോക്കുമ്പോൾ മാത്രമാണു്. നാലാംദിവസമായപ്പോഴേയ്ക്കും കടൽ കുറേക്കൂടി ക്ഷുബ്ധമായിത്തുടങ്ങി. കപ്പൽ തിരയുടെ ശക്തിയനുസരിച്ചു ചാഞ്ചാട്ടുവാനും ആരംഭിച്ചു യാത്രക്കാരിൽ പലരുടേയും ഉത്സാഹത്തിന്നു് അല്പം കുറവു കാണപ്പെട്ടു. കപ്പൽ 'ഏഡ'നിലെത്തുന്നതിന്നുമുമ്പു് നാട്ടിലേയ്ക്കുള്ള എഴുത്തുകളെല്ലാം പോസ്ററുചെയ്യണമല്ലോ എന്നു കരുതി എഴുതുവാൻചെന്നിരുന്നുവെങ്കിലും കപ്പലിൻെറ ചലനംനിമിത്തം വളരെ വിഷമിച്ചാണു് ഒരെഴുത്തു മുഴമിച്ചതു്. തലയ്ക്കു് ആകപ്പാടെ ഒരു മന്ദത ബാധിച്ചതുപോലെ അനുഭവപ്പെട്ടു. ചിലക്കു ഛർദ്ദിയും ഉണ്ടാകാതിരുന്നില്ല. ഞാൻ മുൻകൂട്ടിക്കരുതിയിരുന്ന ഒരു ചെറുനാരങ്ങ കടിച്ചുകൊണ്ടു് കസാലയിൽ കണ്ണടച്ചനങ്ങാതെ കിടന്നു. കുറച്ചുകഴിഞ്ഞപ്പോഴേയ്ക്കും ഒരുവിധം സമാധാനമായി.

കപ്പലിൽ പ്രധാനകൃത്യം ഭക്ഷണമാണെന്നു പറഞ്ഞാൽ അതിൽ തീരെ അതിശയോക്തിയില്ല. കാല

ത്തെന്നിക്കുന്നതുതന്നെ ചായയും ബിസ്കറ്റും കണ്ടുകൊണ്ടാണ്. കുളിയും മററും കഴിയുമ്പോഴെയ്ക്കും പ്രാതലിന്നു സമയമായി. ഒമ്പതരമണിയോളമാകും പ്രാതൽ കഴിയുമ്പോഠം. അതിന്നുശേഷം ഡെക്കിൽവെച്ചു പത്തരമണിക്ക് ഐസ്ക്രീം വാങ്ങുവാനുള്ള ക്യൂവിൽ നില്ക്കുകയായി. ഉച്ചഭക്ഷണം ഒന്നരമണിക്കാണ്; അതു കഴിഞ്ഞാൽ ഉടനെ മുകളിൽച്ചെന്നായി കാപ്പി വാങ്ങിക്കഴിക്കണം. നാലുമണിയായാൽ വീണ്ടും ചായയും 'കേക്ക'കളും മററുമായി. രാത്രി ഭക്ഷണം എട്ടുമണിക്കാണ്. ഇതിനും പുറമെ വേണ്ടപ്പോഴെല്ലാം 'ബാറി'ൽച്ചെന്നായിരുന്ന് ഇഷ്ടംപോലെ കുടിക്കുകയും ചെയ്യാം; അതിന്നു പ്രത്യേകം പണം കൊടുക്കണം. ഭക്ഷണച്ചെലവു യാത്രയ്ക്കുള്ള ടിക്കററിൽപ്പെട്ടുകഴിഞ്ഞിരിക്കും.

'ഏഡ'ന്നടുത്തെത്തിയപ്പോഴെയ്ക്കും ചൂടു കൂടിത്തുടങ്ങി. യാത്രക്കാർ പലരും, പ്രത്യേകിച്ചു വെള്ളക്കാർ, രാത്രി കിടപ്പുതന്നെ ഏ ഡെക്കിലെ വരാന്തയിലും അതിന്നും മുകളിലുള്ള തട്ടിന്മേലുമാക്കുവാൻ തുടങ്ങി. ചില മദാമ്മമാർ പകൽ മിക്ക സമയവും മുകൾത്തട്ടിലുള്ള കുളത്തിലും വക്കത്തുമായിക്കഴിഞ്ഞുകൂട്ടുക എന്ന നിലയിലായി. ചെങ്കടലിലെത്തിയാൽ ചൂട് ഇതിലും കൂടുതലാകുമത്രെ. ഏതായാലും മദ്ധ്യധരണ്യാഴിയിലെത്തിയാൽ തണുപ്പു തുടങ്ങുമല്ലോ എന്നാണു സമാധാനം.

കപ്പലിൽ അലക്കുവാൻ വലിയ ചാർജ്ജാണ്. ഒരു ഷർട്ടിന്നു പന്ത്രണ്ടണയോളം കൊടുക്കണം. നാലഞ്ചു ദിവസം കഴിഞ്ഞപ്പോഴെയ്ക്കും മുഷിഞ്ഞ ബനിയനും ഷർട്ടും മററും കൂടുതലായിത്തുടങ്ങി; ഈ നിലയ്ക്ക് അധികം താ

മസിയാതെ പെട്ടിയുടെ അടി കണ്ടുതുടങ്ങും എന്നു തോന്നി. ഈ സന്ദർഭത്തിലാണു കപ്പലിൽത്തന്നെ മററാരുടേയും സഹായം കൂടാതെ തുണികൾ അലക്കുവാനും തേയ്ക്കുവാനും സൗകര്യമുണ്ടെന്നു മനസ്സിലായതു്. ഞാനെൻെറ മുഷിഞ്ഞ ഭാണ്ഡവും ഭേസിക്കൊണ്ടു് ആ മുറിയിലേയ്ക്കു ചെന്നു. ഒന്നുരണ്ടു മദാമ്മമാർ വസ്ത്രം തേച്ചുകൊണ്ടിരിക്കയാണു്. ഞാൻ തുണികൾ ടബ്ബിലിട്ടു ചുടുവെള്ളം തുറന്നു നനച്ചു. അടുത്തുതന്നെ രണ്ടുപെട്ടി ലക്സ്സോപ്പുതുള്ള് ഇരിക്കുന്നുണ്ടായിരുന്നു. കപ്പലിൽ ഇത്ര സൗകര്യമുണ്ടെന്നു് ഇപ്പോഴല്ലേ അറിയുന്നതു്. ഞാൻ പെട്ടിയിൽനിന്നു ധാരാളം സോപ്പു ടബ്ബിലിട്ടു കലക്കി തുണികൾ ഉലമ്പുവാൻ തുടങ്ങി. വെള്ളം കളയുവാൻ പിഴിയുകയൊന്നും വേണ്ട; രണ്ടു ചക്രത്തിനിടയിൽവെച്ചു തിരിച്ചാൽ മതി. വളരെ എളുപ്പം. ഞാൻ ആദ്യമായാണു തുണി തിരുമ്പുവാൻ വരുന്നതെന്നു മനസ്സിലായ മദാമ്മമാർ ചക്രം തിരിക്കേണ്ട സമ്പ്രദായമെല്ലാം പറഞ്ഞുതന്നു. പിറേറ ദിവസവും ഞാൻ തിരുമ്പുവാൻ ചെന്നു. അവിടെ സോപ്പു കാണുവാനില്ല. അടുത്തുള്ള ഒരാളോടു ചോദിച്ചു, "സോപ്പെവിടെ?" "സോപ്പു് അതാതാളുകൾ കൊണ്ടുവരണം; ഷാപ്പിൽ വാങ്ങുവാൻ കിട്ടും," എന്നായിരുന്നു മറുപടി. തലേന്നാൾ ഞാൻ ഉപയോഗിച്ചതു് ആ മദാമ്മമാരുടെ സോപ്പായിരിക്കണം. അവർ ഉദാരകൾ തന്നെ.

"സ്ത്രീണാം ച ചിത്തം പുരുഷസ്യ ഭാഗ്യം
ദേവോ ന ജാനാതി കുതോ മനുഷ്യഃ"

'പുരുഷസ്യഭാഗ്യം' മനുഷ്യൻ അറിഞ്ഞു.

4

23-ാംതീയതി ഉച്ചതിരിഞ്ഞു രണ്ടുമണിയോടുകൂടി 'ഏഡൻ' കണ്ടുതുടങ്ങി. വെറും പാറക്കുന്നുകൾമാത്രമേ കാണുവാനുള്ളുവെങ്കിലും നാലഞ്ചു ദിവസമായി കരകണ്ടിട്ടില്ലാത്ത ഞങ്ങൾക്കെല്ലാം അത്യുത്സാഹമായി. മൂന്നു മണിക്കു കപ്പൽ 'ഏഡ'നിലെത്തി. കരയ്ക്കൽനിന്ന് ഒരു ഫർലാങ്ങ് അകലെയാണു കപ്പൽ നില്ക്കുന്നതു്. മോട്ടോർ ഘടിപ്പിച്ചിട്ടുള്ള ചെറിയ തോണികളിൽ പരവതാനികൾ തുടങ്ങിയ പല സാമാനങ്ങളും കൊണ്ടുവന്ന് മുറിയൻ ഇംഗ്ലീഷുഭാഷയിൽ കപ്പലിലെ യാത്രക്കാരുമായി കച്ചവടം നടത്തുന്ന അറബിക്കാരുടെ തിരക്കാണു നാലുഭാഗത്തും. യാത്രക്കാർ വെള്ളത്തിലേയ്ക്കെറിഞ്ഞുകൊടുക്കുന്ന ചെറുനാണ്യങ്ങൾ മുങ്ങിയെടുക്കുന്ന പിള്ളർ അങ്ങിങ്ങു നീന്തിക്കൊണ്ടു നില്ക്കുന്നു. നാണ്യങ്ങൾ എറിഞ്ഞാൽ അവ അടിയിലെത്തുന്നതിന്നുമുമ്പുതന്നെ അവർ മുങ്ങിച്ചെന്ന് എടുത്തു വായിൽ സൂക്ഷിക്കുന്നതു കാണേണ്ടതുതന്നെയാണ്. കുട്ടിക്കളിയിൽ പപ്പടപ്പൊട്ടുകൾ കാക്കകൾക്കു ഞാൻ എറിഞ്ഞുകൊടുത്തിട്ടുണ്ടു്; ആ ഛായയാണു തോന്നിയതു്. അവർ കടലിലെ മനുഷ്യക്കാക്കകൾതന്നെ.

ബോട്ടിൽ വേണം കരയ്ക്കിറങ്ങുവാൻ. ആളൊന്നുക്കു രണ്ടു ഷില്ലിങ്ങാണു കൂലി. 'ഗേററു' കടന്നു ടൗണിന്നകത്തു പ്രവേശിക്കുവാൻ വേറെയും രണ്ടു ഷില്ലിങ്ങ്. ക്യൂ നിയമമൊന്നുമില്ലാത്തതുകൊണ്ടു ഗേററിൽ ഒരു വലിയ ബഹളം. ഞങ്ങൾ ഒരു വിധത്തിൽ ഇറങ്ങിപ്പററി ടാക്സികാറിൽ കയറി പട്ടണമൊന്നു ചുററി വരണമെന്നായിരുന്നു ഞങ്ങ

ളുടെ താല്പര്യം. നാഴികയ്ക്കൊരു ഷില്ലിങ്ങാണു കൂലി എന്നു കപ്പലിൽ നോട്ടീസുണ്ടായിരുന്നു. ഞങ്ങൾ അതു വിശ്വസിച്ചു. കാറിൽക്കയറുന്നതിനു മുമ്പു കൂലിയെപ്പററി ഡ്രൈവറുമായി വലിയ വാഗ്വാദത്തിനുതന്നെ ഇടവന്നു. "ഇതിന്ത്യയല്ലെന്നോർക്കണം," എന്നായി ഡ്രൈവർ. ഞങ്ങൾ അടുത്തുള്ള പോലീസ്സ്റ്റേഷനിൽച്ചെന്നു വിവരം അന്വേഷിച്ചു. ആളൊന്നുക്കു നാഴികയ്ക്കു് ഒരു ഷില്ലിങ്ങു കൊടുക്കണമെന്നായിരുന്നു വിധി. ഞങ്ങൾ പരാജയപ്പെട്ടു. കാറു വേണ്ടെന്നുതന്നെ തീരുമാനിച്ചു.

ഷാപ്പുകളെല്ലാം അടുത്തുതന്നെ. ഏഡൻ ഒരു സ്വതന്ത്ര തുറമുഖമാണു്. 'ഡ്യൂട്ടി' ചുമത്തുന്ന സമ്പ്രദായം ഇല്ലാത്തതിനാൽ സാമാനങ്ങൾക്കു വില കുറവാണു്. പക്ഷെ, കപ്പൽ വന്നിട്ടുണ്ടെന്നറിഞ്ഞാൽ ഷാപ്പുകാർ വില കൂട്ടാറില്ലെന്നു പറഞ്ഞുകൂടാ. വിലയൊന്നും ക്ലിപ്തമല്ല. ഏതായാലും ഇന്ത്യയിലെക്കാളും വില കുറവാണല്ലോ എന്നു കരുതി വാച്ചു്, ക്യാമറ തുടങ്ങി ചിലതെല്ലാം യാത്രക്കാർ വാങ്ങിക്കുന്നുണ്ടു്. അടുത്തുള്ള 'ക്രസൻറ്' ഹോട്ടലിൽപ്പോയി ചായ കുടിക്കുവാൻ ഞങ്ങൾ അഞ്ചാറുപേർ തീർച്ചപ്പെടുത്തി. അവിടെച്ചെന്നിരുന്നപ്പോൾ 'വെയ്ററർ' വന്നു ഞങ്ങളോടു പറകയാണു്, "അടുത്തു പാക്കിസ്ഥാൻ ഹോട്ടലുണ്ടു്; അവിടെ നല്ല സാധനങ്ങൾ കിട്ടും." ഞങ്ങൾ ആ ഉപദേശം സ്വീകരിച്ചില്ല. ആറു കപ്പു ചായയ്ക്കു നാലര ഷില്ലിങ്ങു കൊടുക്കേണ്ടിവന്നു.

ഏഡൻ എ. ഡി. 1839 മുതൽ ബ്രിട്ടീഷുസാമ്രാജ്യത്തിൻെറ ഒരു ഭാഗമാണു്. 1937 വരെ അതു് ഇന്ത്യയുടെ ഒരു ഭാഗമായാണു കണക്കാക്കപ്പെട്ടു വന്നിരുന്നതു്.

ജനസംഖ്യ ഏതാണ്ടു് 80,000 ആണു്. അറബികഠം, സോമാലികഠം, ഇന്ത്യക്കാർ, ഇംഗ്ലീഷുകാർ എന്നിങ്ങനെ പല ജാതിക്കാരുമുണ്ടു്. അധികവും മുസൽമാന്മാരാണു്. ഒട്ടകങ്ങളും ഒട്ടകവണ്ടികളും ധാരാളം കാണ്മാനുണ്ടു്. തുറമുഖം വിട്ടു് അഞ്ചുപത്തു നാഴിക പോയാൽ പഴയ ചില കുളങ്ങഠം, ഉദ്യാനങ്ങഠം തുടങ്ങി ചിലതെല്ലാം കാണ്മാനുണ്ടത്രെ. ടാക്സിഡ്രൈവറെ വിശ്വാസമില്ലാത്തതുകൊണ്ടു് ഞങ്ങളതൊന്നും കാണ്മാൻ ശ്രമിച്ചില്ല. രാത്രി ഭക്ഷണം തെററാതിരിക്കുവാൻ ഏഴുമണിയോടുകൂടിത്തന്നെ കപ്പലിൽ മടങ്ങിയെത്തി.

കേരളസാഹിത്യ അക്കാദമി

5

ഏഡൻ വിട്ടു രണ്ടാം ദിവസമാണിന്നു്. ചെങ്കടലിൽ കലശലായ ചൂടു തുടങ്ങിയിരിക്കുന്നു. കാലൂറയേക്കാഠം ഭേദം മുണ്ടുതന്നെയാണെന്നു തോന്നിത്തുടങ്ങി. പ്രഭാതത്തിൽത്തന്നെ നെററിയിൽ പൊട്ടുതൊട്ടു പാളത്താറും ഷർട്ടുമായി ഏ ഡെക്കിലെ വരാന്തയിൽക്കൂടി നമ്മുടെ ജോർജ്ജ് അങ്ങിങ്ങു ലാത്തിക്കൊണ്ടിരുന്ന കാഴ്ച ഞങ്ങളെ ചിരിപ്പിച്ചു. കടൽ ശാന്തമാണു്. കപ്പലിന്റെ ചലനം അറിയുന്നില്ല.

കപ്പലിൽ നേരമ്പോക്കിന്നു പല വഴികളുമുണ്ടു്. ചിലപ്പോഠം വരാന്തയിൽ ഒരുഭാഗത്തു ക്രിക്കററുകളിയായിരിക്കും. പന്തു പുറത്തേയ്ക്കോ കാണികളുടെ ഇടയിലേയ്ക്കോ തെറിച്ചുപോകാതിരിക്കുവാൻ വല കെട്ടിയിരിക്കും. 'ഫീൽഡു്'ചെയ്യുന്ന കൂട്ടർ രണ്ടു വരിയായി നില്ക്കു

ന്നു. അവക്കിടയിൽക്കൂടി പന്തു മറുവശത്തേയ്ക്കൂടിച്ചെത്തിച്ചാൽ ഒരു 'റൺ' ആയി. ഇതിലെ നിയമങ്ങൾക്ക സാധാരണ ക്രിക്കററിലേതിനേക്കാൾ അല്പം ചില വ്യത്യാസങ്ങൾ കാണാം. മറെറാരു വിനോദം കയറുകൊണ്ടുണ്ടാക്കിയ 'തെരിക'കൊണ്ടുള്ള 'റിങ്ടെന്നീസ്' കളിയും ഒരുതരം വട്ടുകളിയുമാണു്. ശീട്ടുകളി, കാരംസ്, ചെസ്സ് മുതലായവയ്ക്കും കപ്പലിൽ സ്ഥാനമുണ്ടു്. ചെറിയ കുട്ടികളുടെ വക ഓട്ടം, ചാട്ടം തുടങ്ങിയ പല മത്സരങ്ങളും ഇടയ്ക്കുണ്ടാകും. ഇതിന്നെല്ലാം പുറമെ ദിവസേന കപ്പൽ പോകുന്ന ദൂരം ഊഹിക്കുവാൻ ഒരു മത്സരമുണ്ടു്. അനവധി പേൎക്ക 'വെച്ച പണം' (ഒരു ഷില്ലിങ്ങ്) പോകും; ചുരുക്കം ചിലൎക്ക വല്ലതും കിട്ടുകയും ചെയ്യും. മറെറാരു നേരമ്പോക്ക കുതിരപ്പന്തയമാണു്. മരക്കുതിരയുടെകൂടെ ആളുകൾ നില്ക്കും. ഓരോ കുതിരയുടെ വഴിയും പത്തിരുപതു കള്ളികളായി തിരിച്ചിരിക്കും. നാക്കിട്ടു കിട്ടുന്ന അക്കമനുസരിച്ചു് ഓരോ കുതിരയേയും മുന്നോട്ടു കയററുന്നു. ഉദ്ദിഷ്ടസ്ഥാനത്തു് ആദ്യമെത്തുന്ന കുതിര ജയിച്ചു. ആ കുതിര ജയിക്കുമെന്നു പറഞ്ഞു പണം വെച്ചവൎക്കു് ആദായം കിട്ടും. മററു കുതിരകളെ പിന്താങ്ങി പണം വെച്ചവൎക്കു് അതു പോയതുതന്നെ. മറെറാരുതരം കുതിരപ്പന്തയവുമുണ്ടു്. ഇതിൽ കുതിരയ്ക്കു പകരം ഒരുതരം മരപ്പലകയാണു്. ഈ പലകയുടെ മേൽഭാഗത്തുള്ള ദ്വാരത്തിൽക്കൂടി ഒരു ചരടിട്ടു് അതിൻെറ ഒരു ഭാഗം ഓട്ടം തുടങ്ങേണ്ട ഭാഗത്തു കെട്ടിയുറപ്പിച്ചിരിക്കും. ചരടിൻെറ മറെറ ഭാഗം ഓട്ടമവസാനിക്കേണ്ട ഭാഗത്തുനിന്നു പിടിച്ചു കുതിരയെ പതുക്കെപ്പതുക്കെ ചാടിച്ചു് ഇപ്പുറത്തെ

ത്തിക്കണം. ഏതു കുതിര ആദ്യം വരുന്നുവോ അതു ജയിച്ചു. കപ്പലിൽ ടേബിൾ ടെന്നീസ്കളിയും പതിവുണ്ട്. ഇന്നു ടേബിൾടെന്നീസ് മാച്ചുതന്നെയുണ്ടായി. ഒന്നാം സമ്മാനം മലയാളിയായ ശ്രീമാൻ കോവൂരിന്നു കിട്ടിയിരിക്കുന്നു.

കൂടുതൽ വിസ്താരമുള്ള വരാന്തയുടെ മുൻഭാഗത്താണ് സിനിമ, ഡാൻസ്, മതപ്രസംഗം മുതലായതെല്ലാം നടക്കുക. സിനിമ അപൂർവ്വം ചിലപ്പോഴേ ഉണ്ടാകയുള്ളു. 'ഡാൻസ്' ആണു കൂടുതൽ ഉണ്ടാകാറുള്ളതു്. രാത്രി ഒമ്പതര മണിമുതൽ അർദ്ധരാത്രിവരെ 'ഡാൻസു' നീണ്ടുനില്ക്കും. ഇതിൽ പങ്കെടുക്കുന്നതു് അധികവും വെള്ളക്കാരാണ്. 'ഡാൻസ്' അറിയുന്ന ചില ഇന്ത്യക്കാരും അപൂർവ്വം പങ്കെടുത്തിരുന്നു. ഒരു ബങ്കാളിസ്ത്രീയും ഡാൻസു ചെയ്തുകണ്ടു.

6

ചെങ്കടലിലെ ഉഷ്ണം അസഹ്യമാണ്. വെയിലിന്റെ ശക്തിനിമിത്തം വെള്ളം ആവിയായിപ്പോകുന്നതു കൊണ്ടാണത്രെ ഇതിലെ വെള്ളത്തിൽ ഉപ്പു കൂടുതലായിക്കാണുന്നതു്. ഏഡനിൽത്തന്നെ ധാരാളം ഉപ്പളങ്ങളുണ്ടു്; അന്യരാജ്യങ്ങളിലേയ്ക്കു ധാരാളമായി അവിടെ നിന്നു് ഉപ്പു കയററി അയയ്ക്കുകയും ചെയ്യുന്നു. ഏഡനിൽനിന്നു് ആഫ്രിക്കയുടെ തീരം വരെ ഒരു ചിറ കെട്ടുകയും വടക്കുഭാഗത്തു സൂവസ്തോടു് അടച്ചിടുകയും ചെയ്താൽ കുറച്ചുകാലത്തിന്നുള്ളിൽ ചെങ്കടൽ മുഴവൻ കര

യായിത്തീരത്തക്കവണ്ണം അത്ര വേഗത്തിലാണ് അവിടെ വെള്ളം വററിപ്പോകുന്നത്.

ചെങ്കടലിൽ അങ്ങിങ്ങു ചില ചെറിയ ദ്വീപുകൾ കാണാം. മിക്കവെയും പാറക്കുന്നുകളാണ്. കപ്പൽ മുട്ടാതിരിക്കുവാൻവേണ്ടി അവിടെയെല്ലാം ദീപസ്തംഭങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തീരെ വിജനമായ ഇത്തരം പ്രദേശത്തു തനിയേ ജീവിക്കേണ്ടിവരുന്ന കാവൽക്കാരുടെ കയ്യിലാണ് കപ്പലുകളുടെ നിർഭയമായ ഗതാഗതം നിലനില്ക്കുന്നത്.

കടലിൽ പലതരം സസ്യങ്ങൾ ഉണ്ടെന്നു തോന്നുന്നു. അല്പം ചുവന്ന നിറത്തിലുള്ള ചില നീർച്ചുണ്ടികൾ കപ്പൽ പോകുന്ന വഴിക്കു കാണുവാനുണ്ട്. ചെങ്കടലെന്ന പേർ വന്നതുതന്നെ ഇത്തരം സസ്യങ്ങളിൽനിന്നാണെന്ന് ഒരാൾ തട്ടിവിടുന്നതു കേട്ടു. ആഗമചരിത്രം ആരാഞ്ഞുനോക്കിയാൽ ചെങ്കടലെന്ന പേരിനു പ്രസക്തി കണ്ടേയ്ക്കാം. ഞങ്ങൾക്കാർക്കും അതിൽ വലിയ കൗതുകമൊന്നുമില്ല. Red-hot-ൽനിന്ന് ഒരു 'ചെം' കടന്നുകൂടിയതായിരിക്കുമോ ആവോ? ഏതായാലും കടലിന്റെ നിറം ചുവപ്പല്ല, തീർച്ചതന്നെ. അറബിക്കടലിന്ന് അല്പം നീലിമയുണ്ടായിരുന്നു; ചെങ്കടലിന്നു നല്ല കറുപ്പുതന്നെയാണു നിറം. വെളുത്ത കടലും കരിങ്കടലും മഞ്ഞക്കടലും ചെങ്കടലും വെറും പേരുകൾ എന്നു മാത്രമേ സാമാന്യമായി അറിയേണ്ടതായിട്ടുള്ളു.

ചെങ്കടലിന്റെ വടക്കുഭാഗത്തെത്താറായി. 'സെനൈ' മുനമ്പു വലത്തുവശത്തു കണ്ടുതുടങ്ങി. വലിയ മലക

ളും പാറക്കുന്നുകളും അകലെയായിക്കാണ്മാനുണ്ട്. ഇവയിലൊന്നിൽവെച്ചാണത്രെ സുപ്രസിദ്ധമായ പത്തനുശാസനങ്ങൾ മോസസ്സിന്നു നൽകപ്പെട്ടതു്. ആ മല ഏതാണെന്നു തിരിച്ചറിയുവാൻ കപ്പലിൽ നിന്നാൽ സാധിക്കയില്ല. ഇന്നും 'സെനൈ'യിൽ അപരിഷ്കൃതരായ ചില കാടന്മാർ ജീവിച്ചുവരുന്നുണ്ടത്രെ.

അകന്ന പാറക്കൂട്ടങ്ങളും അടുത്തു മണൽപ്പരപ്പുമായി ഇടത്തുഭാഗത്തു് ആഫ്രിക്കയുടെ തീരപ്രദേശവും കാണാനുണ്ട്. ഒരു ദിക്കിൽ കുറെ പനകളും മററും നില്ക്കുന്നുണ്ട്. ഇതാണത്രെ 'മോസസ്സിൻെറ കിണർ' എന്നു പ്രസിദ്ധമായ മരുപ്പച്ച. ഇവിടെയാണു് മോസസ്സും അനുയായികളും ഈജിപ്തിലെ 'ഫറോവ'യുടെ സൈന്യങ്ങളിൽനിന്നു രക്ഷപ്പെട്ടുവാൻ ചെങ്കടൽ കടന്നതിന്നുശേഷം ആശ്രിതരക്ഷകനായ ദൈവത്തെ സ്തുതിക്കുവാൻ നിന്നതു് എന്നു പറയപ്പെടുന്നു.

7

കപ്പൽ ഇതാ സൂവസ്സിന്നടുത്തെത്തിക്കഴിഞ്ഞു. ഇനി പത്തുനൂറു നാഴിക തോട്ടിൽക്കൂടിവേണം പോകുവാൻ. തോടിന്നു വീതി വളരെ കുറവായതുകൊണ്ടു കപ്പലുകൾക്കു് ഒരേസമയത്തു് അങ്ങോട്ടുമിങ്ങോട്ടും കടന്നുപോവുക സാദ്ധ്യമല്ല. പല കപ്പലുകളും ഇവിടെ വന്നു നില്ക്കുന്നുണ്ട്. പക്ഷെ, ഞങ്ങളുടെ 'മലോജ' മെയിൽ കപ്പലായതുകൊണ്ടു് അതിന്നാദ്യം പോകുവാൻ അനുവാദം കിട്ടി. ഞങ്ങൾക്കു നാലു മണിക്കൂർ നേരമേ കാത്തുനില്ക്കേണ്ടിവന്നുള്ളു. അതിനിടയ്ക്കുതന്നെ ചില അറബി

കച്ചവടക്കാർ ചെറിയ വള്ളങ്ങളിൽ തോൽസ്സഞ്ചികൾ, പരവതാനികൾ, ഷൂസ്സുകൾ മുതലായ പലതും കൊണ്ടുവന്ന് കച്ചവടം നടത്തുകയുണ്ടായി.

തോട്ടിൽക്കൂടി കപ്പലോടിക്കുവാൻ പ്രത്യേകം പരിചയമുള്ള നാവികനെ സൂവസ്തോട്ട കമ്പനിക്കാർ അയയ്ക്കും. തോട്ടുകടക്കുന്നതുവരെ കപ്പലിന്റെ പ്രയാണം നിയന്ത്രിക്കുന്നത് അയാളാണ്. വീതികുറഞ്ഞ തോട്ടിൽക്കൂടി പോകുമ്പോൾ വേഗം കൂടിയാൽ ഓളത്തിന്റെ ശക്തികൊണ്ട് ഇരുവശത്തുമുള്ള കരയ്ക്കു കേടുവരുവാൻ ഇടയുള്ളതുകൊണ്ട് വളരെ സാവധാനത്തിലാണു കപ്പൽ പോകുന്നത്. ശക്തിയുള്ള 'സച്ച്ലൈററ്' കപ്പലിൽനിന്നു മുൻഭാഗത്ത് ഒന്നുരണ്ടുനാഴിക ദൂരം മുഴുവൻ പ്രകാശമാനമാക്കുന്നതുകൊണ്ട് രാത്രിയും സഞ്ചരിക്കുവാൻ വിഷമമില്ല.

രാത്രിയാണ് സൂവസ്തോട്ടിൽക്കൂടി പ്രയാണമാരംഭിച്ചത്. പട്ടണത്തിലെ റോഡുകളിലുള്ള വൈദ്യുതദീപങ്ങൾ ആറാട്ടുപുഴപ്പൂരത്തിന്നു കൈവിളക്കു പിടിച്ചതുപോലെ നിരന്നു നില്ക്കുന്നു. ആകാശത്തു ചന്ദ്രൻ നല്ലവണ്ണം തെളിഞ്ഞു പ്രകാശിക്കുന്നുണ്ട്. കപ്പലിൽ എല്ലാവക്കും ഒരുന്മേഷം വന്നതുപോലെ കാണപ്പെട്ടു. ചെങ്കടലിലെ ചൂടെല്ലാം തീരെ അവസാനിച്ചുവെന്നു തോന്നുന്നു.

കാലത്തുണന്ന് കാപ്പികഴിഞ്ഞു് ഡെക്കിൽ വന്നപ്പോൾ കപ്പൽ കരയിൽക്കൂടിയാണു പോകുന്നതെന്നൊരു തോന്നലാണുണ്ടായത്. വീതികൂടിയ ഒരു റോഡിൽക്കൂടി പോകുന്നതുപോലെയാണനുഭവം. ഇരുവശത്തും ക

പ്പൽ വിട്ടാൽ പത്തുപതിനഞ്ചടി ദൂരമെ കരയ്ക്കലെത്തു വാൻ വേണ്ടൂ. ഡെക്കിൽനിന്നു കുതിച്ചുചാടിയാൽ കരയ്ക്കലെത്തുമെന്നു തോന്നിപ്പോകും. ഇടത്തുഭാഗത്തു തോടിൻെറ വക്കത്തുള്ള ടാറിട്ട റോഡിൽക്കൂടി ഇടയ്ക്കിടെ കാറുകളും ലോറികളും പോകുന്നുണ്ട്. അവയെല്ലാം കപ്പലിനേക്കാൾ വേഗം കൂട്ടം. വഴിക്കുള്ള ചെറിയ വീടുകളിലുള്ളവരെല്ലാംതന്നെ റോഡിൽനിന്നു കൈലേസു വീശി കപ്പലിലുള്ള ഞങ്ങൾക്കു സ്വാഗതം നൽകുന്നു. കാറുകളിലും മററും പോകുന്നവർപോലും കൈപൊക്കി ഞങ്ങളെ സ്വാഗതം ചെയ്യുവാൻ മറക്കുന്നില്ല. കപ്പലിൽനിന്ന് ഞങ്ങളുംഅവരെയെല്ലാം പ്രത്യഭിവാദ്യം ചെയ്തു. തീരെ അപരിചിതരാണെങ്കിലും അവരുടെ ഹാർദ്ദമായ സ്വാഗതം ഞങ്ങളെ കോൾമയിർക്കൊള്ളിച്ചു.

പത്തരമണിക്ക് ഞാൻ പതിവുപോലെ ഐസ് ക്രീമിനുള്ള 'ക്യൂ'വിൽ ചെന്നുനിന്നു. ഇന്നു മേശപ്പുറത്തു കുറെ കപ്പുകളും മററുമാണു കാണുന്നതു്. കാപ്പിയൊ മററൊ ആയിരിക്കാം. ഏതായാലും വെറുതെ കിട്ടുന്നതല്ലെ, കളയേണ്ട. കുറച്ചുനേരം ഞാനാ 'ക്യൂ'വിൽ നിന്നു. അപ്പോഴേയ്ക്കും ഒരു സ്നേഹിതൻ വന്നു പറയുകയാണു്, "ഗോമാംസം ചേർത്ത 'ബീഫ്ടി'യാണിന്നിവിടെ കൊടുക്കുന്നതു്. തമ്പുരാൻ വലിയ യാഥാസ്ഥിതികനല്ലെ?" ഞാൻ തിരിച്ചുപോന്നു. ഇനിമുതൽ ഐസ്ക്രീമിന്നു പകരം 'ബീഫ്ടി'യാണു കിട്ടുക. തണുപ്പുള്ളപ്പോൾ അങ്ങനെയാണു്.

സൂവസ്തോടിൻെറ ചരിത്രം രസകരമാണു്. മദ്ധ്യധരണ്യാഴിയേയും ചെങ്കടലിനേയും യോജിപ്പിച്ചുകൊണ്ടു

ള്ള ഒരു തോട്ടുണ്ടാക്കുന്നതിന്റെ പ്രയോജനം നാലായിരം കൊല്ലം മുമ്പുതന്നെ മനുഷ്യൻ മനസ്സിലാക്കി. ആഫ്രിക്കയേയും ഏഷ്യയേയും ഘടിപ്പിക്കുന്ന ഒരു കണ്ണിയാണു് സൂവസ്. അതു മുറിച്ചുകൊണ്ടൊരു തോടുവെട്ടി ചെങ്കടലിനേയും കയ്പൻതടാക(Bitter Lake)ത്തേയും യോജിപ്പിച്ചാൽ അവിടെനിന്നു് നൈൽനദിവഴി മദ്ധ്യധരണ്യാഴി വരെ പോകുവാൻ അന്നു സാധിച്ചിരുന്നു. 'സെസൊസ്ട്രിയസ്' എന്ന ഈജിപ്തിലെ രാജാവാണത്രെ ആദ്യമായി അങ്ങനെയൊരു തോടുണ്ടാക്കിയതു്. പിന്നീടതു മണ്ണടിഞ്ഞു നികന്നുപോയി. ബി. സി. 612-ാമാണ്ടിൽ 'നെക്കോ' എന്ന ഈജിപ്തിലെ ഫരോവ 1,20,000 അടിമകളെക്കൊണ്ടു വീണ്ടും തോടിന്റെ നിർമ്മാണമാരംഭിച്ചു. പകുതിയായപ്പോഴയ്ക്കും ഒരു ദിവ്യവാക്കു കേട്ടുവത്രെ. 'ഈ തോടു് ശത്രുക്കൾ ഈജിപ്തിനെ ആക്രമിക്കുവാൻ ഉപയോഗിക്കും,' എന്നു്. ഉടനെ പണി മതിയാക്കി. ബി. സി. 521-ാമാണ്ടിൽ പേർഷ്യൻ ചക്രവർത്തിയായ 'ദാരിയസ്' ആ തോടു ശരിപ്പെടുത്തി ഈജിപ്തിനെ ആക്രമിച്ചു കീഴടക്കുകയും ചെയ്തു. അങ്ങനെ ആ ദിവ്യവാക്കു വാസ്തവമായിത്തീൎന്നു. തോടു വെട്ടിയതും ഈജിപ്തിനെ ജയിച്ചതുമെല്ലാം ദാരിയസ് ഒരു ശിലാലിഖിതത്തിൽ അഭിമാനത്തോടെ പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. "ഞാൻ ഒരു പേർഷ്യനാണു്. പേർഷ്യയുടെ ശക്തികൊണ്ടു ഞാൻ ഈജിപ്തിനെ ജയിച്ചു. ഈജിപ്തിൽക്കൂടി ഒഴുകുന്ന 'പിരിവ' നദിമുതൽ പേർഷ്യൻകടൽവരെ ഒരു തോടുകുത്തുവാൻ ഞാൻ കല്പനകൊടുത്തു. എന്റെ കല്പന നിൎവ്വഹിക്കപ്പെടുകയും ചെയ്തു." ഒടുവിൽ തോടിന്റെ അവസാനഭാഗം

ദാരിയസ്തന്നെ നശിപ്പിച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ അനന്തരഗാമിയായ 'ക്സർക്സസ്' അതു വീണ്ടും ശരിപ്പെടുത്തി. ഗ്രീക്കചരിത്രകാരനായ 'ഹെറോഡൊട്ടസ്' പറയുന്നു, "ആ തോട്ടകടക്കുവാൻ നാലുദിവസം വേണ്ടിവന്നിരുന്നു"വെന്നു്.

ഇടയ്ക്കിടയ്ക്കെല്ലാം ഓരോ രാജാക്കന്മാർ ഈ തോട്ട മണ്ണു വന്നടിഞ്ഞതു മാററി ഗതാഗതയോഗ്യമാക്കിത്തീർക്കുകയുണ്ടായിട്ടുണ്ടു്. റോമൻചക്രവർത്തിമാർ ഈജിപ്റ്റ് കയ്യടക്കിയതിന്നുശേഷം 'ട്രോജൻ' ചക്രവർത്തിയുടെ കാലത്തു് നൈൽനദി വഴിയായി ചെങ്കടൽവരെ ജലമാർഗ്ഗമായിപ്പോകുവാൻ സൗകര്യമുണ്ടായിരുന്നു. ഏ. ഡി. 98-ാമാണ്ടിലാണു് 'ട്രോജൻ' തോടെല്ലാം വൃത്തിയാക്കിയതു്. റോമക്കാർ കേരളവുമായി കച്ചവടം നടത്തിയിരുന്നതു് ഈ തോട്ടവഴിയായിരിക്കണം. ഏതാണ്ടു മൂന്നാംശതാബ്ദംവരെ ഈ തോട്ട ഗതാഗതയോഗ്യമായിരുന്നു. ഏഴാംനൂററാണ്ടോടുകൂടി അറബികൾ ഈജിപ്റ്റ് ആക്രമിച്ചു. 'ഓമർ'കാലിഫിന്റെ കാലത്തു് 642-ാമാണ്ടിൽ ഈ തോട്ട വീണ്ടും തുറന്നു. പിന്നീടു് 776-ാമാണ്ടിൽ അന്നത്തെ കാലിഫിന്റെ കല്പനപ്രകാരം അതു നശിപ്പിച്ചുകളഞ്ഞു.

കാലാന്തരത്തിൽ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള കച്ചവടം കുറഞ്ഞുവന്നു. 'മാർക്കോ പോളോ' തുടങ്ങിയ യാത്രക്കാരെല്ലാം 'കെയ്റോ'വിൽക്കൂടി കരവഴിയാണു സഞ്ചരിച്ചിരുന്നതു്. കച്ചവടവും കരവഴിതന്നെയായിരുന്നു. 'ടർക്കി'യുടെ ശക്തി വർദ്ധിച്ചതോടുകൂടി കരവഴിയായി ചെങ്കടലിലേയ്ക്കുള്ള യാത്ര പാശ്ചാത്യർക്ക് വളരെ

ആപൽക്കരമായിത്തീൎന്നു. ആഫ്രിക്കയെ ചുററിക്കൊണ്ടു് ഇന്ത്യയിലേയ്ക്കു വരുവാനുള്ള വഴി, 'വാസ്ക്കോഡിഗാമ'യും മററും കണ്ടെത്തിയതോടുകൂടി ചെങ്കടൽവഴിയായുള്ള കച്ചവടം തീരെ നിന്നതുപോലെയായി. സ്പെയിൻ, പോർട്ടുഗൽ, ഇംഗ്ലണ്ടു് എന്നീ രാജ്യക്കാർ കിഴക്കൻ രാജ്യങ്ങളുമായുള്ള കച്ചവടം ഉത്സാഹത്തോടെ വൎദ്ധിപ്പിക്കുവാൻ തുടങ്ങി. വെനീസുകാൎക്കും മററും ഇതു വലിയൊരിടിവായി. ഫ്രാൻസിനും എളുപ്പം ചെങ്കടൽമാർഗ്ഗമാണു്. കെയ്റോവിൽനിന്നു് ഒട്ടകംവഴി ചെങ്കടലിലേയ്ക്കു സാമാനം കൊണ്ടുപോകുവാൻ വലിയ ചെലവു വരുന്നതുകൊണ്ടു കച്ചവടക്കാൎക്കു വിഷമം നേരിട്ടിരുന്നു. സൂവസ്തോടു നന്നാക്കുന്നതിനെപ്പററി പലരും സ്വപ്നം കണ്ടിരുന്നു. പക്ഷെ, ചെലവിനെപ്പററി ഓൎക്കുമ്പോൾ ആൎക്കും മുന്നോട്ടു വരുവാൻ ധൈൎയ്യമുണ്ടായില്ല.

'നെപ്പോളിയൻ' ഈജിപ്തു് ആക്രമിച്ചതിന്നുശേഷം ആദ്യമായി സൂവസ് തോടിൻെറ കാൎയ്യത്തിലാണു ശ്രദ്ധ ചെലുത്തിയതു്. എഞ്ചിനിയർമാരും ശാസ്ത്രജ്ഞന്മാരുമെല്ലാം കൂലങ്കഷമായി പരിശോധിച്ചതിനുശേഷം ചെങ്കടൽ മദ്ധ്യധരണ്യാഴിയേക്കാൾ മുപ്പതടി ഉയൎന്നാണു കിടക്കുന്നതെന്നും തോടുവെട്ടുക സാദ്ധ്യമല്ലെന്നും പ്രഖ്യാപിച്ചു. ഇങ്ങനെയൊരു തടസ്സമില്ലായിരുന്നുവെങ്കിൽ നെപ്പോളിയൻെറ കാലത്തുതന്നെ തോടിൻെറ നിൎമ്മാണം നടക്കുമായിരുന്നു.

ഇന്നത്തെ സൂവസ്തോടു് 'ഫെർഡിനണ്ടു് ദ ലസ്സപ്' എന്ന ഫ്രഞ്ചുകാരൻെറ അപ്രതിഹതമായ ഉത്സാഹശക്തിയുടേയും അശ്രാന്തമായ പരിശ്രമത്തിൻേറയും

ഉത്തമ ദൃഷ്ടാന്തമാണ്. നെപ്പോളിയൻെറ കാലത്തു് അ സാദ്ധ്യമെന്നു ശാസ്ത്രജ്ഞന്മാർ വിധിച്ചു കഴിഞ്ഞ കാൎയ്യ ത്തിൽ തലയിടുവാൻ സാമാന്യക്കാൎക്കാൎക്കും ധൈൎയ്യമുണ്ടാ കയില്ല. അതിൻെറ സാദ്ധ്യതയിൽ ദൃഢമായ വിശ്വാ സംവന്ന ലസ്സപ് വീണ്ടും അതിനെപ്പററി നല്ലവണ്ണം പ ഠിക്കുകയും തോടുണ്ടാക്കുവാൻ സാധിക്കുമെന്നു പ്രഖ്യാപി ക്കുകയും ചെയ്തു. അന്നത്തെ ഈജിപ്തിലെ രാജാവിന്റെ സ്നേഹവും സഹായവും അദ്ദേഹത്തിനു സിദ്ധിച്ചു. ഒരു കമ്പനി തുടങ്ങുവാൻ അനുവാദം കിട്ടി. 1855-ലാണു ക മ്പനി സ്ഥാപിച്ചതു്. ഇംഗ്ലണ്ടു് അതിന്നനുകൂലമായിരു ന്നില്ല. ഫ്രഞ്ചു ഗവൎമ്മെണ്ടും ഈജിപ്തു ഗവൎമ്മെണ്ടും മാ ത്രമേ അനുകൂലമായിരുന്നുള്ളു. പൗരസ്ത്യരാജ്യങ്ങളുമായു ള്ള തങ്ങളുടെ കച്ചവടം കുറയുമെന്നു ഭയപ്പെട്ടു് ഇംഗ്ലണ്ടു് ഈ ശ്രമത്തെ കഴിയുന്നതും എതിൎത്തുനോക്കി. എങ്കിലും ലസ്സപ് പണി ഉത്സാഹത്തോടെ തുടങ്ങി. ചെലവിൽ പകുതി ഫ്രാൻസും പകുതി ഈജിപ്തും എടുത്തു. കൂലി ക്കാരും ഈജിപ്തിലുണ്ടായിരുന്നു. ഏതാണ്ടു മൂന്നുകോടി പവൻ ചെലവുചെയ്തു. പത്തുകൊല്ലത്തെ പ്രയത്നത്തി ൻെറ ഫലമായി 1869 നവമ്പർ 17-ാംതീയതി സൂവസ് തോടിൻെറ നിൎമ്മാണം പൂൎത്തിയായി. പിന്നീട്ട് 1875- ലാണു് ഇംഗ്ലണ്ടു്, 'ഡിസ്രേലി'യുടെ കാലത്തു്, പണത്തി ന്നു മുട്ടുണ്ടായിരുന്ന ഈജിപ്തിലെ രാജാവിൻെറ പക്കൽ നിന്നു നാല്പതുലക്ഷം പവൻകൊടുത്തു കുറെ ഷയറുകൾ വാങ്ങിയതു്.

1888-ലെ ഒരു നിശ്ചയപ്രകാരം, സൂവസ്തോ ട്ടിൽക്കൂടി എല്ലാവൎക്കും ഇഷ്ടംപോലെ സമാധാനകാല

ത്തും യുദ്ധകാലത്തും കപ്പലുകൾ കൊണ്ടുപോകാമെന്നു തീ ച്ച്പ്പെടുത്തി. തോടിൻെറ ഭരണം സൂവസ്കമ്പനിക്കാണു്. 1966-ാമാണ്ടുവരെ അവക്കതിന്നധികാരം ലഭിച്ചിട്ടുണ്ടു്. ഒരു വലിയ കപ്പൽ ഒരിക്കൽ തോട്ടിൽക്കൂടിക്കൊണ്ടുപോകുന്നതിന്നു് ഏതാണ്ടു മൂവായിരം പവനോളം കൂലിയാണത്രെ. ദിവസേന പത്തു കപ്പലെങ്കിലും ആ വഴി പോകാതിരിക്കയില്ല.

സൂവസ്തോടിന്നു് 99 നാഴികയാണു നീളം. വീതി ആദ്യം 72 അടിയായിരുന്നു. ഇപ്പോൾ 118 അടിയിൽ കുറയുകയില്ല. പതുക്കെപ്പതുക്കെ വീതി കൂട്ടിവരുന്നുണ്ടു്. താഴ്ച 33 അടിയാണു്. മുപ്പതടി താഴ്ചയുള്ള കപ്പലുകൾക്കുകൂടി അതിലേ പോകാം. മണിക്കൂറിൽ അഞ്ചരനാഴികയിലധികം വേഗത്തിൽ വലിയ കപ്പലുകൾക്കു സഞ്ചരിക്കുവാൻ സാധിക്കയില്ല. കപ്പലുകൾക്കു് അങ്ങോട്ടുമിങ്ങോട്ടും മാറിക്കടന്നു പോകുവാൻ തോടിന്നു വീതിപോരാ. ഇടയ്ക്കു പതിമ്മൂന്നിടിക്കിലായി അല്പം വീതികൂടിയ സ്ഥലങ്ങളുണ്ടു്. ഇത്തരം 'ഗ്യാരസ്സി'ൽ ഒരു കപ്പൽ കെട്ടിയിട്ടതിന്നുശേഷം മററുകപ്പലിന്നു് കടന്നുപോകുവാൻ അനുവാദം കൊടുക്കും. അതു പോയതിന്നുശേഷം ഇതിന്നും യാത്രതുടരാം. ഇടയ്ക്കുള്ള 'ബിററർ'തടാകത്തിൽ യാതൊരു പ്രയാസവും കൂടാതെ കപ്പലുകൾക്കു മാറിക്കടന്നു പോകുവാൻ വിഷമമില്ല.

സൂവസ്ത്തോടിൻെറ വടക്കെ അററത്തായി ലസ്സപ്പിൻെറ ഒരു വലിയ പ്രതിമ നില്ക്കുന്നുണ്ടു്. വലത്തെ കൈ ഔദ്ധത്യത്തോടെ തോടിന്നുനേരെ ചൂണ്ടിക്കാട്ടിക്കൊണ്ടാണു നില.

8

ഇരുപത്തെട്ടാംതീയതിയാണു് കപ്പൽ 'പോർട്ട് സെഡ്ഡി'ൽ എത്തിയതു്. സൂവസ്തോടിൻെറ വടക്കെഅററത്തുള്ള വലിയൊരു തുറമുഖപ്പട്ടണമാണിതു്. ഇതിന്റെ വളർച്ചയ്ക്കു പ്രധാനഹേതു ഈ തോടാണെന്നതിനു സംശയമില്ല. തോടിന്റെ പടിഞ്ഞാറുഭാഗത്താണു പട്ടണം. ഈജിപ്തിലെ പ്രധാനപ്പെട്ടൊരു തുറമുഖമാണിതു്. ഉച്ചയ്ക്കു പതിനൊന്നുമണിയോടുകൂടി ഞങ്ങൾ അവിടെ എത്തിച്ചേർന്നു. ആലപ്പുഴയിലും എറണാകുളത്തും ബോട്ടുകൾ കിടക്കുന്നതുപോലെയാണിവിടെ വലിയ കപ്പലുകൾ കിടക്കുന്നതു്. പത്തുപന്ത്രണ്ടു കപ്പലുകളുടെ പേരുകൾ വെറുതെ ഞാൻ കുറിച്ചെടുത്തു.

കപ്പൽ നിന്നപ്പോഴെയ്ക്കും അസംഖ്യം ചെറിയ വള്ളങ്ങൾ വില്പനസാമാനങ്ങളുമായി അടുത്തെത്തി. കയറു മേല്പോട്ടെറിഞ്ഞു് അതുവഴിയായി സാമാനങ്ങൾ മേല്പോട്ടെത്തിച്ചുകൊടുക്കുകയും മററും ചെയ്യുന്നതു കാണ്മാൻ രസമുണ്ടു്. എന്നാൽ ഞങ്ങൾക്കു കരയ്ക്കിറങ്ങുവാനുള്ള തിരക്കാണു്. ഈജിപ്ത് ഗവണ്മെൻറിൻെറ ഉദ്യോഗസ്ഥന്മാർ ചെറിയ ബോട്ടുകളിൽ അങ്ങിങ്ങു പാഞ്ഞുകൊണ്ടിരിക്കുന്നതു കാണുമ്പോൾത്തന്നെ 'ജനറൽ നഗീബി'ൻെറ പട്ടാളഭരണമാണവിടെയെന്നു മനസ്സിലാക്കാം. രണ്ടുമൂന്നുദ്യോഗസ്ഥന്മാർ കപ്പലിൽവന്നു് ഞങ്ങൾക്കെല്ലാം കരയ്ക്കിറങ്ങുവാനുള്ള അനുവാദം ('വിസ') തന്നു. എല്ലാം അതിവേഗത്തിൽക്കഴിഞ്ഞു. കപ്പലിൽനിന്നു കരവരെ വഞ്ചികൾ കൂട്ടിഘടിപ്പിച്ചുകൊണ്ടൊരു പാലം ഉണ്ടാക്കിക്കഴി

ഞ്ഞിരിക്കുന്നു. അതിന്നിരുവശത്തുമായി കച്ചവടക്കാർ വള്ളങ്ങളിൽ സാമാനങ്ങളുമായി നിരന്നുനില്ക്കുന്നു. സർവ്വത്ര ഉത്സാഹവും ജാഗ്രതയും പ്രത്യക്ഷമാണ്.

ആറേഴുനിലകളോടുകൂടിയ വലിയ കെട്ടിടങ്ങൾ ധാരാളമാണിവിടെ. വീതിയുള്ള വലിയ റോഡുകളും നല്ല ഷാപ്പുകളും ഒരു പ്രധാന നഗരമാണിതെന്നു വിളിച്ചുപറയുന്നു. ഞങ്ങൾ മലയാളികൾ അഞ്ചാറുപേർ ഒന്നിച്ചുകൂടി എല്ലായിടത്തും ഒന്നു നടന്നുനോക്കുവാൻ തീർച്ചപ്പെടുത്തി. തോൽസ്സാമാനങ്ങൾക്കു വില വളരെ കുറവാണ്. പക്ഷേ, വിലയ്ക്കു ക്ലിപ്തതയൊന്നുമില്ല. നടന്നുപോകുമ്പോഴെയ്ക്കും, "സ്നേഹിതാ, സഹോദരാ, ഡാക്റ്റർ," എന്നെല്ലാം വിളിച്ചു ഷാപ്പിലേയ്ക്കു കൊണ്ടുപോകുന്നവർതന്നെ, സാമാനം വാങ്ങാതെ മടങ്ങിയാൽ, "വിഡ്ഢികൾ, കപ്പലിൽക്കിടന്നുറങ്ങിക്കൊള്ളു," എന്നും മറ്റും പറഞ്ഞാണു യാത്രയാക്കുക. ഇത്തരം 'സരസവിരസ'ന്മാരെക്കണ്ടു പരിചയമില്ലാത്തവർ അമ്പരന്നുപോയേയ്ക്കും. പ്രധാനപ്പെട്ട നിരത്തുകൾവിട്ടു കുറച്ചുകലെപ്പോയപ്പോൾ ചില തെമ്മാടിപ്പിള്ളർ പിന്നാലെകൂടി അതുമിതും പറഞ്ഞു കളിയാക്കുവാനും ശ്രമിക്കാതിരുന്നില്ല. പക്ഷേ, ഞങ്ങൾക്കു ഭയമൊന്നുമുണ്ടായില്ല. നാലുംകൂടുന്ന വഴികളിലെല്ലാം രണ്ടുനാലു പട്ടാളക്കാർ തോക്കും പിടിച്ചുകൊണ്ടു കാവൽനില്ക്കുന്നുണ്ട്. നിരത്തിൽക്കൂടി ഇടയ്ക്കിടെ പട്ടാളവണ്ടികൾ പാഞ്ഞുകൊണ്ടിരിക്കുന്നതും കാണാം. ഞങ്ങൾ കപ്പലിലേയ്ക്കു മടങ്ങി. വഴിയിലൊരാൾ ഫോട്ടോ എടുക്കുവാൻ തയ്യാറായി നില്ക്കുന്നു. ഒരു മിനിട്ടുകൊണ്ടു ഞങ്ങളുടെ ഒരു ഗ്രൂപ്പുഫോട്ടോ എടുത്തു ഞങ്ങൾക്കു തന്നു.

ഇതിനിടയ്ക്കു് ഒരു ജാലവിദ്യക്കാരൻ കപ്പലിൽവന്നു പല വിദ്യകളും കാണിച്ചുകൊണ്ടിരുന്നു. ഞങ്ങൾക്കതു കാണുവാൻ തരപ്പെട്ടില്ല.

സന്ധ്യയോടുകൂടി കപ്പൽ തുറമുഖം വിട്ടു. ഇന്ത്യയുടേതിനേക്കാൾ വളരെ പുരാതനമായ ഒരു പരിഷ്കാരമുള്ളതെന്നു പറയപ്പെടുന്ന ആ ഈജിപ്തിനോടു മനസാ യാത്രപറഞ്ഞുകൊണ്ടു മദ്ധ്യധരണ്യാഴിയിലേയ്ക്കു ഞങ്ങൾ പ്രവേശിച്ചു.

9

കപ്പലിൽ സരസ്വതീപൂജ ആഘോഷിക്കയുണ്ടായി. അതിൽ പ്രധാനമായ പങ്കെടുത്തതു ബങ്കാളികളാണു്. ഇന്ത്യക്കാർ പലരും കപ്പലിലുണ്ടെങ്കിലും കപ്പൽജീവിതത്തോടിണങ്ങി അതിൽ സജീവമായി പങ്കെടുക്കുന്നവർ അധികവും ബങ്കാളികളാണെന്നു പറയാം. പുരുഷന്മാർ പരസ്പരം കെട്ടിപ്പിടിച്ചു് അഭിവാദ്യം ചെയ്യുന്ന ഔത്തരാഹസമ്പ്രദായം എനിക്കു പുത്തനായിരുന്നു. "ബങ്കാളിൽ നടക്കുന്ന ഒരു ആഘോഷമാണു സരസ്വതീപൂജ," എന്നു തുടങ്ങിയ പ്രസംഗം കേട്ടപ്പോൾ ഞങ്ങൾ ഒന്നു നെററി ചുളിക്കാതിരുന്നില്ല. കാളിദാസ്ഗുപ്തയുടേയും ടാഗോറിൻേറയും ചില പാട്ടുകൾ അവർ പാടി. ബങ്കാളികളെല്ലാം ജുബ്ബയാണു ധരിച്ചിട്ടുള്ളതു്. കപ്പലിൽ നടക്കുന്ന 'കൺസർട്ട്'കളിലും മററുമെല്ലാം ബങ്കാളികൾ മാത്രമേ കാര്യമായി മുന്നിട്ടു പ്രവത്തിക്കുന്നുള്ളു. 'മലോജ'യിലെ വിദേശീയ യാത്രക്കാർക്കു് ഇന്ത്യയിലെ രാഷ്ട്രഭാഷ ബങ്കാളിയാണെന്നു തോന്നിയെങ്കിൽ അത്ഭുതമില്ല.

കപ്പലിൽ ഒരു 'ഗാലാ ഡിന്നർ' ദിനവും കേമമായി കൊണ്ടാടുകയുണ്ടായി. രാത്രി ഉണ്ണുവാൻ ചെന്നപ്പോൾ എല്ലാവർക്കും ഓരോ തരത്തിൽ കടലാസ്സുതൊപ്പികൾ ഉണ്ടാക്കിവെച്ചിരിക്കുന്നു. ഞങ്ങളെല്ലാം അതു ധരിച്ചു. ഉണ്ണുവാനിരിക്കുന്ന മുറി ഭംഗിയായി വിതാനിച്ചിട്ടുണ്ട്. മെനു കാർഡ് തങ്കവർണ്ണത്തിൽ അച്ചടിച്ചിരിക്കുന്നു. ഊണു കഴിഞ്ഞാൽ 'ഫാൻസി ഡ്രസ്' മത്സരമാണ്..പലരും അതിൽ പങ്കെടുത്തിട്ടുണ്ട്. പത്തിരുപതുപേർ വേഷം കെട്ടിയിരിക്കുന്നു. ഒരാൾ ദീപസ്തംഭത്തിന്റെ, മറ്റൊരാൾ ഷാപ്പിന്റെ, രണ്ടുപേർ ഇന്ത്യൻ വെള്ളത്തേടന്മാരുടെ, ഒരാൾ അർദ്ധനാരീശ്വരന്റെ—ഇങ്ങനെ പലതുമുണ്ടായിരുന്നു.

മുപ്പതാംതീയതി വൈകുന്നേരമാണ് ഇന്ത്യൻ കൺസർട്ട്. പാട്ടുകൾ, ജാലവിദ്യ തുടങ്ങിയ പലതും ഉണ്ടായി. ഇന്ത്യയിലെ വിവിധദേശങ്ങളിലെ സ്ത്രീകളുടെ വസ്ത്രധാരണസമ്പ്രദായം കാണിക്കുവാൻ പത്തുപന്ത്രണ്ടു യുവതികൾ ഉടുത്തൊരുങ്ങി നിരന്നുനിന്നതു കാണേണ്ട കാഴ്ചയായിരുന്നു. മുണ്ടും ബ്ലൗസും മുലക്കച്ചയും ധരിച്ച മിസ് മത്തായിയുടെ കേരളീയവേഷം ഒട്ടും മോശമായിരുന്നില്ല. ഇതിന്നു ശേഷം ടാഗോറിന്റെ 'സന്യാസി' എന്ന നാടകം ഇംഗ്ലീഷിൽ അഭിനയിക്കുകയുണ്ടായി; ഇതിലെ നായികയുടെ വേഷം ധരിച്ച മിസ് മത്തായി കാണികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു വീണ്ടും പാത്രമായി.

ഇതെല്ലാം കഴിഞ്ഞപ്പോഴെയ്ക്കും രാത്രി മണി പന്ത്രണ്ടായി. മുറിയിലേയ്ക്കു മടങ്ങുന്നതിന്നു മുമ്പ് ഒരു ഫ്രഞ്ചു

കാരനെ കണ്ടെത്തി. ആനന്ദകുമാരനെന്നാണത്രെ പേർ. ജാൻസിയിലെ ബാബു ഫലാഹാർ മഹാരാജാ എന്ന മുനിയുടെ ശിഷ്യനാണെന്നും ഇന്ത്യയിൽ കുറെക്കാലം സഞ്ചരിച്ചിട്ടുണ്ടെന്നും പറഞ്ഞു. യുദ്ധത്തിന്ന പോകുവാൻ കൂട്ടാക്കാത്തതുകൊണ്ട ഫ്രാൻസിൽവെച്ച കുറച്ചുകാലം ജയിലിൽ കിടക്കേണ്ടി വന്നിട്ടുണ്ടെന്നും അതിന്ന ശേഷമാണ സത്യാന്വേഷണത്തിന്ന പുറപ്പെട്ടതെന്നുമാണ അയാൾ പറഞ്ഞതു്. ജ്യോതിഷമല്പം അറിയാമെന്നും ഒക്ടോബർ 18-ാം തീയതി ലോകത്തിൽ വലിയൊരു കലാപമുണ്ടാകുമെന്നും പറഞ്ഞു് അയാൾ എഴുന്നേററു നടന്നു. അയാളെ അതിന്നു മുമ്പും അതിന്ന ശേഷവും ഞങ്ങൾ കപ്പലിൽ കണ്ടില്ല.

ഒക്ടോബർ ഒന്നാംതീയതിയായി. വലത്തുഭാഗത്തു് ഇററലിയുടെ കര കണ്ടുതുടങ്ങി. നല്ല തണുപ്പുണ്ടു്. ആളുകൾ പരുത്തിവസ്ത്രമെല്ലാം മാററി കമ്പിളികൊണ്ടുള്ള ഉടുപ്പുകൾ ധരിച്ചുതുടങ്ങി. ഇററലിയുടേയും സിസിലിയുടേയും ഇടയ്ക്കുള്ള മെസ്സിനാ കടലിടുക്കിൽക്കൂടിയാണ കപ്പൽ പോകുന്നതു്. മദ്ധ്യധരണ്യാഴിയിലെ ഏററവും വലിയ ദ്വീപാണ സിസിലി. കാടും മലകളുമാണധികവും. പ്രസിദ്ധമായ 'എററ്നാ' അഗ്നിപർവ്വതം ഇവിടെയാണു്. കപ്പലിൽ നിന്നാൽ ഇതു കാണുകയില്ല. പുരാതനമായ 'മെസ്സിനാ'പട്ടണം കപ്പൽ പോകുന്ന വഴിയുടെ അടുത്തുതന്നെയാണു്. ബാലാർക്കപ്രഭയിൽ തിളങ്ങുന്ന ആ പട്ടണം വളരെ മനോഹരമായ കാഴ്ചയാണ യാത്രക്കാർക്ക സമ്മാനിക്കുന്നതു്.

പതിനൊന്ന മണിയോടുകൂടി കപ്പൽ 'സ്റ്റ്റോം

ബോളി' അഗ്നിപർവ്വതത്തിന്നടുത്തെത്തി. ചെറിയൊരു ദ്വീപുതന്നെയാണിതു്. വളരെ അകലെനിന്നുതന്നെ ഇതു കാണാം. മൂവ്വായിരത്തിലധികം അടി പൊക്കമുള്ള ഈ പർവ്വതം ഇപ്പോഴും പുകഞ്ഞുകൊണ്ടിരിക്കുന്നു. ശിഖരാഗ്രത്തിൽനിന്നു കുറെ ഇറങ്ങിയിട്ടാണു് അതിന്റെ പുക പോകുന്ന മുഖം. അതിൽക്കൂടി വെളുത്ത മേഘംപോലെ പുക കീഴ്പ്പോട്ടു് ഒഴുകിവരുന്നതു് വ്യക്തമായി കാണാം. ഉരുകിയ ധാതുദ്രവ്യങ്ങൾ ഒഴുകിവീണ പാടുകൾ കാണ്മാനുണ്ടു്. ഇങ്ങനെയാണെങ്കിലും ഈ കുന്നിന്റെ മറുവശത്തു് നാലായിരത്തോളം ജനങ്ങൾ താമസിച്ചുവരുന്നു.

മദ്ധ്യധരണ്യാഴിയിൽക്കൂടിയുള്ള യാത്ര രസകരമാണു്. കടലിൽ അലകളില്ലാത്തതുകൊണ്ടു് യാതൊരിളക്കവുംകൂടാതെയാണു കപ്പലിന്റെ ഗതി. നല്ല തണുപ്പുണ്ടു്, പക്ഷെ, അസഹ്യമായിത്തുടങ്ങിയിട്ടുമില്ല. സർദിനിയ, കോർസിക്ക എന്നീ രണ്ടു വലിയ ദ്വീപുകളുടെ ഇടയിലുള്ള കടലിടുക്കിൽക്കൂടിയാണു് കപ്പലിന്നു പോകേണ്ടതു്. വഴിക്കു ചില പാറകളുള്ള ഭാഗത്തെല്ലാം വലിയ ദീപസ്തംഭങ്ങൾ നാട്ടിയിട്ടുണ്ടു്. ചരിത്രപ്രസിദ്ധമായ ഈ ദ്വീപുകൾക്കു പ്രത്യേകമായ ആകർഷകത്വമൊന്നും കപ്പലിൽനിന്നു നോക്കിയാൽ കാണുകയില്ല. എങ്കിലും കോർസിക്ക കണ്ടപ്പോൾ നെപ്പോളിയന്റെ ജന്മസ്ഥലം കാണുവാൻ സാധിച്ചുവെന്നൊരു ചാരിതാർത്ഥ്യം ഉണ്ടാകാതിരുന്നില്ല.

10

രണ്ടാംതീയതി സന്ധ്യയോടുകൂടി ഫ്രാൻസിലെ പ്രധാനതുറമുഖമായ 'മാർസേ'ലിൽ എത്തുമെന്നായിരുന്നു പ്രതീക്ഷ. പക്ഷെ, സംഗതിവശാൽ കപ്പലിൻെറ ഗതി അല്പം സാവധാനത്തിലായതുകൊണ്ടു് മൂന്നാംതീയതി പ്രഭാതത്തോടുകൂടിമാത്രമേ കപ്പലിന്നു തുറമുഖത്തടുക്കുവാൻ കഴിഞ്ഞുള്ളു.

യാത്രക്കാരിൽ പലരും ഇവിടെയാണിറങ്ങുന്നതു്. ഫ്രാൻസിൽകൂടി തീവണ്ടിവഴിക്കു പോയാൽ പാരീസും മററും കാണാം. നാലഞ്ചുദിവസം നേരത്തെതന്നെ ലണ്ടനിലെത്തുകയുംചെയ്യാം. ചെലവു കുറച്ചു കൂടുമെന്നുമാത്രമേയുള്ളു. കപ്പലിൽ സ്പെയിനും പോർട്ടുഗലും ചുററി ലണ്ടനിലെത്തുവാൻ അഞ്ചാറുദിവസം വേണ്ടിവരും; കരവഴി പോകുന്നവക്കു് ഇരുപത്തിനാലു മണിക്കൂറേ വേണ്ടൂ.

കപ്പൽ തുറമുഖത്തെത്തിയാൽ ഉടനെ യാത്രക്കാക്കു വന്നിട്ടുള്ള എഴുത്തുകൾ വിതരണംചെയ്യും. ഏഡനിലും പോർട്ടുസെയ്ഡിലും മററു യാത്രക്കാരോടൊപ്പം തിരക്കിൽ ച്ചെന്നുനിന്നു നിരാശനാകേണ്ടിവന്നു. ഇവിടെ കിട്ടുമെന്നു പ്രതീക്ഷിച്ചിട്ടല്ല. എങ്കിലും ഒരു കൊതിതോന്നി തിരക്കിലേയ്ക്കു ചെന്നു. എനിക്കോ മററു മലയാളിസ്നേഹിതന്മാക്കോ നാട്ടിൽനിന്നൊരെഴുത്തും ഉണ്ടായിരുന്നില്ല. അഞ്ചും ആറും എഴുത്തുവീതം കിട്ടിയിരുന്ന ചില വെള്ളക്കാർ സന്തോഷത്തോടെ അവ പൊളിച്ചു വായിക്കുന്നതു കണ്ടപ്പോൾ അല്പം നിരാശത തോന്നിപ്പോയി.

'മാർസേൽ' നഗരം കാണുവാൻ ഞങ്ങൾ നാലഞ്ചു

ദിവസംമുമ്പു കപ്പലിൽവെച്ചുതന്നെ തീരുമാനിച്ചു് വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. ആറുപേരെ ഒരു കാറിൽ പട്ടണംമുഴുവൻ ചുററിക്കാണിച്ചു് എല്ലാം ഇംഗ്ലീഷിൽ വിവരിച്ചുതരുന്നതിനുള്ള കൂലി നാലായിരം ഫ്രാങ്കാണെന്നു കേട്ടപ്പോൾ പരിഭ്രമിച്ചു പ്രോഗ്രാം വേണ്ടെന്നുവെയ്ക്കുവാനാണു് പലർക്കും ആദ്യം തോന്നിയതു്. ഒരു ഫ്രാങ്കിനു കാലണയേ വിലയുള്ളുവെന്നറിഞ്ഞപ്പോഴാണു് എല്ലാവരും പുറപ്പെടുവാൻതന്നെ സമ്മതിച്ചതു്.

തുറമുഖത്തു് അസംഖ്യം കപ്പലുകൾ കിടക്കുന്നുണ്ടു്. പോർട്ടുസെയ്ഡിൽ കണ്ടതിനെക്കാൾ വളരെ കൂടുതലാണിവിടെ. കേടുതീർക്കുവാൻ ഇട്ടിരിക്കുന്ന കപ്പലുകളും ധാരാളം കാണാം. മറെറാരിടത്തു് കഴിഞ്ഞ യുദ്ധകാലത്തു ജർമ്മൻകാർ മുക്കിക്കളഞ്ഞ കപ്പലുകൾ വലിച്ചുയർത്തിയെടുത്തു് 'ഓക്സിഅസററലൈൻ' തീനാളത്തിന്റെ സഹായത്തോടുകൂടി ഇരിമ്പുകഷണങ്ങൾ മുറിച്ചെടുക്കുന്ന കാഴ്ചയാണു്. പോർട്ടർമാർ ധാരാളമുണ്ടെങ്കിലും ആർക്കും ദേഹാദ്ധ്വാനം ചെയ്യേണ്ടിവരുന്നില്ല. 'ക്രെയിൻ'വഴി കപ്പലിൽനിന്നു താഴത്തിറക്കുന്ന സാമാനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നീക്കിവെയ്ക്കുന്നതും കൊണ്ടുപോകുന്നതുമെല്ലാം മോട്ടോറിന്റെ സഹായത്തോടെ ഓടിക്കുന്ന ഒരുതരം ചെറിയ 'ട്രോളി' മുഖേനയാണു്. കൈകൊണ്ടു തൊടുകപോലും വേണ്ട. ആ ജോലിചെയ്യുന്നതു നോക്കിക്കൊണ്ടു രണ്ടു മിനിട്ടുനേരം ഞങ്ങൾ നിന്നു. ഇത്തരം സൗകര്യങ്ങൾ എന്നാണു് നമ്മുടെ പട്ടണങ്ങളിലും കാണുവാൻ കഴിയുന്നതു് എന്നു ഞങ്ങൾ തന്നെത്താൻ ചോദിച്ചു.

ഞങ്ങളെ കാത്തുകൊണ്ട് ഒരൊന്നാംതരം പുതിയ 'പാക്കാർഡു'കാർ നില്ക്കുന്നുണ്ടായിരുന്നു. ആറുപേൎക്കു സുഖമായിരിക്കാം. വഴിക്കുള്ള ഓരോ സ്ഥലങ്ങൾ ഇംഗ്ലീഷിൽവിവരിച്ചുകൊണ്ട് ഡ്രൈവർ പതുക്കെ കാറോടിച്ചു തുടങ്ങി. നല്ല വീതിയുള്ള ഒന്നാംതരം റോഡുകൾ, അഴകേറിയ വലിയകെട്ടിടങ്ങൾ, ചരിത്രപ്രധാനമായ ചില ഭാഗങ്ങൾ, പത്തുകൊല്ലം കഴിഞ്ഞിട്ടും യുദ്ധത്തിന്റെ മുറിവുകളുണങ്ങിക്കഴിഞ്ഞിട്ടില്ലാത്ത നഗരപ്രദേശങ്ങൾ, പൂക്കൾനിറഞ്ഞ ചെടികൾകൊണ്ടലംകൃതമായ ഭംഗിയുള്ള വീടുകൾ—ഇതെല്ലാം കണ്ടുകൊണ്ടു ഞങ്ങൾ പട്ടണത്തിന്റെ മദ്ധ്യത്തിലുള്ള കുന്നിന്റെ മുകളിൽ തലയുയൎത്തിനില്ക്കുന്ന പഴയപള്ളിയുടെ നേൎക്കു പോകയാണ്. ചെങ്കുത്തായ ചെറിയവഴികളിൽക്കൂടെയും പോകേണ്ടതുണ്ട്. അങ്ങിങ്ങായി ഇരുവശത്തും ചില മതിലുകളിന്മേൽ 'U. S. go back' (അമേരിക്കക്കാർ മടങ്ങിപ്പോവുക) എന്നെഴുതിക്കണ്ടു ഞങ്ങൾ ഡ്രൈവറോടു ചോദിച്ചു: "ഇവിടെ കമ്മ്യൂണിസ്റ്റുകാൎക്കു വലിയ സ്ഥാനമാണോ ഉള്ളതു്?" എന്ന്. "അവൎക്കിവിടെ തീരെ സ്ഥാനമില്ല. ഇതു ചില തെമ്മാടികൾ കാട്ടിക്കൂട്ടുന്ന വികൃതിയാണ്," എന്നായിരുന്നു മറുപടി.

പള്ളിയുടെ മുററത്തുനിന്ന് നാലുഭാഗവും നോക്കിയാൽ നഗരത്തിന്റെ ഒരു വിഹഗവീക്ഷണമായി. അകലെയായി തുറമുഖത്ത് അനേകം കപ്പലുകൾ കിടക്കുന്നു. സസ്യശ്യാമളമായ പ്രാന്തപ്രദേശങ്ങൾ ഒരുഭാഗത്ത്, പുക വമിച്ചുകൊണ്ടിരിക്കുന്ന കുഴലുകളോടുകൂടിയ ഫാക്കറികൾ അങ്ങിങ്ങായി മറെറാരിടത്ത്. അസംഖ്യം വലിയ

കെട്ടിടങ്ങളോടുകൂടിയ 'മാർസേൽ' ഒററ നോട്ടത്തിൽ ഒന്നിച്ചു പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അലക്സാണ്ടർ ഡ്യൂമാസിൻെറ 'മോണ്ടിക്രിസ്റ്റോ' എന്ന സുപ്രസിദ്ധമായ നോവൽ മുഖേന നല്ലവണ്ണം പരിചയപ്പെട്ടിട്ടുള്ള 'ഷാറേറാ ദിഫ്' എന്ന ദ്വീപും ഇവിടെ നിന്നാൽക്കാണാം.

പള്ളിയുടെ ഉള്ളിലേയ്ക്കു കടന്നപ്പോഠം വലിയൊരമ്പലത്തിലേയ്ക്കു കടന്ന പ്രതീതിയാണുണ്ടായതു്. വിശാലമായ ഹാളിൻെറ അററത്തായി ഒരു ദേവിയുടെ വിഗ്രഹം കാണാം. ഓട്ടുകൊണ്ടുള്ള ഈ വിഗ്രഹത്തിന്നു പത്തുപന്ത്രണ്ടടി ഉയരമുണ്ടു്. ഇതു വിശുദ്ധമാതാവായ മേരിയാണു്. ഹാളിലേയ്ക്കു കടന്നാൽ ഇടത്തുവശത്തായി ക്രിസ്തുവിൻെറ കിടന്നുകൊണ്ടുള്ളൊരു വിഗ്രഹവുമുണ്ടു്. മെഴുകുതിരി വിളക്കുകഠം എല്ലായിടത്തും തിളങ്ങിക്കൊണ്ടിരിക്കുന്നു. ആരാധകന്മാർ വഴിവാടായി സമപ്പിച്ചിട്ടുള്ള പലതും അങ്ങിങ്ങു കെട്ടിത്തൂക്കിയിരിക്കയാണു്. മരംകൊണ്ടും മററുമുള്ള കൈകഠം, കാലുകഠം, കപ്പലുകഠം, തോണികഠം തുടങ്ങി പലതുമുണ്ടു് ഇക്കൂട്ടത്തിൽ. ഈ ഹാളിന്നു മുകളിലും ഏതാണ്ടിതുപോലെത്തന്നെ മറെറാരു ഹാളുമുണ്ടു്. അവിടെയും വിഗ്രഹത്തിന്നു സ്ഥാനമുണ്ടു്. വിഗ്രഹോപാസന ഹിന്ദുക്കളുടെ കുത്തകയൊന്നുമല്ല, തീച്ച തന്നെ.

കഴിഞ്ഞ യുദ്ധകാലത്തു് 'മാർസേൽ' ജമ്മനിയുടെ കൈവശമായിരുന്നു. ഈ പള്ളിയായിരുന്നുവത്രെ പട്ടാളത്തിൻെറ സങ്കേതം. ദൈവഭക്തികൊണ്ടു പള്ളിയിൽ ബോംബിടാതിരിക്കുന്നവരായിരുന്നില്ല ഇംഗ്ലീഷുകാർ. ഈ വാസ്തവം പള്ളിയുടെ പല ഭാഗങ്ങളും വിളിച്ചുപറയുന്നുണ്ടു്.

അവിടെനിന്നു ഞങ്ങൾ പട്ടണത്തിലെ പ്രധാനപ്പെട്ട ഉദ്യാനം കാണുവാൻ പുറപ്പെട്ടു. മുററിത്തഴച്ചുനില്ക്കുന്ന പോപ്ലാർ വൃക്ഷങ്ങൾ ഇരുവശത്തും ഭംഗിയിൽ നിരന്നു നില്ക്കുന്നതും തീരെ വളവുകൂടാതെ നേരെ പോകുന്നതുമായ റോഡിൽക്കൂടിയാണു ഞങ്ങളുടെ യാത്ര. പ്രകൃതിസൗന്ദര്യത്തിന്നു മനുഷ്യസാഹായ്യത്തോടുകൂടി എത്രത്തോളം വളരുവാൻ സാധിക്കും എന്നു കാണിച്ചുതന്നു ആ ഉദ്യാനം.

പിന്നീടു ഞങ്ങൾ ജനനിബിഡമായ കച്ചവടസ്ഥലങ്ങളും പഴങ്ങൾ വില്ക്കുന്ന മാക്കററുകളുമുള്ള ഭാഗത്തേയ്ക്കു പുറപ്പെട്ടു. വഴിയുടെ ഇടത്തുവശത്തുകൂടിയേ വാഹനങ്ങൾ സഞ്ചരിക്കാവൂ എന്ന ഇംഗ്ലണ്ടിലെ നിയമംതന്നെ പഠിച്ചുവന്ന ഞങ്ങൾക്കു ഫ്രാൻസിൽ ഇതിന്നു വിപരീതമായ സമ്പ്രദായം പരിചയപ്പെടുവാൻ കുറച്ചു പ്രയാസമായിരുന്നു. വലത്തുഭാഗത്തുകൂടിപ്പോകുന്നതാണു ഫ്രാൻസിലെ നിയമം എന്നു മനസ്സിലായെങ്കിലും അതുറയ്ക്കുന്നില്ല. ഒരിടത്തു കാറു നിർത്തി മുന്തിരിപ്പഴം വാങ്ങിത്തിന്നുവാൻ ഞങ്ങൾ മാക്കററിലേയ്ക്കു നടക്കുമ്പോഴാണു് ഈ വിഷമം അനുഭവപ്പെട്ടതു്.

പഴങ്ങൾ വില്ക്കുന്ന മാക്കററുകൾ തുറന്ന സ്ഥലത്താണു്. രണ്ടുവരിയായി ഷാപ്പുകളിൽ പഴങ്ങൾ നിരത്തിവെച്ചിരിക്കും. വില അതാതിനങ്ങളുടെ മുമ്പിൽ കടലാസ്സിൽ എഴുതിക്കാണാം. നടുവിലുള്ള ഇടവഴിയിൽക്കൂടിയാണു വാങ്ങുവാൻ വരുന്നവർ നടക്കുന്നതു്. വില്ക്കുവാൻ നില്ക്കുന്നതെല്ലാം സ്ത്രീകളാണു്. ചിലർ ഇംഗ്ലീഷിൽ ഞങ്ങളോടു സംസാരിക്കുവാൻ ശ്രമിക്കുന്നുമുണ്ടു്. ഞങ്ങൾക്കു മനസ്സിലാകുന്നില്ലെന്നേയുള്ളു. ഡ്രൈവരുടെ സഹായ

ത്തോടുകൂടിയാണു ഞങ്ങൾ കുറെ മുന്തിരിപ്പഴങ്ങൾ വാങ്ങിയത്. വാഴപ്പഴവും അവിടെ കാണുകയുണ്ടായി.

ചില സ്നേഹിതന്മാർക്കു ഫ്രഞ്ചുവൈൻ ആസ്വദിക്കണം. ഞാൻ തടഞ്ഞുനോക്കി, പക്ഷെ, ഭൂരിപക്ഷാഭിപ്രായത്തിനുമുമ്പിൽ തലകുനിക്കേണ്ടിവന്നു. ഡ്രൈവരുടെ നേതൃത്വത്തിൽ ഒരു ഷാപ്പിൽക്കയറി. എന്താണു വേണ്ടതെന്ന് 'വെയ്റ്റർ' വന്നു ചോദിച്ചപ്പോൾ, എന്നോടുള്ള അനുഭാവംനിമിത്തം, ഒരു സ്നേഹിതൻ കയറിച്ചോദിച്ചു, "വെജിറേററിയൻ ഡ്രിങ്സ് ഇല്ലേ?" എന്ന്. വെയ്റ്റർ മനസ്സിലാകാതെ മിഴിച്ചുനിന്നു. കൂട്ടുകാർ ചിരിച്ചു, "എനിക്കു വെറും മുന്തിരിച്ചാർ മതി," എന്നു ഞാൻ പറഞ്ഞു. എല്ലാവർക്കും ആവശ്യപ്പെട്ടതു കിട്ടി, അവസാനം ബില്ലുവന്നപ്പോൾ ഞങ്ങൾക്കു സംശയമായി, എന്താണു 'ടിപ്പ്' കൊടുക്കേണ്ടതു് എന്ന്. അധികം വിഷമിക്കേണ്ടിവന്നില്ല. "ടിപ്പ് ബില്ലിൽത്തന്നെ ചേർത്തിട്ടുണ്ട്," എന്നു വെയ്റ്റർ വിശദീകരിച്ചുതന്നു. ഞങ്ങൾ ഉച്ചയ്ക്ക് ഊണിന്നു സമയമായപ്പോഴെയ്ക്കും കപ്പലിലേയ്ക്കു തന്നെ മടങ്ങി.

11

'മാർസേൽ' വിട്ടതോടുകൂടി കപ്പലിലെ തിരക്കു തീരെ ശമിച്ചു. വെള്ളക്കാർ പകുതിയും ഇന്ത്യക്കാരിൽ കുറെപ്പേരും മാത്രം കപ്പലിൽത്തന്നെയുണ്ട്. ദിനംപ്രതി തണുപ്പു കൂടിക്കൂടി വരികയാണ്. ഡെക്കിലെ വരാന്തയിൽക്കൂടി അങ്ങുമിങ്ങും ഉലാത്തുവാൻ ആരുംതന്നെയില്ല. ബാറിലും വായനശാലയിലും സ്വന്തം മുറികളിലുമായി

കഴിഞ്ഞുകൂട്ടുകയാണു് യാത്രക്കാർ. രാത്രിയിലെ 'ബാൾറൂം ഡാൻസ്'' ഇടയ്ക്കിടെ നടന്നുവരാറുണ്ടു്.

"പൌരുഷം അപ്രതിഹതമായങ്ങനെ നീങ്ങിക്കൊണ്ടിരിക്കും," ഇതായിരുന്നു ഇതേവരെ കപ്പലിന്റെ സന്ദേശം. ഇതിന്റെ സാധുത്വം സന്ദിഗ്ദ്ധമായിത്തീരുന്ന സന്ദർഭം വന്നിരിക്കുന്നു. ക്യാബിനിലിരിക്കുമ്പോൾ ഒരു 'സൈറ'ന്റെ ശബ്ദം കേട്ടു് എന്താണെന്നറിയുവാൻ മുകളിലേയ്ക്കു വന്നു. കപ്പൽ നില്ക്കുകയാണു്. നാലുപുറവും ശക്തിയായ മൂടൽമഞ്ഞു്. പുറത്തേയ്ക്കു നോക്കിയാൽ യാതൊന്നും കാണുവാനില്ല. നേരം ഉച്ചയാകാറായെങ്കിലും സൂര്യനെത്തന്നെ തെളിഞ്ഞു കാണുന്നില്ല. കപ്പൽ ഇടയ്ക്കിടെ ഏതാണ്ടര മിനിട്ടിട വിട്ടു് 'വിസിൽ' അടിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ജിബ്രാൾട്ടർ അടുക്കാറായതുകൊണ്ടു മററു കപ്പലുകൾ നേരിട്ടു വരുവാനിടയുണ്ടു്; മഞ്ഞുള്ളതുകൊണ്ടു പരസ്പരം കാണുവാൻ പററുകയുമില്ല. കൂട്ടിമുട്ടി ആപത്തുണ്ടാകാതിരിക്കുവാനാണത്രെ ശബ്ദിച്ചുകൊണ്ടിരിക്കുന്നതു്. കുറെക്കഴിഞ്ഞപ്പോൾ അകലെനിന്നു മറെറാരു കപ്പലിന്റെ വിസിലും കേട്ടുതുടങ്ങി. മഞ്ഞിന്റെ ശക്തി അല്പം കുറഞ്ഞതിന്നുശേഷം കപ്പൽ സാവധാനത്തിൽ ഗതി തുടന്നു.

നാലുമണിയോടുകൂടി ഞങ്ങൾ ജിബ്രാൾട്ടർ കടലിടുക്കിലെത്തി. 'വലത്തുഭാഗത്തു സ്പെയിനിന്റെ തീരവും ഇടത്തുഭാഗത്തു് ആഫ്രിക്കയും നല്ലവണ്ണം കണ്ടുതുടങ്ങി. ആഫ്രിക്കയിലെ ആൾജിയേഴ്സ് പട്ടണമാണു കാണുന്നതു്; കെട്ടിടങ്ങളും ഒരു കോട്ടയും മററും ദൂരെയായി കാണുന്നു. വലത്തുഭാഗത്തു് ബ്രിട്ടന്റെ കൈവശമുള്ള ജിബ്രാൾട്ടർ

പാറയാണ്. സ്പെയിനിൻെറ ഏററവും തെക്കുഭാഗത്തായി കടലിൽനിന്ന് ആയിരത്തിമുന്നൂറാടിയോളം ഉയൎന്നു നില്ക്കുന്ന ഈ പാറക്കുന്നിൻെറ മുകളിലാണു ബ്രിട്ടൻെറ ഒരു സൈന്യസങ്കേതം. മദ്ധ്യധരണ്യാഴിയിൽനിന്ന് അത്തലാന്തിക് സമുദ്രത്തിലേയ്ക്കു കടക്കുന്ന പ്രദേശമാണിത്. കടലിടുക്കിന്നു രണ്ടുനാഴികയിലധികം വീതിയില്ല. ഞങ്ങൾ 'ട്രഫൽഗാർ' മുനമ്പും കടന്ന് അത്തലാന്തിക് സമുദ്രത്തിലെത്തിയിരിക്കുന്നു. കപ്പലിൻെറ ചാഞ്ചാട്ടത്തിൽനിന്നുതന്നെ ഞങ്ങൾക്കതു മനസ്സിലാകയും ചെയ്തു.

ഏഴാം തീയതിയും ഉച്ചയോടുകൂടി വലിയ മൂടൽമഞ്ഞുണ്ടായി, കപ്പലിൻെറ ഗതിവേഗം കുറയ്ക്കേണ്ടിവന്നു. വിസിലടിയും കുറെനേരം കേട്ടുകൊണ്ടിരുന്നു. കപ്പൽ 'ബിസ്കേ' ഉൾക്കടലിലൂടെ പ്രയാണം ചെയ്യുകയാണ്. ഇളക്കം വല്ലാതെയുണ്ട്. ചിലരെല്ലാം കിടന്നു. ചിലരെ ഭക്ഷണത്തിൻെറ സമയത്തുപോലും കാണ്മാനില്ല. ചിലർ ഛൎദ്ദിയും തുടങ്ങി. വലിയ കുഴപ്പമൊന്നും കൂടാതെ ഞാൻ രക്ഷപ്പെട്ടു.

ഒമ്പതാം തീയതിയാണു ലണ്ടൻെറ തുറമുഖമായ 'ടിൽബറി'യിൽ കപ്പൽ എത്തുന്നതു്. വലിയ പെട്ടികളും സാമാനങ്ങളും എട്ടാംതീയതിതന്നെ കപ്പലധികൃതന്മാരെ ഏല്പിക്കണം. എല്ലാം ഒന്നിച്ചൊരിടത്തു കൂട്ടിയാൽ മാത്രമേ തുറമുഖത്തു ചെന്ന ഉടനെ ഇറക്കുവാൻ പററുകയുള്ളു. യാത്രക്കാർ സാമാനങ്ങൾ ഒതുക്കി പെട്ടികളെല്ലാം ശരിപ്പെടുത്തിത്തുടങ്ങി. കപ്പലിലെ ഷാപ്പിൽനിന്നു സാമാനങ്ങൾ വാങ്ങുവാൻ ഒരുകൂട്ടർ തിടുക്കപ്പെടുന്നു. ഇവരുടെ പരിഭ്രമം കണ്ടാൽ ലണ്ടനിൽ ഒന്നുംതന്നെ കിട്ടുകയില്ലെ

ന്നു തോന്നും. കപ്പലിൽ വില കുറവുണ്ടെന്നാണു പറയുന്നതു്.

തലമുടി ക്രോപ്പുചെയ്യിക്കുവാൻ ഞാൻ സലൂണിലേയ്ക്കു ചെന്നു. വലിയ തിരക്കുണ്ടായിരുന്നുവെങ്കിലും അധികം കാത്തുനിൽക്കേണ്ടി വന്നില്ല. രണ്ടുനാലു മിനിട്ടുകൊണ്ടു ക്രോപ്പുചെയ്യൽ കഴിഞ്ഞു. എല്ലാം മെഷിൻകൊണ്ടാണു്.

സന്ധ്യയോടുകൂടി ഇംഗ്ലണ്ടിന്റെ തെക്കുപടിഞ്ഞാറെ ഭാഗം കണ്ടുതുടങ്ങി. എല്ലാവരും അതു കാണുവാൻ ഡെക്കിൽ വന്നു നില്പായി. ഏഴുമണിയോടുകൂടി 'ബ്രിക്സാം' തുറമുഖത്തു കപ്പലടുത്തു. ഇറങ്ങുവാൻ ആർക്കും അനുവാദമില്ല. കുറെ എഴുത്തുകൾ വന്നിട്ടുണ്ടു്. എനിക്കുള്ള കത്തു് ബ്രിട്ടീഷ് കൗൺസിലിൽനിന്നാണു്. കപ്പലിറങ്ങി ആദ്യത്തെ തീവണ്ടിക്കു 'സെൻപാൻക്രാസ്' സ്റ്റേഷനിലേയ്ക്കു ചെന്നാൽ അവിടെ എഞ്ചിനാട്ടത്തായി അവരുടെ പ്രതിനിധി എന്നെ കാത്തുനില്ക്കുന്നുണ്ടാകും എന്നെഴുത്തിൽനിന്നറിഞ്ഞു.

ഇംഗ്ലീഷ് ചാനലിൽനിന്നു 'തെംസ്'നദിയിലേയ്ക്കു കപ്പൽ കടന്നുവെന്നു വെള്ളത്തിന്റെ നിറമാററംകൊണ്ടറിയാം. നദിയിൽക്കൂടി കുറെ പോയതിന്നു ശേഷമാണു 'ടിൽബറി'യിലെത്തിയതു്. പാസ്പോർട്ടും മെഡിക്കൽ സർട്ടിഫിക്കററുകളും മററും ഇംഗ്ലീഷുദ്യോഗസ്ഥന്മാരെ കാണിച്ചു സമ്മതം ലഭിച്ചതിന്നുശേഷം മാത്രമേ കപ്പലിൽനിന്നിറങ്ങുവാൻ അനുവാദമുള്ളു. ഇതെല്ലാം കഴിച്ചു കപ്പലിൽനിന്നിറങ്ങി താഴത്തു ചെന്നപ്പോഴയ്ക്കും ഞങ്ങളുടെ പെട്ടികളെല്ലാം ഏ. ബി. സി. ഡി. ക്രമത്തിൽ പേ

രിന്റെ ആദ്യാക്ഷരമനുസരിച്ചു നിരത്തിവെച്ചിട്ടുണ്ടായിരുന്നു. കസ്റ്റംസ് ആഫീസരുടെ പരിശോധന വേഗത്തിൽ കഴിഞ്ഞു. പോർട്ടർമാർ ഞങ്ങളുടെ പെട്ടികളെല്ലാം 'മോട്ടോർ ട്രോളി'കളിൽ കയററി അടുത്തുള്ള പ്ലാററ്ഫാറത്തിൽ ഞങ്ങളെക്കാത്തു നില്ക്കുന്ന തീവണ്ടിയിലേയ്ക്കു കൊണ്ടുപോയി.

വണ്ടിയിൽ ഒന്നാംക്ലാസ്സും മൂന്നാംക്ലാസ്സും മാത്രമേയുള്ളു. മൂന്നാംക്ലാസ്സിലാണു് എല്ലാവരും കയറിയതു്. ഇന്ത്യയിലെ രണ്ടാംക്ലാസ്സിനേക്കാൾ സൗകര്യവും വൃത്തിയും കൂടുതലാണു ലണ്ടനിലെ മൂന്നാംക്ലാസ്സ മുറികൾക്കു്. സ്ററീററിന്റെ ചുവട്ടിൽക്കൂടി ചൂടുള്ള കുഴലുകൾ പോകുന്നതുകൊണ്ടു വണ്ടിക്കുള്ളിൽ തണുപ്പു തീരെ അറിയുന്നില്ല.

രാത്രി എട്ടുമണിയോടുകൂടി വണ്ടി 'സെൻപാൻക്രാസ്സി'ൽ എത്തിച്ചേർന്നു. ചില മലയാളികൾ ഞങ്ങളെ സ്വീകരിക്കുവാൻ വന്നിട്ടുണ്ടു്. ഉണ്ണിത്താന്റെ നാട്ടുകാരനും, ലണ്ടനിൽ ഇന്ത്യൻ ഹൈക്കമ്മീഷണർ ആപ്പീസിലെ ഒരു സ്റ്റെനോഗ്രാഫറുമായ വർഗ്ഗീസിനെ അവിടെവെച്ചു പരിചയപ്പെട്ടു. സ്നേഹിതന്മാരോടെല്ലാം യാത്രപറഞ്ഞു ഞാൻ എഞ്ചിന്റെ അടുത്തേയ്ക്കു നടന്നു.

ബ്രിട്ടീഷ് കൗൺസിൽ പ്രതിനിധി അവിടെ കാത്തുനില്ക്കുന്നുണ്ടു്. ഞങ്ങളുടെ കുശലപ്രശ്നങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും പോർട്ടർമാർ പെട്ടികളെല്ലാം താഴത്തിറക്കി നിരത്തിവെച്ചുകഴിഞ്ഞു. "നമുക്കുതന്നെ എടുക്കാം, അതാണെളുപ്പം," എന്നു പറഞ്ഞു പ്രതിനിധി എന്റെ വലിയ പെട്ടിയുടെ തല പിടിച്ചു. അങ്ങനെ പോർട്ടരുടെ സഹായമില്ലാതെതന്നെ സാമാനങ്ങൾ കാറിലെത്തി. കാ

രോടിച്ചതും അദ്ദേഹം തന്നെയാണു്. വഴിക്കു പല സ്ഥലങ്ങളും നാമനിർദ്ദേശം ചെയ്തു പറഞ്ഞുതരികയുണ്ടായി. എട്ടര മണിയോടുകൂടി എനിക്കുവേണ്ടി ഏർപ്പാടു ചെയ്തിട്ടുള്ള ഹോട്ടലിൽ എത്തിച്ചേർന്നു.

വലിയ പെട്ടി താഴത്തുതന്നെ വെച്ചതേയുള്ളു. എനിക്കുള്ള മുറി നാലാമത്തെ നിലയിലാണു്. കട്ടിലും അലമാറയും മേശയും കസാലയും എല്ലാമുണ്ടു്. പക്ഷെ, വലിയ പെട്ടി കൊണ്ടുവന്നാൽ വയ്ക്കുവാൻ സ്ഥലമില്ല; അത്ര ചെറുതാണു മുറി. വാടക ദിവസത്തേയ്ക്കൊരു പവനാണു്; ഭക്ഷണത്തിന്നു വേറെയും. ഊണിൻെറ സമയം തെററിക്കഴിഞ്ഞു. എങ്കിലും എനിക്കു പ്രത്യേകമായി ഒരുപാത്രം ചായയും കുറച്ചു റൊട്ടിക്കഷണവും അവിടെ നിന്നു കിട്ടി.

ഇവിടെ കിടയ്ക്ക വിരിക്കുന്നതു് ഒരു പ്രത്യേക രീതിയിലാണു്. കിടന്നതിന്നു ശേഷം കരിമ്പടംകൊണ്ടു പുതയ്ക്കുകയല്ല ചെയ്യുക. കമ്പിളികൾ, കപ്പിൽററ് തുടങ്ങി പുതയ്ക്കുവാനുള്ളതെല്ലാം കിടയ്ക്കമേൽ ആദ്യംതന്നെ വിരിച്ചിടും; തലവെയ്ക്കുന്ന ഭാഗമൊഴിച്ചു മററു മൂന്നു ഭാഗത്തുമുള്ള തുമ്പുകളെല്ലാം കിടയ്ക്കയുടെ അടിയിലേയ്ക്കു നല്ലവണ്ണം തിരുകിവെയ്ക്കുകയും ചെയ്യും. ഇങ്ങനെ കിടയ്ക്കമേൽ ഒരുറയുണ്ടാകുന്നു. ഇതിന്നുള്ളിലേയ്ക്കു തലയിണമേലിരുന്നുകൊണ്ടു കാലുകളാദ്യം കടത്തി പതുക്കെ കിഴിഞ്ഞിറങ്ങണം. അങ്ങോട്ടുമിങ്ങോട്ടും കിടയ്ക്കയിൽക്കിടന്നുരുളുകയോ മററോ ചെയ്താൽ ദേഹത്തിൽനിന്നു പുതപ്പു മാറിപ്പോകാതിരിക്കുവാൻ ഈ സമ്പ്രദായം വളരെ

നല്ലതാണു്. വലിയ തണുപ്പുള്ള ദിക്കിൽ ഈ മുൻകരുതൽ ആവശ്യവുമാണു്. കമ്പിളി ദേഹത്തിൽ സ്പർശിക്കുന്നതു കേടാണത്രെ. അതുകൊണ്ടു കിടയ്ക്കയുടെ മീതെയുള്ളതുപോലെ തന്നെ പുതപ്പുകളുടെ താഴെയും വെളുത്ത കച്ച വിരിച്ചിട്ടുണ്ടായിരിക്കും. ഇങ്ങനെ ഭംഗിയായി വിരിച്ചിട്ടുള്ള കിടയ്ക്കയിൽ കിടന്നാൽ തണുപ്പു തീരെ അറിയുകയില്ല. ഈ സമ്പ്രദായം പരിചയമില്ലാത്തവർക്കു് കിടയ്ക്കമേൽ രണ്ടുമൂന്നു കമ്പിളികൾകൂടി വിരിച്ചിട്ടുണ്ടെന്നേ പെട്ടെന്നു കണ്ടാൽ തോന്നുകയുള്ളു. ഒരു രാത്രി മുഴുവൻ അത്തരം വിരിയുടെ മീതെ കിടന്നു പുതയ്ക്കുവാനൊന്നും കിട്ടാതെ കുഴങ്ങിത്തണുത്തു വിറച്ചു കഴിച്ചുകൂട്ടിയ ഒരിന്ത്യക്കാരൻ പിറേറന്നാൾക്കാലത്തു് അടുത്ത മുറിയിലുണ്ടായിരുന്ന കൂട്ടുകാരൻെറ അടുക്കൽ അതിനെപ്പററി ആവലാതിപ്പെട്ടതായി ഒരു കഥ കേട്ടിട്ടുണ്ടു്; സ്നേഹിതൻ മറുപടി പറഞ്ഞുവത്രെ, "ഞാൻ 'ഓവർകോട്ടു്' ഇട്ടുകൊണ്ടാണു കിടന്നതു്. അതിനാൽ ഒരുവിധത്തിൽ ഉറങ്ങുവാൻ സാധിച്ചു," എന്നു്. നാട്ടുസമ്പ്രദായം കേട്ടറിഞ്ഞിരുന്നതിനാൽ ഇത്ര വലിയ അബദ്ധമൊന്നും പററാതെ ആ രാത്രി അങ്ങനെ കഴിച്ചുകൂട്ടി.

12

കാലത്തുണർന്നപ്പോൾ മണി ഏഴര കഴിഞ്ഞു. പത്തു മണിക്കു് ബ്രിട്ടീഷ്കൗൺസിൽ ആപ്പീസ്സിൽച്ചെല്ലാമെന്നേററിട്ടുണ്ടു്. ലഘുഭക്ഷണം കഴിച്ചു് ഡ്രസ്സു ചെയ്തു് നേരത്തേതന്നെ പുറപ്പെട്ടു. ഹോട്ടൽ വിട്ടു തെരുവിലെ

ത്തിയപ്പോൾ ജനങ്ങൾ അതിവേഗത്തിൽ പോകുന്ന കാഴ്ചയാണെന്നെ ആകർഷിച്ചതു്. ചിലർ ഓടുകതന്നെ ചെയ്യുന്നുണ്ടു് ഇതെന്താണെന്നറിയുവാൻ ഞാനും അവരുടെ പിന്നാലെ ബദ്ധപ്പെട്ടു നടന്നു. കുറച്ചു ചെന്നപ്പോഴാണു മനസ്സിലായതു് ബസ്സു നില്ക്കുന്ന സ്റ്റോപ്പിൽ 'ക്യൂ' നില്ക്കുവാനാണു് ആ തിരക്കെന്നു്. രണ്ടു വരിയായിട്ടാണു 'ക്യൂ'നില്ക്കുന്നതു്. ബസ്സുകൾ ഒന്നിനു പിറകെ മറെറാന്നായി വന്നുകൊണ്ടിരിക്കുന്നുണ്ടു്. ഓരോ വഴിക്കു പോകുന്ന ബസ്സിന്നും ഓരോ പ്രത്യേക നമ്പറുകളുണ്ടു്. അതു നോക്കിവേണം കയറുവാൻ. എല്ലാംതന്നെ രണ്ടു നിലകളുള്ള പുതിയ ബസ്സുകളാണു്. കണ്ടക്ടർമാരായി പുരുഷന്മാരേയും സ്ത്രീകളേയും കാണ്മാനുണ്ടു്. 'ക്യൂ'വിൽ എന്റെ മുമ്പിലായി പത്തമ്പതു പേർ ഉണ്ടായിരുന്നുവെങ്കിലും രണ്ടു മിനിട്ടിന്നുള്ളിൽ എനിക്കു പോകേണ്ട ബസ്സിൽ സ്ഥലം കിട്ടുവാൻ ഒരു പ്രയാസവുമുണ്ടായില്ല.

പട്ടണം നല്ലവണ്ണം കാണുന്നതിന്നുവേണ്ടി ഞാൻ ബസ്സിന്റെ മുകളിലെ നിലയിലാണു ചെന്നിരുന്നതു്. കണ്ടക്ടരുടെ വിനയാധിക്യം എന്നെ ഒന്നമ്പരപ്പിക്കാതിരുന്നില്ല. ഓരോ യാത്രക്കാരന്റെ അടുത്തും പണം വാങ്ങുമ്പോഴും ടിക്കററു കൊടുക്കുമ്പോഴും ബാക്കി പണം കൊടുക്കുമ്പോഴും എല്ലാം പ്രത്യേകം പ്രത്യേകം "താങ്ക്യൂ" എന്ന കൃതജ്ഞതാപ്രകടനം ഒഴിച്ചുകൂടാത്ത ഒരു ചടങ്ങാണു്. ഒരു കണ്ടക്ടർക്കു ദിവസത്തിൽ എത്രതവണ 'താങ്ക്യൂ' എന്നു പറയേണ്ടിവരും എന്നാലോചിച്ചു നോക്കിയപ്പോൾ എനിക്കു വലിയ ആശ്ചര്യം തോന്നി.

ഇരുവശവും അഞ്ചും ആറും നിലകളുള്ള വലിയ

കെട്ടിടങ്ങളോടുകൂടിയ ഒരു തെരുവിൽക്കൂടിയാണ ബസ്സ പോകുന്നതു്. റോഡിന്ന വീതി കുറവാണെന്ന തോന്നും. വിസ്താരമുള്ള 'ഫുട്ട്പാത്തു'കഠം രണ്ടു വശവുമുണ്ടു്. അതിൽക്കൂടി ജനങ്ങഠം ധാരാളം അങ്ങുമിങ്ങും പൊയ്ക്കൊണ്ടിരിക്കുന്നു. കാറുകളും ബസ്സുകളും അസംഖ്യമാണു്. സൈക്കിഠം അപൂൎവ്വമായെ കാണ്മാനുള്ളു. മോട്ടോർ സൈക്കിഠം ഇടയ്ക്കു കാണാം. ഒന്നാംതരം പുതിയ കാറുകളുടെ ഇടയിൽ തനി പഴഞ്ചൻ കാറുകളും ഇല്ലായ്കയില്ല. റോഡിൽക്കൂടിപ്പോകുന്ന വാഹനങ്ങളും 'ക്യൂ' അനുസരിച്ചു പോകുന്നുണ്ടെന്നാണ കണ്ടാൽ തോന്നുക. രണ്ടു വരിയായി വാഹനങ്ങഠം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു; അതുപോലെതന്നെ രണ്ടു വരി മറുഭാഗത്തുകൂടി എതിരെയും. ഈ രണ്ടു വരിയായി വാഹനങ്ങഠംക്കു് അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുവാൻ മാത്രമേ റോഡിന്ന വീതിയുള്ളു.

'ഫുട്പാത്തി'ൽക്കൂടി നടന്നുപോകുന്നവൎക്ക റോഡിന്റെ എതിർവശത്തേയ്ക്കു കടക്കണമെങ്കിൽ അതു പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള വഴിൽക്കൂടിവേണം. 'സീബ്ര'യുടെ ദേഹംപോലെ കറുപ്പും വെളുപ്പും ഇടവിട്ടു ചേൎത്തടയാളപ്പെടുത്തിയ ഇത്തരം വഴിക്കു് 'സീബ്രാലൈൻ' എന്നാണ പേർ. ആ വഴിയിൽക്കൂടി ആരെങ്കിലും റോഡുമുറിച്ചു കടന്നുപോകുന്നുണ്ടെങ്കിൽ വാഹനങ്ങളെല്ലാം അയാഠം അപ്പുറത്തെത്തുന്നതുവരെ അവിടെ നില്ക്കണം. സീബ്രാലൈനിൽവെച്ചു വണ്ടിമുട്ടി യാത്രക്കാരനു് വല്ല അപകടവും പററിയാൽ അതിന്റെ കുററംമുഴുവൻ ഡ്രൈവൎക്കാണു്. മററുഭാഗങ്ങളിൽ റോഡു

മുറിച്ചുകടക്കുവാൻ ശ്രമിക്കുന്നതു് അപായകരമാണെന്നു തന്നെ പറയണം. ചിലദിക്കിൽ വഴിമുറിച്ചു കടക്കരുതെന്നു് എഴുതിയിട്ടുമുണ്ടു്.

രണ്ടോ മൂന്നോ റോഡുകൾ ഒന്നിച്ചുകൂടുന്ന സ്ഥലങ്ങളിൽ സാധാരണയായി ഗതാഗതം നിയന്ത്രിക്കുന്നതു് ഇലക്ട്രിക്‌വിളക്കുകളുടെ സഹായത്തോടുകൂടിയാണു്. ഓരോ മുക്കിലും വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടു്. ചുവന്ന വിളക്കു പ്രകാശിച്ചാൽ അതിന്നെതിരെ വരുന്ന വാഹനങ്ങളെല്ലാം നില്ക്കണം; STOP എന്നു് അതിൽ എഴുതിയിട്ടുമുണ്ടാകും. GO എന്നെഴുതിയിട്ടുള്ള പച്ചവിളക്കു കണ്ടാൽ വാഹനങ്ങൾക്കു പോകാം. ഇതിന്നുരണ്ടിന്നുമിടയ്ക്കു് കുറച്ചുനേരം മഞ്ഞവിളക്കു കാണുന്നതു് തയ്യാറാകുവാനുള്ള സമയമാണു്. ഈ വിളക്കുകളെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കും. യാന്ത്രികമായിത്തന്നെയാണു് ഈ നിയന്ത്രണമെല്ലാം. ഇത്തരം സ്ഥലങ്ങളിൽ റോഡുമുറിച്ചു കടക്കണമെങ്കിൽ യാത്രക്കാരനും വിളക്കുകൾനോക്കി വാഹനങ്ങൾ വരാത്ത സമയത്തുതന്നെ വേണം.

വലിയ തിരക്കുള്ള നാൽക്കൂട്ടപ്പെരുവഴികളിൽ ഗതാഗതനിയന്ത്രണത്തിന്നു പോലീസുകാരുമുണ്ടാകും. എട്ടുപത്തുറോഡുകൾ ഒന്നിച്ചുവന്നു ചേരുന്ന സ്ഥലങ്ങളിൽ നടുവിലുള്ള 'ഐലണ്ടി'നെ ചുററിക്കൊണ്ടാണു് വാഹനങ്ങൾ പോകേണ്ടതു്.

13

എനിക്കിറങ്ങേണ്ട സ്ഥലമായെന്നു കണ്ടക്ടർ വന്നു പറഞ്ഞപ്പോൾ 'താങ്ക്യൂ' എന്നുപറഞ്ഞു് ഞാനെഴുന്നേററു.

‘ഓക്സ്ഫോർഡ്സർക്കസ്’ എന്ന സ്ഥലത്താണിറങ്ങിയ
ത്. ‘ഓക്സ്ഫോർഡു്’തെരുവും ‘റീജൻറ്’തെരുവും കൂട്ടി
മുട്ടുന്ന സ്ഥലമാണിത്. എനിക്കു പോകേണ്ടതു് ഇതിനു
ട്ടുത്തുള്ള ഒരു ചെറിയ തെരുവിലേയ്ക്കാണു്. ആദ്യംകണ്ട
ഒരിംഗ്ലീഷുകാരനോട്ട് ഞാൻ ‘ഹാനോവർ’തെരുവിലേ
യ്ക്കുള്ള വഴി ചോദിച്ചു. അയാൾ ഒന്നാലോചിച്ചതിനു
ശേഷം പറഞ്ഞു, “ഇവിടെ അടുത്താണു്. ശരിക്കെവി
ടെയാണെന്നറിഞ്ഞുകൂടാ. എനിക്കതിൽ വ്യസനമുണ്ട്.”

ഇതാ ഒരു പോലീസുകാരൻ നില്ക്കുന്നു. ചോദി
ക്കാം. ഇംഗ്ലണ്ടിലെ പോലീസ്സ് പ്രസിദ്ധമാണല്ലോ.
ആറടിയിലധികം ഉയരമുള്ള ഒരു ദൃഢഗാത്രനാണയാൾ.
മുഖം പ്രശാന്തവും പ്രസന്നവുമാണ്. ഒന്നുരണ്ടുപേർ സ
ഹായംതേടി അടുത്തുനില്ക്കുന്നുണ്ട്. ഞാനും ആ ‘ക്യൂ’വിൽ
മൂന്നാമനായി നിന്നു. പോലീസുകാരന് എല്ലാ സ്ഥല
ങ്ങളും പരിചിതമാണ്. അയാൾക്കും ഒരു ‘താങ്ക്യൂ’ കൊ
ടുത്തു് ഞാൻ ബ്രിട്ടീഷ്കൗൺസിൽ ആപ്പീസിലെത്തി
ച്ചേർന്നു.

‘അന്വേഷണങ്ങൾ’എന്ന മുറിയിലേയ്ക്കാണു ഞാൻ
നേരിട്ടു കയറിച്ചെന്നതു്. മുപ്പതുവയസ്സോളം പ്രായംചെ
ന്ന ഒരു മദാമ്മയാണവിടെ. ഇന്ത്യയിൽനിന്നു വരുന്ന
ബ്രിട്ടീഷ്കൗൺസിൽ വിദ്യാർത്ഥിയാണു ഞാനെന്നു പറ
ഞ്ഞപ്പോൾ അവരെനിക്കു പ്രത്യേകം സ്വാഗതം നല്കി.
‘രാജാവ്’ എന്ന പേർ അവരുടെ ലിസ്റ്റിൽക്കാണുവാനി
ല്ല. ‘കെ. ആർ. കുമരപുരം’ എന്നായിട്ടാണു് എൻെറ
പേർ അവിടെക്കാണുന്നതു്. വീട്ടുപേരിനു കൂടുതൽ പ്രാ

ധാന്യം കൊടുത്തതുകൊണ്ടുവന്ന കുഴപ്പമാണിതു്. 'ഡോക്ടർ കെ. കെ. രാജാ' എന്നാക്കി മാററണമെന്നു പറഞ്ഞപ്പോൾ മദാമ്മയ്ക്കും സമാധാനമായി. "കു-മ-ര-പ്പ-രം എന്നു ശരിക്കുച്ചരിക്കുവാൻ എത്ര പഠിച്ചാലും സാധിക്കുമെന്നു തോന്നുന്നില്ല," എന്നായിരുന്നു അവരുടെ തുറന്ന മൊഴി.

ഓരോ ഡിപ്പാർട്ടുമെൻറുകളിലേയ്ക്കും അവർ എന്നെ കൂട്ടിക്കൊണ്ടുപോയി പലരേയും പരിചയപ്പെടുത്തിത്തന്നു. ഇവിടത്തെ ജോലിക്കാരിൽ മുക്കാലും സ്ത്രീകളാണു്. ലണ്ടനിലെ പ്രധാനപ്പെട്ട റോഡുകളും ബസ്സുകൾ പോകുന്ന വഴികളും കാണിച്ചുകൊണ്ടുള്ളൊരു ഭൂപടം, ഭൂമിക്കടിയിൽക്കൂടിപ്പോകുന്ന 'ട്യൂബ്റെയിൽവെ'യുടെ പ്ലാൻ എന്നുതുടങ്ങി ലണ്ടനിൽ വന്നുചേരുന്ന ഒരപരിചിതന്നു് ഉപകാരപ്രദമായ പലതും അവർ എനിക്കു തന്നു. സ്ഥിരമായിത്താമസിക്കുവാൻ സൗകര്യപ്പെടാവുന്ന രണ്ടുമൂന്നു സ്ഥലങ്ങളുടെ മേൽവിലാസവും അവരിൽനിന്നു കിട്ടി.

ലോകത്തിൻെറ നാനാഭാഗത്തുനിന്നും വരുന്ന വിദ്യാൎത്ഥികൾക്കു് വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്ന വിദ്യാർത്ഥികേന്ദ്രമാണിതു് (Students' Welfare Centre). ബ്രിട്ടീഷ്കൗൺസിൽ സ്കോളർഷിപ്പുകിട്ടി വരുന്നവൎക്കുമാത്രമുള്ളതല്ല. 'വായനശാല,' 'ഗെയിംസി'ന്നുള്ള ഹാൾ, ലഘുഭക്ഷണത്തിന്നുള്ള സ്ഥലം—എല്ലാമിവിടെയുണ്ടു്. ഇംഗ്ലീഷുഭാഷ, ഇംഗ്ലണ്ടിൻെറ ഭരണസമ്പ്രദായം, സാമുദായികസ്ഥിതി, സാഹിത്യം തുടങ്ങി പല വിഷയങ്ങളും സാമാന്യമായി പഠിപ്പിക്കുന്ന

ക്ലാസ്സുകളും ഇവിടെ നടത്തുന്നുണ്ട്. പ്രസിദ്ധപ്പെട്ട പല രുടേയും പ്രസംഗങ്ങൾ, ചില സിനിമകൾ, ടെലവിഷൻ, ഇവയെല്ലാം പുറമേ ആഴ്ചയിൽ മൂന്നുദിവസം 'ബാൾ ഡാൻസ്'' എന്നിങ്ങനെ ആശാസ്യമായ പലതും അവി ടെ ഉണ്ടായിരിക്കും. ലണ്ടനിലും പരിസരങ്ങളിലുമുള്ള പല കാഴ്ചകളും കാണുവാൻ വേണ്ട സൗകര്യങ്ങൾ ഏർ പ്പെടുത്തുക, ഇംഗ്ലീഷുകാരുമായി കൂടുതൽ പരിചയപ്പെടു ന്നതിന്ന് ഡിന്നർ പാർട്ടികൾക്കും മററും ക്ഷണം നല്കു ക എന്നിവയും ഇവരുടെ പരിപാടികളില്പെട്ടതാണ്. നാടും വീടും വിട്ട് ഇവിടെ വന്നുചേരുന്ന വിദ്യാർത്ഥി കൾക്ക് ബ്രിട്ടീഷ് കൗൺസിൽ ചെയ്തുവരുന്ന സൗകര്യ ങ്ങൾ കുറച്ചൊന്നുമല്ല.

ബ്രിട്ടീഷ് കൗൺസിലിന്റെ സ്കോളർഷിപ്പു ലഭിച്ചു വരുന്ന വിദ്യാർത്ഥികളുടെ യോഗക്ഷേമം അന്വേഷിക്കു വാനുള്ള പ്രധാനകേന്ദ്രം ഇവിടെനിന്ന് അരനാഴിക അ കലെയാണ്. ഞാനവിടെയും പതുക്കെ നടന്നുചെന്നു. ഇന്ത്യയിൽനിന്നു വരുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, സ്കോളർഷിപ്പ് മുതലായ കാര്യങ്ങൾ നോക്കിവരുന്ന മിസ്. ലൈററ്ഹിൽ എന്ന മദാമ്മയും വളരെ കാര്യമാ യിത്തന്നെ എനിക്കു സ്വാഗതം നൽകി. എനിക്കു തല്ക്കാ ലത്തെ ചെലവിന്ന് 25 പവൻ തന്നു, ഏതെങ്കിലും ബാ ങ്കിൽ ഒരു സേവിങ്സ്കണക്കു തുടങ്ങുവാൻ അവർ ഉപ ദേശിച്ചു; ഒരു 'ഇൻട്രൊഡക്ഷൻലെററർ' തരികയും ചെയ്തു. സ്കോളർഷിപ്പുസംഖ്യയെല്ലാം ആപ്പീസിൽനിന്നു ബാങ്കിലേയ്ക്കയയ്ക്കുയല്ലാതെ നേരിട്ടു തരികയില്ല. ലണ്ടൻ യൂണിവേഴ്സിററിയിൽച്ചെന്നു പ്രൊഫസറേയും മററും

കണ്ടു് വേഗംതന്നെ റജിസ്റ്റർചെയ്തു ചേരുന്നതാണു് നല്ല തെന്നും അവർ അഭിപ്രായപ്പെട്ടു. ഞാൻ യാത്രപറഞ്ഞു പിരിഞ്ഞു.

പോകേണ്ട വഴിയെല്ലാം ചോദിച്ചു മനസ്സിലാക്കി രണ്ടു ബസ്സുകൾ കയറിയിറങ്ങി ഒരുവിധത്തിൽ യൂണി വേഴ്സിററി മന്ദിരത്തിന്റെ പടിക്കലെത്തി. 'റസ്സൽ സ്ക്വയറി'ൽ പുതിയരീതിയിൽ പണിചെയ്തിട്ടുള്ള ഈ കെട്ടിടത്തിന്നു പത്തുപതിനാലു നിലകളുണ്ടു്. ഇതിന്നു തൊട്ടടുത്തതാണു് പൗരസ്ത്യഭാഷാകേന്ദ്രമായ സ്കൂൾ (School of Oriental and African Studies). ഇവിടെ യും രജിസ്ട്രാർ ഒരു മദാമ്മതന്നെ. സ്കൂളിൽ ചേരുവാൻ വിഷമമൊന്നുമുണ്ടായില്ല. ചില ഫാറങ്ങളെല്ലാം പൂരി പ്പിച്ചു് ഒപ്പിട്ടുകൊടുത്തു. ഇവിടെയും എന്റെ പേർ രാജാവെന്നാക്കി ശരിപ്പെടുത്തേണ്ടിവന്നു.

പ്രൊഫസർ ജോൺബ്രഫ് ആണു് സ്കൂളിലെ ഇന്ത്യാ-പാകിസ്താൻ-സിലോൺ വിഭാഗങ്ങളുടെ അ ദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ കീഴിലാണെനിക്കു ഗവേഷ ണം ചെയ്യേണ്ടതു്. പ്രൊഫസറെക്കാണുവാൻ ഒട്ടുംത ന്നെ പ്രയാസമുണ്ടായില്ല. ചടങ്ങനുസരിച്ചു് ആദ്യം അ ദ്ദേഹത്തിന്റെ സെക്രട്ടറിയെക്കണ്ടു് അവർമുഖേന അനു വാദം വാങ്ങിത്തന്നെയാണു് മുറിയിലേയ്ക്കു ചെന്നതു്. മുഖം കനപ്പിച്ചു ഗൗരവത്തിലിരിക്കുന്ന ഒരു മദ്ധ്യവയസ്ക നായിരിക്കും പ്രൊഫസർ എന്നായിരുന്നു എന്റെ വി ചാരം. എന്നാൽ പ്രസന്നമായ മുഖഭാവത്തോടുകൂടിയ ഒരു ചെറുപ്പക്കാരനെയാണു് ഞാനവിടെക്കണ്ടതു്. നി രീക്ഷണശക്തിയും ചിന്താശീലവും തെളിഞ്ഞ അദ്ദേഹ

ത്തിന്റെ കണ്ണുകൾതന്നെ പറഞ്ഞു അദ്ദേഹം പ്രൊഫസറാണെന്ന്. ഗൗരവം വിടാതെ സ്നേഹമസൃണമായ മട്ടിലായിരുന്നു അദ്ദേഹത്തിന്റെ സംഭാഷണം. അദ്ദേഹത്തിന്റെ അഭിമതമറിഞ്ഞതാണു് ഞാനെന്റെ തീസിസ്സിന്റെ വിഷയം തിരഞ്ഞെടുത്തതു്. പ്രൊഫസർക്കു മേൽനോട്ടം മാത്രമേയുള്ളു. ആഴ്ചയിലൊരിക്കൽ അദ്ദേഹത്തിന്റെ അടുത്തുചെല്ലണം; വിഷയങ്ങളെപ്പററി ചർച്ച ചെയ്യണം, ഇതാണു നിയമം.

ഭാഷാശാസ്ത്രത്തെപ്പററി സ്കൂളിലെ ക്ലാസ്സുകളിൽ നടക്കുന്ന ചില പ്രസംഗങ്ങൾ കേൾക്കുന്നതു നന്നായിരിക്കുമെന്നദ്ദേഹം ഉപദേശിച്ചു. പ്രൊഫസർ ജെ. ആർ. ഫത്തിന്റേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ ആർ. എച്ച്. റോബിൻസ്, ഡാക്ടർ ഡബ്ളിയു, എസ്. അല്ലൻ, കാർണേക്കൻ എന്നീ വിദഗ്ധന്മാരുടേയും വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങൾ ഞാൻ രണ്ടു കൊല്ലത്തോളം മനസ്സിരുത്തിക്കേട്ടു. എനിക്കെഴുതുവാനുള്ള 'Indian Theories of Meaning' എന്ന ശബ്ദവൃത്തികളെപ്പററിയുള്ള പ്രമേയത്തിന്നു് ഈ പ്രസംഗങ്ങൾ ഉപകാരപ്പെട്ടു എന്നു സമ്മതിച്ചേ തീരൂ. ഭാഷാശാസ്ത്രവിഷയകമായ പല പ്രശ്നങ്ങളും പ്രൊഫസർ ഫത്തുമായി ചർച്ച ചെയ്യുന്നതിന്നും എനിക്കു സാധിക്കയുണ്ടായി. ഇന്ത്യൻ ഡിപ്പാർട്ടുമെണ്ടിൽത്തന്നെ ധ്വന്യാലോകത്തെപ്പററി പ്രൊഫസർ ബ്രഫ് നടത്തിയ സെമിനാറും ബുദ്ധമതത്തെപ്പററി പല പണ്ഡിതന്മാരും ചേൎന്നു നടത്തിയ സെമിനാറും എനിക്കു വളരെ ഉപകാരപ്രദമായിരുന്നു. ബുദ്ധ

മതതത്വങ്ങളെപ്പററി പല വിഷയങ്ങളും ഇന്ത്യൻഡിപ്പാർട്ടുമെണ്ടിലെ ഡാക്ടർ ഫ്രീഡ്മാനുമായി ചർച്ച ചെയ്യുന്നതിന്നും എനിക്കവസരം സിദ്ധിച്ചിട്ടുണ്ട്.

14

പ്രൊഫസരോടു യാത്രപറഞ്ഞതിന്നുശേഷം സ്ഥിരതാമസത്തിന്നുള്ള സ്ഥലമന്വേഷിച്ചു പുറപ്പാടായി. യൂണിവേഴ്സിററിക്കടുത്തു് ഒന്നുരണ്ടുദിക്കിൽ ചെന്നു നോക്കി, അവിടെയൊന്നും ഇടമില്ല. ഒടുവിൽ അഞ്ചെട്ടുനാഴിക അകലെ 'ബൽസൈസ്പാർക്ക്' സ്റ്റേഷന്നടുത്തുള്ള 'ബനാർസി'യുടെ വീട്ടിലേയ്ക്കു പുറപ്പെട്ടു. അവിടെ ഇന്ത്യൻരീതിയിലുള്ള സസ്യഭക്ഷണം കിട്ടുമെന്നു ബ്രിട്ടീഷ്കൗൺസിലിൽ നിന്നു പറഞ്ഞിരുന്നതുകൊണ്ടു് നേരിട്ടുചെന്നു് സ്ഥിതിഗതികളെല്ലാം മനസ്സിലാക്കുവാൻതന്നെ തീച്ച്പ്പെടുത്തി.

മണി രണ്ടുകഴിഞ്ഞു. ഊണു കഴിച്ചിട്ടില്ല. വലിയ ഹോട്ടലുകളിൽ കയറിയാൽ ചെലവു ഭയങ്കരമായിരിക്കും. സസ്യഭക്ഷണം കിട്ടുമോഎന്നറിഞ്ഞുകൂടതാനും. സാധാരണക്കാരുച്ചഭക്ഷണത്തിന്നു് 'ലിയോൺസി'(Lyons)ലോ 'എബിസി'യിലോ കയറുകയാണു് അവിടെപ്പതിവെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. ലണ്ടന്റെ പലഭാഗത്തും ഈ കമ്പനികളുടെ ബ്രാഞ്ചുകൾ ഉണ്ടു്. എണ്ണപ്പെട്ട നാലുംകൂടുന്ന വഴിയിൽച്ചെന്നു നോക്കിയാൽ ഒരു മൂല മിക്കവാറും ലിയോൺസുകാരുടേതായിരിക്കും. ഇവിടെ 'ടിപ്പ്' ചെയ്യേണ്ട ആവശ്യമൊന്നുമില്ല. അട്ടിയായി വെച്ചിട്ടുള്ള 'ട്രേ'കളിലൊന്നെടുത്തു് 'ക്യൂ'വിൽക്കൂടി നടന്നു അവനവ

ന വേണ്ടതെല്ലാം തനിയെ ചെന്നെടുക്കണം. സുഖമായി രുന്നു കഴിക്കുവാൻ മേശകളും കസാലകളും ധാരാളമുണ്ടു.

ഇത്തരം വലിയ 'കഫേ'കൾക്കു പുറമേ അങ്ങിങ്ങു ധാരാളം 'സ്നാക്‌ബാറുകളും' ഉണ്ടു്. ഇതു കുറെക്കൂടിച്ചെ റിയതാണു്. കാപ്പിയും മററുമെടുത്തു തരുവാൻ രണ്ടോ മൂന്നോ പേരിലധികമുണ്ടായിരിക്കയില്ല. നിന്നുകൊണ്ടു തന്നെ കഴിക്കുവാനാണു് ഇവിടെ കൂടുതൽ സൗകര്യം. വേണമെങ്കിൽ, ചുമരിന്മേലുള്ള വലിയ കണ്ണാടികൾക്കഭി മുഖമായി അടുത്തടുത്തു് ഒരു വരിയായി സ്ഥാപിച്ചിട്ടുള്ള കുററികളുടെ അററത്തു് ഫുട്ബാളിൻെറ വലിപ്പത്തിലു ള്ള ഇരിപ്പിടങ്ങൾ ഉറപ്പിച്ചിട്ടുള്ളതിൽ കയറിയിരുന്നു് മുൻവശത്തുള്ള തിണ്ണവരിയിൽനിന്നു് ഭക്ഷ്യപേയങ്ങൾ ആസ്വദിക്കാം. ഒന്നുരണ്ടു റൊട്ടിക്കഷണങ്ങളും ഒരു 'ഡാ ഷ്' കാപ്പിചേർത്ത പാലും (Milk with dash of coffee) മാത്രമേ ഞാൻ എടുത്തുള്ളു.

15

ലണ്ടനിലെ അത്ഭുതാവഹങ്ങളായ കാഴ്ചകളിൽ പ്ര ധാനമായ ഒന്നു് ഭൂമിക്കടിയിൽ തുരങ്കങ്ങളിൽക്കൂടി പാ ഞ്ഞുകൊണ്ടിരിക്കുന്ന ഇലക്ട്രിക് തീവണ്ടികളാണു്. (അണ്ടർഗ്രൗണ്ട്‌റെയിൽവെ). നഗരത്തിൻെറ ചുവട്ടിൽ മുഴുവൻ ഓതപ്രോതമായി തുരങ്കങ്ങൾകൊണ്ടു വലവീശി യതുപോലെയാണു കിടക്കുന്നതു്. ഈ ടണലുകൾക്കു ള്ളിൽക്കൂടി അസംഖ്യം തീവണ്ടികൾ അങ്ങുമിങ്ങും അന വരതം പാഞ്ഞുകൊണ്ടിരിക്കും. ഇതുവഴിയായി യാത്ര

ക്കാക്ക് നഗരത്തിൽ ഏതെങ്കിലും ഒരു ഭാഗത്തുനിന്ന് മ റെറാരു ഭാഗത്തേയ്ക്കു പോകുവാൻ വളരെ എളുപ്പമാണ്. ഇരുനൂററിഎഴുപത്തിമൂന്ന സ്റ്റേഷനുകളാണ് ഈ നഗരത്തിന്നടിയിലുള്ളതെന്നു പറഞ്ഞാൽ എത്രത്തോളം പടർന്നുപിടിച്ചാണ് റെയില്വുകൾ കിടക്കുന്നതെന്ന് ഊഹിക്കാമല്ലോ.

തുരങ്കങ്ങൾ മിക്ക ദിക്കിലും ഭൂമിയിൽനിന്ന പത്തുനൂറടിയോളം താഴെയായിരിക്കും; ചില ദിക്കിൽ നൂററമ്പതടിവരെ താഴ്ച കാണും. അപൂർവ്വം ചില സ്ഥലത്തു ഭൂമിയുടെ ഉപരിഭാഗത്തുക്കൂടിയും ഇവ പോകുന്നതായി കണ്ടേയ്ക്കാം. ഭൂമിക്കടിയിൽക്കൂടി തുരന്നുതുരന്നു ടണാലുകളുണ്ടാക്കുവാനും ഉരുക്കുപലകകളും പാളങ്ങളുമുപയോഗിച്ച് അവയുടെ ഉൾഭാഗത്ത് വളയങ്ങൾ കെട്ടിയുറപ്പിക്കുവാനും മററും യാന്ത്രികവ്യാപാരവും ശാസ്ത്രനൈപുണ്യവും ഒത്തുകൂടിയിരിക്കുന്നു. ഇങ്ങനെയുണ്ടാക്കിയിട്ടുള്ള ഉരുക്കുകുഴലുകൾക്കുള്ളിൽ വിരിച്ചിട്ടുള്ള റെയിലിന്മേൽക്കൂടിയാണ് വണ്ടികൾ പോകുന്നത്. ഇലക്ട്രിസിററിയുടെ സഹായത്തോടുകൂടി പോകുന്ന വണ്ടികളായതുകൊണ്ട് പുക കൊണ്ടുള്ള കുഴപ്പമൊന്നുമില്ല. എല്ലായിടത്തും ധാരാളം ശുദ്ധവായു ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

നഗരത്തിലെവിടെച്ചെന്നാലും 'അണ്ടർഗ്രൗണ്ട്' സ്റ്റേഷൻ അടുത്തുണ്ടായിരിക്കും. ചില ദിക്കിൽ ഭൂമിയുടെ മുകൾത്തട്ടിൽ നിന്ന പത്തുപതിനഞ്ചടി താഴെയുള്ള വിശാലമായ ഹാളിലായിരിക്കും ടിക്കററു വില്പന. അവിടേയ്ക്കിറങ്ങിച്ചെന്നാൽ അങ്ങിങ്ങ ടിക്കററുപെട്ടികൾ നിര

ത്തിവെച്ചിരിക്കുന്നതു കാണാം. രണ്ടു പെൻസ് ടിക്കററിൻെറ പെട്ടി, മൂന്നര പെൻസ് ടിക്കററിൻെറ പെട്ടി, അഞ്ചു പെൻസ് ടിക്കററിൻെറ പെട്ടി എന്നിങ്ങനെയാണു് തരം തിരിച്ചിട്ടുള്ളതു്. ഓരോ പെട്ടിയുടെ പുറത്തും ആ ടിക്കററുകൊണ്ടു് ശരിക്കെത്താവുന്ന സ്റ്റേഷനുകളുടെ പേരും എഴുതിയിട്ടുണ്ടാകും. ഓരോ തരം നാണ്യമിടുവാനും പ്രത്യേകം പഴുതുകളുണ്ടായിരിക്കും. ഈ 'സ്ലോട്ടു'കളിൽക്കൂടി നാണ്യങ്ങൾ ഇട്ടാൽ ടിക്കററു മറെറാരു പഴുതിൽക്കൂടി തനിയെ പുറത്തുവരും. മൂന്നരപ്പെൻസിൻെറ ടിക്കററാണു് ആവശ്യമെന്നിരിക്കട്ടെ; അരഷില്ലിങ്ങ് നാണ്യമിട്ടാൽ ടിക്കററു വരുന്നതോടുകൂടി മറെറാരു പഴുതിൽക്കൂടി ബാക്കിയുള്ള രണ്ടര പെൻസും തിരിയെ കിട്ടും. എല്ലാം യന്ത്രത്തിൻെറ സഹായത്താൽ.

ഇവയ്ക്കു പുറമെ, ടിക്കററുവില്ക്കുവാൻ പ്രത്യേകം ആൾക്കാരുമുണ്ടായിരിക്കും. തിരക്കുണ്ടെങ്കിൽ എല്ലായിടത്തും ക്യൂവിൽ നില്ക്കേണ്ടിവരും.

ടിക്കററിൽ ഉദ്ദിഷ്ടസ്ഥലത്തിൻെറ പേരു കാണുകയില്ല. പുറപ്പെടുന്ന സ്ഥലത്തിൻെറ പേരും ടിക്കററിൻ്റെ വിലയും മാത്രമെ അതിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കയുള്ളു. ഓരോ സ്ഥലത്തേയ്ക്കുമുള്ള ടിക്കററിൻെറ വില പെട്ടിമേൽ നോക്കിയോ മറേറാ മനസ്സിലാക്കിയിരിക്കണം. അഥവാ ചെറിയ ടിക്കററാണു് വാങ്ങിയതെങ്കിൽത്തന്നെ വലിയ കുഴപ്പമൊന്നുമില്ല. പോരാതെവരുന്ന സംഖ്യ പ്രാപ്യസ്ഥലത്തെത്തുമ്പോൾ കൊടുത്താൽ മതി. അതിന്നു പിഴയടയ്ക്കുകയൊന്നും വേണ്ട.

ടിക്കററു വാങ്ങിയതിന്നു ശേഷവും പ്ലാററുഫാറത്തി
ലെത്തുവാൻ കുറെക്കൂടി ഇറങ്ങിപ്പോകണം. പത്തുന്തറടി
താഴത്തേയ്ക്കിറങ്ങുന്നതും അതുപോലെ കയറി വരുന്നതും
അത്ര എളുപ്പമല്ലല്ലോ. അതിന്നും സൗകര്യങ്ങളുണ്ടു്. ഒരു
ഭാഗത്തുള്ള കോണിപ്പടികൾ സാവധാനത്തിൽ തനിയേ
ഇറങ്ങിക്കൊണ്ടിരിക്കും; മറെറാരു ഭാഗത്തുള്ളവ മേല്പോ
ട്ടു കയറിക്കൊണ്ടുമിരിക്കും. ഇത്തരം യന്ത്രക്കോണികൾ
ക്കു 'എസ്കലേററർ' (Escalator) എന്നാണു പേർ. ഇങ്ങ
നെ സൗകര്യമുണ്ടെങ്കിൽപ്പോലും മിക്കവരും ഈ കോണി
കളിൽ വെറുതെ നില്ക്കുവാൻ മനസ്സമാധാനമുള്ളവരല്ല.
അവൎക്കു സമയത്തിന്റെ വിലയെപ്പററി വലിയ മതിപ്പാ
ണു്. തനിയെ ചലിച്ചുകൊണ്ടിരിക്കുന്ന എസ്കലേറററിൽ
ക്കൂടിത്തന്നെ അതിവേഗത്തിൽ ഓടിയിറങ്ങുകയും ഓടി
ക്കയറുകയും ചെയ്യുന്നവരാണവിടത്തെ ജനങ്ങൾ. അതി
ന്നു തയ്യാറില്ലാത്ത അസ്മാദൃശന്മാർ കോണിപ്പടിയുടെ വ
ലത്തുഭാഗത്തേയ്ക്കു നീങ്ങിനില്ക്കും. വലിയ 'ബാഗു'കളോ
മറേറാ കൈയിലുള്ളവരും ചില വൃദ്ധന്മാരും മാത്രമേ ക്രൂ
ട്ടിന്നുണ്ടാവുകയുള്ളൂ.

ചില സ്റ്റേഷനുകളിൽ എസ്കലേററർ ഉണ്ടായിരി
ക്കയില്ല. പകരം 'ലിഫ്ടു'കളാണു്. രണ്ടോ മൂന്നോ ലി
ഫ്ടുകളുണ്ടായിരിക്കും. ഓരോന്നും ഓരോ വലിയ മുറി
യോളമുണ്ടാകും; പത്തുപതുപേൎക്കതിൽ നില്ക്കാം. ആളു
കൾ മുറിയിലെത്തിയാൽ വാതിലുകളടച്ചു് ഒരു ബട്ടൻ
അമത്തിയാൽമതി, ലിഫ്ട് അങ്ങനെതന്നെ കീഴ്പോ
ട്ടിറങ്ങുകയായി. ഇതുപോലെതന്നെ കയറുവാനും. മിക്ക
ദിക്കിലും ലിഫ്ടു നിയന്ത്രിക്കുന്നതിന്നു ചുമതലപ്പെട്ട ഒ

രാറം ഉണ്ടായിരിക്കും. ചില ദിക്കിൽ ആരുടേയും സഹായം കൂടാതെ തനിയേ ചലിക്കുന്ന ലിഫ്ടുകളുമുണ്ടു്. ലണ്ടനിലെ പുതിയ കെട്ടിടങ്ങളിൽ മിക്കതിലും ഇത്തരം ചെറിയ ലിഫ്ടുകറം കാണാം.

ഒരു സ്റ്റേഷനിൽത്തന്നെ പല പ്ലാററുഫാറങ്ങളുമുണ്ടായിരിക്കും. ഓരോ പ്ലാററുഫാറത്തിന്നും പ്രത്യേകം 'ടണ'ലുകളുള്ളതുകൊണ്ടു വണ്ടികറംക്കു പരസ്പരം വഴി മാറുകയൊന്നും വേണ്ട. ഒരു ടണലിൽക്കൂടി ഒരു ഭാഗത്തേയ്ക്കുള്ള വണ്ടികറം മാത്രമേ സാമാന്യമായിപ്പോകയുള്ളു. എതിർ ഭാഗത്തേയ്ക്കുള്ള വണ്ടികറം പോകുന്നതെല്ലാം മറെറാരു ടണൽവഴിയായിരിക്കും. മൂന്നു വഴികറം ചേരുന്ന സ്റ്റേഷനാണെങ്കിൽ ആറു വ്യത്യസ്തങ്ങളായ തുരങ്കങ്ങളിലായി ആറു പ്രത്യേക പ്ലാററുഫാറങ്ങറം അവിടെയുണ്ടാകേണ്ടിവരും. പലപ്പോഴും ഒരു ടണലിൻെറ താഴെയോ മീതെയോ പത്തുപതിനഞ്ചടി മാറിയിട്ടായിരിക്കും മറെറാരു ടണൽ. ഒന്നിൽനിന്നു മറെറാന്നിലേയ്ക്കു മാറിക്കയറുവാൻ പല ഇടവഴികളിൽക്കൂടിയും വളഞ്ഞും തിരിഞ്ഞും പോകേണ്ടിവരും. എല്ലായിടത്തും വഴികാട്ടികളായ ബോർഡുവെളിച്ചങ്ങളുള്ളതുകൊണ്ടു ശരിയായ പ്ലാററുഫാറത്തിലേയ്ക്കു പോകുവാൻ ആക്കും പ്രയാസമില്ല.

എസ്കലേററിൽനിന്നോ ലിഫ്ടിൽനിന്നോ താഴത്തിറങ്ങിയാൽ പലപ്പോഴും കുറച്ചുദൂരം ഇടവഴികളിൽക്കൂടി പോയതിന്നുശേഷമേ ഉദ്ദേശിച്ച പ്ലാററുഫാറത്തിൽ എത്തുകയുള്ളു. ഇലക്ട്രിക്കുവിളക്കുകറം സവ്വത്ര പ്രകാശിച്ചിരിക്കുന്നതുകൊണ്ടു രാവും പകലുമൊന്നും അവിടെ വ്യത്യാസമില്ല. യാത്രക്കാർ ഇത്തരം ഇടവഴിക

ളിൽക്കൂടിപ്പോകുന്നതു മിക്കപ്പോഴും ഓടിക്കൊണ്ടായിരിക്കും. ഇങ്ങോട്ടു വരുന്നവർക്കു വേറെ വഴിയുള്ളതുകൊണ്ടു് ആരും നേരിട്ടുവന്നുമുട്ടുകയില്ലെന്നൊരു സമാധാനമുണ്ടു്. വഴിയുടെ ഇരുവശങ്ങളിലും ഭംഗിയായി നിരത്തിപ്പതിച്ചിട്ടുള്ള പലതരം പരസ്യങ്ങൾ കാണുവാനൊന്നും യാത്രക്കാർക്കു സമയമില്ല.

എനിക്കു 'വടക്കൻ ലൈനി'ലെ 'ബെൽസൈസ് പാർക്ക്' സ്റ്റേഷനിലേയ്ക്കാണു പോകേണ്ടതു്. 'വടക്കൻ ലൈനും' 'സെൻട്രൽലൈനും' കൂട്ടിമുട്ടുന്ന 'ടോട്ടൻഹാം കോർട്ടുറോഡ്' എന്ന സ്റ്റേഷനിൽനിന്നാണു പുറപ്പെട്ടിട്ടുള്ളതു്. 'വടക്കൻലൈൻ' എന്ന ബോർഡുകൾ നോക്കിക്കൊണ്ടു ഞാൻ മററു പലരുടേയും പിന്നാലെ ചില ഇടവഴികളിൽക്കൂടി വേഗംചെന്നു് ഒരു പ്ലാററുഫാറത്തിലെത്തി. അപ്പോഴേയ്ക്കും വണ്ടി പുറപ്പെട്ടു കഴിഞ്ഞിരുന്നു. പിന്നീടു് അര മിനിട്ടോളമേ എനിക്കു കാത്തുനില്ക്കേണ്ടി വന്നുള്ളു അടുത്ത വണ്ടി വരുവാൻ. ചില്ലുവാതിലുകൾ തനിയേ തുറന്നു. ഇറങ്ങേണ്ടവർ ഇറങ്ങി. ഞങ്ങളെല്ലാം ബദ്ധപ്പെട്ടു് അതിൽക്കയറി. ചില്ലുവാതിലുകൾ അടഞ്ഞു. വണ്ടി പുറപ്പെടുകയും ചെയ്തു. വാതിലുകൾ അടഞ്ഞതിനുശേഷമേ വണ്ടി ഇളകുകയുള്ളു; ഓടുന്ന സമയത്തു വാതിൽ തുറക്കുവാൻ സാധിക്കുകയുമില്ല. ഈ സമ്പ്രദായം അപകടങ്ങൾ ഇല്ലാതിരിക്കുവാൻ വളരെ ഉപകരിക്കുന്നുണ്ടു്.

തീവണ്ടിമുറിയിൽ ധാരാളം സ്ഥലമുണ്ടായിരിക്കും. ഇരിക്കുവാനും ചാരുവാനും മെത്തകളോടുകൂടിയ ഇരിപ്പിടങ്ങളാണുള്ളതു്. വിളക്കുകൾ നിറയെ തിളങ്ങുന്നതുകൊണ്ടു യാത്രക്കാർക്കു വണ്ടിയിൽവെച്ചുതന്നെ ദിനപ്പത്രങ്ങൾ

വായിക്കുവാൻ വളരെ സൗകര്യമുണ്ട്. ഇടയ്ക്കിടെ വലിയ ചില്ലുവാതിലുകളുള്ളതിനാൽ വണ്ടി നിൽക്കുമ്പോൾ യാത്രക്കാർക്കു കയറുവാനും ഇറങ്ങുവാനും അസൗകര്യം നേരിടുകയില്ല. നല്ല തിരക്കുള്ള സമയങ്ങളിൽ യാത്രക്കാരിൽ പലർക്കും വണ്ടിയിൽ നില്ക്കേണ്ടിവരും. സ്ത്രീകൾ നില്ക്കുന്നതു കാണുമ്പോൾ പുരുഷന്മാർ എഴുന്നേററു സ്ഥലംകൊടുക്കുന്ന സമ്പ്രദായം ദുർല്ലഭമാണ്. സ്ത്രീകൾക്കു പ്രത്യേക സൗകര്യമൊന്നും കാണുകയില്ല.

എത്ര തിരക്കുണ്ടെങ്കിലും വണ്ടികളിൽ ഏതാണ്ടു നിശ്ശബ്ദമായിരിക്കും. വർത്തമാനം പറഞ്ഞു രസിക്കുകയോ ഉറക്കെച്ചിരിക്കുകയോ ചെയ്യുന്നവർ അപൂർവ്വമാണ്. എല്ലാവരും ഓരോ ദിനപത്രം വായിച്ചുകൊണ്ടിരിക്കും. അല്പം ചിലർ വല്ല നോവലുകളും നോക്കിയിരിക്കുന്നതും കാണാം. ചില സ്ത്രീകൾ കമ്പിളിനൂലുകൊണ്ടു നിററ് (knit) ചെയ്തുകൊണ്ടിരിക്കുന്നതും കണ്ടേയ്ക്കാം. സ്നേഹിതന്മാർ എന്തെങ്കിലും വർത്തമാനം പറയുകയാണെങ്കിൽത്തന്നെ മററുള്ളവരെ ശല്യപ്പെടുത്താത്തമട്ടിൽ പതുക്കെയാണ്. ചിരി വന്നാൽപ്പോലും കടലാസ്സുകൊണ്ടു മുഖം മറച്ച് അതു മറയ്ക്കുവാൻ ശ്രമിക്കുന്നവരാണധികവും.

"No smoking, not even 'Abdullas,'" "You may be a strap-hanger now, still you have a future if you join —" എന്നു തുടങ്ങിയ അനേകം പരസ്യങ്ങൾ വണ്ടികളിൽക്കാണാം. പുകവലിക്കണമെങ്കിൽ അതിന്നു പ്രത്യേകം ചില 'കമ്പാർട്ടുമെണ്ടു'കളുള്ളതു നോക്കിക്കയറണം.

കേരള സാഹിത്യ അക്കാദമി

ഇലക്ട്രിസിററിയുടെ സഹായത്തോടുകൂടിയാണ തീവണ്ടികഠം ഓടുന്നതെന്നു പറഞ്ഞുവല്ലോ. ചക്രങ്ങഠം പോകുന്ന റെയിലുകളുടെ നടുവിൽ നീളത്തിൽക്കാണുന്ന പാളമാണ് ഇലക്ട്രിക് കമ്പി. വണ്ടിയുടെ ഒരു ഭാഗം അതിന്മേൽ തൊട്ടുകൊണ്ടിരിക്കുമ്പോഠം മാത്രമേ വണ്ടി ഓടുകയുള്ളൂ. തുരങ്കങ്ങളിൽവെച്ച് വണ്ടിക്കു യാതൊരാപത്തും നേരിടാതിരിക്കുവാൻ പല മുൻകരുതലുകളും ചെയ്തിട്ടുണ്ട്. ഒരു തുരങ്കത്തിൽക്കൂടി ഒരു ഭാഗത്തേയ്ക്കു മാത്രമേ വണ്ടി പോകയുള്ളൂ എന്നതുകൊണ്ടു പരസ്പരം വണ്ടികഠം നേരിട്ടു കൂട്ടിമുട്ടുവാൻ വഴിയില്ല. തടസ്സമുണ്ടെന്നു കാണിക്കുന്ന ചുവന്ന വിളക്കുടയാളം കൂട്ടാക്കാതെ വണ്ടി മുന്നോട്ടു പോയാൽ ഇലക്ട്രിസിററിയുമായുള്ള ബന്ധം വിട്ടു വണ്ടി തനിയേ നില്ക്കുവാൻ വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഓടുന്നതിനിടയ്ക്കു ഡ്രൈവർക്ക് എന്തെങ്കിലും പററി പിടി വിട്ടാലും വണ്ടി തനിയേ നില്ക്കുവാനുള്ള സൂത്രവും ഉണ്ട്. 'ട്യൂബ് വണ്ടി'യിൽ ആപത്തുണ്ടാവുക പതിവില്ല.

കുറച്ചധികം ദൂരെ വല്ല സ്ഥലത്തേയ്ക്കും പോകയാണെങ്കിൽ തീവണ്ടിയിലാണ ബസ്സിലേക്കാഠം കൂടുതൽ സൗകര്യം. അടുത്തടുത്തുതന്നെയുള്ള സ്ഥലങ്ങളിലേയ്ക്കു പോകുവാൻ ബസ്സിൽത്തന്നെയാണ കൂടുതൽ സൗകര്യം.

ഞാൻ കയറിയ വണ്ടി അടുത്ത സ്റ്റേഷനിലെത്തി. പ്ലാററുഫാറത്തിൽ സ്റ്റേഷൻെറ പേരു കണ്ടപ്പോഴാണ 'വടക്കൻലൈനി'ൽ തെക്കോട്ടു പോകുന്ന വണ്ടിയിലാണ് ഞാൻ കയറിയിട്ടുള്ളതെന്നു മനസ്സിലായതു്. ഉടനെ

താഴത്തിറങ്ങി മറുവശത്തുള്ള പ്ലാററുഫാറത്തിൽച്ചെന്നു ബോർഡു ശരിക്കു നോക്കി വടക്കോട്ടുള്ള വണ്ടി വന്നപ്പോൾ അതിൽക്കയറി. പത്തുപതിനഞ്ചു മിനിട്ടുകൊണ്ടു് അഞ്ചെട്ടു സ്റ്റേഷൻ കടന്നു് വണ്ടി 'ബൽസൈസ് പാക്കി'ൽ എത്തിച്ചേർന്നു. പ്രയാസമൊന്നും കൂടാതെ 'ലിഫ്ട്ടു'വഴിക്കു മുകൾഭാഗത്തെത്തുകയും ചെയ്തു.

16

ബ്രിട്ടീഷ് കൗൺസിലിൽനിന്നു കിട്ടിയിരുന്ന മേൽവിലാസം നോക്കി 'ബനാർസി'യുടെ വീടന്വേഷിച്ചു നടന്നു് ഒടുവിൽ ഒരു ടാക്സിഡ്രൈവറുടെ സഹായത്തോടു കൂടി അതു കണ്ടെത്തിപ്പിടിച്ചു. മൂന്നു നിലകളുള്ള ഒരു മാളികയാണതു്. ഞാൻ വാതിൽക്കൽച്ചെന്നു മണിയടിച്ചു കാത്തു നില്പായി. അധികം താമസിയാതെ വാതിൽ തുറന്നു. തടിച്ചുകൊഴുത്തു മദ്ധ്യവയസ്കയായൊരിന്ത്യക്കാരിയാണു് എന്നെ സ്വാഗതം ചെയ്തതു്. അവരുടെ ഹിന്ദിച്ചോദ്യങ്ങൾക്കെല്ലാം എനിക്കിംഗ്ലീഷിൽത്തന്നെ മറുപടി പറയേണ്ടതായി വന്നു. വാടകയ്ക്കു താമസിക്കുവാൻ വന്നതാണെന്നറിഞ്ഞപ്പോൾ അവർ അകത്തുപോയി ശ്രീ. ബനാർസിയെത്തന്നെ എൻെറ അടുത്തേയ്ക്കയച്ചു. കാഴ്ചയിൽ ചടച്ചുയരം കുറഞ്ഞൊരു വിനീതനായ സാധു മനുഷ്യൻ. ഏതാണ്ടു നാല്പതു വയസ്സു തോന്നും. ഒരു മുഷിഞ്ഞ ഓവർക്കോട്ടാണിട്ടിട്ടുള്ളതു്. ബനാർസിക്കിവിടെ നാലഞ്ചു വീടുകളുണ്ടു്. എല്ലാം ഇന്ത്യക്കാർക്കു വാടകയ്ക്കു കൊടുത്തിരിക്കയാണു്. പുതുതായി പണി ചെയ്തിട്ടുള്ളൊരു ചെറിയ കെട്ടിടം അടുത്തുതന്നെയുണ്ടു

ന്നും അതിൽ ഒന്നുരണ്ടു മുറികൾ ഒഴിവുണ്ടെന്നും അയാൾ പറഞ്ഞു. അതു കാണിച്ചുതരുവാൻ തയ്യാറായി പ്പുറപ്പെട്ടു.

ചുവട്ടിലും മുകളിലും ഈരണ്ടു മുറികളോടുകൂടിയ വളരെ ചെറിയൊരു വീടാണതു്. ചെന്നു കയറുന്നതു് ഒരു വരാന്തയിലേയ്ക്കാണു്. അതിൽനിന്നു മുറികളിലേയ്ക്കു കടക്കാം. വരാന്തയുടെ ഒരു ഭാഗത്തു ഗ്യാസു കത്തിക്കുന്ന അടുപ്പോടുകൂടിയ ഒരടുക്കളയും മറുവശത്തു കുളിമുറിയും മററുമാണു്. ചുടുവെള്ളവും പച്ചവെള്ളവും കിട്ടുവാൻ കുഴലുകളോടുകൂടിയ ബെയ്സിനുകൾ രണ്ടെണ്ണമുണ്ടു്. മുറികൾ ചെറിയതാണെങ്കിലും കട്ടിൽ, കിടയ്ക്ക, മേശ, കസാലകൾ, അലമാറ, ഷെൽഫ്, കണ്ണാടികൾ തുടങ്ങി ആവശ്യമുള്ളതെല്ലാമുണ്ടു്. ആഴ്ചയിൽ രണ്ടുദിവസം മാത്രമേ കിടയ്ക്ക വിരിക്കുവാനും മുറി വൃത്തിയാക്കുവാനും വേലക്കാർ വരികയുള്ളു. മറെറല്ലാം തനിയേ വേണം. പ്രാതലിനുള്ള പാലും, കോൺഫ്ളേക്കും, റൊട്ടിയും, വെണ്ണയും മററും ദിവസേന വീട്ടിൽ കൊണ്ടുവന്നു വെയ്ക്കും. പാകം ചെയ്യുന്നതെല്ലാം തനിയേ വേണം. വൈകുന്നേരം ആറര മണിക്കാണു ഡിന്നർ; അതിന്നു് ആദ്യം കയറിച്ചെന്ന വലിയ വീട്ടിലേയ്ക്കു പോകണം. ഇന്ത്യൻരീതിയിലുള്ള സസ്യഭക്ഷണം മാത്രമാണവിടെ കിട്ടുക. ചപ്പാത്തി, പരിപ്പു്, ചോറു്, ഉരുളക്കിഴങ്ങുകറി മുതലായതെല്ലാമുണ്ടാകും. ചോറും കറിയും കിട്ടുമെന്നറിഞ്ഞപ്പോൾത്തന്നെ എനിക്കു വലിയ സമാധാനമായി. പക്ഷേ, താമസസ്ഥലത്തിന്നു ലണ്ടന്റെ പരിഷ്ക്കാരമൊന്നുമില്ല എന്നു തോന്നായ്കയുമില്ല. കൂട്ടിനൊരു മലയാളിസ്നേഹിതനെ കിട്ടിയാൽ

ഒരുവിധം കഴിച്ചുകൂട്ടാം. ഏതായാലും, "നാളെ തീർച്ചപ്പെടുത്താം," എന്നു പറഞ്ഞു ഞാൻ അവിടെനിന്നു പുറപ്പെട്ടു. തിരിച്ചു ഹോട്ടലിലെത്തിയപ്പോഴയ്ക്കും ഡിന്നറിന്നു സമയമായി. രണ്ടു സ്പൂൺ ഉരുളക്കിഴങ്ങു വേവിച്ചതും നാലഞ്ചു റൊട്ടിക്കഷണവും മാത്രമാണെനിക്കവിടെ സസ്യഭക്ഷണമായി ലഭിച്ചത്. കഴിയുന്നതും വേഗത്തിൽ ബനാർസിയുടെ സ്ഥലത്തേയ്ക്കു മാറുകയാണു നല്ലതെന്നു ഞാൻ തീർച്ചപ്പെടുത്തി.

മധുസൂദനൻപിള്ള താമസിക്കുന്ന ഹോട്ടലിലേയ്ക്കു ഫോൺ ചെയ്തു ചോദിച്ചപ്പോൾ സ്ഥിരതാമസത്തിന്നു സ്ഥലമൊന്നും കിട്ടിയിട്ടില്ലെന്നും ഇന്ത്യാഹൌസിൽനിന്നു കിട്ടിയ മേൽവിലാസങ്ങൾ നോക്കിച്ചെന്നു പരിശോധിച്ച വീടുകളൊന്നും നല്ലതല്ലെന്നുമായിരുന്നു മറുപടി. രണ്ടുപേർക്കുംകൂടി ഒന്നിച്ചൊരു വീട്ടിൽ കൂടാമെങ്കിൽ രസമാണല്ലോ. പിറ്റേന്നാൾത്തന്നെ ഞങ്ങൾ രണ്ടുപേരുംകൂടി 'ബനാർസി'യുടെ പുതിയ വീട്ടിൽ ചുവട്ടിലുള്ള രണ്ടു മുറികൾ വാടകയ്ക്കെടുത്തു. അങ്ങനെ ലണ്ടൻ നഗരത്തിൽ ഒരു ചെറിയ മലയാളിവീടുണ്ടായി.

രണ്ടാം ഭാഗം

കേരള സാഹിത്യ അക്കാദമി

1

ലണ്ടൻനഗരത്തിന്ന് രണ്ടായിരത്തിലധികം കൊല്ലത്തെ പഴക്കമുണ്ട്. ഇന്ത്യക്കാരായ നമുക്ക് അതിൽ അത്ര അത്ഭുതം തോന്നുകയില്ലായിരിക്കാം; അതിപുരാതനങ്ങളായ സംസ്കാരകേന്ദ്രങ്ങൾ ഇന്ത്യയിലുണ്ടല്ലോ. പക്ഷെ, പശ്ചിമയൂറോപ്പിലെ സ്ഥിതി അതല്ല. ഇംഗ്ലണ്ടിലെ ഏററവും പുരാതനമായ നഗരം ലണ്ടനാണ്. മാത്രമല്ല, ഏററവും പ്രാചീനകാലംമുതല്ക്കു് ക്രമേണ ഈ നഗരത്തിൻെറ പ്രാധാന്യം കൂടിക്കൂടി വരികയാണു ചെയ്തിട്ടുള്ളതും.

അന്നത്തെ ലണ്ടൻ ഇന്നത്തെമാതിരിയായിരുന്നില്ല. പണ്ടു തെംസ്നദിയുടെ തീരത്തെല്ലാം കാടുകളും ചതുപ്പുനിലങ്ങളുമായിരുന്നു. ബി. സി. 55-ാമാണ്ടിലാണ് റോമക്കാർ ജൂലിയസ്സീസറിൻെറ കാലത്തു് ആദ്യമായി ഫ്രാൻസിൽനിന്നു കടൽവഴിയായി വന്നു ലണ്ടൻ ആക്രമിച്ചതു്. അന്നു് ഈ നഗരത്തിന്നു്. 'ലിൻഡിൻ' (Llyn-din) എന്നായിരുന്നു പേർ. റോമക്കാർ വീണ്ടും വന്നു. ക്ലാഡിയസ് ചക്രവത്തിയുടെ കാലത്തു്, ഏ. ഡി. 43-ൽ പ്ലാട്ടിയസ്സിൻെറ കീഴിൽ 40,000 പട്ടാളക്കാർ 'കെൻറി'ൽ ഇറങ്ങി, ലണ്ടനിലേയ്ക്കു പുറപ്പെട്ടു. രണ്ടു മൂന്നുകൊല്ലങ്ങൾക്കുള്ളിൽ ഇംഗ്ലണ്ടിൻെറ തെക്കുഭാഗം മുഴുവനും റോമക്കാരുടെ കീഴിലായി. ലണ്ടൻ('ല്യൊണ്ടിനി

യം') തലസ്ഥാനമായിരുന്നില്ലെങ്കിലും ഒരു പ്രധാനനഗരമായിത്തീർന്നിരുന്നു. റോമൻ ആക്രമണത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും ലണ്ടനിൽ അവിടവിടെക്കാണാം.

ഏ. ഡി. 61-ാമാണ്ടിൽ, 'നീറോ' റോമൻചക്രവർത്തിയായിരുന്ന കാലത്ത്, ഇംഗ്ലണ്ടിൽ 'ഇസനി'യിലെ റാണിയായ 'ബോഡീഷ്യ' റോമക്കാരോടെതിർത്തുനോക്കി; പക്ഷെ, അവർ തോററുപോയി. ശത്രുക്കളുടെ കൈയിൽപ്പെടാതിരിക്കുവാൻ അവർ വിഷംകുടിച്ചു മരിച്ചു. ബ്രിട്ടീഷുകാരുടെ സ്വാതന്ത്ര്യേച്ഛയുടെ ഒരു നിദർശനമായി ഇന്നും ബോഡീഷ്യയെക്കരുതിവരുന്നു. തെംസ്നദിയുടെ തീരത്ത് 'വെസ്റ്റ്മിൻസ്റ്റർ' പാലത്തിന്റെ അററത്തായി 'ബോഡീഷ്യ'യുടെ ഒരു പ്രതിമ ഇന്നും കാണികളെ ആകർഷിക്കുന്നുണ്ട്.

ഏ. ഡി. 409-ാമാണ്ടോടുകൂടി ഇംഗ്ലണ്ടിലെ റോമൻഭരണമവസാനിച്ചു. ഇന്നു 'ലണ്ടൻടവർ' നില്ക്കുന്ന സ്ഥാനത്ത്, റോമക്കാരുടെ ഒരു കോട്ടയുണ്ടായിരുന്നുവത്രെ. 'തെംസി'ന്നു് ആദ്യമായി ഒരു പാലം കെട്ടിയതും റോമക്കാരാണെന്നു കരുതപ്പെടുന്നു.

ഏ. ഡി. 449-ാമാണ്ടുമുതൽ 'സാക്സൺ'കാരുടെ ആക്രമണങ്ങൾ ആയിരുന്നു. ഏതാണ്ടൊരു നൂററാണ്ടോളംകാലം ലണ്ടന്നു് വലിയ പ്രാധാന്യമൊന്നുമുണ്ടായിരുന്നില്ല. 604-ാമാണ്ടിൽ 'എതൽബർട്ട്'രാജാവിന്റെ കാലത്താണു് ലണ്ടനിൽ ആദ്യമായി ഒരു ബിഷപ്പ്—'മെല്ലിററസ്'—നിയമിതനായതു്. 'സെൻറ്പാൾ' പള്ളിയും ഈ രാജാവിൻെറകാലത്താണു് ആദ്യമായുണ്ടാക്കപ്പെട്ടതു്.

ഏഴാംനൂററാണ്ടിൽ ലണ്ടൻ അടിമക്കച്ചവടത്തിന്നു പേരുകേട്ട ഒരു പട്ടണമായിത്തീൎന്നു. 9-ാം നൂററാണ്ടിൻെറ തുടക്കം മുതൽ 'ഡെയിൻ'കാരുടെ ആക്രമണങ്ങൾ ആരംഭിച്ചു. കുറെക്കാലത്തേയ്ക്കു് അവരും 'ആംഗ്ലോസാക്സൻ'കാരും തമ്മിലുള്ള യുദ്ധങ്ങൾക്കു് ഒരു കളമായിനാടെല്ലാം. ലണ്ടൻ ഡെയിൻകാരുടെ കീഴിലായിരുന്നു. മഹാനായ 'ആൽഫ്രഡ്' രാജാവാണു് (ആൽഫ്രഡും അപ്പവും' എന്ന കഥയിലെ രാജാവുതന്നെ) എ. ഡി. 886-ാമാണ്ടിൽ ലണ്ടൻ വീണ്ടെടുത്തതും രാജ്യത്തിൻെറ തലസ്ഥാനമാക്കിയതും.

പിന്നെയും ഇടയ്ക്കിടയ്ക്കു ഡെയിൻകാരുടെ ആക്രമണങ്ങൾ ഉണ്ടാകാതിരുന്നില്ല. 'കാന്യൂട്ട്' രാജാവിൻെറ കാലത്താണു നാട്ടിൽനിന്നു ശത്രുക്കളെ തീരെ തോല്പിച്ചോടിച്ചതു്. സാത്വികനായ 'എഡ്വേർഡ്' രാജാവു് (Edward the Confessor) 'വെസ്റ്റ്മിൻസ്റ്റർ ആബി'യുടെ പണി തുടങ്ങിവെച്ചു; അദ്ദേഹത്തിൻെറ ശവകുടീരം ഇന്നും അവിടെക്കാണാം. ഒടുവിലത്തെ 'സാക്സൺ'രാജാവായ 'ഹാരോൾഡ്' എ. ഡി. 1066-ൽ 'വില്ല്യ'മിന്റെ നേതൃത്വത്തിൽവന്ന 'നോർമൻ'കാരുമായി 'ഹെസ്റ്റിങ്ങ്സി'ൽ വെച്ചുണ്ടായ യുദ്ധത്തിൽ കൊല്ലപ്പെട്ടു.

'വില്ല്യം' ഇംഗ്ലണ്ടിലെ രാജാവായി ആദ്യമായി ചെയ്തതു് 'തെംസി'ൻെറ തീരത്തിൽ നല്ലൊരു കോട്ടകെട്ടുകയായിരുന്നു. ഈ കോട്ടയാണു് 'ലണ്ടൻടവർ'ആയി പരിണമിച്ചതു്. എ. ഡി. 1087-ൽ 'സെൻറ്പാൾ'പള്ളി കത്തിപ്പോയപ്പോൾ വീണ്ടും അവിടെത്തന്നെ മററൊരു പള്ളി പണിചെയ്യിച്ചതും വില്ല്യം രാജാവാ

ണു്. ഇദ്ദേഹത്തിന്റെ കാലം മുതൽ ഒന്നാം ലോകമഹാ യുദ്ധകാലംവരെ ലണ്ടൻനഗരത്തിന്നു പുറമെനിന്നുള്ള ശത്രുക്കളിൽനിന്നു യാതൊരുപദ്രവവും നേരിടുകയുണ്ടായിട്ടില്ല. ആഭ്യന്തര കലഹങ്ങൾ പലപ്പോഴും ഉണ്ടായിട്ടില്ലെന്നില്ല.

പതിനാറാം നൂററാണ്ടിൽ 'ട്യൂഡർ'രാജാക്കന്മാരുടെ കാലം മുതല്ക്കാണു ബ്രിട്ടൻ ലോകത്തിലെ ഒരു മഹാശക്തിയായിത്തീൎന്നതു്. അതോടുകൂടി തലസ്ഥാനനഗരവും പ്രധാന തുറമുഖപട്ടണവുമായ ലണ്ടനും പ്രാധാന്യം വർദ്ധിച്ചു.

'സ്ററുവാർട്ട്'' രാജാവായ 'ചാൾസ്' രണ്ടാമന്റെ കാലത്തു ലണ്ടനു പല ആപത്തുകളും നേരിട്ടു. എ. ഡി. 1665-ൽ പ്ലേഗുമൂലം ഒരു ലക്ഷത്തോളം ജനങ്ങൾ മരിച്ചുപോയി. അടുത്തകൊല്ലം നഗരത്തിന്നു തീപിടിച്ചു് 13,000 വീടുകൾ കത്തിപ്പോയി. ഇതിൽ 'സെന്റ്'പാൾ' പള്ളിയും വേറെ 86 പള്ളികളും മററനേകം ഒന്നാംതരം കെട്ടിടങ്ങളും ഉൾപ്പെട്ടിരുന്നു. ഇംഗ്ലണ്ടിന്റെ ഭാഗ്യത്താൽ അക്കാലത്തു് 'ക്രിസ്റ്റോഫർറെൻ' എന്നൊരു ശില്പശാസ്ത്രവിദഗ്ദ്ധൻ ഉണ്ടായിരുന്നു. ഇന്നത്തെ സെൻറ് പാൾപള്ളിയും മററനേകം ഒന്നാംതരം കെട്ടിടങ്ങളും അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണു നിൎമ്മിക്കപ്പെട്ടിട്ടുള്ളതു്. ലണ്ടനിൽ ഏററവും മനോഹരങ്ങളായ കെട്ടിടങ്ങളെല്ലാം ആ കലാമൎമ്മജ്ഞന്റെ ഭാവനയിൽനിന്നുടലെടുത്തവയാണു്.

അടുത്ത രണ്ടു നൂററാണ്ടുകളിൽ 'റെ'ന്നിന്റെ മാതൃകയെ അനുകരിച്ചുള്ളതും ഗ്രീസിലെ 'ക്ലാസിക്കൽ'രീതിയി

ലുള്ളതും പഴയ 'ഗോഥിക്'രീതി'യിലുള്ളതും മററുമായി അനേകം മഹാസൗധങ്ങൾ ലണ്ടനിൽ ഉയൎന്നുവന്നു. ഇന്നത്തെ 'ബ്രിട്ടീഷ്മ്യൂസിയ'വും 'ബാങ്ക് ഓഫ് ഇംഗ്ലണ്ടും' ക്ലാസിക്കൽ രീതിയിലുള്ളവയാണ്. 'ഗോഥിക് രീതി'യിലുള്ളവയാണ് 'പാർളിമെൻറു മന്ദിര'വും അതിന്നു തൊട്ടുള്ള 'വെസ്റ്റ്മിൻസ്റ്റർ ആബി'യും. 'വൈററ്ഹാളി'ലെ ഗവൎമ്മെണ്ടുമന്ദിരങ്ങൾ 'റിനയിസൻസ്' രീതിയിലുള്ളവയാണ്. പല വലിയ കെട്ടിടങ്ങളും നിൎമ്മിച്ചു ലണ്ടനെ പരിഷ്കരിച്ച ശില്പജ്ഞന്മാരിൽ, 19-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന 'ജോൺനാഷി'ൻെറ പേർ പ്രത്യേകം പ്രസ്താവ്യമാണ്.

ഒന്നാം മഹായുദ്ധത്തിന്നുശേഷമുണ്ടായിട്ടുള്ള വലിയ കെട്ടിടങ്ങൾ 'അമേരിക്കൻ മോഡൽ' ആണെന്നു പറയാം. 'യൂണിവേഴ്സിററിസെനററ്'കെട്ടിടം, 'ഡെയ്‌ലി ടെലഗ്രാഫ്' കെട്ടിടം, 'ബി. ബി. സി.' കെട്ടിടം മുതലായതെല്ലാം അമേരിക്കൻ മോഡലിൽത്തന്നെ.

ഒന്നാംലോകമഹായുദ്ധത്തിൽ ചില ജൎമ്മൻബോംബുകൾ ലണ്ടനിൽ വീഴുകയുണ്ടായി. പക്ഷെ, വലിയ നാശങ്ങളൊന്നും അന്നു സംഭവിക്കയുണ്ടായില്ല. യുദ്ധാനന്തരം വീണ്ടും ലണ്ടൻ വികസിക്കുവാൻ തുടങ്ങി. ലണ്ടൻെറ പരിസരപ്രദേശങ്ങളിൽ ധാരാളം കെട്ടിടങ്ങൾ ഉയൎന്നുവന്നു.

രണ്ടാം ലോകമഹായുദ്ധത്തിലാണു ലണ്ടന്നു വലിയ അടി പററിയതു്. 1940 ആഗസ്റ്റ് 24-ാംതീയതിയാണ് ആദ്യത്തെ വിമാനാക്രമണം. അനന്തരം 1945 വരെ ലണ്ടന്നു ജൎമ്മൻകാരിൽനിന്നു തുരുതുരെ ബോംബുവൎഷ

ങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. 1944 ജൂൺ 13-ാംതീയതി, പറക്കുന്ന ബോംബുകളുടെ വരവു തുടങ്ങി. സെപ്തംബർ 8-ാംതീയതി 'V-2' റോക്കററുകളും പുറപ്പെട്ടു. ഇതിന്റെയെല്ലാം ഫലമായി ലണ്ടൻനഗരത്തിനുണ്ടായ നാശനഷ്ടങ്ങൾക്ക് ഒരു കയ്യും കണക്കുമില്ല. അനേകം ജനങ്ങൾ മരിച്ചു. വളരെ കെട്ടിടങ്ങൾ നശിച്ചുപോയി. ജനങ്ങളുടെ ധൈര്യം മാത്രം നശിച്ചില്ല.

1940 ഡിസംബർ 29-ാംതീയതിയുണ്ടായ ബോംബുവർഷത്തിൽ ഇരുന്നൂറുപേർ കൊല്ലപ്പെട്ടു. അറുപതു കെട്ടിടങ്ങളിൽ തീ പിടിച്ചു. പല പള്ളികളും നശിച്ചു. 'സെൻറ്പാൾ' മാത്രം രക്ഷപ്പെട്ടു. 'ഗിൽഡ്ഹാളി'ൻെറ മേൽഭാഗം തകർന്നു. 1941 ഏപ്രിൽ 16-ാംതീയതി ഒരു ലക്ഷത്തോളം ബോംബുകളാണു ലണ്ടനിൽ വീണതു്. 1944 ജൂണിൽ പറക്കുന്ന ബോംബുകൾമൂലം രണ്ടാഴ്ചയ്ക്കുള്ളിൽ നാലുലക്ഷം വീടുകൾക്കു കേടുപററി; നാലഞ്ചു ലക്ഷം ജനങ്ങൾക്കു രാത്രി മുഴുവൻ ഷെൽററുകളിൽ ജീവിക്കേണ്ടിവന്നു. 1944 നവംബർ 26-ാംതീയതി ഒരു 'വൂൾവത്ത്' ഷാപ്പിൽ നിറച്ചാളുകളുള്ളപ്പോൾ 'V-2' റോക്കററു വീണു് 174 പേർ കൊല്ലപ്പെട്ടു.

ആകെ ലണ്ടനിൽ പതിനാററരലക്ഷം കെട്ടിടങ്ങൾക്കു കേടുപററി. ഒരു ലക്ഷത്തോളം കെട്ടിടങ്ങൾ നശിച്ചു. ഇന്നു യുദ്ധം കഴിഞ്ഞു് അഞ്ചെട്ടു കൊല്ലമായെങ്കിലും ലണ്ടനിൽ ഏതു ഭാഗത്തു നോക്കിയാലും ബോംബുവീണു തകന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ കാണാം. അതിൻെറ ഫലമായി പല ദിക്കിലും കാറുകൾക്കു പാർക്കുചെയ്യുവാൻ സ്ഥലമുണ്ടായി. 'സെൻറ്പാൾ' പള്ളിയുടെ നാലു ഭാഗ

ത്തുമുള്ള കെട്ടിടങ്ങളെല്ലാം തകൻനുപോയി. നടുവിൽ പള്ളിയുടെ 'ഡോം' ഇപ്പോഴും തലയുയർത്തി നില്ക്കുകതന്നെയാണ്.

യുദ്ധത്തിന്നു മുമ്പു ലണ്ടനിലെ കെട്ടിടങ്ങളുടെ വിസ്താരം ആകെ 460 ഏക്കറായിരുന്നു. ഇതിൽ 164 ഏക്കർ കെട്ടിടങ്ങൾ ജർമ്മൻ ആക്രമണം മൂലം നശിച്ചുപോയി.

ലണ്ടനിൽ വീണ്ടും തെരുതെരെ കെട്ടിടങ്ങൾ ഉയൻനുവരുന്നു. എങ്കിലും യുദ്ധത്തിൻെറ മുറിവുകൾ ഉണങ്ങുവാൻ ഇനിയും കുറേക്കാലംകൂടി കഴിയേണ്ടിവരുമെന്നു തോന്നുന്നു.

ദേശാഭിമാനത്തിൻേറയും ധീരതയുടേയും വിളനിലമായ ലണ്ടൻപട്ടണം ഇന്നും മററുള്ളവക്കു മാതൃക കാണിച്ചുകൊണ്ടങ്ങനെ നില്ക്കുകയാണ്. എൻെറ ജന്മദേശം അതിദൂരത്തുനിന്നിതാ ലണ്ടൻപട്ടണത്തിന്നു വന്ദനം പറയുന്നു.

2

ലണ്ടനിലെ കാഴ്ചസ്ഥലങ്ങളിൽ പ്രധാനമായ ഒന്നാണ് 'ലണ്ടൻടവർ.' അതു് അനേകം സന്ദർശകന്മാരെ ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു. കല്ലിൽ പടുത്തുകെട്ടിയ ബ്രിട്ടീഷ് ചരിത്രമാണ് ഈ കോട്ടയെന്നു പറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയൊന്നുമില്ല. സംഭവബഹുലമായ ബ്രിട്ടീഷ് ചരിത്രത്തിൻെറ പല ഭയാനകരംഗങ്ങളും ഇവിടെ വെച്ചാണു നടന്നിട്ടുള്ളതു്.

തെംസ് നദിയുടെ ഉത്തരതീരത്തു സ്ഥിതിചെയ്യുന്ന പുരാതനമായൊരു കോട്ടയാണിതു്. റോമൻചക്രവൎത്തിമാരുടെ കാലത്താണു് ഇവിടെ ആദ്യമായൊരു കോട്ടയുണ്ടാക്കപ്പെട്ടതു് എന്നാണു് ഐതിഹ്യം. റോമക്കാരുണ്ടാക്കിയ ചില കോട്ടമതിലുകളുടെ അവശിഷ്ടങ്ങൾ ഇന്നും അങ്ങിങ്ങു കാണ്മാനുണ്ടു്. ഷേക്സ്പിയരുടെ 'റിച്ചാർഡ് III' എന്ന നാടകത്തിലും റോമൻചക്രവൎത്തിയായ ജൂലിയസ്സീസറാണു് ഇവിടെ ആദ്യമായി കോട്ട കെട്ടിയതു് എന്ന ഐതിഹ്യത്തെ എടുത്തു പറഞ്ഞിട്ടുണ്ടു്.

Prince Edward:

"I do not like the tower of any place
Did Julius Caesar build that place, my lord?"

Buckingham:

"He did, my gracious lord, begin that place,
Which, since succeeding ages, have re-edified."

ഏതായാലും ഇന്നുകാണുന്ന ടവറിന്റെ ഏററവും പുരാതനമായ ഭാഗം നോൎമ്മൻരാജാവായ വില്യമിന്റെ കാലം (എ. ഡി. 1078) മുതല്ക്കാണു തുടങ്ങുന്നതു്. എ. ഡി. 1560-ാമാണ്ടുവരെ ബ്രിട്ടീഷ്രാജാക്കന്മാരുടെ താമസം സുരക്ഷിതമായ ഈ കോട്ടയ്ക്കുള്ളിലായിരുന്നു. പ്രധാനപ്പെട്ട ശത്രുക്കളെ തടവിലിടുവാനുള്ള കാരാഗൃഹമായും അതിക്രൂരമായ വിധത്തിൽ അവരെ മൎദ്ദിക്കുവാനുള്ള സ്ഥലമായും വന്യമൃഗങ്ങളെ കൂട്ടിലിടുവാനുള്ള മൃഗശാലയായും മററും പലവിധത്തിൽ ഈ ടവർ ചരിത്രത്തിൽ പങ്കെടുക്കയുണ്ടായിട്ടുണ്ടു്. ഇന്നതൊരു വെറും കാഴ്ചബംഗ്ലാവു മാത്രമാണു്.

ചുററും അഗാധമായ കിടങ്ങും വലിയ കോട്ടമതിലും ഇതിന്നുണ്ടായിരുന്നു. പ്രബലന്മാരായ പ്രഭുക്കന്മാരോടോ മറേറാ യുദ്ധത്തിൽ തോററാൽ ഓടിവന്നു കോട്ടയ്ക്കുള്ളിൽ എത്തിയാൽ മതി, പിന്നീടൊന്നും ഭയപ്പെടുവാനില്ല. കിടങ്ങിന്നു മീതെയുള്ള പാലം ഇടുവാനും ഉയർത്തി നീക്കുവാനും കോട്ടയ്ക്കകത്തു നില്ക്കുന്നവർക്ക് സാധിച്ചിരുന്നതുകൊണ്ട് ശത്രുക്കൾ അകത്തു കടക്കാതെ രക്ഷിക്കുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. യുദ്ധം ചെയ്തു ഈ കോട്ട പിടിക്കുവാൻ ആർക്കും സാധിച്ചിട്ടില്ലത്രെ. കിടങ്ങു നികത്തിയിട്ടു പത്തുനൂറു കൊല്ലത്തിലധികമായി. ഇവിടം പട്ടാളക്കാർക്ക് കവാത്തിനുള്ള സ്ഥലമായി മാറിയിരിക്കുകയാണിപ്പോൾ. പണ്ടു പാലമുണ്ടായിരുന്ന സ്ഥാനത്തിന്നടുത്താണ് കല്ലുകൊണ്ടു പടുത്തുകെട്ടിയ ഒരുവഴി ഇന്നുള്ളതു്.

പാലം കടന്നകത്തെത്തിയാൽ ആദ്യമായുണ്ടായിരുന്നതു് അർദ്ധചന്ദ്രാകൃതിയിൽ കോട്ടമതിലിനോടനുബന്ധിച്ചുകൊണ്ടുണ്ടാക്കപ്പെട്ട 'സിംഹമേട' (Lion Tower) ആയിരുന്നു. ഹെൻറി ഒന്നാമൻ രാജാവായിരുന്ന കാലത്തു് ഇതിലാണത്രെ സിംഹങ്ങളെ വളർത്തിയിരുന്നതു്. എ. ഡി. 1834-ാമാണ്ടുവരെ ബ്രിട്ടീഷ് രാജാക്കന്മാരുടെ മൃഗശാല ഈ ടവറിന്നുള്ളിൽത്തന്നെയായിരുന്നു. പണ്ടു മൃഗശാലയുണ്ടായിരുന്ന സ്ഥാനത്താണ് ഇന്നു സന്ദർശകന്മാർക്കുള്ള ലഘുഭക്ഷണശാല.

ഇവിടെനിന്നു രണ്ടു പാലംകൂടി കടന്നാൽ മാത്രമേ ശരിയായ കോട്ടവാതില്ക്കൽ എത്തുകയുള്ളു. ഈ വാതിൽ

കടന്നകത്തുവരണമെങ്കിൽ 'അടയാളവാക്ക്' (By word) പറയേണ്ടിയിരുന്നതുകൊണ്ടാണത്രെ ഇതിന്ന് 'ബൈവേഡ് ടവർ' എന്ന പേർ വന്നതു്. ഇന്നും രാത്രി മൂന്ന മണിമുതൽ ആറു മണിവരെ ഈ വാതിൽ തുറക്കുകയില്ല.

വീണ്ടും അകത്തേയ്ക്കു പ്രവേശിച്ചാൽ 'ബെൽ ടവർ' ആയി. റിച്ചാർഡ് ഒന്നാമൻ എ ഡി. 1190-ൽ നിർമ്മിച്ചതാണിതു്. ഇവിടെ കാരാഗൃഹവാസമനുഭവിച്ചവരിൽ സർ തോമസ്മൂർ, എലിസബത്ത് രാജകുമാരി മുതലായവർകൂടി ഉൾപ്പെടും. എലിസബത്ത് രാജ്ഞിയായതിന്നു ശേഷം 'കാതറൈൻഗ്രേ'യേയും അവളുടെ ഭർത്താവായ 'ഹെട്ട്ഫോഡ് പ്രഭു'വിനേയും ഇവിടെയാണത്രെ തടവിലിട്ടതു്. അവൎക്കു കുട്ടിയുണ്ടായാൽ രാജ്യത്തിന്ന് അവകാശവാദം പുറപ്പെടുമെന്നു ഭയപ്പെട്ട് ഭാര്യാഭർത്താക്കന്മാരെ ഒന്നിച്ചുകാണുവാൻ അനുവദിക്കാതെ പ്രത്യേകം മുറികളിലാണു തടവിലിട്ടിരുന്നതു്. എന്നിട്ടും രണ്ടുതവണ 'കാതറൈൻ' പ്രസവിച്ചു. കോപാകുലയായ രാജ്ഞി ടവർ ഉദ്യോഗസ്ഥനേയും തടവിലിട്ടു.

കുറച്ചുകൂടിച്ചെന്നാൽ 'ട്രേയ്റേറസ്ഗേററും' 'സെൻ തോമസ് ടവറും' ആയി. പണ്ടു രാജദ്രോഹികളായ പ്രഭുക്കന്മാരെ കരവഴി ലണ്ടനിൽക്കൂടി ടവറിലേയ്ക്കു കൊണ്ടുപോകുമ്പോൾ വഴിക്കുവെച്ചു നാട്ടുകാർ പലപ്പോഴും അവരെ രക്ഷപ്പെടുത്തിയിരുന്നതുകൊണ്ട് തെംസുനദി വഴിയായിത്തന്നെ തടവുകാരെ ടവറിലേയ്ക്കു് നേരിട്ടു കൊണ്ടുപോകുവാൻ 'ഹെൻറി മൂന്നാമൻ' ഉണ്ടാക്കിച്ചതാണു് 'ട്രേയ്റേറസ്ഗേററ്.' ഈ 'രാജദ്രോഹികളുടെ

വാതിൽ'വഴി അകത്തുകടന്നവക്കാക്കും മടങ്ങിപ്പോകേണ്ടിവരാറില്ല. ഈ വഴിയായി ടവറിലേയ്ക്കുവന്നവരാണ് സർ തോമസ്മൂർ, ഹെൻറി എട്ടാമന്റെ ഭാര്യമാരായ ആൻബൊളിൻ, കാതറൈൻ ഹവേർഡ്, ജേൻഗ്രേ എന്നീ രാജ്ഞിമാർ, ആറേഴ ബിഷപ്പുമാർ, മോൺമത്ത് പ്രഭു, എലിസബത്ത് രാജകുമാരി തുടങ്ങിയവർ. ഇവരിൽ എലിസബത്ത് മാത്രമേ ടവറിൽനിന്നു തിരിച്ചുപോകയുണ്ടായിട്ടുള്ളു.

സെൻതോമസ് ടവറും ഹെൻറി മൂന്നാമന്റെ കാലത്തുതന്നെ(എ. ഡി. 1242-ൽ)യാണ് നിർമ്മിക്കപ്പെട്ടത്. പണിയുന്നതിനിടയിൽ അതു രണ്ടുതവണ തകൻവീണുവെന്നും 'തോമസ് ബെക്കറ്റി'ന്റെ സ്മാരകമാക്കി 'സെൻതോമസ് ടവർ' എന്ന പേർ കൊടുത്തതിന്നു ശേഷമാണ് ഇതു മുഴമിക്കുവാൻ സാധിച്ചതെന്നും പറയപ്പെടുന്നു. ഇന്നും ആ കെട്ടിടത്തിന്ന് വലിയ കേടൊന്നുമില്ല. 'സർ വാൾട്ടർറാലി'യെ ആദ്യം ഇവിടെയാണു തടവിലിട്ടതു്. എലിസബത്ത് ത്രോഗ്മോർട്ടനുമായുള്ള അദ്ദേഹത്തിന്റെ വിവാഹവും ഈ ടവറിലെ പള്ളിയിൽവെച്ചു തന്നെയാണ് ഉണ്ടായതു്.

നേരെ കുറച്ചുകൂടി നടന്ന് ഇടത്തോട്ടു തിരിഞ്ഞാൽ കോട്ടയുടെ നടുവിലുള്ള 'വൈറ്റ് ടവർ' ആയി. ഇതാണ് കോട്ടയുടെ ഏററവും പുരാതനമായ ഭാഗം. നോർമ്മൻ രാജാവായ വില്ല്യം ഒന്നാമനാണിതു പണിചെയ്യിച്ചതു്. ഏതാണ്ട് ചതുരത്തിലുള്ള ഒരു വലിയ കെട്ടിടമാണിതു്. (ഓരോ ഭാഗത്തിന്നും ഓരോ നീളമാണുള്ളതു്!) മൂന്നു നിലകളുള്ള ഈ കെട്ടിടത്തിന്റെ അടിയിലെ ചുമ

രിന്നു പതിനഞ്ചടിയും മുകളിലേതിന്നു് പതിനൊന്നടിയുമാണു് വണ്ണം.

ഇംഗ്ലണ്ടിൽ പുരാതനകാലം മുതല്ക്കു് അടുത്തകാലം വരെ ഉപയോഗിച്ചിരുന്ന യുദ്ധസാമഗ്രികൾ പലതും ഇവിടെ പ്രദർശനത്തിന്നുവെച്ചിട്ടുണ്ടു്. ഒരു ഭാഗത്തു മുഴുവൻ വാളുകളും കഠാരികളും, മറെറാരിടത്തു് കുന്തങ്ങൾ, മഴുകൾ മുതലായവയും പലതരത്തിലുള്ള വില്ലുകളും കവണകളും; ഒരു ഹാൾ മുഴുവൻ അനേകം വ്യത്യസ്തമോഡലുകളിലുള്ള തോക്കുകൾ. ദേഹം മുഴുവൻ മറച്ചുകൊണ്ടുള്ള ലോഹനിർമ്മിതമായ പലതരം പോർച്ചട്ടകളും അവിടെക്കാണാം. അധികവും ട്യൂഡർ രാജാക്കന്മാരുടെ കാലത്തുണ്ടായിരുന്നതാണു്. യുദ്ധത്തിന്നു കോപ്പണിഞ്ഞു നില്ക്കുന്ന കുതിരകളുടെ പ്രതിരൂപങ്ങളും അവിടെയുണ്ടു്. നിലവറയിലാണു് പീരങ്കികളും മററും ഇന്നു കാഴ്ചയ്ക്കു വെച്ചിട്ടുള്ളതു്. തടവുകാരെ മർദ്ദിക്കുവാനുപയോഗിച്ചിരുന്ന പലതരത്തിലുള്ള ഉപകരണങ്ങളും, വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുടെ കഴുത്തുവെട്ടുവാനുപയോഗിച്ച മഴുവും, കഴുത്തുവെയ്ക്കുവാനുള്ള മരപ്പലകയും ഇന്നും ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുണ്ടു്.

ഈ ടവറിൻെറ മുകളിലത്തെ നിലയിലുള്ള കൗൺസിൽ മുറിയാണു് ഷേക്‌സ്പിയരുടെ 'റിച്ചാഡ് III' നാടകത്തിലെ ഒരു രംഗം. എലിസബത്തു രാജ്ഞിയുടെ കാലംവരെ ഈ ടവറായിരുന്നു ഇംഗ്ലണ്ടിലെ രാജധാനി. ഇവിടെ തടവിലാക്കപ്പെട്ടവരും വധിക്കപ്പെട്ടവരും അസംഖ്യമാണു്. ഏ. ഡി. 1278-ൽ അറുന്നൂറിലധികം ജൂതന്മാരെ ഇതിലെ നിലവറയിൽ അടച്ചിടുകയുണ്ടായി;

പണ്ടു യുദ്ധത്തിൽ തടവുകാരായിപ്പിടിക്കുന്നവരെ പലരേയും ഇതിന്നുള്ളിൽ ഇടാറുണ്ടത്രെ.

വൈററ് ടവറിന്റെ വടക്കപടിഞ്ഞാറുഭാഗത്തായി മുററത്തു് പണ്ടുണ്ടായിരുന്ന വദ്ധ്യശിലയുടെ സ്ഥാനം ഇന്നും കാണാം. രാജ്ഞിമാരേയോ വലിയ പ്രഭുക്കന്മാരേയോ കൊല്ലാറുള്ളതു് ഇവിടെവെച്ചാണു്. കോട്ടയ്ക്കു പുറത്തുള്ള 'ടവർ ഹില്ലി'ൽ വെച്ചു വധിക്കുന്നപക്ഷം ചിലപ്പോൾ നാട്ടിൽ ലഹളയുണ്ടായേയ്ക്കുമെന്ന ഭയന്നാണിങ്ങനെ ചെയ്യാറുള്ളതു്. ഇവിടെ മരിച്ചവരിൽ പ്രധാനപ്പെട്ടവർ ഹെൻറി എട്ടാമന്റെ ഭാര്യമാർതന്നെയാണു്. ആൻ ബൊളിൻ (എലിസബത്തിന്റെ അമ്മ) എ. ഡി. 1536-ലും കാതറൈൻ ഹൊവേഡ് 1542-ലും കൊല്ലപ്പെട്ടു. മഴുകൊണ്ടു വെട്ടുന്നതിന്നുപകരം വാളുകൊണ്ടുതന്നെ വെട്ടണമെന്ന ആൻബൊളിന്റെ അപേക്ഷ നിരസിക്കത്തക്ക കഠിനഹൃദയനായിരുന്നില്ലത്രെ ഹെൻറി. ഒമ്പതു ദിവസം രാജ്ഞിയായ 'ജേൻഗ്രേ'യ്ക്കും 1554-ൽ ഇവിടെവെച്ചുതന്നെ മരിക്കേണ്ടിവന്നു.

'വൈററ് ടവർ' കഴിഞ്ഞാൽ പിന്നീടു് ക്രൂരതയ്ക്കു മുഖ്യസ്ഥാനം 'ബ്ലഡി ടവ'റാണു്. എ. ഡി. 1483-ൽ രണ്ടു രാജകുമാരന്മാരെ—എഡ്വേഡ് അഞ്ചാമനേയും അനുജൻ യോക്കിലെ പ്രഭുവിനേയും—യോക്കിലെ പ്രഭു (പിന്നീടു് റിച്ചാഡ് മൂന്നാമനായി) കൊല്ലിച്ചതു് ഇവിടെവെച്ചാണത്രെ. ഉറങ്ങിക്കിടക്കുന്ന ആ കുട്ടികളെക്കൊന്നു ശവം ഒളിവിൽ കുഴിച്ചിടുകയാണത്രെ ഉണ്ടായതു്. പത്തിരുനൂറുകൊല്ലം കഴിഞ്ഞതിന്നുശേഷമാണു് അവരുടെ എല്ലുകൾ കണ്ടുകിട്ടിയതു്.

ആർച്ച്ബിഷപ്പ് ക്രാൻമറും, റിഡ്ലി, ലാററിമർ എന്നീ ബിഷപ്പുമാരും ഏ. ഡി. 1555-ൽ അവിശ്വാസികളെന്ന കുററത്തിന്ന് ഇതിലേയ്ക്കു തള്ളപ്പെട്ടു. കത്തോലിക്കമതം ഉപേക്ഷിക്കുവാൻ കൂട്ടാക്കാത്തതുകൊണ്ടു് അവർ തീയിൽക്കിടന്നു മരിക്കേണ്ടിവന്നു.

സർ വാൾട്ടർ റാലിക്ക് പത്തുപതിമൂന്നു കൊല്ലത്തോളം ഈ ടവറിൽ കാരാഗൃഹവാസമനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. ഇവിടെവെച്ചാണദ്ദേഹം 'ലോകചരിത്രം' എഴുതിയതു്. ആ പുസ്തകത്തിൻെറ ഒരു പ്രതി ഇന്നവിടെ കാഴ്ചയ്ക്കുവെച്ചിട്ടുണ്ടു്. അവസാനം 1618-ൽ അദ്ദേഹവും വധശിക്ഷയ്ക്കു വിധേയനായി. വേറെയും അനേകം പ്രബലന്മാർ ഇവിടെ ബന്ദികളായിട്ടുണ്ടു്. ഒടുവിലത്തെ തടവുകാരൻ 1820-ൽ എത്തിയ 'അർതർ തിസിൽവുഡ്' ആയിരുന്നു. രാജ്യദ്രോഹകുററത്തിന്ന് അദ്ദേഹത്തെ തൂക്കിക്കൊല്ലുകയാണുണ്ടായതു്.

അനേകം തടവുകാർ കിടന്നിട്ടുള്ളൊരു സ്ഥലമാണു് ബ്യൂക്കമ്പ്ടവറും (Beauchamp Tower) ചുമരിലെക്കല്ലിന്മേലും മററും തടവുകാർ പല അക്ഷരങ്ങളും കൊത്തിയിട്ടുള്ളതു് ഇപ്പോഴും തെളിഞ്ഞുകാണാം. Jane എന്ന പേർ രണ്ടു ദിക്കിൽ ഉണ്ടു്. 'ജേൻഗ്രെ' കൊത്തിയതാണോ അതെന്നറിഞ്ഞുകൂടാ. അവരെ മാത്രമല്ല, അവരുടെ പിതാവിനേയും സഹോദരന്മാരേയും ലണ്ടൻടവറിൽ തടവിലിടുകയുണ്ടായിട്ടുണ്ടു്. ടവർഹില്ലിൽവെച്ചു തലവെട്ടിക്കളഞ്ഞ ഭർത്താവിൻെറ ഉടൽ കോട്ടയ്ക്കുള്ളിലേയ്ക്കു കൊണ്ടുവരുന്നതവർ കാണുകയുണ്ടായത്രെ. അ

വരെ കോട്ടയ്ക്കകത്തുള്ള വദ്ധ്യശിലയിൽവെച്ചാണ് കൊന്നതെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ബ്യൂക്കമ്പ് ടവറിലല്ല ജേൻഗ്രേ കിടന്നിരുന്നതെന്നാണ് പറയപ്പെട്ടുന്നതു്.

ലണ്ടൻ ടവറിന്നുള്ളിൽ നാലഞ്ചു റാവൻ പക്ഷികളെ വളർത്തുന്നുണ്ടു്. ലണ്ടനിൽ ഈ പക്ഷികളില്ലാതായാൽ ഇംഗ്ലണ്ടും ബ്രിട്ടീഷുസാമ്രാജ്യവും നശിക്കുമെന്നാണത്രെ പഴയ വിശ്വാസം. കണ്ടാൽ വലിയ കാക്കകളാണെന്നേ തോന്നുകയുള്ളൂ. വലിയ വിലകൊടുത്തു വാങ്ങിക്കൊണ്ടുവന്നതാണിവ. ഒന്നു ചത്താൽ ഉടനെ മറെറാന്നിന്നു് ഓർഡർ ചെയ്യുകയായി. ഇവയ്ക്കെല്ലാം സൂക്ഷിപ്പുകാരും ഡാക്ടരുമുണ്ടു്. ദൂരെപ്പറന്നുപോകാതിരിക്കുവാൻ ഇടയ്ക്കു ചിറകുകൾ കുറെ മുറിച്ചുകളയുകയും ചെയ്യും.

കോട്ടയ്ക്കുള്ളിലുള്ള പള്ളിയാണ് 'സെൻപീററർ അഡ്‌വിൻകല'. ഭാഗ്യംകെട്ട പല മഹാന്മാരുടേയും ശവം മറവു ചെയ്തിട്ടുള്ളതിവിടെയാണ്. ഭാഗ്യവാന്മാരായ രാജാക്കന്മാർക്കും മററും മരിച്ചാൽ 'വെസ്റ്റ്മിൻസ്റ്റർ' പള്ളിയിൽ സ്ഥാനമുണ്ടു്; എന്നാൽ അവരേക്കാൾ ഒട്ടുംതന്നെ കുറയാത്ത രാജ്യസ്നേഹമുള്ള പല മഹാന്മാരേയും നിർഭാഗ്യവശാൽ യുദ്ധത്തിൽത്തോററതുകൊണ്ടു രാജ്യദ്രോഹികളെന്ന പേരിൽ വധശിക്ഷയ്ക്കിരയാക്കി മറവുചെയ്തിട്ടുള്ളതിവിടെയാണ്. ഇതിനെപ്പററി 'മെക്കാളെ' പറയുകയാണ്:

"In truth there is no sadder spot on the earth than that little cemetery. Death is there asso-

ciated, not as in Westminster Abbey and St. Poul's with genius and virtue, with public veneration and with imperishable renoun; but with whatever is darkest in human nature and in human destiny, with the savage triumph of implacable enemies, with the inconstancy, the ingratitude, the cowardice of friends, with all the miseries of fallen greatness and of blighed fame."

ലണ്ടൻടവർ മുഴുവൻ നടന്നു കാണുകയും, അവിടവിടെ ഓരോ സ്ഥലത്തിന്റെ പ്രാധാന്യത്തെപ്പററി 'ഗൈഡി'ന്റെ പ്രസംഗം കേൾക്കുകയും, മാന്യമായനിലയിൽ ജീവിച്ചിരുന്ന പല മഹാന്മാരും അനുഭവിക്കേണ്ടിവന്ന ക്രൂരയാതനകൾ മനസ്സിലാക്കുകയും ചെയ്യുന്നതോടുകൂടി പാശ്ചാത്യപരിഷ്കാരത്തിന്റെ സംസ്കാരശൂന്യതയെപ്പററിയും ജീവിതസുഖത്തിന്റെ നിസ്സാരതയെപ്പററിയും പല പല ചിന്തകളും മനസ്സിൽ അലയടിക്കാതിരിക്കയില്ല.

ഇനി കിരീടങ്ങളും മററും സൂക്ഷിച്ചിട്ടുള്ള മുറിയിലേയ്ക്കു പോകാം. അവിടെ ക്രൂരതയുടെ പൈശാചികമായ വിളയാട്ടത്തിന്റെ സ്മാരകങ്ങൾ അത്ര വ്യക്തമായിക്കാണുകയില്ല. 'ക്രോംവെല്ലി'ന്റെ കാലത്തു് പഴയ കിരീടങ്ങളെല്ലാം ഉരുക്കി വിററുകൊണ്ടു് അതിനുശേഷമുള്ളവമാത്രമേ ഇന്നവിടെ സൂക്ഷിക്കപ്പെട്ടുകാണുന്നുള്ളൂ. ചാൾസ് രണ്ടാമനുണ്ടാക്കിയ കിരീടം (കുള്ളിനാൻ തുടങ്ങിയ മൂവായിരം രത്നങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുള്ളതാണിതു്), ഡില്ലി ദർബാറിന്നു് ജോർജ്ജ് അഞ്ചാമനുണ്ടാക്കിയ കിരീടം (ഇതിൽ ആറായിരം രത്നങ്ങൾ ഉണ്ടു

ത്രെ), രാജചിഹ്നമായ കനകച്ചെങ്കോലുകൾ (Sceptre), (ഇതിലൊന്നിലാണ് 'കുള്ളിനാൻ' രത്നത്തിൽനിന്നു മുറിച്ചെടുത്തതും ലോകത്തിലേററവും വലിയതുമായ രത്നം പതിച്ചിട്ടുള്ളത്), സ്വർണ്ണത്തളികകൾ, രാജ്യാഭിഷേകത്തിന് എണ്ണയെടുക്കുവാനുള്ളതും ഒരു പക്ഷിയുടെ ആകൃതിയിലുള്ളതുമായ പാത്രം, ഉപ്പിടുവാനുള്ള അനേകം സ്വർണ്ണപ്പാത്രങ്ങൾ, പ്ലേററുകൾ, രത്നം പതിച്ച വാളുകൾ മുതലായി പലതും ഇവിടെ കാണുവാനുണ്ട്. ഭാരതത്തിന്റെ ആ സുപ്രസിദ്ധമായ 'കോഹിനൂർ' രത്നം പതിച്ച കിരീടം രാജ്ഞിമാർക്കു മാത്രമുള്ളതാണത്രെ. പുരുഷന്മാർ അതു ധരിച്ചാൽ ആപത്തു വരുമെന്നാണ് വിശ്വാസം.

അടുത്തകാലത്ത് രാജാക്കന്മാരോ രാജ്ഞിമാരോ ഈ ലണ്ടൻടവറിൽ വരിക പതിവില്ല. ഇവിടെ വന്നാൽ ഭാഗ്യക്കേടുണ്ടാകുമത്രെ. എഡ്വേഡ് എട്ടാമൻ ടവർകാണുവാൻ വന്നു; അദ്ദേഹത്തിന് രാജ്യം നഷ്ടപ്പെടുകയും ചെയ്തു! അന്ധവിശ്വാസത്തെ ആക്ഷേപിക്കുന്നവർ ലോകത്തിൽ ധാരാളമുണ്ടാകാം; ഉപേക്ഷിക്കുന്നവർ ചുരുങ്ങും.

ടവറിലെ വാർഡർമാരെല്ലാം പണ്ടത്തെ വേഷം തന്നെയാണിന്നും ധരിക്കുന്നത്. പ്രഭുത്വത്തിന്റെ നാടകീയമായ വിളയാട്ടം ഇവിടെ ഇപ്പോഴും കാണാം.

3

മെഴുകുപ്രതിമാനിർമ്മാണകലയിൽ മഡാം തുസ്സോ (Madame Tussaud)വിനോടു കിടപിടിക്കുവാൻ ആർക്കും

സാധിച്ചിട്ടില്ല. ഇംഗ്ലണ്ടിൽ നൂററമ്പതുകൊല്ലം മുമ്പ് അവർ തുടങ്ങിയ പ്രതിമാപ്രദർശനം ഇന്നും ജനങ്ങളെ ആയിരക്കണക്കായി ആകർഷിച്ചുകൊണ്ടിരിക്കുന്നു. പ്രദർശനം കാണുവാൻ ബേക്കർതെരുവിലുള്ള ആ വലിയ കെട്ടിടത്തിലേയ്ക്കു് ഞാനും ഒരു ദിവസം കയറിച്ചെന്നു.

മൂന്നു ഷില്ലിങ്ങാണു പ്രവേശനപ്പീസ്. ചുവട്ടിലെ മുറിയിലേയ്ക്കു പോകുവാൻ വെവ്വേറെ പെൻസു വേറെയും. പ്രതിമകൾ ആരുടെയാണെന്നും മററുമുള്ള വിവരമറിയുവാൻ 'ഗൈഡു' വാങ്ങുന്നമെങ്കിൽ രണ്ടു ഷില്ലിങ്ങു പിന്നെയും ചെലവാക്കണം.

ടിക്കററു വാങ്ങി അകത്തു കടന്നാൽ ഹാളിൽ ഒരു ഭാഗത്തു ഗൈഡുപുസ്തകവും ചിത്രങ്ങളും മററും വെച്ചുകൊണ്ടു് ഒരു 'കൗണ്ടറി'ൽ രണ്ടു സ്ത്രീകളെക്കാണാം. ഒരാൾ കസേലമേൽ ഇരുന്നുകൊണ്ടു് എന്തോ എഴുതുകയാണു്; മറേറവൾ ഒരു ഗൈഡുപുസ്തകവും കയ്യിൽ നീട്ടിപ്പിടിച്ചു പുഞ്ചിരികൊണ്ടു നമ്മെ മയക്കി പുസ്തകം വാങ്ങിക്കുവാൻ ശ്രമിക്കയുമാണു്. പുസ്തകം വാങ്ങുവാൻ ഞാനങ്ങോട്ടു ചെന്നു കൈ നീട്ടി; പക്ഷെ, അവൾ തരുന്നില്ല. അതൊരു പ്രതിമയാണെന്നപ്പോഴാണെനിക്കു മനസ്സിലായതു്. ഈ രണ്ടു പ്രതിമകളും ഞാൻ ഒന്നുകൂടി സൂക്ഷിച്ചു നോക്കി. നല്ല ചൈതന്യമുള്ള പ്രതിമകൾ! അപ്പോഴയ്ക്കും കസേലമേൽ ഇരിക്കുന്ന 'പ്രതിമ' എഴുന്നേററുവന്നു് എന്താണു വേണ്ടതെന്നു ചോദിച്ചു. അതു ജീവനുള്ള മദാമതന്നെയാണു്. ഞാൻ ഗൈഡു വാങ്ങി മുകളിലേയ്ക്കു പുറപ്പെട്ടു.

ഇതാ വാതില്ക്കൽ ഒരു പോലീസുകാരൻ! ഇവിടെ പോലീസുപാറാവിന്റെ ആവശ്യം കാണുന്നില്ലല്ലോ. ഇതുമൊരു പ്രതിമയായിരിക്കാമെന്നു കരുതി ഞാൻ ഉററു നോക്കി. തീർച്ചപ്പെടുത്തുക എളുപ്പമായിരുന്നില്ല. കുറേക്കൂടി അടുത്തുചെന്നു നല്ലവണ്ണം നോക്കിയപ്പോഴാണു പ്രതിമതന്നെയാണെന്നു മനസ്സിലായത്.

ലോകത്തിൽ പ്രസിദ്ധിനേടിയിട്ടുള്ള പല മഹാന്മാരുടേയും പ്രതിമകൾ ഇവിടെയുണ്ട്. ഇംഗ്ലണ്ടിലെ രാജകുടുംബാംഗങ്ങളെല്ലാം ഒരു ഭാഗത്ത്. മററൊരുഭാഗത്തു ചർച്ചിൽ, ഏഡൻ മുതലായ ഇപ്പോഴത്തെ മന്ത്രിസഭാംഗങ്ങളും ചില പ്രതിപക്ഷനേതാക്കന്മാരും. പണ്ടു പ്രധാനമന്ത്രിയായിരുന്ന പിററ്, ഗ്ലാഡ്സ്റ്റൺ, ഡിസ്റേലി തുടങ്ങിയവർക്കും ഇവിടെ സ്ഥാനമുണ്ട്. ഒരിടത്തിതാ അമേരിക്കൻ പ്രസിഡണ്ടുമാർ, അബ്രഹാംലിങ്കൺ തുടങ്ങി ട്രൂമാൻ തുടങ്ങിയവരെല്ലാം. ഐസൻഹവറും ഇവിടെ നില്ക്കുന്നുണ്ട്; മക്കർതറുടെ കൂട്ടത്തിലാണെന്നേയുള്ളു. വിദേശങ്ങളിലെ നേതാക്കന്മാരെയും ഇവിടെക്കാണാം. സ്റ്റാലിൻ, മൊളൊട്ടോവ്, ഷുക്കോ എന്നീ റഷ്യൻ നേതാക്കന്മാർ, മാർഷൽ ടിറേറാ (യുഗോസ്ലാവിയ), ഫ്രാങ്കോ (സ്പെയിൻ), ചിയാങ്ങ്കെയ്ഷെക്ക് (നാഷനലിസ്റ്റ് ചൈന), ഹൈലിസെലാസി (അബിസിനിയ) തുടങ്ങിയ പലരും ഇവിടെ സ്ഥലം പിടിച്ചിട്ടുണ്ട്. പേർഷ്യയിലെ മൊസ്സാദിക്കും പുതുതായി വന്നുചേർന്നിരിക്കുന്നു. ജനറൽ നഗീബ് എത്തിക്കഴിഞ്ഞിട്ടില്ല കോമൺവെൽത്തിൽ നിന്നു നെഹ്റു, ജിന്ന, മലാൻ, സേനാനായകെ, മെൻസിസ് എന്നിവരെയെല്ലാം കണ്ടു. മററു പ്രതിമകളോളം

ന്നായിട്ടില്ല നെഹ്റുവിന്റേതു്; ഒരു വിഷാദച്ഛായയും ചൈതന്യക്കുറവുമാണു് ആ കണ്ണുകളിൽ നിഴലിക്കുന്നതു്. മറ്റെല്ലാവരുടേയും പ്രതിമകൾപോലെ നെഹ്റുവിന്റെ പ്രതിമയ്ക്കു ശരിയായ ജീവൻ കാണാത്തതെന്താണെന്നാലോചിച്ചുകൊണ്ടു ഞാനാ പ്രതിമയുടെ മുമ്പിൽ സ്തംഭിച്ചു നില്ക്കയാണു്. രണ്ടു മദാമ്മമാർ ഗൈഡ്പുസ്തകവും മലർത്തിപ്പിടിച്ചുകൊണ്ടു് എന്റെ മുഖത്തേയ്ക്കു തുറിച്ചു നോക്കുകയാണു്; ഇതേതു പ്രതിമയാണെന്നു നോക്കിയതായിരിക്കാം. ഞാൻ സചേതനനായ മനുഷ്യൻതന്നെയാണെന്നു മനസ്സിലായതോടുകൂടി അവരുടെ നോട്ടം മറ്റൊരിടത്തേയ്ക്കായി. യുധിഷ്ഠിരനു മയൻ തീർത്തുകൊടുത്ത കൊട്ടാരത്തിലെ സ്ഥലജലഭ്രാന്തിയേയും മററും പററി കവികൾ വർണ്ണിച്ചിട്ടുള്ളതു് അസംഭാവ്യമല്ലെന്നു് ഇവിടെ വന്നാൽത്തോന്നും.

സുപ്രസിദ്ധ സാഹിത്യകാരന്മാരെയെല്ലാം ഒരുമിച്ചു കാണണമെങ്കിൽ ഇങ്ങോട്ടു വരികയേ വേണ്ടു. ഷേക്സ്പിയർ, ബേക്കൺ, ഡിക്കൻസ്, കിപ്ലിങ്, ബർണ്ണാഡ്ഷാ, വെൽസ്, മിൽട്ടൻ, ബൈറൻ തുടങ്ങിയ ഇംഗ്ലീഷ് സാഹിത്യകാരന്മാരും, വിക്തർ യൂഗോവും, ഇംഗ്ലണ്ടിൽ ആദ്യമായി അച്ചടിയന്ത്രം സ്ഥാപിച്ച 'കാക്സ്റ്റ'ണും എല്ലാം കാലദേശവ്യത്യാസം കൂടാതെ ഒത്തൊരുമിച്ചു കൂടിയിരിക്കുന്നു.

വില്യം ഒന്നാമന്റെ കാലംമുതൽക്കുള്ള മഹാരാജാക്കന്മാരും ഇവിടെയുണ്ടു്. ആറു ഭാര്യമാരുടെ നടുവിലായി തടിച്ചുയർന്നു നില്ക്കുന്ന ഹെൻറി എട്ടാമനെ ഒരിക്കൽ കണ്ടാൽ മറക്കുകയില്ല. ലൂയി പതിനാറാമൻ, ജോൺ

ഓഫ് ആക്ക്, വോൾട്ടയർ, മേരി അന്തോനെത്ത്, നെപ്പോളിയൻ തുടങ്ങിയ ഫ്രഞ്ചുകാർക്കും ഇവിടെ സ്ഥാനമുണ്ട്. മദാം തുസ്സോവിന്റെതന്നെ ഒരു പ്രതിമയും ഇവിടെക്കാണാം.

ഗാന്ധിജിയുടേയും ഒരു പ്രതിമയില്ലാതില്ല. പക്ഷെ, അതും ഏതാണ്ട നെഹ്റുവിന്റേതുപോലെത്തന്നെ മിഴിവു കുറഞ്ഞതാണു കാണപ്പെട്ടതു്.

ബി. ബി. സി. താരങ്ങൾക്ക് ഒരു പ്രത്യേകവിഭാഗം നീക്കിവെച്ചിട്ടുണ്ട്. സിനിമാതാരങ്ങളിൽ ചാർളി ചാപ്ലിൻ, ഗ്രീയർ ഗാർസൺ, സർ റിച്ചാഡ്സൺ, ലാറൻസ് ഒലിവിയർ, വിവിയൻ ലെയ്, ബെററി ഡേവീസ്, ഡാനി കേ തുടങ്ങിയ പത്തുപതിനാറുപേരേയും ഇവിടെ നല്ല സൗകര്യമായിക്കാണാം. സ്പോർട്ട്സിൽ പ്രസിദ്ധി നേടിയവർക്കും സ്ഥാനമുണ്ട്. ടർപ്പിൻ, ഗാഡ്നർ, ബ്രാഡ്മാൻ എന്നിവരെല്ലാം അതിൽപ്പെടും.

ഇതിന്നുപുറമെ ചില പ്രസിദ്ധരംഗങ്ങളും കാലത്തിന്നു മായ്ക്കുവാൻ കഴിയാത്ത വിധത്തിൽ ഇവിടെ പകർത്തിവെച്ചിട്ടുണ്ട്. ഇതാ എന്റെ മുമ്പിൽ സ്കോട്ടുരാജ്ഞിയായ മേരിയെ വധിക്കുന്ന രംഗം. മരിക്കുവാൻ തയ്യാറായി പലകമേൽ കഴുത്തുവെച്ചുകൊണ്ടുള്ള രാജ്ഞിയുടെ കിടപ്പും മഴുവുയർത്തിനില്ക്കുന്ന ആരാച്ചാരുടെ നിലയും ചുററും നില്ക്കുന്ന മററുള്ളവരുടെ മുഖഭാവവും എല്ലാംകൂടി ആ രംഗം ഭയങ്കരമായിരിക്കുന്നു. സുന്ദരിയായ രാജ്ഞിയുടെ വെളുത്ത കഴുത്തു തെളിഞ്ഞുമിന്നുന്നു. മഴു അങ്ങോട്ടു താഴുന്നു.

അടുത്ത രംഗം നെപ്പോളിയന്റെ മരണശയ്യയാ

ണ്ട്. നെൽസൺ മരിക്കാറായിക്കിടക്കുന്ന രംഗവും ഭംഗിയായിക്കാണിച്ചിരിക്കുന്നു. ഫ്രഞ്ചുവിപ്ലവകാലത്തു പ്രഭുക്കളേയും മററും കൊല്ലുവാൻ ഉപയോഗിച്ചിരുന്ന 'ഗില്ലററിൻകത്തി'യും ഇവിടെ പ്രദർശനത്തിൽക്കാണാം. ഏ. ഡി. 1604-ൽ പാർളിമെണ്ടുമന്ദിരം കത്തിച്ചുകളയുവാൻ ശ്രമിക്കുന്ന 'ഗൈ ഫോക്സി'നെ അറസ്ററുചെയ്യുന്നതാണു മറെറാരു രംഗം.

ഏററവും ചുവട്ടിലുള്ള നിലവറയിലാണ് അതിനീചന്മാരായ കൊലയാളികളേയും മററും കിടത്തിയിട്ടുള്ളത്. മദ്ധ്യമകാലത്ത് (15-17 നൂററാണ്ടുകളിൽ) യൂറോപ്പിലെ നീതിന്യായപരിപാലനരീതികൾ ചിത്രീകരിച്ചിരിക്കുന്നതു ഗാരുഡപുരാണത്തിലെ നരകവർണ്ണനയോടു കിടപിടിക്കത്തക്ക നിലയിലാണ്. മാരിഅന്തൊനത്ത്, ലൂയി പതിനാറാമൻ എന്നിവരുടെ വെട്ടിമുറിച്ച തലയും ഇവിടെയുണ്ട്; എല്ലാം മെഴുകുകൊണ്ടുണ്ടാക്കിയവതന്നെ. ഹിററ്ലർ, മുസ്സലീനി, ഗൊബ്ബൽസ്, ഗൊറിങ്ങ്, റിബ്ബൺട്രോപ് എന്നിവർക്കെല്ലാം ഇവിടെയാണു സ്ഥാനം. ഈ രംഗത്തിൽ ഇനി ആർക്കൊക്കെയാണു സ്ഥാനം കിട്ടുന്നതെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

അടുത്തുവരുന്ന ജൂൺമാസത്തിൽ നടക്കുവാൻപോകുന്ന കിരീടധാരണമഹോത്സവത്തിന്റെ പ്രധാനരംഗം പ്രതിമാരൂപത്തിൽ ഇവിടെയും പ്രദർശിപ്പിക്കുവാനുള്ള ശ്രമം ജാഗ്രതയോടെ നടന്നുവരികയാണത്രെ.

സ്വിററ്സർലണ്ടിൽ ഒരു പാതിരിയുടെ പുത്രിയായി ഏ. ഡി. 1761-ൽ ജനിച്ച മദാംതുസ്സോ ചിത്രകലയിലും മെഴുകുകൊണ്ടുള്ള പ്രതിമാനിർമ്മാണത്തിലും നല്ല

വൈദഗ്ദ്ധ്യം സമ്പാദിച്ചതിന്നുശേഷം കുറെക്കാലം പാരീസ്സിൽത്തന്നെ ഒരു പ്രദർശനം തുടങ്ങി. ഫ്രഞ്ചുവിപ്ലവത്തിന്നെല്ലാം ദൃക്സാക്ഷിയായ അവർക്ക് പ്രസിദ്ധപ്പെട്ട പലരുടേയും പ്രതിമകൾ നിർമ്മിക്കുവാൻ സൗകര്യം ലഭിച്ചു. ഗില്ലറ്റിൻ വീണു മുറിയുന്ന തലകളുടെ പ്രതിരൂപങ്ങൾ ഉണ്ടാക്കുവാൻ അവർക്ക് കല്പന കിട്ടി. കലാനൈപുണ്യം ഒന്നുകൊണ്ടു മാത്രമാണവൾ രക്ഷപ്പെട്ടതു്. തടവിൽക്കിടന്നുകൊണ്ടുതന്നെ വേണ്ടിവന്നു മാസ്കുകളുണ്ടാക്കൽ. 1794-ൽ കാരാഗൃഹത്തിൽനിന്നും വിമുക്തയായി വീണ്ടും പഴയ ജോലിതന്നെ തുടരുവാൻ ശ്രമിച്ചു. അടുത്ത കൊല്ലം അവൾ വിവാഹിതയായി. കുറച്ചുകാലംകൂടി പാരീസ്സിൽ താമസിച്ചതിന്നുശേഷം 1802-ൽ അവർ ലണ്ടനിൽ വന്നു് പ്രതിമാപ്രദർശനം ആരംഭിച്ചു. ബേക്കർ തെരുവിലുള്ള ഒരു കെട്ടിടത്തിലേയ്ക്കു പ്രദർശനം മാററിയതു് 1835-ലാണു്. അനേകം മെഴുകുപ്രതിമകൾ അവർ നിർമ്മിച്ചിട്ടുണ്ടു്. സമകാലികരായ മഹതീമഹാന്മാരെ നേരിട്ടുകണ്ടു നോക്കിപ്പഠിച്ചു് പ്രതിമകൾക്കു തന്മയത്വം വരുത്തുവാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 1850-ൽ അവർ മരിച്ചുപോയി.

പ്രതിമാപ്രദർശനം കുടുംബത്തൊഴിലായി സ്വീകരിച്ചവരാണു് ഇന്നും മദാം തുസ്സോവിൻെറ കുടുംബക്കാർ. ബേക്കർ തെരുവിൽ ആദ്യമുണ്ടായിരുന്ന സ്ഥലത്തുനിന്നു പ്രദർശനരംഗം ഇപ്പോഴത്തെ സ്ഥലത്താക്കിയതു് 1884-ലാണു്. 1925-ൽ ഇതിന്നു വലിയൊരപകടം പററി. എക്സിബിഷനു തീപിടിച്ചു് രണ്ടുമണിക്കൂറുകൊണ്ടു് നൂററമ്പതുകൊല്ലത്തെ പരിശ്രമഫലമായുണ്ടാക്കിയ കലാശി

ല്പങ്ങൾ മിക്കതും നശിച്ചുപോയി. നശിക്കാതെ കിടന്നിരുന്ന മൂശകളിൽനിന്ന് മദാംതുസ്സോവിൻെറ പൗത്രനും അയാളുടെ പുത്രനും കൂടി വീണ്ടും പ്രതിമകളുണ്ടാക്കി 1928-ൽ പ്രദർശനം തുടൻ. കഴിഞ്ഞ യുദ്ധകാലത്ത് ചില നാശങ്ങളെല്ലാം വന്നുവെങ്കിലും അതത്ര സാരമായിരുന്നില്ല. മദാംതുസ്സോവിൻെറ പൗത്രൻെറ പൗത്രനായ 'ബർണ്ണാഡ്' ആണ് ഇന്നു പ്രദർശനത്തിൻെറ ഉടമസ്ഥൻ. അദ്ദേഹത്തിൻെറ കീഴിൽ അനേകം കലാകാരന്മാർ അവിടെ വേലചെയ്യുന്നുണ്ട്.

പ്രതിമകൾ കാലപ്പഴക്കംകൊണ്ടു കേടുവന്നു തുടങ്ങിയാൽ അതുപോലെ പുതിയതുണ്ടാക്കുക, അതാതു കാലത്തു് ലോകപ്രസിദ്ധരായ ജനങ്ങളുടെ പ്രതിമകൾ നിർമ്മിച്ചു പ്രദർശനത്തിനു മാററുകൂട്ടുക, ദിനംപ്രതി പ്രതിമകളുടെ ദേഹവും വസ്ത്രവും വൃത്തിയാക്കുക, ആഴ്ചയിലൊരിക്കൽ തലമുടി കഴുകി ശരിപ്പെടുത്തുക, വസ്ത്രങ്ങൾ വല്ലാതെ പഴകിയാൽ പുതിയതുണ്ടാക്കിവെയ്ക്കുക തുടങ്ങി പല വേലകളും ഇവിടെ ചെയ്തുകൊണ്ടിരിക്കും.

പ്രതിമയുണ്ടാക്കുന്നതിന്നു മുമ്പായി താടി മുതൽ ചെവിവരെയുള്ള ദൂരം, ചുണ്ടിൻെറ നീളം തുടങ്ങി പത്തുപതിനാററളവുകൾ എടുക്കുന്നു. തലമുടിയുടെ തരവും തീർച്ചപ്പെടുത്തും. പിന്നീടു പല ഭാഗത്തു നിന്നുമായി അനേകം ഫോട്ടോ എടുക്കുകയായി. ഇതിൻെറയെല്ലാം സഹായത്തോടുകൂടി ആദ്യം കളിമണ്ണുകൊണ്ടൊരു തലയുണ്ടാക്കുന്നു. ആകൃതി നല്ലവണ്ണം ശരിപ്പെട്ടു കഴിഞ്ഞാൽ 'പ്ലാസ്റ്റർ ഓഫ് പാരീസ്'കൊണ്ടു മൂശയുണ്ടാക്കുകയാണു ചെയ്യുന്നതു്. ഇതു പല കഷണങ്ങളായാണ് വെച്ചുചേർക്ക

ന്നതു്. അവയെല്ലാം വെവ്വേറെയെടുത്തു് ഒന്നിച്ചു ചേർത്തു കെട്ടിയുണ്ടാക്കിയ മൂശയിൽ, മെഴുകും മററു ചില പദാർത്ഥങ്ങളും ഉരുക്കിയതൊഴിക്കയായി. മെഴുകിനുള്ളിൽ വായു ഇല്ലാതാക്കിയതിനുശേഷം പതുക്കെ തണുപ്പിച്ചു് മൂശയെടുത്തു കളഞ്ഞാൽ പ്രതിമയുടെ തലയായി. മറെറാരിടത്തു് കൈയും കാലും ദേഹവും മററും ഇതുപോലെ ഉണ്ടാക്കിക്കഴിഞ്ഞിരിക്കും. ശരിക്കുള്ള മനുഷ്യൻെറ തലമുടിതന്നെയാണു് തലയിൽ ഓരോ രോമമായി കുത്തിയിറക്കുന്നതു്. ചിലക്കു് മീശയും വേണ്ടിവരും! കണ്ണുകൾ വെയ്ക്കുന്നതു വളരെ പ്രയാസമുള്ള ഒന്നാണു്. പിന്നീടു് വേഷവിധാനമായി. ഇപ്പോൾ ചിലരെല്ലാം സ്വന്തം പ്രതിമയ്ക്കു വേണ്ട വസ്ത്രങ്ങളും മററും ഇവക്കു് വെറുതെ കൊടുക്കാറുണ്ടു്.

കലാപോഷണത്തിൽ ലണ്ടനുള്ള സ്ഥാനം അന്യാദൃശമെന്നേ പറയാവൂ.

4

ലണ്ടൻപത്രങ്ങൾ പണ്ടേ പേരുകേട്ടവയാണു്. 'ടൈംസും' 'മാഞ്ചെസ്റ്റർ ഗാർഡിയ'നും അറിയാത്തവർ ചുരുങ്ങും. ലോകത്തിൻെറ നാനാഭാഗത്തും നടക്കുന്ന പ്രധാനപ്പെട്ട വൃത്താന്തങ്ങൾ വിശദവും നിഷ്പക്ഷവുമായി പ്രതിപാദിക്കുന്ന വിശ്വാസയോഗ്യമായ ഒരു പത്രമാണു് 'ടൈംസ്'. ബ്രിട്ടൻെറ ഭരണക്രമം നിയന്ത്രിക്കുന്നവരുടെ ഇടയിൽ ഇതിന്നു് അനിഷേധ്യമായ സ്ഥാനമുണ്ടു്. രാഷ്ട്രീയകാര്യങ്ങളെപ്പററി സ്വതന്ത്രമായി ചിന്തിച്ചെഴുതുന്ന ലേഖനങ്ങൾക്കു പ്രസിദ്ധി കേട്ടതാണു് 'മാ

ഞ്ചെസ്റ്റർ ഗാർഡിയൻ'; വായനക്കാരുടെ ചിന്താമണ്ഡലത്തിലെ മൂടൽമഞ്ഞു മാററിക്കളയുകയാണ് അതിന്റെ ഉദ്ദേശ്യം എന്ന് അതിനെപ്പററിയുള്ള ചില പരസ്യങ്ങളിൽ കാണാം. ഇതു മാഞ്ചെസ്റ്ററിൽനിന്നു പുറപ്പെടുന്ന പത്രമാണെങ്കിലും ലണ്ടനിൽ ഇതിനുള്ള നിലയും പ്രചാരവും നോക്കിയാൽ ഇതുമൊരു ലണ്ടൻ പത്രമാണെന്നു കരുതുന്നതിൽ തെററില്ല.

'ഡെയ്‌ലി എക്സ്പ്രസ്,' 'ഡെയ്‌ലി മെയിൽ,' 'ഡെയ്‌ലി ഹെറോൾഡ്,' 'ന്യൂസ് ക്രോണിക്കിൾ' എന്നിവയാണു സാമാന്യജനങ്ങളുടെ ഇടയിൽ അധികം പ്രചാരമുള്ള പത്രങ്ങൾ. സാധാരണക്കാക്ക് മനസ്സിലാകുന്ന വിധത്തിൽ പ്രസന്നവും ഊജ്ജസ്വലവുമായ ഭാഷ, വായനക്കാരുടെ വികാരങ്ങളെ തട്ടിയുണത്തുവാൻ പയ്യാപ്തമായ പ്രതിപാദനരീതി, ഒററനോട്ടത്തിൽ കായ്യങ്ങൾ ഗ്രഹിക്കുവാൻ സൗകയ്യപ്പെടുന്നതിനുള്ള 'വെണ്ടയ്ക്ക'ത്തലക്കെട്ടുകൾ തുടങ്ങിയതെല്ലാം ഈ പത്രങ്ങളുടെ സാമാന്യസ്വഭാവമാണ്. ഈ 'അമേരിക്കൻ' സമ്പ്രദായത്തിൽ തുടങ്ങിയ ആദ്യത്തെ ലണ്ടൻ പത്രം 'ഡെയ്‌ലി മെയി'ലാണ്. നോത്ത് ക്ലിഫ് പ്രഭു ഏ. ഡി. 1890-ാമാണ്ടിലാണിതു സ്ഥാപിച്ചതു്. അക്ഷരാഭ്യാസം സിദ്ധിച്ചുകഴിഞ്ഞവരും കായ്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കത്തക്ക പഠിപ്പു ലഭിച്ചിട്ടില്ലാത്തവരുമായ സാമാന്യജനങ്ങൾക്കുവേണ്ടിയാണിതാരംഭിച്ചതു്. ഇതിനോടനുബന്ധിച്ചുകൊണ്ടുതന്നെ 'ഈവ്നിങ് ന്യൂസ്' എന്ന സായന്തനപത്രവും 'ഡെയ്‌ലി മിറർ' എന്ന ചിത്രങ്ങൾ നിറഞ്ഞ പത്രവും അദ്ദേഹം നടത്തിവന്നു. ഒന്നാംലോകമഹായുദ്ധകാലത്തു

ലോയ്ഡ് ജോർജ്ജിന്റെ വലംകയ്യായി നിന്നു ഭരണനയ രൂപീകരണത്തിൽ വലിയൊരു പങ്കാണദ്ദേഹം നിർവ്വഹിച്ചതു്. ഇപ്പോൾ ഈ പത്രങ്ങളെല്ലാം 'റോതർമീർ' പ്രഭുവിന്റെ അദ്ധ്യക്ഷതയിലുള്ള 'അസോസിയേററഡ് ന്യൂസ് പേപ്പേഴ്സി'ന്റെ കീഴിലാണു്. 'ഡെയ്‌ലി ഗ്രാഫിക്' എന്ന ചിത്രങ്ങളോടുകൂടിയ ദിനപ്പത്രത്തിന്റെ ഉടമസ്ഥതയും ഇവർ അടുത്തകാലത്തു വാങ്ങുകയുണ്ടായി.

ഇന്നു ലണ്ടനിൽ ഏററവും അധികം പ്രചാരമുള്ള ദിനപ്പത്രം 'ബീവർബ്രൂക്ക്'പ്രഭുവിന്റെ 'ഡെയ്‌ലി എക്സ്പ്രസ്' ആണു്; ദിവസേന നാല്പതു ലക്ഷത്തിലധികം പ്രതികളാണു ചെലവാകുന്നതു്. ഇക്കഴിഞ്ഞ മഹായുദ്ധകാലത്തു ചർച്ചിലിന്റെ മന്ത്രിസഭയിലെ ഒരു പ്രമുഖാംഗമായിരുന്ന ബീവർബ്രൂക്കുപ്രഭു ഭരണകാര്യങ്ങളിൽ നല്ലവണ്ണം കൈകടത്തുന്ന സമ്പ്രദായക്കാരനാണു്. ആരേയും കൂട്ടാക്കാത്ത സ്വഭാവവും 'കുസൃതി'യും ഈ പത്രത്തിൽ കാണാം. 'മെയിൽ'പോലെത്തന്നെ 'എക്സ്പ്രസ്സും' യാഥാസ്ഥിതിക കക്ഷിക്കാരുടെ ഒരു ദിനപ്പത്രമാണു്, പക്ഷെ, ഗവമ്മേണ്ടിനെ പിന്താങ്ങുകയല്ല, നേർവഴിക്കു നയിക്കുകയാണു സ്വന്തം ധമ്മമെന്നു വിശ്വസിക്കുന്ന കൂട്ടത്തിലാണു ബീവർബ്രൂക്ക്പ്രഭു. അദ്ദേഹം ഇന്നും പഴയ ബ്രിട്ടീഷ്സാമ്രാജ്യം സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നു. കോമൺവെൽത്തു രാജ്യങ്ങൾക്കു് അമേരിക്കയുടെ മുമ്പിൽ ഇരക്കേണ്ടിവരുന്ന നില മാററുവാൻ 'ഇമ്പീരിയൽ പ്രിഫറൻസ്' ആവശ്യമാണെന്നു വാദിക്കുവാൻ അദ്ദേഹത്തിന്നു മടിയില്ല. ഇന്ത്യയേയും നെഹ്റുവിനേയും തരം കിട്ടിയാൽ ആക്ഷേപിക്കാതെ വിടുകയില്ല. ബ്രിട്ടീഷ്

കൗൺസിൽ, ആർട്ട് കൗൺസിൽ മുതലായ സാംസ്കാരികപ്രവർത്തനരംഗങ്ങൾ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ വെറും പാഴ്ച്ചെലവിനുള്ള മാർഗ്ഗങ്ങൾ മാത്രമാണ്. ബ്രിട്ടൻ 'യുനെസ്കോ'വിൽനിന്ന് ഒഴിഞ്ഞുപോരണമെന്നുപദേശിക്കുവാൻപോലും അദ്ദേഹത്തിന്റെ പത്രത്തിന്നു മടിയില്ല.

ലേബർ പാർട്ടിക്കാരുടെ ഒരേയൊരു ദിനപ്പത്രമാണ് 'ഡെയ്‌ലി ഹെറാൾഡ്.' നാലാമത്തെ പത്രം 'ന്യൂസ് ക്രോണിക്കിൾ' ആണ്; ഇതു ലിബറൽ കക്ഷിക്കാരുടെയാണെന്നു പറയാം. പണ്ടു 'ഡിക്കൻസ്' പ്രസിദ്ധപ്പെടുത്തിയിരുന്ന 'ഡെയ്‌ലി ന്യൂസും' മറെറാരു നല്ല പത്രമായ 'ഡെയ്‌ലി ക്രോണിക്കി'ളും മററും ഒന്നിച്ചുചേർത്താണ് 1920-ൽ ഈ പത്രമാരംഭിച്ചത്. ഈ പത്രങ്ങളെല്ലാം പ്രചാരം കൂട്ടുവാൻവേണ്ടി അതിശയോക്തി കലൎന്ന ഭാഷയിൽ എന്തും വികാരഭരിതമാക്കി പ്രദർശിപ്പിക്കുവാൻ സാമൎത്ഥ്യമുള്ളവയാണ്.

ലണ്ടനിലെ സായന്തനപത്രങ്ങൾ പ്രധാനമായി മൂന്നെണ്ണമാണ്. 'സ്റ്റാർ,' 'ന്യൂസ്ക്രോണിക്കി'ളിന്റെ കീഴിലുള്ളതാണ്. 'ഈവ്നിങ് ന്യൂസ്' 'ഡെയ്‌ലി മെയി'ലിന്റെ അധീനത്തിൽപ്പെട്ടതാണെന്നു മുമ്പു പറഞ്ഞുവല്ലോ. ബീവർബ്രൂക്കുപ്രഭുവിന്റെ പത്രമാണ് 'ഈവ്നിങ് സ്റ്റാൻഡേർഡ്.' ഇവയ്ക്കെല്ലാം രണ്ടും മൂന്നും പതിപ്പുകളുണ്ടായിരിക്കും. ഉച്ചയ്ക്കു വരുന്ന ആദ്യത്തെ പതിപ്പിൽ പന്തയങ്ങളെപ്പററി പല വിവരവും കാണും; വൈകുന്നേരത്തേതിൽ കളികളുടേയും പന്തയങ്ങളുടേയും മററും ഫലങ്ങളും കണ്ടേയ്ക്കും.

ലണ്ടനിലെ സാമാന്യജനങ്ങൾ എല്ലാം ജോലിക്കാരാണ്. കാലത്ത് എട്ടെട്ടര മണിമുതൽ വൈകുന്നേരം അഞ്ചഞ്ചര മണിവരെ ജോലിചെയ്യേണ്ടിവരും അവർക്ക് സാവധാനത്തിൽ 'ടൈംസോ' 'ഗാർഡിയനോ' വായിക്കുവാൻ ഇടയില്ല. തൊഴിലിന്നു പോകുമ്പോഴും തിരിച്ചു വരുമ്പോഴും ആണ് തൊഴിലാളികളുടെ വായന എല്ലാം ബസ്സിലോ തീവണ്ടിയിലോ വെച്ചുതന്നെ കഴിയും. പത്രം വായിക്കാത്ത തൊഴിലാളിയോ മുതലാളിയോ ലണ്ടൻ പട്ടണത്തിലില്ല.

മനുഷ്യൻെറ വികാരങ്ങളെ തട്ടിയുണർത്തുന്ന തരത്തിലാണു പ്രതിപാദനം. സാമാന്യജനങ്ങൾക്കുള്ള പത്രങ്ങളെക്കുറിച്ച് ബ്രിട്ടീഷ് പാർളിമെണ്ടിലെ ഒരു വനിതാമെമ്പർ, മിസിസ് ബാർബറാ കാസിൽ ഒരിക്കൽ ബ്രിട്ടീഷ് കൗൺസിലിൽവെച്ചു ഞങ്ങളോടു പറയുകയുണ്ടായി, "ഈ പത്രറിപ്പോർട്ടർമാരെക്കൊണ്ടൊരു കാര്യവുമില്ല. ഗൗരവപ്പെട്ട സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെപ്പററി ഞങ്ങൾ ഗാഢമായി ചിന്തിച്ചു വല്ല അഭിപ്രായവും പാർളിമെണ്ടിൽ പറയുകയാണെങ്കിൽ ഇവർക്കതിൽ തീരെ താല്പര്യമില്ല. ഒരുദിവസം നല്ലൊരു തൊപ്പി വെച്ചു പാർളിമെണ്ടിൽച്ചെന്നാൽ അടുത്തദിവസം പത്രങ്ങളിൽ കാണാം, 'വനിതാമെമ്പറുടെ പുതിയ തൊപ്പി.'

കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിന്നു ലണ്ടനിൽ വന്നുചേർന്നവർക്ക് 'ഗിൽഡ്ഹാളി'ൽ വെച്ച് ഹൈകമ്മീഷണർമാർ ഒരു സ്വീകരണം നല്കുകയുണ്ടായി. അതിനെപ്പററിയുള്ള റിപ്പോർട്ടിൻെറ തലക്കെട്ട് 'നാസിമുദിൻ അനർഘവസ്ത്രങ്ങൾ കാണുവാൻ വന്ന

പ്പോഴയ്ക്കും സമയം തെററി' എന്നായിരുന്നു. അതിഥികൾക്ക കാണുവാൻ പ്രദർശിപ്പിച്ചിരുന്ന വിലപിടിച്ച വസ്തുക്കളെല്ലാം രാത്രി 11 മണിയായപ്പോൾ എടുത്തു നീക്കം ചെയ്തു; പാക്കിസ്ഥാൻ പ്രധാനമന്ത്രി പതുക്കെ 11½ മണിയോടുകൂടി അതു കാണുവാൻ വന്നപ്പോൾ ഒഴിഞ്ഞ സ്ഥാനം മാത്രമാണത്രെ കണ്ടതു്!' റിപ്പോർട്ടിലെ മറെറാരു വർത്തമാനം ഫീൽഡുമാഷൽ വില്യംസ്സിം സിലോൺ ഹൈകമ്മീഷണരുടെ പത്നിയായ മിസിസ് വിജയരത്നയ്ക്ക് 'ഷേയ്ക്ക്ഹാൻഡു' ചെയ്യുവാൻ കൈനീട്ടിയപ്പോൾ അവർ അതു സ്വീകരിക്കാതെ പൗരസ്ത്യരീതിയിൽ തൊഴുകയാണു ചെയ്തതു് എന്നാണ്. ആ രംഗത്തിന്റെ ഒരു ചിത്രവും പത്രക്കാർ എങ്ങനെയോ സമ്പാദിച്ചു.

കേരള സാഹിത്യ അക്കാദമി

സാമാന്യജനങ്ങളുടെ പത്രപ്രവർത്തകരുടെ നോട്ടത്തിൽ, 'If a dog bites a man, it is no news; but if the man bites the dog, it is news.' മിസിസ് ബാർബറാ കാസിലിന്റെ അഭിപ്രായത്തിൽ ഇത്തരക്കാരെക്കൊണ്ടു നാട്ടിന്നൊരു പ്രയോജനവുമില്ല.

'ടൈംസി'ന്റെ വഴിയേ പോകുന്ന ഒന്നാണ് 'ഡെയ്‌ലി ടെലഗ്രാഫ്.' ടൈംസ് വായിക്കുവാൻ വേണ്ടിടത്തോളം സമയവും സൗകര്യവും ഇല്ലാത്തവർക്ക് ഒരുവിധം വിശദമായി കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഇതിനു വലിയപ്രചാരമുണ്ടെന്നു പറഞ്ഞുകൂടാ. എല്ലാ പത്രങ്ങളിലും ധാരാളം ചിത്രങ്ങളുണ്ടായിരിക്കും. ചിത്രങ്ങൾക്ക പ്രാധാന്യം കൊടുത്തുകൊണ്ടുള്ള രണ്ടു പത്രങ്ങളാണ് 'ഡെയ്‌ലിമിറ'റും, 'ഡെയ്‌ലിഗ്രാഫിക്കും.' സ്ത്രീകളുടെ ആവശ്യത്തിനായി നോർത്ത്

ക്ലിഫ്പ്രഭു തുടങ്ങിയ ഡെയ്‌ലിമിറർ നല്ല പ്രചാരമുള്ള ഒരു പത്രമാണ്. അതിശയോക്തി കലർന്ന വലിയ തലക്കെട്ടുകൾക്കും അർദ്ധനഗ്നമായ ചിത്രങ്ങൾക്കും ഒരുകാലത്തു പേരുകേട്ടതായിരുന്നു ഇതു്.

ലണ്ടനിലും ഒരു കമ്യൂണിസ്റ്റ് പത്രമുണ്ട്, 'ഡെയ്‌ലി വർക്കർ.' ഇതിന്നു പ്രചാരം കുറവാണ്. ലോകത്തിൽ നടക്കുന്ന സംഭവങ്ങളെല്ലാം കമ്യൂണിസ്റ്റ്കണ്ണാടിയിൽക്കൂടി പ്രതിഫലിച്ചു് അതിൽ കാണാം. അമേരിക്കയെയും ബ്രിട്ടനിലെ ടോറിഗവൺമെണ്ടിനേയും നിശിതമായി വിമർശിച്ചുകൊണ്ടുള്ള ലേഖനങ്ങൾ ഇതിൽ ധാരാളമാണ്. സാധാരണക്കാർ ഇതും ഒരു നേരമ്പോക്കായേ കരുതുന്നുള്ളു; ഇടത്തുപക്ഷക്കാർക്കിവിടെ സ്ഥാനം കുറവാണ്. ഒരിംഗ്ലീഷുകാരൻ എന്നോടു പറയുകയുണ്ടായി, "ഇവിടെ ഇടത്തുപക്ഷത്തോടുള്ള പ്രതിപത്തി റോഡുകളിലെ വാഹനങ്ങൾക്കു മാത്രമേയുള്ളു," എന്ന്.

ദിനപത്രങ്ങളൊന്നും തന്നെ ഞായറാഴ്ച പുറപ്പെടുന്നില്ല. ഞായറാഴ്ചപ്പത്രങ്ങളിൽ പ്രധാനപ്പെട്ടവ 'സൺഡെ ടൈംസും' 'ഒബ്സർവറു'മാണ്. ഗ്രന്ഥനിരൂപണങ്ങൾ, നാടകങ്ങളുടേയും സിനിമകളുടേയും മററും വിമർശനങ്ങൾ എന്നിവ ഞായറാഴ്ചപ്പത്രങ്ങളിലാണ കാണാറുള്ളതു്. 'സൺഡെ ഡിസ്പാച്ച്' 'സൺഡെ പിക്റ്റോറിയൽ,' 'ന്യൂസ് ഓഫ് ദ വേൾഡ്,' 'സൺഡെ സ്റ്റാൻഡേർഡ്' എന്നിവയും ഞായറാഴ്ചപ്പത്രങ്ങളാണ്.

'ന്യൂ സ്റ്റേററ്സ്മാൻ ആൻഡ് നേഷൻ,' 'ട്രൈബ്യൂൺ,' 'ടൈം ആൻഡ് ടൈഡ്' തുടങ്ങിയ പല നല്ല

വാരികകളും ലണ്ടനിലുണ്ട്. ബി. ബി. സി. പ്രക്ഷേപണകേന്ദ്രത്തിൽനിന്നുള്ള പ്രസിദ്ധീകരണമാണ് 'ലിസനർ.' ചിത്രങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നല്ല വാരികകളാണ് 'പിക്ചർപ്പോസ്ററും' 'ഇല്ലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസും'. മാസികകളും അസംഖ്യമാണ്.

ലണ്ടൻപൗരന്മാരുടെ ദിനചര്യകളിൽ പത്രപാരായണം ഒഴിച്ചുവിടുവാൻപാടില്ലാത്ത ഒന്നായിത്തീൎന്നിട്ടുണ്ടെന്നുള്ളതു് പരമാൎത്ഥംതന്നെയാണ്. നമ്മുടെ രാഷ്ട്രീയം ആശാസ്യമായവിധത്തിൽ മുന്നോറണമെങ്കിൽ ആ നിലയിൽ എത്തിയേ മതിയാകൂ. ജനപദന്മാരെ നോക്കുമ്പോൾ അവിടെ നാമെത്തിയിട്ടില്ലെന്നു കാണാം.

അക്കാദമി

5

തണുപ്പുകാലം സദാ തന്നെ ഇംഗ്ലണ്ടിൽ അസഹ്യമായ ഒന്നാണ്. ശരിയായ തണുപ്പെന്തെന്നറിഞ്ഞിട്ടില്ലാത്ത നമുക്ക് അവിടെച്ചെന്നാൽ ആദ്യത്തെ 'വിൻറർ' കഴിച്ചുകൂട്ടുവാൻ വളരെ വിഷമം തോന്നാതിരിക്കയില്ല. ബനിയൻ, പുൾഓവർ, ഷർട്ട്, വെയ്സ്റ്റ്കോട്ട്, കോട്ട് തുടങ്ങി നാലഞ്ചു രോമക്കുപ്പായങ്ങളിട്ട് അതിനുമീതെ ഓവർകോട്ടുംധരിച്ചുവേണം പുറത്തിറങ്ങുവാൻ. ഷൂസിനുള്ളിൽക്കൂടി തണുപ്പുകയറി കാൽ പൊള്ളുന്നതുപോലെ തോന്നും. ഗ്ലൗസിട്ട കൈപ്പടംപോലും പോക്കററിൽനിന്നു പുറത്തെടുത്താൽ തണുത്തു വിറങ്ങലിക്കയായി. കഴുത്തിൽ മഫ്ളറും തലയിൽ തൊപ്പിയുമുള്ളതു വലിയ രക്ഷയാണ്. എന്നാൽ മൂക്കിനും ചെവിക്കും തണുപ്പുമുഴുവനും സഹിക്കതന്നെ വേണം. രാവും പകലും മുറിയിൽ

തീയിട്ടുകൊണ്ടുതന്നെയായിരുന്നു താമസം. കോളേജിലേ
യും മററുമുള്ള യാത്ര അധികവും ഭൂമിക്കടിയിൽ ഉള്ള
'ട്യൂബ്റെയിൽവെ'യിൽക്കൂടിയാണു്; അവിടെ തണുപ്പി
ന്നല്പം കുറവുണ്ടു്. തീവണ്ടിയിലും ബസ്സിലും മററുമെല്ലാം
സീററുകൾ പ്രത്യേകം ചൂടുപിടിപ്പിച്ചിരിക്കും. കോളേ
ജിലും ലൈബ്രറികളിലും മററുമെല്ലാം തണുപ്പുനിയന്ത്രി
ക്കുവാൻ ഏർപ്പാടുകളുണ്ടു്.

1952 ഡിസംബർ ലണ്ടനിൽ പതിവിലുമധികം
ഭയങ്കരമായിരുന്നുവെന്നു തോന്നുന്നു. രണ്ടുമൂന്നു ദിവസം
മുഴുവൻ ലണ്ടൻനഗരം കനത്ത മൂടൽമഞ്ഞുകൊണ്ടു് നിറ
ഞ്ഞിരുന്നു. ഫാക്ടറിക്കുഴലുകളിൽനിന്നും വീടുകളിലെ
ചിമ്മിനികളിൽനിന്നും നിരന്തരം പ്രവഹിച്ചുകൊണ്ടിരി
ക്കുന്ന പുകയും മഞ്ഞിനോടുചേർന്നു്, മേല്പോട്ടുപോകാതെ
നിലത്തുതന്നെ കറങ്ങുകയാണു്. ഇതിന്നിവിടെ 'സ്മോഗ്'
(Smog) എന്നാണു പേർ.

റോഡുകളിലും മററും രണ്ടുനാലടിക്കപ്പുറത്തുള്ള യാ
തൊന്നും വ്യക്തമായിക്കാണുവാൻ സാധിക്കയില്ല. രാവും
പകലും ഒരുപോലെ വിളക്കുകളുടെ നാളം മാത്രം അങ്ങി
ങ്ങു മങ്ങിക്കാണാം. റോഡുകളിൽ കാറുകളും ബസ്സുകളും
തീരെയില്ലെന്നു പറയാം. ഗതാഗതംതന്നെ ഏതാണ്ടു
നിലച്ചമാതിരിയാണു്. ഇത്ര ശക്തിയായി മൂടൽമഞ്ഞി
ന്റെ ആക്രമണം ലണ്ടൻനഗരത്തിൽ പത്തിരുപത്തു
കൊല്ലത്തിനിടയ്ക്കുണ്ടായിട്ടില്ലത്രെ. ഗതാഗതമെല്ലാം 'ട്യൂ
ബ്റെയിൽവെ' വഴിയാണു്. ആപ്പീസുകൾ മുറയ്ക്കു പ്ര
വർത്തിച്ചുകൊണ്ടിരുന്നു. കളികളും കച്ചവടവും സ്തബ്ധ
മായി. ഇടയ്ക്കൊരുദിവസം സൂര്യനെയൊന്നു കാണുകയു

ണ്ടായി. വിളർത്തുമങ്ങി ചന്ദ്രനെക്കാൾ നിഷ്പ്രഭനായിട്ടായിരുന്നു സൂര്യന്റെ നില.

ഭൂമിയോടു തൊട്ടടുത്തുള്ള വായുമണ്ഡലത്തിലാണ് ഇത്തരം മൂടൽമഞ്ഞുണ്ടാകുന്നത്. അഞ്ഞൂറടിയിലധികം മേല്പോട്ടു പോയാൽ എല്ലാം ശുദ്ധമായിരിക്കും. ഇവിടെ ലണ്ടനിൽ ഞങ്ങൾ തപ്പിത്തപ്പിയും ചുമച്ചുകൊണ്ടും നടന്നിരുന്ന സമയത്തുതന്നെ, പത്തുപതിനഞ്ചു നാഴിക അകലെ ഒരു കുന്നിന്റെ മുകളിൽ നല്ല വെയിലായിരുന്നുവത്രെ. ഭൂമിയോടടുത്തുള്ള വായുവിന്റെ ചൂട് മുകൾഭാഗത്തുള്ളതിനെക്കാൾ വളരെ കുറഞ്ഞുവരുമ്പോൾ വായുവിലെ ജലാംശമെല്ലാം തണുത്തു മഞ്ഞായി മാറുന്നു. ചൂടു കൂടിയതും ഘനം കുറഞ്ഞതുമായ മുകൾത്തട്ടിലെ വായു ഈ മഞ്ഞിനും പുകയ്ക്കും മേല്പോട്ടുപോകുവാൻ അനുവദിക്കാത്ത ഒരടപ്പുപോലെ നില്ക്കുന്നതുകൊണ്ട് മഞ്ഞും പുകയും ഒന്നിച്ചുകൂടിക്കലർന്ന് നിലത്തോടു തൊട്ട് അങ്ങിങ്ങു പരുങ്ങിക്കൊണ്ടിരിക്കയാണു ചെയ്യുന്നത്. ഈ അശുദ്ധമായ മഞ്ഞത്ത് ശ്വസിക്കുവാൻതന്നെ കുറെ പ്രയാസമാണ്. ഇടയ്ക്കിടെ ചുമച്ചുകൊണ്ടിരിക്കും. ഒരു ക്യൂബിക്‌സെന്റിമീറ്റർ മഞ്ഞിനുള്ളിൽ അറുപതിനായിരത്തിലധികം കരിയുടെ തരികൾ ഉണ്ടായിരിക്കുമത്രെ.

കൃത്രിമമായി മേഘങ്ങളിൽനിന്നു മഴ പെയ്യിക്കുന്നതുപോലെ ഈ മൂടൽമഞ്ഞിൽനിന്നു വെള്ളത്തുള്ളികളെ ആകർഷിക്കുവാൻ 'കാർബൺഡയോക്സൈഡ്,' 'സിൽവർ അയോഡൈഡ്' തുടങ്ങിയ ബാഷ്പാകർഷകവസ്തുക്കൾക്ക് (Hydroscopic Nuclei) സാധിക്കയില്ലേ? ലണ്ടൻ വിമാനത്താവളത്തിൽ ചില പരീക്ഷണങ്ങളെ

ല്ലാം ചെയ്തുനോക്കി; പക്ഷെ, അതു ശരിയാകുന്നതിന്നു വേണ്ടിടത്തോളം തണുപ്പു മഞ്ഞിന്നുണ്ടായിരുന്നില്ലത്രെ. ഈ മൂടൽമഞ്ഞിൻെറ ഫലമായി പത്തുനാന്നൂറുപേർ മരിച്ചു; നാല്പതുലക്ഷത്തിലധികം പവൻ കച്ചവടത്തിലും മററും ആയി നഷ്ടംവന്നു എന്നൊക്കെ പത്രങ്ങളിൽ കാണുകയുണ്ടായി. മൂടൽമഞ്ഞിൽ ഒന്നും കാണാതെ വിഷമിച്ചിരുന്ന പലരേയും കൂട്ടിക്കൊണ്ടുപോയി രക്ഷപ്പെടുത്തുവാൻ ഒരു കുരുടന്നു യാതൊരു വിഷമവുമുണ്ടായില്ലത്രെ! മൂന്നു ദിവസംകൊണ്ടു മൂടൽമഞ്ഞിൻെറ ബാധ ശമിച്ചു.

* * * *

കേരള സാഹിത്യ അക്കാദമി

മൂടൽമഞ്ഞിൻെറ ഉപദ്രവം മാറി രണ്ടാഴ്ചയോളം കഴിഞ്ഞതിന്നു ശേഷമാണു് ലണ്ടനിൽ ഹിമവർഷത്തിൻെറ ആരംഭം വെളുത്ത മഞ്ഞുതുള്ളികൾ ആകാശത്തുനിന്നു വെള്ളിമഴപോലെ മന്ദം മന്ദം ഉതിർന്നുവീഴുന്നതു കാണുവാൻ നല്ല രസമാണു്. കാററത്തു പഞ്ഞിപറക്കുകയാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നിപ്പോകും. മുററത്തും റോഡിലും വീടുകളുടെ മേൽഭാഗത്തും കാറുകളുടെ ടോപ്പിന്മേലും ഇലകളില്ലാതെ നില്ക്കുന്ന വൃക്ഷങ്ങളുടെ ചില്ലകളിന്മേലും മററുമെല്ലാം സർവ്വത്ര വെള്ളിപൂശിയതായി കാണപ്പെട്ടുതുടങ്ങുകയായി. നിലത്തെല്ലാം രണ്ടുനാലിഞ്ച് കനത്തിൽ മഞ്ഞുതുള്ളികൾ കൂടിക്കിടക്കുന്നു. വെള്ളമണൽ വിരിച്ചതുപോലെയിരിക്കുന്നു. എന്തൊരു മാർദ്ദവമാണെന്നോ ഈ ഹിമശകലങ്ങൾക്കു്! ഇംഗ്ലണ്ടിലും മററു കുട്ടികൾ കൈകൊണ്ടു മഞ്ഞുതുള്ളികൾ വാരിയെടുത്തുരുട്ടി പരസ്പരം എറിഞ്ഞുകളിക്കുന്നതു കാണാം.

അസഹ്യമായ തണുപ്പ് നമുക്കുമാത്രമേ അനുഭവപ്പെടുന്നുള്ളു എന്നു തോന്നിപ്പോകും.

യാത്രക്കാരുടെ പാദപ്രഹരമേററും വാഹനങ്ങളുടെ ചക്രസമ്മർദ്ദംകൊണ്ടും ഈ മഞ്ഞുതുള്ളികൾ മാർദ്ദവമെല്ലാം വിട്ട് അമർന്ന് കട്ടയായിത്തീർന്നുകഴിഞ്ഞാൽ അങ്ങിങ്ങു വഴുതൽ തുടങ്ങുകയായി. മഞ്ഞുകൊണ്ടു വെള്ളവിരിച്ച രാജമാർഗ്ഗത്തിൽക്കൂടി പാഞ്ഞുപോകുന്ന വാഹനങ്ങൾ നിയന്ത്രണാധീനമല്ലാതായിത്തീരുന്നു. ബ്രേക്കുപിടിച്ചാലും ചക്രങ്ങൾ വഴുതി വാഹനം മുന്നോട്ടുപോകും. ഇങ്ങനെ അല്ലാല്ലും ചില കൂട്ടിമുട്ടലുകളും അപകടങ്ങളുമെല്ലാം ഉണ്ടാകാതിരുന്നില്ല. എങ്കിലും മൂടൽമഞ്ഞിലെന്നതുപോലെ ഇക്കാര്യത്തിൽ ശാസ്ത്രജ്ഞന്മാർ നിസ്സഹായരായിരുന്നില്ല. മഞ്ഞുരുകി വെള്ളമാകുവാൻ വേണ്ടത്ര ചൂടില്ലാത്തതുകൊണ്ടാണല്ലോ അതങ്ങനെതന്നെ കിടക്കുന്നത്. ഉപ്പും മണലുംകൂട്ടികലർത്തി അതു വിതറുകയാണത്രെ പ്രതിവിധി. പ്രധാനപ്പെട്ട റോഡുകളിലെല്ലാം ഇതാണു ചെയ്തിരുന്നത്. മഞ്ഞുരുകുവാൻ 32 ഡിഗ്രി ചൂടുവേണമെങ്കിലും ഉപ്പുചേർത്താൽ 26 ഡിഗ്രിയിലധികം ചൂടുണ്ടെങ്കിൽത്തന്നെ അതുരുകി വെള്ളമായിക്കൊള്ളും. വാഹനങ്ങളുടെ ചക്രം വഴുതിപ്പോകാതിരിക്കുവാൻ മണൽത്തരികളും സഹായിക്കുന്നു. മഞ്ഞ് കട്ടപിടിക്കുന്നതിന്നുമുമ്പാണിതു വിതറേണ്ടത്. ഫുട്പാത്തിലെ മഞ്ഞെല്ലാം കൂലിക്കാർ കൈക്കോട്ടുകൊണ്ടുതന്നെ നീക്കംചെയ്യുന്നതാണു കണ്ടത്.

സ്കോട്ട്ലണ്ടിലുംമററും ഹിമവർഷത്തിന്റെ ഉപദ്രവം ഇതിലും വളരെ അധികമായിരുന്നുവത്രെ. രണ്ടുനാലടി

യോളം കനത്തിൽ പലദിക്കിലും മഞ്ഞുവർഷിക്കയുണ്ടായി. ലണ്ടനിൽ അത്രവലിയ തണുപ്പ് ഇപ്പോൾ ഉണ്ടാകാറില്ലത്രേ. പണ്ടു 'തെംസ്'നദിതന്നെ ചിലപ്പോൾ ഐസ്സുപലകകൊണ്ടു മൂടപ്പെടാറുണ്ടത്രെ. 'ഹൈഡ്പാൎക്കി'ലുള്ള 'സൎപ്പൈൻറൈൻ' തടാകം ഇപ്പോഴും നല്ല തണുപ്പുള്ള കൊല്ലങ്ങളിൽ കുറച്ചുദിവസത്തേയ്ക്കു് ഐസ്സുപലകകൊണ്ടു മൂടപ്പെട്ടിരിക്കും. ഐസ്സു നല്ലവണ്ണം ഉറച്ചുവെങ്കിൽ പലരും അതിന്മേൽക്കൂടി 'സ്കേററ്' (Skate) ചെയ്യുന്നതും കാണാം.

ട്രഫൽഗാർ സ്ക്വയറിലും മററുമുള്ള ഫൌണ്ടനിൽ വെള്ളത്തുള്ളികൾ കട്ടയായിത്തീൎന്നു ഞാന്നുകിടക്കുന്നതും (icicle) രസകരമായ ഒരു കാഴ്ചതന്നെയാണു്.

6

ക്രിസ്തുമസ്സ് വലിയൊരാഘോഷത്തോടുകൂടിയാണ് ലണ്ടനിൽ കൊണ്ടാടുന്നതു്. നിത്യജീവിതത്തിൽനിന്നും തീരെ അകന്നുനിന്നു് കഷ്ടപ്പാടുകളെല്ലാം മറന്നു് യഥേഷ്ടം ആനന്ദിക്കുവാനുള്ളൊരവസരമായി ജനങ്ങൾ ഇതിനെ കണക്കാക്കുന്നു. ക്രിസ്തുവിന്റെ ജനനദിവസത്തെ സൂചിപ്പിക്കുന്ന പെരുനാളായിട്ടാണതിനെക്കരുതിവരുന്നതെങ്കിലും മതപരമായ ആദ്ധ്യാത്മികതയൊന്നും ഈ മഹോത്സവത്തിൽ അത്ര പ്രകടമായിക്കാണുകയില്ല. നമ്മുടെ ഓണംപോലെയുള്ളൊരു സന്ദർഭമാണിതെന്നു പറയാം.

ചരിത്രപരമായി നോക്കുമ്പോൾ ക്രിസ്തുമസ്സാഘോഷത്തിന്നു് ക്രിസ്തുവിന്റെ ജനനത്തേക്കാൾ പഴക്കമുണ്ട

ത്രെ! സൂര്യൻ ദക്ഷിണായനത്തിൽ ഏററവും തെക്കേ അററത്തെത്തുന്ന ദിവസമാണല്ലോ യൂറോപ്പിൽ ഏററവും നീണ്ട രാത്രിയുണ്ടാകുന്നതു്. ആ ദിനം 'സാററർനാലിയ' എന്നപേരിൽ പണ്ടു റോമക്കാർ ആഘോഷിച്ചിരുന്നുവത്രെ. അതിനെ ക്രിസ്തുവിൻെറ ജനനവുമായി ബന്ധപ്പെടുത്തി അതു ഡിസംബർ 25-ാംതീയതിയാണെന്നു തീർച്ചപ്പെടുത്തിയതു് എ. ഡി. 351-ലാണു്. ജൂലിയസ് മാർപ്പാപ്പ ഇങ്ങനെ ഏർപ്പെടുത്തുന്നതിനുമുമ്പു് ക്രിസ്തുവിൻെറ ജനനദിനത്തെപ്പററി ആരും അത്ര ഗൗനിച്ചിരുന്നില്ല. ക്രിസ്തുവിൻെറ മരണദിനത്തിനായിരുന്നു ജനങ്ങൾ പ്രാധാന്യം കല്പിച്ചിരുന്നതു്.

ഇംഗ്ലണ്ടിൽ ക്രിസ്തുമസ്സാഘോഷിക്കുവാൻ തുടങ്ങിയതു് 'അർതർ'രാജാവിൻെറ കാലത്താണെന്നു പറയപ്പെടുന്നു. ഷേക്സ്പിയരുടെകാലത്തു് അതൊരു വലിയ മഹോത്സവദിനമായിക്കഴിഞ്ഞിരുന്നു. 'ക്രോംവെൽ' ഭരണാധികാരിയായതോടുകൂടി അതിരുകവിഞ്ഞാഹ്ലാദിക്കുവാൻ തടസ്സങ്ങൾ നേരിട്ടു. പിന്നീടു് വീണ്ടുമതു പഴയപടിതന്നെ വളൎന്നുവന്നു. കുടിയും തീനും ആട്ടവും പാട്ടുമായി മതിമറന്നാഹ്ലാദിക്കുവാനുള്ളൊരു സന്ദൎഭമായിട്ടാണിന്നതു നിലനില്ക്കുന്നതു്.

മംഗളാശംസകളടങ്ങിയ ക്രിസ്തുമസ്സുകാർഡുകൾ സ്നേഹിതന്മാർ പരസ്പരം അയയ്ക്കുന്നതു് ഇതിൻെറ ഒരു പ്രധാനചടങ്ങാണു്. ഇംഗ്ലണ്ടിൽ 1953-ൽ അറുപത്തിമൂന്നുകോടി ക്രിസ്തുമസ്സുകാർഡുകൾ പോസ്റ്റാഫീസുവഴി അയയ്ക്കപ്പെടുകയുണ്ടായത്രെ. പരസ്പരം സമ്മാനങ്ങളും അയയ്ക്കാറുണ്ടു്. പോസ്റ്റാഫീസുകൾ ഇതിനെല്ലാം പ്ര

ത്ത്യേകം ചുരുങ്ങിയ നിരക്കുകൾ ഏർപ്പെടുത്തുന്നു. എഴുത്തുകളും മററും ശരിക്കു തരംതിരിച്ചു് അതാതിടങ്ങളിലെത്തിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടു്. ഇക്കാര്യത്തിൽ സഹായിക്കുവാൻ പോസ്റ്റാഫീസുകാർ പലരേയും പ്രത്യേകമായി നിയമിക്കാറുണ്ടു്. വിദേശങ്ങളിൽനിന്നു വരുന്ന പല വിദ്യാർത്ഥികളും വെക്കേഷൻകാലത്തു പത്തുനൂറുറുപ്പികയെങ്കിലും സമ്പാദിക്കുവാൻ ഈ സന്ദർഭം ഉപയോഗിക്കാറില്ലെന്നില്ല. ക്രിസ്തുമസ്സുസമ്മാനങ്ങൾ കൊണ്ടുപോകുന്നതിന്നു പോസ്റ്റ്ശിപായിയുടെകൂടെ 'ലാറി' കൾതന്നെയുണ്ടായിരിക്കും.

"കാണം വിററും ഓണം ഉണ്ണണം," എന്ന ചൊല്ലു് ക്രിസ്തുമസ്സിനെക്കുറിച്ചും ഏറെക്കുറെ വാസ്തവമാണു്. ക്രിസ്തുമസ്സിനുള്ള 'ഷോപ്പിങ്ങ്' ഡിസംബർ ആദ്യംമുതല്ക്കുതന്നെ തുടങ്ങുമെങ്കിലും അതിൻെറ തിരക്കു മൂർദ്ധന്യത്തിലെത്തുന്നതു് ഡിസംബർ 20-ാംതീയതിക്കുശേഷമാണു്. പ്രധാന 'ഷാപ്പിങ്ങ്സെൻറ'റായ 'ഓക്സ്ഫോഡ്' തെരുവിൽ ഒന്നരണ്ടുനാഴിക നീളം ഇരുവശവുമുള്ള വിസ്തൃതമായ കാലടിപ്പാതകൾ ജനങ്ങൾ നിറഞ്ഞു കാണപ്പെട്ടു. Selfridges' തുടങ്ങിയ പല ഷാപ്പുകളിലും കൂടുതൽ തിരക്കുണ്ടാകും. ഒരു ഫർലോങ്ങിലധികം നീളവും അരഫർലോങ്ങോളം വീതിയും അഞ്ചാറുനിലകളുമുള്ള ഒരു കൂററൻഷാപ്പാണു് 'സെൽഫ്റിഡ്ജസ്.' സാമാനങ്ങളൊന്നും വാങ്ങുവാനല്ലെങ്കിലും പ്രദർശനശാലകളിലെന്നതുപോലെ എല്ലാം കാണുവാൻ വരുന്നവരും ധാരാളമുണ്ടാകും. മഴയും മഞ്ഞുംകൂടാതെ തണുപ്പുകുറഞ്ഞ ദിവസമാണെങ്കിൽ തിരക്കുകൂടും.

'ട്രഫാൾഗാർ സ്ക്വയറി'ൽ 'നെൽസൺ സ്തംഭ'ത്തിന്റെ ചുവട്ടിൽ അതിഭംഗിയായി വൈദ്യുതദീപങ്ങൾ കൊണ്ടലങ്കരിച്ചിട്ടുള്ള 'ക്രിസ്തുമസ്‌വൃക്ഷ'ത്തിന്നു മുമ്പിൽ ഡിസംബർ 24-ാംതീയതി വൈകുന്നേരം അനേകം ജനങ്ങൾ ഒത്തു ചേർന്ന് 'കരോൾ'പാട്ടുകൾ പാടുക പതിവാണ്. ക്രിസ്തുവിനെ സ്വാഗതം ചെയ്തുകൊണ്ടും ആ ദേവന്റെ അവതാരകഥയെ സ്മരിച്ചുകൊണ്ടും ഉള്ള പാട്ടുകളാണധികവും. എല്ലാ ജനങ്ങളും ഒത്തുചേർന്ന് ഒന്നിച്ചു പാടുകയാണ്. പല രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള അനേകം സ്ത്രീപുരുഷന്മാർ അവിടെക്കൂടിയിട്ടുണ്ട്; മദ്യലഹരികൊണ്ടു മതിമറന്നവരാണു മിക്കവരും. അങ്ങിങ്ങു ചില നൃത്തങ്ങളും ആലിംഗനങ്ങളും ചുംബനങ്ങളുമെല്ലാം നടക്കുന്നുണ്ട്.

ട്രഫാൾഗാർ സ്ക്വയറിൽ സ്ഥാപിച്ചിട്ടുള്ള ക്രിസ്തുമസ്‌വൃക്ഷത്തിന്നു പത്തിരുപത്തഞ്ച് അടി ഉയരമുണ്ട്. ഇതു് 'നോർവെ' രാജ്യനിവാസികൾ സമ്മാനമായയച്ചുകൊടുത്തിട്ടുള്ളതാണ്. മഞ്ഞു നിറഞ്ഞ ശീതകാലത്തു സാമാന്യമായി എല്ലാ വൃക്ഷങ്ങളും ഇലകൾ കൊഴിഞ്ഞു കൊമ്പും ചില്ലകളും മാത്രമായി കാണപ്പെടുന്ന സന്ദർഭത്തിൽ ചെറിയ പച്ചിലകൾ നിറഞ്ഞു മനോഹരമായ ക്രിസ്തുമസ്സുവൃക്ഷം വസന്തകാലത്തിന്റെ വരവിനെ ഓർമ്മിപ്പിക്കുന്ന ഒരു സന്ദേശവാഹകനെന്ന നിലയിൽ ജനങ്ങൾ ആരാധിക്കുന്നതിൽ അത്ഭുതമില്ല. യൂറോപ്പിലെ ശീതപ്രദേശങ്ങളിലാണു ക്രിസ്തുമസ്സുവൃക്ഷം അലങ്കരിച്ചാരാധിക്കുന്ന സമ്പ്രദായം ആദ്യം തുടങ്ങിയതു്. 'ലൂതർ' ആണ് ഇതാ

രംഭിച്ചതെന്നു പറയപ്പെടുന്നു. ഇപ്പോൾ ഇംഗ്ലണ്ടിലും സർവ്വസാധാരണമായൊരു ചടങ്ങാണ് ക്രിസ്തുമസ് വൃക്ഷം വിളക്കുകൾകൊണ്ടും മറ്റും അലങ്കരിച്ച് അതിന്നു ചുററും നിന്നു 'കരോൾ'പാട്ടുകൾ പാടുന്നതു്.

ഡിസംബർ 24-ാംതീയതി രാത്രി പന്ത്രണ്ടുമണിക്ക് എല്ലാ പള്ളികളിലും പ്രത്യേകം കുർബ്ബാനകൾ ഉണ്ടായിരിക്കും. 'വെസ്റ്റ്മിൻസ്റ്റർ,' 'സെൻറ്പാൾസ്' തുടങ്ങിയ മിക്ക പള്ളികളിലും നല്ല തിരക്കും കാണും.

ക്രിസ്തുമസ്ദിനവും അടുത്ത 'ബോക്സിങ്'ദിനവും ഒഴിവുദിവസങ്ങളാണ്. സ്വന്തം വീടുകളിൽ എല്ലാ അംഗങ്ങളും ഒന്നിച്ചുചേർന്നാനന്ദിക്കേണ്ട സന്ദർഭമാണതു്. സദ്യയ്ക്കു ടർക്കിപ്പക്ഷി ഒഴിച്ചുകൂടാത്ത ഒന്നാണത്രെ. ക്രിസ്തുമസ്സിന്നു ചെലവാകുന്ന ടർക്കിപ്പക്ഷികളുടെ കണക്കെടുത്തിട്ടില്ലെന്നാണു തോന്നുന്നതു്. മദ്യം കുടിക്കുന്നതും ഒരു ചടങ്ങുപോലെയായിത്തീർന്നിട്ടുണ്ടു്.

ഈ രണ്ടു ദിവസവും പട്ടണത്തിലെ ആഘോഷങ്ങൾ എന്തെല്ലാമാണെന്നറിയുവാൻ പുറപ്പെട്ട ഞങ്ങൾക്കു നിർജ്ജീവമായൊരു നഗരം മാത്രമേ കാണുവാൻ സാധിച്ചുള്ളു. ഷാപ്പുകളെല്ലാം തന്നെ അടച്ചിരിക്കയാണ്. ദിനപത്രങ്ങൾ പോലും രണ്ടു ദിവസത്തേയ്ക്കുണ്ടായിരുന്നില്ല. ബസ്സുകളും തീവണ്ടികളുമെല്ലാം വളരെ ചുരുക്കമായിരുന്നു. തെരുവുകളിൽ അങ്ങിങ്ങ് ഓരോരുത്തരെ ഇടയ്ക്കു കാണാം, അത്രതന്നെ. സാധാരണമായി കാണപ്പെടുന്ന നഗരമൊന്നുമല്ല ഇതു്. നടന്നു ക്ഷീണിച്ചപ്പോൾ കാപ്പി കിട്ടുമോ എന്നായി ചിലരുടെ അന്വേഷണം. പ

ല ഭിക്കിലും നടന്നു് ഒടുവിൽ 'പിക്കഡില്ലി'ക്കടുത്തുള്ള 'ലയൺസ് കോർണറി'ൽ അഭയം കിട്ടി; കുറേനേരം 'ക്യൂ'വിൽ നിന്നതിന്നുശേഷമേ കാപ്പി ലഭിച്ചുള്ളു.

ഇരുപത്താറാം തീയതി 'ബോക്സിങ്ങ്ദിനം' ഏതാണ്ടു നമ്മുടെ വിഷുപോലെയാണത്രെ. പാല്ക്കാരൻ, പോസ്റ്റ്ശിപായി, ദിനപ്പത്രം കൊണ്ടുവരുന്നവൻ തുടങ്ങി ഓരോരുത്തരായി വന്നുകൊണ്ടിരിക്കും. എല്ലാവർക്കും 'ക്രിസ്തുമസ് വിഷുക്കൈനീട്ടം' കൊടുക്കണം. 'അര ക്രൗൺ' ആണു സാമാന്യമായി കൊടുക്കുന്നതു്. ഇതൊന്നും വാടകയ്ക്കു താമസിക്കുന്ന വിദേശീയർക്കു ബാധകമല്ലാത്തതിനാൽ ഞങ്ങൾക്കു പ്രത്യേകം ചെലവൊന്നും വേണ്ടിവന്നില്ല.

* * *

പുതുവത്സരപ്പിറവിയും വലിയ ഉത്സാഹത്തോടുകൂടിത്തന്നെയാണു് ആഘോഷിക്കപ്പെടുന്നതു്. ഡിസംബർ 31-ാംതീയതി രാത്രി പത്തുമണിയായപ്പോഴയ്ക്കും നഗരത്തിന്റെ നാനാഭാഗത്തുനിന്നും ജനങ്ങൾ ലണ്ടന്റെ കേന്ദ്രസ്ഥാനമായ 'പിക്കഡില്ലിസർക്കസ്സി'ൽ വന്നു നിറഞ്ഞു. തണുപ്പു് അല്പം കുറവായതുകൊണ്ടു് എല്ലാവർക്കും നല്ല ഉത്സാഹം കാണ്മാനുണ്ടു്. ഇംഗ്ലീഷുകാർ മാത്രമല്ല, മററു യൂറോപ്യൻ രാജ്യക്കാരും ആഫ്രിക്കക്കാരും അമേരിക്കക്കാരും ഇന്ത്യക്കാരും മററുമെല്ലാം തിക്കിത്തിരക്കി നടക്കുകയാണു്. മദ്യലഹരികൊണ്ടു തലയ്ക്കു നല്ല വെളിവില്ലാത്തവരാണു പലരും. വെള്ളക്കാരെല്ലാം ഓരോ സ്നേഹിതന്മാരേയും കൂട്ടിക്കൊണ്ടാണു വന്നിട്ടുള്ളതു്. പല നീഗ്രോക്കാർക്കും വെള്ളസ്നേഹിതകളെ കിട്ടിയിട്ടുണ്ടു്. ഇവിടെ എന്തെല്ലാമാണു നടക്കുന്നതെന്നു കണ്ടറിയുവാൻ വന്നിട്ടു

ള്ളവരും ധാരാളമാണ്. മുഖംമൂടി ധരിച്ചവർ, പോലീസുകാരുടേതുപോലുള്ള കടലാസുതൊപ്പികൾ ധരിച്ചവർ, വിവിധവർണ്ണങ്ങളിലുള്ള ബലൂണുകൾ ഹൈഡ്രജൻ നിറച്ചു കെട്ടി ആകാശത്തുകൂടി പറപ്പിച്ചുകൊണ്ടു നടക്കുന്നവർ, 'Kiss Me Babe' എന്നും മററും വലിയ അക്ഷരത്തിൽ എഴുതിപ്പിടിപ്പിച്ചിട്ടുള്ള കടലാസുതൊപ്പി ധരിച്ച യുവതികൾ—എല്ലാം ആണും പെണ്ണും ഭേദമില്ലാതെ തിക്കിത്തിരക്കി മദിച്ചുനടക്കയാണ്. 'Kiss Me' തൊപ്പികൾ ധരിച്ച പെൺകിടാങ്ങൾ രണ്ടും നാലുമായി കുടിച്ചു മതിമറന്നു പാട്ടുപാടി ലഹള കൂട്ടിക്കൊണ്ട് അങ്ങുമിങ്ങും തിക്കിത്തിരക്കി നടക്കുന്നതും മററും ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞു. ഒരിടത്തു പത്തിരുപതു സ്ത്രീപുരുഷന്മാർ ഇടകലർന്നു വട്ടത്തിൽനിന്നു കൈകോർത്തു പാട്ടുപാടി തുള്ളിക്കളിക്കുന്നു; പാട്ടവസാനിച്ചതോടെ പുരുഷന്മാർ ഓരോ സ്ത്രീകളേയും മാറിമാറി ചുംബിച്ചു നവവത്സരാശംസകൾ നല്കുന്നു. വിശേഷാചനാസേചനകമായ ഈ മഹോത്സവം കണ്ടുകണ്ടു ഞങ്ങൾ ആനന്ദംകൊണ്ടു മതിമറന്നങ്ങനെ നില്ക്കുകതന്നെ ചെയ്തുപോയി. ഒരുത്തൻ പെട്ടെന്നു വന്നു ഞങ്ങളുടെ മുമ്പിൽനിന്നിരുന്ന ഒരു കിഴവിയെ പിടിച്ച് അവളുടെതടസ്സം വകവെയ്ക്കാതെ ചുംബിക്കുന്നതും ഞങ്ങൾ കണ്ടു. നവവത്സരത്തെ സ്വാഗതം ചെയ്യുവാൻ തയ്യാറായി നില്ക്കുന്നവരാണെല്ലാം. സമാധാനസ്ഥാപകരായ ലണ്ടൻ പോലീസുകാർ അവിടവിടെ ധാരാളം നില്ക്കുന്നുണ്ട്; ആ സർവ്വസാക്ഷികൾ നിർവ്വികാരമായി എല്ലാം നോക്കിക്കൊണ്ടു നില്ക്കുന്നതേയുള്ളു. മററുള്ളവർക്കുപദ്രവം തട്ടത്തക്കവിധം ബഹളം കൂടിവരുന്ന അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമേ അവർ ഇടപെടുന്നുള്ളു.

മാളികമുകളിലെ ജനലയ്ക്കൽ നില്ക്കുന്ന യുവതികൾ യാതൊരു ലോഭവും കൂടാതെ 'flying kiss'കൾ താഴത്തേയ്ക്കെറിഞ്ഞുകൊടുക്കുന്നതും കാണ്മാനുണ്ട്.

പന്ത്രണ്ടരമണിയായപ്പോഴേയ്ക്കും നവവത്സരസ്വാഗതം കഴിഞ്ഞു; ജനങ്ങൾ കുറേശ്ശെയായി മടങ്ങുവാൻ തുടങ്ങി. തീവണ്ടിയുടെ സമയം തെറ്റി. ബസ്സുകളും വളരെ കുറവാണ്; ക്യൂവിന്നു വലിയ നീളവും. ടാക്സികൾ തന്നെ കിട്ടുവാൻ പ്രയാസം. ഞങ്ങൾ നടക്കുവാൻ തീർച്ചപ്പെടുത്തി. വഴിയിലെല്ലാം നല്ല തിരക്കുണ്ടായിരുന്നു. രണ്ടുമൂന്നു നാഴിക നടന്നപ്പോഴേയ്ക്കും ഞങ്ങൾ ഒരൊഴിഞ്ഞ ടാക്സി കണ്ടെത്തി. അതിൽ കയറി രണ്ടുമണിയോടുകൂടി 'ഹാംസ്റ്റഡ്ഹീത്തി'ലുള്ള ഞങ്ങളുടെ വീട്ടിലെത്തിച്ചേർന്നു. 1954 ജനവരി ഒന്നാംതീയതി ഉണർന്നെഴുന്നേറ്റതു കാലത്തു പതിനൊന്നുമണിക്കാണ്.

7

ഇതാ 'ടേറ്റ് ഗാലറി'യിൽ മെക്സിക്കൻ കലാപ്രദർശനം ആരംഭിച്ചിരിക്കുന്നു. 'സ്റ്റോക്ഹോമി'ലും 'പാരീസി'ലും മറ്റും അനേകം കലാപ്രണയികളെ ആകർഷിച്ചതിന്നുശേഷം ഇപ്പോൾ ലണ്ടനിലും മെക്സിക്കോ ഗവർമ്മേണ്ടിന്റെ നേതൃത്വത്തിൽ തുടങ്ങിയിട്ടുള്ള ആ പ്രദർശനം ധാരാളമായി ജനങ്ങളെ ആകർഷിച്ചുവരുന്നു. പുരാതന കലാശില്പങ്ങൾ മാത്രമല്ല, ആലേഖ്യാദികളും പ്രദർശനത്തിലുണ്ട്.

പാശ്ചാത്യർ അമേരിക്ക കണ്ടുപിടിച്ചകാലത്തുതന്നെ മെക്സിക്കോവിൽ രണ്ടായിരത്തിലധികം കൊല്ലം

പഴക്കമുള്ള പരിഷ്കൃതസമുദായം നിലവിലുണ്ടായിരുന്നു. പാശ്ചാത്യപരിഷ്കാരത്തിന്റെ അളവുകോൽവെച്ചുനോക്കി തനിക്കാടന്മാരെന്നു പറഞ്ഞു തള്ളിക്കളയുവാൻ പ്രയാസമാകത്തക്കവിധത്തിൽ അത്രത്തോളം കലാപരമായ വളർച്ചയിലെത്തിക്കഴിഞ്ഞിരുന്നു അന്നാട്ടുകാർ. അന്നത്തെ നാടൻകലകളെയെല്ലാം നശിപ്പിച്ചു പകരം സ്പാനിഷ് കലകൾ നട്ടുവളർത്തുവാൻ ഒരു ശ്രമം കൊളമ്പസ്സിന്റെ കാലത്തിനുശേഷം നടക്കുകയുണ്ടായെങ്കിലും പിന്നീട് അവിടത്തെ കലകൾ പുരാതനപരിഷ്കാരത്തിന്റെ പ്രചോദനംതട്ടി ഒരു പ്രത്യേകമാർഗ്ഗത്തിൽക്കൂടിയാണു വളർന്നുവന്നതു്. ഇന്നത്തെ മെക്സിക്കൻകലകളിൽ പുരാതനകാലത്തെ കലകളുടെ പ്രതിഫലനമാണു് പ്രകടമായി തെളിഞ്ഞുകാണുന്നതു്.

സൗന്ദര്യത്തെക്കാൾ കൂടുതൽ ശക്തിയും ചൈതന്യവുമാണു് മെക്സിക്കൻകലകളിൽ വ്യക്തമായി കാണുക. ഉഗ്രമൂർത്തികളായ ദേവന്മാരുടേയും ദേവിമാരുടേയും വിഗ്രഹങ്ങൾ ഭയങ്കരങ്ങളായിത്തന്നെ പ്രദർശനശാലയിൽ പ്രത്യക്ഷപ്പെടുന്നു. തന്മയത്വത്തോടും 'ജീവ'നോടുംകൂടി ചിത്രീകരിക്കുവാൻ ആ പുരാതനകലാകാരന്മാർക്കു സാധിച്ചിട്ടുള്ളതുകൊണ്ടു് കുറേക്കൂടി ആ വിഗ്രഹങ്ങൾ നമ്മെ ആകർഷിച്ചിട്ടുണ്ടു്. പാമ്പുകളെക്കൊണ്ടു മെടഞ്ഞുതീർത്തിട്ടുള്ള ഉടുപ്പണിഞ്ഞു്, തലയോടുകളും കൈപ്പടങ്ങളും ദേഹത്തിൽ ധരിച്ചു്, എട്ടടി ഉയരത്തിൽനില്ക്കുന്ന മരണദേവൻ 'കോട്‌ലിക്'ന്റെ മുഖം രണ്ടു സർപ്പങ്ങളാണു്! ആ ദേവന്റെ മറെറാരവതാരത്തിൽ തലയോടുകൾകൊണ്ടുള്ളൊരു കിരീടമാണു് അണിഞ്ഞുകാണുന്നതു്. മലന്ന

കിടക്കുന്ന വർഷദേവൻ 'ചാവ്യമൂൾ'ന്റെ വയറാത്തുള്ള കുഴി ഒരുകാലത്തു ബലികഴിക്കപ്പെട്ട മനുഷ്യരുടെ രക്തം വീണതായിരിക്കാം; ഇന്നതിൽ കാഴ്ചക്കാർ ചില്ലറനാണ്യങ്ങൾ വഴിപാടായി ഇടുന്നു! കാമദേവൻ 'ക്സോച്ചിപ്പിള്ളി'പോലും ഒരു ഭയങ്കരമൂർത്തിയായിട്ടാണ് കാണപ്പെടുന്നതു്. അത്തരം പുരാതനവിഗ്രഹങ്ങൾ കാണുമ്പോൾ പഴക്കമുള്ള ഒരമ്പലത്തിൽ പ്രവേശിക്കുമ്പോളുണ്ടാകുന്ന ഒരനുഭവം ഉണ്ടാകാതിരിക്കയില്ല.

മെക്സിക്കോവിൽ വില്പനയ്ക്കുവെച്ചിരിക്കുന്ന ചില പലഹാരങ്ങൾ തലയോട്ടുകളുടെ ആകൃതിയിലുള്ളവയാണ്. മരണം അന്നാട്ടുകാരെക്കാരിക്കലും ഭയങ്കരമായിരുന്നില്ല എന്നുവേണം വിചാരിക്കുവാൻ. യുദ്ധത്തിൽ ശത്രുക്കളെ തടവുകാരാക്കിപ്പിടിച്ചു് അവരുടെ ഹൃദയം ദേവനു ബലിയർപ്പിക്കുന്നതു് വലിയൊരു പുണ്യകർമ്മമായാണവർ കരുതിയിരുന്നതു്. ഹൃദയത്തിൽ കത്തിയിറക്കുവാൻ അവർ ഉപയോഗിച്ചിരുന്ന കഠാരിയുടെ പിടി ഒരു പക്ഷിയുടെ ആകൃതിയിലാണ്; അതിശക്തിയും മൂർച്ചയുമുള്ള മുന ഒരുതരം കല്ലുകൊണ്ടുള്ളതുമാണ്.

ഇത്തരം ഭയങ്കരങ്ങളായ വിഗ്രഹാദികൾ 'ആസ്റ്റെക്ക്'വർഗ്ഗക്കാരുടെ കാലത്തേതാണ്. അതിനു മുമ്പുള്ള 'ടോൾട്ടക്ക'പരിഷ്കാരകാലത്തും 'മയ'പരിഷ്കാരകാലത്തും മററുമുള്ള കലാകാരന്മാർ മതപരമായ വിഷയങ്ങളല്ലാതെ സാമുദായികജീവിതത്തിൽനിന്നുതന്നെ കലയ്ക്കു വിഷയം കണ്ടെത്തിയിരുന്നു. പലതരത്തിലുള്ള പാത്രങ്ങൾ, മൃഗങ്ങളുടേയും മററും പ്രതിരൂപങ്ങൾ, മനുഷ്യരു

ടെ പലതരത്തിലുള്ള പ്രതിമകൾ എന്നിവയെല്ലാം അവിടെ സ്ഥാനമുണ്ട്. ചെറുപാത്രങ്ങൾ നിർമ്മിക്കുന്നതിൽ അവർ കാണിക്കുന്ന കലാബോധം അത്ഭുതാവഹമാണ്. പലതരത്തിൽ മനുഷ്യാകൃതിയിലുള്ള കപ്പുകൾ ധാരാളമുണ്ട്; ചിലതിൽ 'പിടി'യുടെ സ്ഥാനം ചെവിയായിരിക്കും, ചിലതിൽ കൈകളായിരിക്കും. വായ പൊളിച്ചുകൊണ്ടുള്ള മത്സ്യത്തിൻെറ ആകൃതിയിൽ, ചില പക്ഷികളുടെ രൂപത്തിൽ, ആമയുടെ രൂപത്തിൽ, തലയോടിൻെറ ആകൃതിയിൽ—ഇങ്ങനെ പല പല രൂപത്തിലാണ് പാത്രങ്ങൾ. കൃത്രിമമുഖങ്ങളും അനേകതരത്തിലുണ്ട്. തനിസ്വർണ്ണംകൊണ്ടുള്ള ആഭരണങ്ങളാണ് ഒരു ഭാഗത്തുനിറയെ. അവിടേയും പലതരത്തിലുള്ള രൂപങ്ങളും 'തലയോട്ട്'കളുമെല്ലാം കാണാം.

പല ചരിത്രകഥകളും ജ്യോതിശ്ശാസ്ത്രപരമായ പല വിശ്വാസങ്ങളും ചിത്രരൂപേണ പ്രദർശിപ്പിച്ചിട്ടുള്ളതായിക്കാണാനുണ്ട്. അതൊരുതരം ഭാഷയാണെന്നുതന്നെ പറയാം. അധികവും സിമ്പോളിക് ചിത്രങ്ങളാണ്. ഗൈഡിൻെറ സഹായമില്ലെങ്കിൽ അതിൻെറ അർത്ഥമൊന്നും വ്യക്തമാവുകയില്ല. ഓരോ കഥയും പത്തുനൂറു ചിത്രങ്ങൾകൊണ്ടാണ് മുഴമിക്കുക.

സ്പെയിൻകാർ മെക്സിക്കോവിലെത്തിയതിനുശേഷം കുറച്ചുകാലത്തേയ്ക്കുണ്ടായിട്ടുള്ള കലകളെല്ലാം പാശ്ചാത്യരീതിയിലാണ്; അവയുടെ വിഷയം മുഴുവനും ക്രിസ്തുമതത്തെ സംബന്ധിച്ചതുമാണ്.

ആധുനികകാലത്തെ കലാകാരന്മാരുടെ ചിത്രങ്ങ

ളാണ് രണ്ടുനാലു ഹാൾ നിറയെ. പാശ്ചാത്യരുടെ പല മാതൃകകളും അവർ സ്വീകരിച്ചിട്ടുണ്ടെങ്കിലും മെക്സിക്കൻചിത്രങ്ങളിൽ ഒരു പ്രത്യേകത കാണാം. കമരേന, റിവേറ, ടമേയോ തുടങ്ങിയ കലാകാരന്മാരുടെ പല ചിത്രങ്ങളും പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ശൃംഗാരരസത്തിന്ന് ഒരിടത്തും പ്രാധാന്യം കാണ്മാനില്ല. എല്ലാററിന്നും സവിശേഷമായ ഏതോ ചില ഉദ്ദേശ്യമുണ്ടെന്ന തോന്നും.

ഏതൊരു പുരാതനസംസ്കാരവും ഇതരസംസ്കാരങ്ങളുടെ കൂട്ടുകെട്ടുകൊണ്ട് അധഃപതിക്കയല്ല, കൂടുതൽ പരിഷ്കൃതമാവുകയാണു ചെയ്യുന്നതെന്ന് ഈ മെക്സിക്കൻപ്രദർശനം വെളിപ്പെടുത്തുന്നുണ്ട്.

8

ജീവിതാശ മനുഷ്യസഹജമാണ്. മനുഷ്യജാതി ജീവിതകാലം നീട്ടിക്കിട്ടുവാൻ ശ്രമംതുടങ്ങിയതു് എന്നുമുതല്ക്കാണെന്നറിഞ്ഞുകൂടാ. ശരീരസംരക്ഷണത്തിന്നുവേണ്ടി കണ്ടുപിടിക്കപ്പെട്ട നിയമങ്ങളും ശാസ്ത്രങ്ങളും ആ ജീവിതാശയുടെ ഫലങ്ങളാണെന്നുള്ളതിൽ പക്ഷാന്തരമില്ല. അതിനാൽ ആരോഗ്യവകുപ്പിന്ന് മറെറതുവകുപ്പിനേക്കാളും പ്രാധാന്യമേറും എന്നു ബ്രിട്ടീഷുകാർ കാലേ മനസ്സിലാക്കി. അതിനെ പ്രായോഗികമായി പൂർണ്ണതയിലെത്തിക്കുവാൻ ലേബർപാർട്ടിയുടെ ഭരണകാലത്ത് ബിവാൻെറ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ് 'നാഷനൽ ഹെൽത്ത്സർവ്വീസ്.' അതിനെപ്പററി കുറഞ്ഞൊന്നു പറഞ്ഞല്ലാതെ വിശ്രമിക്കുവാൻ തുവലി

ന്നു സമ്മതമില്ല. നാഷനൽ ഹെൽത്ത് സർവ്വീസ് ആംഗല ജനതയ്ക്കും ബ്രിട്ടനിലെത്തുന്ന വൈദേശികർക്കും ചെയ്തുപോരുന്ന അനുഗ്രഹത്തിൻെറ മഹത്വം അസാധാരണമാണു്.

ഈ സർവ്വീസിൽപെട്ട ഡാക്ടർമാർ രാജ്യത്തെല്ലാ ഭാഗത്തുമുണ്ടായിരിക്കും. ബ്രിട്ടനിലെത്തിച്ചേർന്ന ഉടൻതന്നെ താമസസ്ഥലത്തിനാടുത്തുള്ള ഒരു ഡാക്ടറെ സമീപിച്ചു് പേർ റജിസ്റ്റർചെയ്താൽ മതി; അദ്ദേഹം നമ്മുടെ സ്വന്തം ഡാക്ടരായിത്തീരുന്നു. ശമ്പളം കൊടുക്കേണ്ട ചുമതല ഗവമ്മെൻറു നിർവ്വഹിച്ചുകൊള്ളും. ഡാക്ടരുടെ റജിസ്റ്ററിലുള്ള ജനങ്ങളുടെ സംഖ്യയനുസരിച്ചാണു് ശമ്പളം. ഒരു ക്ലിപ്തസംഖ്യയിൽക്കൂടുതൽ ജനങ്ങളെ ഒരു ഡാക്ടർക്കു സ്വീകരിക്കുവാൻ പാടില്ലെന്നു നിയമവുമുണ്ടു്.

ദിവസേന കാലത്തും വൈകുന്നേരവും ഒന്നുരണ്ടു മണിക്കൂർ രോഗികളെക്കാണുവാൻ ഡാക്ടർമാർ നീക്കിവെച്ചിരിക്കും. ഇഷ്ടംപോലെ ചെല്ലാം. എത്രസാരമില്ലാത്ത സുഖക്കേടാണെങ്കിലും ഉടനെ മരുന്നെഴുതിത്തരികയായി. ജനങ്ങളിൽനിന്നാവലാതികൾ ഉണ്ടായാൽ ഡാക്ടർക്കു വലിയ കുഴപ്പമാണു്; അതിനാൽ രോഗികളെ സമാധാനിപ്പിക്കുന്ന കാര്യത്തിൽ നല്ല ശ്രദ്ധാന്തിയുണ്ടായിരിക്കും. കുറച്ചധികം സുഖക്കേടുണ്ടെങ്കിൽ ഫോണിൽ വിളിച്ചുപറഞ്ഞാൽ ഡാക്ടർ നമ്മുടെവീട്ടിലേയ്ക്കുതന്നെ വരും. നല്ലവണ്ണം പരിശോധിച്ചുനോക്കേണ്ട വല്ല രോഗവുമാണെന്നു തോന്നിയാൽ 'സ്പെഷലിസ്ററു'കളുടെ പരിശോധനയ്ക്കു് ആശുപത്രിയിലേയ്ക്കു് എഴുത്തുംതന്നയയ്ക്കുകയായി.

നമുക്കു ഡാക്ടരെ പിടിച്ചില്ലെങ്കിൽ മറെറാരു ഡാക്ടരുടെ അടുത്തുപോയി റജിസ്റ്റർചെയ്യുവാനും വിരോധമില്ല. താമസസ്ഥലം മാറേറണ്ടിവരുമ്പോൾ ഡാക്ടരേയും മാററുകയാണു പതിവു്; ഡാക്ടർ അടുത്തുണ്ടാകുന്നതാണല്ലോ നല്ലതു്. പുതിയ ഡാക്ടരുടെ അടുത്തുചെന്നു് റജിസ്റ്റർ ചെയ്യുമ്പോൾ പഴയ ഡാക്ടരുടെ പേരും മേൽവിലാസവും അറിയിക്കണം; രണ്ടാഴ്ചയ്ക്കുള്ളിൽ ഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്നു് പുതിയ 'നാഷനൽ ഹെൽത്ത്സർവ്വീസ്കാർഡ്' നമുക്കു കിട്ടുകയും ചെയ്യും.

ഈ സർവ്വീസിൽ റജിസ്റ്റർചെയ്തിട്ടുള്ള അനേകം മരുന്നുഷാപ്പുകളിൽ ഏതെങ്കിലും ഡാക്ടരുടെ 'പ്രസ്ക്രിപ്ഷൻ' കൊണ്ടുചെന്നാൽ മരുന്നുകൾ വെറുതെ കൊടുക്കണമെന്നായിരുന്നു തുടക്കത്തിൽ നിയമം. ജനങ്ങൾ ആവശ്യമില്ലാതെ വിലപിടിച്ച മരുന്നുകൾ വാങ്ങി ദുരുപയോഗപ്പെടുത്താതിരിക്കുവാൻവേണ്ടി പിന്നീടു് ചർച്ചിൽഗവമ്മെൻറു് ഓരോ 'പ്രസ്ക്രിപ്ഷ'നും ഓരോ ഷില്ലിങ്ങ്വീതം വാങ്ങുവാൻ തീരുമാനിച്ചു. ഒരു ഷില്ലിങ്ങ്കൊടുത്തു് എത്ര വിലപിടിച്ച മരുന്നുകളും ഷാപ്പിൽനിന്നു കിട്ടും; ഒരു ഷില്ലിങ്ങ് കഴിച്ചു ബാക്കിയുള്ള വില ഷാപ്പുകാക്കു് ഗവമ്മെൻറു നേരിട്ടു കൊടുത്തുകൊള്ളും.

ഈ 'സവ്വീസ്' തുടങ്ങിയ കാലത്തു് ആവശ്യക്കാക്കെല്ലാം പുതിയ കണ്ണടയും കൃത്രിമപ്പല്ലുകളും സൗജന്യമായിരുന്നു. അന്യരാജ്യങ്ങളിൽനിന്നു വരുന്ന സന്ദർശകർ ഈ സൗകര്യം ദുരുപയോഗപ്പെടുത്തിയതുകൊണ്ടോ മറേറാ, ഇന്നു ചെലവിൽ ഒരു പങ്കു് ആവശ്യക്കാർ തന്നെ കൊടുക്കണമെന്നാണു നിയമം. കണ്ണു പരിശോധിക്കുന്നതിന്നു പ്രത്യേകം ചെലവൊന്നുമില്ല; കണ്ണടയുടെ വില

യിൽ ഒരു പവൻ മാത്രമേ കൊടുക്കേണ്ടതുമുള്ളു. ദന്ത വൈദ്യൻെറ അടുക്കൽ റജിസ്റ്റർ ചെയ്യുന്നതിന്നും ഒരു പവനാണു ഫീസ്സ്.

നാഷനൽ ഹെൽത്ത് സർവ്വീസിൻെറ ചെലവിന്നു വേണ്ടിവരുന്ന നാല്പതുകോടിപ്പവൻ പ്രത്യേകം നികുതി പിരിച്ചുണ്ടാക്കുന്നതാണ്. ഇത്തരത്തിലുള്ളൊരു സർവ്വീസ്സ് നമ്മുടെ നാട്ടിൽ ഉണ്ടാകുമോ ആവോ?

9

1953 ജൂൺ 2-ാം തീയതിയാണു ബ്രിട്ടനിലെ എലിസബത്ത് മഹാരാജ്ഞിയുടെ കിരീടധാരണമഹോത്സവം ആഘോഷിക്കപ്പെട്ടത്. പഴമയിലും പാരമ്പര്യത്തിലും അമിതമായ അഭിമാനംകൊള്ളുന്ന ആംഗലേയർ രാജ്ഞിയോടും രാജകുടുംബാംഗങ്ങളോടും വലിയ ഭക്തിയും ബഹുമാനവും പ്രദർശിപ്പിച്ചു വരുന്നവരാണ്. അവൎക്ക് 1953-ലെ പ്രധാന സംഭവം രാജ്ഞിയുടെ കിരീടധാരണ മഹോത്സവംതന്നെയാണ്. എന്തൊരാവേശവും ഉത്സാഹവുമായിരുന്നുവെന്നോ ജനങ്ങൾക്ക്! മഹാരാജ്ഞിയുടെ കിരീടധാരണമഹോത്സവാവസരത്തിൽ ലണ്ടനിൽ ജീവിക്കുവാൻ സാധിച്ച മഹാഭാഗ്യത്തിന്ന് എന്നെ അനുമോദിക്കാത്ത ഇംഗ്ലീഷുകാർ വിരളമായിരുന്നു. ഇന്ത്യ ഒരു സ്വതന്ത്രറിപ്പബ്ലിക്കായിക്കഴിഞ്ഞതിനാൽ എലിസബത്ത്‌രാജ്ഞി ഇന്നു നമ്മുടെ ചക്രവൎത്തിനിയല്ല; എങ്കിലും ബ്രിട്ടീഷ്‌കോമൺവെൽത്തിൽ നാം ഇന്നും ഒരംഗമാണല്ലോ. ബ്രിട്ടീഷുകാരുടെ ആഹ്ലാദത്തിൽ നമുക്കും പങ്കുകൊള്ളാം.

ലണ്ടനിൽ ഞാൻ ചെന്നപ്പോൾ മുതൽ കേട്ടുതുടങ്ങി 'കോറനേഷനെ'പ്പററിയുള്ള പ്രസ്താവനങ്ങൾ. ജനങ്ങളുടെ ആവേശം വർദ്ധിപ്പിക്കുവാൻ പത്രങ്ങളും മത്സരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നു. ഒരവസരത്തിൽ പ്രൊഫസറോടു ഞാൻ പറഞ്ഞു: "കോറനേഷൻ ഞങ്ങളുടെ നാട്ടിലുമുണ്ട്; എൻെറ കുടുംബത്തിലെ കാരണവർതന്നെ 'അരിയിട്ടുവാഴ്ച'കഴിഞ്ഞേ 'കക്കാട്ടു കാരണവപ്പാട്'എന്ന സ്ഥാനം ലഭിക്കയുള്ളു. ബ്രിട്ടീഷ്‌രാജ്ഞിയുടെ കിരീടധാരണോത്സവത്തോളം അത്ര വലിയ ആഘോഷമൊന്നുമുണ്ടാകയില്ല; ചടങ്ങുകൾക്കും കുറെ വ്യത്യാസങ്ങൾ കണ്ടേയ്ക്കും. കാര്യമെല്ലാം ഏതാണ്ടൊന്നുതന്നെ." "കുറച്ചു ഭേദമെണ്ണത്തിൽ വണ്ണത്തിലുമത്രമാത്രം."

രണ്ടുമൂന്നു മാസം കഴിഞ്ഞപ്പോഴേയ്ക്കും ജനങ്ങളുടെ ആവേശം എന്നെ കുറേശ്ശ ബാധിക്കുവാൻ തുടങ്ങി. ന്യൂസ് തീയേററുകളിലെ വാർത്താപംക്തികളിൽ സദാ കാണപ്പെട്ടിരുന്ന എലിസബത്ത്‌രാജ്ഞിയുടെ പ്രസന്നമായ മുഖവും തറവാടിത്തം തികഞ്ഞ പെരുമാററവും എന്നെ ക്രമേണ അവരുടെ വിനീതാരാധകന്മാരിലൊരാളാക്കിത്തീർത്തു. അവർ റോഡിൽക്കൂടിപ്പോകുന്നതു കാണുവാൻ രാജഭക്തരായ ആംഗലേയരോടൊപ്പം ഞാൻ ഒരു രണ്ടുതവണ വഴിയരികിൽ തിരക്കി നില്ക്കയുണ്ടായി. കോറണേഷൻ കാണണമെന്നു ഞാൻ തീർച്ചപ്പെടുത്തി.

ബക്കിങ്ങാംപാലസ്സിൽനിന്നു പുറപ്പെട്ടു രാജ്യാഭിഷേകത്തിന്ന് 'വെസ്റ്റ്മിൻസ്റ്റർ ആബി'യിലേയ്ക്കു പോകുവാനുള്ള വഴിയും 'കോറണേഷൻ' കഴിഞ്ഞു പ്രധാനപ്പെ

ട്ട തെരുവീഥികളിൽക്കൂടിയെല്ലാം ചുററി വീണ്ടും പാലസ്സിലേയ്ക്കു തിരിച്ചു വരുവാനുള്ള വഴിയും മുൻകൂട്ടിത്തന്നെ അലങ്കരിച്ചുതുടങ്ങി. പുകകൊണ്ടു കരിപിടിച്ചിരുന്ന കെട്ടിടങ്ങളെല്ലാം കഴുകി വെളുപ്പിച്ചു. പാലസ്സിൻെറ മുൻവശത്തുള്ള 'മാൾ' തെരുവിൻെറ ഇരുവശത്തും കാഴ്ചക്കാർക്കിരുന്നു കാണുവാൻ ഗ്യാലറികൾ കെട്ടിയുറപ്പിച്ചു കഴിഞ്ഞു. മററു റോഡുകളിലും ഒഴിഞ്ഞ സ്ഥലമുള്ള ദിക്കിലെല്ലാം ഗ്യാലറികളുണ്ട്. ഇവിടെയെല്ലാം സീററൊന്നിന് അഞ്ചും പത്തും പവനാണത്രെ കോറണേഷൻ ദിവസത്തേയ്ക്കു വാടക. വെസ്റ്റ്മിൻസ്റ്റർ ആബിയുടെ ചുററും കെട്ടിയിട്ടുള്ള ഗ്യാലറികൾ ഓരോ രാജ്യക്കാർക്ക് പ്രത്യേകം തിരിച്ചുവെച്ചിട്ടുണ്ട്. കോമൺവെൽത്തിലെ എല്ലാ രാജ്യക്കാർക്കും ഇതിൽ സ്ഥാനമുണ്ട്. പ്രൊസഷൻ പോകുന്ന വഴിയിലുള്ള വീടുകൾക്കും വലിയ വാടകതന്നെ. ഞാൻ അഞ്ചുപത്തുപവൻ കൊടുത്തു സീററു വാങ്ങുവാൻ ഇഷ്ടപ്പെട്ടില്ല. സാമാന്യജനങ്ങളോടൊപ്പം തിരക്കിൽ നിന്നുകൊണ്ടുതന്നെ ഘോഷയാത്ര കാണുവാനാണു ഞാൻ തീർച്ചപ്പെടുത്തിയതു്.

വഴിയെല്ലാം തോരണങ്ങൾ കൊണ്ടലങ്കരിച്ചിട്ടുണ്ട്. 'മാൾ' ആർച്ചുകൾകൊണ്ടും തോരണാദികൾകൊണ്ടും പ്രത്യേകം തിളങ്ങുന്നു. ഓക്സ്ഫോർഡ് സ്ട്രീററിലെ 'Selfridges'ൻ മുമ്പിലുള്ള അലങ്കാരങ്ങൾ കോറനേഷന് ഒരുമാസം മുമ്പുമുതൽക്കുതന്നെ ജനങ്ങളെ ആകർഷിച്ചു തുടങ്ങി. യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നും മററും വന്നുചേർന്നിട്ടുള്ള കാണികളുടെ സംഖ്യയ്ക്കുററമില്ല.

മധുസൂദനൻപിള്ള തിരക്കിലേയ്ക്കില്ലെന്നും ടെലവിഷനു മുമ്പിലിരുന്നു കാണുവാനാണു തീർച്ചപ്പെടുത്തിയിട്ടുള്ളതെന്നും മുൻകൂട്ടിത്തന്നെ പറഞ്ഞുകഴിഞ്ഞു. രണ്ടുദിവസം മുമ്പുതന്നെ കാംബ്രിഡ്ജിൽനിന്നു വന്നുചേർന്നിട്ടുള്ള ഉണ്ണിത്താനാണ് എനിക്കു കൂട്ട്. ജൂൺ ഒന്നാംതീയതി വൈകുന്നേരം ഞങ്ങളെല്ലാവരും 'പ്രൊസഷൻവഴി'യിൽ കൂടി അങ്ങുമിങ്ങും നടന്ന് ആകപ്പാടെയുള്ള തിക്കും തിരക്കും അനുഭവിച്ചറിഞ്ഞു.

ജൂൺ രണ്ടാംതീയതി കാലത്തു നാലുമണിക്കു ഞങ്ങൾ എഴുന്നേററു. റൊട്ടിക്കഷണങ്ങളും ആപ്പിൾപഴങ്ങളും രണ്ടുമൂന്നു കുപ്പി നാരങ്ങാവെള്ളവും സഞ്ചിയിൽ കരുതിവെച്ച് പ്രാതലിനുശേഷം ഉണ്ണിത്താനും ഞാനുംകൂടി കോറണേഷൻപ്രൊസഷൻ കാണുവാൻ പുറപ്പെട്ടു. അഞ്ചുമണിക്കു പുറപ്പെടുന്ന ആദ്യത്തെ അണ്ടർഗ്രൗണ്ടു തീവണ്ടിയിൽതന്നെ സ്ഥലംകിട്ടി. 'വിക്ടോറിയാ'സ്റ്റേഷനിൽ ഇറങ്ങി അരനാഴികയോളം നടന്ന് മാൾതെരുവിലെ തിരക്കിന്നിടയിൽ ഞങ്ങളും നുഴഞ്ഞുകയറി. മുൻപിൽ നില്ക്കുന്നവരുടെ തടസ്ഥം കൂടാതിരിക്കുവാൻ 'പെരിസ്കോപ്പു'കൾ വാങ്ങി അതിൽകൂടി നോക്കുന്നവരും തിരക്കിൽ ധാരാളമായിരുന്നു.

ഏതാണ്ടൊമ്പതു മണിവരെ കാത്തുനില്ക്കേണ്ടിവന്നു പ്രൊസഷൻ വരുവാൻ. ഇതിനിടയ്ക്കു രണ്ടു നാലു തവണ കുറേശ്ശ മഴ ചാറുകയും ഉണ്ടായി. കുടയെടുത്തവർ കുറവായിരുന്നു. എന്റെ കുട നാലഞ്ചുപേർക്കാശ്രയം നല്കി. പ്രൊസഷൻ തന്നെ അരമുക്കാൽ മണിക്കൂറോളം നീണ്ടുനിന്നു. ഇനി വെസ്റ്റ്മിൻസ്റ്റർ ആബിയിൽച്ചെന്നു

ചടങ്ങുകളെല്ലാം കഴിഞ്ഞു തിരിച്ചുവരുന്നതു വൈകുന്നേരം അഞ്ചുമണിയോടുകൂടിയാണ്. അതുവരെ കാത്തു നില്ക്കുവാൻ വിഷമം. ഞങ്ങൾ പുറത്തേയ്ക്കു പോന്നു. സെൻ്റ്ജേംസ് പാർക്കിൽ ഒരു ഭാഗത്തിരുന്നു സഞ്ചിയിൽക്കരുതിയിരുന്ന ഭക്ഷണം കഴിച്ചു.

തിരക്കിൽക്കൂടി അങ്ങുമിങ്ങും നടന്ന് 'ടോട്ടൻഹാം കോർട്ടുറോഡി'നടുത്തെത്തിയപ്പോൾ ഒരു റേഡിയോ ഷോപ്പിന്നു മുമ്പിൽ ടെലവിഷൻ വെച്ചിരിക്കുന്നതു കണ്ടു. അതിൽ നോക്കി രാജ്യാഭിഷേകത്തിൻ്റെ ചടങ്ങുകളും രാജ്ഞിയും പരിവാരങ്ങളും തിരിച്ചുപോരുന്ന രംഗങ്ങളും കുറെനേരം കണ്ടു.

അങ്ങനെ ബ്രിട്ടീഷുമഹാരാജ്ഞിയെ അവരുടെ കിരീടധാരണമഹോത്സവദിവസം നേരിട്ടു കാണുവാൻ സാധിച്ചു എന്നെനിക്കഭിമാനിക്കാറായി!

10

രാജ്ഞിയും പ്രഭുസഭയും ജനസഭയും ചേർന്നതാണ് ഇന്നത്തെ ബ്രിട്ടീഷ് പാർളിമെണ്ട്. പ്രതാപധാടിക്കും മോടിക്കും മാത്രമാണു രാജ്ഞി. രാജ്യഭരണത്തിൻ്റെ അധികാരം മുഴുവൻ ജനസഭയ്ക്കാണ്. പ്രഭുസഭയ്ക്കു വലിയ അധികാരമൊന്നുമില്ല; എങ്കിലും തീരെ ഉപയോഗശൂന്യമെന്നു പറഞ്ഞുകൂടാ.

കൊല്ലംതോറും പാർളിമെണ്ട് ഉൽഘാടനം ചെയ്യുന്നതു രാജ്ഞിയാണ്. ഭാവിയിലെ നയപരിപാടികളെപ്പററിയുള്ളൊരു പ്രസംഗം ആ സന്ദർഭത്തിൽ വായിക്കു

ന്നതു രാജ്ഞിയാണെങ്കിലും, അതെഴുതിക്കൊടുക്കുന്നതു മന്ത്രിസഭയാണു്. ബില്ലുകൾ നിയമമായിത്തീരണമെങ്കിൽ രാജ്ഞിയുടെ സമ്മതം വേണമെന്നാണു നിശ്ചയം. പക്ഷെ, ആ സമ്മതം ഒരിക്കലും നിഷേധിക്കപ്പെടുകയുമില്ല. ഭൂരിപക്ഷം സിദ്ധിച്ച കക്ഷിയിൽനിന്നു പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കുവാനുള്ള അധികാരം രാജ്ഞിക്കാണു്. എന്നാൽ ആ കക്ഷിയിലെ നേതാവിനെത്തന്നെ തിരഞ്ഞെടുക്കും എന്നതാണു നടവടി. പുതിയൊരു തിരഞ്ഞെടുപ്പു വേണമെന്നു പ്രധാനമന്ത്രി ആവശ്യപ്പെട്ടാൽ അതിനു സമ്മതം നിഷേധിക്കുവാൻ അവൾക്കധികാരമുണ്ടു്; ആ അധികാരം ഒരിക്കലും ഉപയോഗിക്കാറില്ല. സാമാന്യമായി അഞ്ചുകൊല്ലം കൂടുമ്പോഴാണു തിരഞ്ഞെടുപ്പു്; പക്ഷെ, പ്രധാനമന്ത്രിക്കു വേണമെന്നു തോന്നുമ്പോൾ വീണ്ടും തിരഞ്ഞെടുപ്പു നടത്തുവാൻ സാധിക്കും.

സാധാരണ ദിവസങ്ങളിൽ ഉച്ചതിരിഞ്ഞു രണ്ടര മണിക്കാണു സഭ തുടങ്ങുന്നതു്. രാജ്ഞി സഭ ഉൽഘാടനം ചെയ്യുന്ന ദിവസം മാത്രം കാലത്തു പതിനൊന്നു മണിക്കുതന്നെ സഭ കൂടും. വലിയ ആഘോഷത്തോടുകൂടി, നാലുകുതിരകളെപ്പൂട്ടിയ ഒരു രഥത്തിലാണു രാജ്ഞി പാർളിമെണ്ടു മന്ദിരത്തിലേയ്ക്കു വരുന്നതു്. അവിടെ പ്രഭുസഭയിൽ വന്നു് അഗ്രാസനത്തിൽ ഇരിക്കുന്നു. പ്രഭുക്കൾ പലരും ഹാജരായിരിക്കും. ജനപ്രതിനിധികളെ കാണാത്തതിൽ അത്ഭുതം നടിച്ചു് അവരെ ഉടനെ വിളിച്ചുകൊണ്ടുവരുവാൻ രാജ്ഞി കല്പിക്കയായി. 'വെള്ളിവടിക്കാരൻ' ജനസഭയിലേയ്ക്കു പോകുന്നു. അവിടെ ജന

പ്രതിനിധികളെല്ലാം ഒത്തുചേൎന്നിട്ടുണ്ട്. രാജ്ഞിയുടെ ദൂതൻ വാതില്ക്കൽ എത്തുമ്പോഴേയ്ക്കും വാതിൽ അയാളുടെ മുഖത്തു കൊട്ടിയടയ്ക്കപ്പെടുന്നു! ജനങ്ങളുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ ഒരടയാളമാണത്രെ ഈ ചടങ്ങ്. രാജദൂതനുപോലും ജനസഭയിലേയ്ക്ക് അനുവാദം കൂടാതെ കടന്നുവരുവാനധികാരമില്ല. മൂന്നു തവണ വെള്ളിവടികൊണ്ടു ദൂതൻ വാതില്ക്കൽ മുട്ടിയതിനു ശേഷമേ അതു തുറക്കുകയുള്ളൂ. രാജ്ഞിയുടെ ക്ഷണമനുസരിച്ച് ജനസഭാമെമ്പർമാർ പ്രഭുമന്ദിരത്തിലേയ്ക്കു ചെല്ലുന്നു. അവൎക്കവിടെയിരിക്കുവാൻ അധികാരമില്ല. രാജ്ഞിയുടെ ഉൽഘാടനപ്രസംഗം മുഴുവൻ നിന്നുകൊണ്ടുതന്നെ അവർ കേൾക്കുന്നു. ഉടനെ അവർ ജനസഭാഹാളിലേയ്ക്കു തന്നെ മടങ്ങിപ്പോകയായി. അനന്തരം രാജ്ഞിയുടെ പ്രസംഗത്തെപ്പററിയുള്ള ചൎച്ചയ്ക്കു മുമ്പായി 'തെമ്മാടികളെ അമർച്ചചെയ്യുവാൻ' ഉള്ള ഒരു ബില്ലാണ് അവർ ആദ്യമായി വായിക്കുന്നതു്. ഇതും ഇഷ്ടമുള്ള കാര്യങ്ങളെപ്പററി ചർച്ചചെയ്യുവാൻ ജനപ്രതിനിധികൾക്കുള്ള അവകാശത്തെയാണത്രെ കാണിക്കുന്നതു്!

ക്യാബിനററുസമ്പ്രദായം നടപ്പിൽവന്നതു് പതിനെട്ടാംനൂററാണ്ടോടുകൂടിയാണ്, പണ്ടു മന്ത്രിമാരെല്ലാവരും രാജാവിന്റെ ഉപദേശകന്മാർ മാത്രമായിരുന്നു. മന്ത്രിസഭയുടെ അദ്ധ്യക്ഷൻ രാജാവുതന്നെ. എ. ഡി. 1714-ൽ ജൎമ്മൻകാരനായ ജോർജ്ജ് ഒന്നാമൻ ബ്രിട്ടീഷുരാജാവായി വന്നപ്പോൾ, രാജാവിന്നു് ഇംഗ്ലീഷും മന്ത്രിമാൎക്കു ജൎമ്മനും അറിഞ്ഞുകൂടാ എന്ന നിലയായിരുന്നു. അവൎക്കു പരസ്പരം കാര്യങ്ങൾ അറിയിക്കുവാൻ ലാററിൻഭാഷയുടെ

സഹായം തേടേണ്ടിവന്നു. സുഖലോലുപനായ രാജാവ് രാജ്യകാര്യങ്ങളിൽ ശ്രദ്ധാലുവായിരുന്നില്ല. അതിനാൽ മന്ത്രിമാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുവാൻ പലപ്പോഴും അദ്ദേഹം വരാതെയായി. മന്ത്രിമാരിൽ തന്റേടവും പ്രാപ്തിയും തികഞ്ഞ 'വാൽപ്പോൾ' ഇത്തരം യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുവാനും തുടങ്ങി. അങ്ങനെ വളന്നതാണു് ഇന്നത്തെ പ്രധാനമന്ത്രിക്കുള്ള സർവ്വാധികാരിത്വം.

ജനപ്രതിനിധികളുടെ ഉച്ഛൃംഖലമായ ഗതിയെ നിയന്ത്രിക്കുവാൻ അറിവും തഴക്കവും സിദ്ധിച്ച പണ്ഡിതന്മാരുടെ സഭയാണു് പ്രഭുസഭ എന്നു കരുതപ്പെടുന്നു. ഇന്നുള്ള 840 മെമ്പർമാരിൽ അഞ്ഞൂറിലധികവും പത്തൊമ്പതാം നൂറ്റാണ്ടിൽ പുതുതായി സൃഷ്ടിക്കപ്പെട്ട പ്രഭുക്കന്മാരാണു്; പ്രാചീനകാലംമുതല്ക്കേ നിലനിന്നുപോന്നിട്ടുള്ള പ്രഭുകുടുംബങ്ങൾ കുറച്ചുമാത്രമേയുള്ളു. രാജകുടുംബത്തിലെ ഒരു സ്ത്രീക്കു രാജ്ഞിയാകാം; എന്നാൽ പ്രഭുകുടുംബത്തിലെ ഒരു സ്ത്രീക്കു് പ്രഭുസഭയിൽ മെമ്പറാകുവാനവകാശമില്ല. കുടുംബങ്ങളിൽ ഏററവും പ്രായം ചെന്നവക്കുമാത്രമെ പ്രഭുസ്ഥാനത്തിന്നവകാശമുള്ളു; അതിനാൽ പ്രഭുസഭയിൽ മിക്കവരും വൃദ്ധന്മാരായിരിക്കും. ആകെയുള്ള 840 മെമ്പർമാരിൽ പത്തുരുപതു മെമ്പർമാരിലധികം സഭയുടെ നടപടികളിൽ പങ്കെടുക്കാറില്ല. ഏതു മെമ്പക്കും ഇഷ്ടംപോലെ എന്തും പ്രസംഗിക്കുവാൻ ഇവിടെ അധികാരമുണ്ടു്. ജനസഭയിലെന്നതുപോലെയുള്ള അച്ചടക്കനടപടികളൊന്നും ഇവിടെയില്ല. പ്രഭുസഭയ്ക്കു് ഒരു സ്പീക്കർതന്നെയില്ല. ഒരു തിരഞ്ഞെടുപ്പിന്നു

നിഗ്ഗേണ്ട ആവശ്യമൊന്നുമില്ലാത്തതുകൊണ്ടു് ജനങ്ങളുടെ അപ്രീതിയെപ്പററി ഭയപ്പെടാതെയും അവരുടെ അഭിപ്രായം നോക്കാതെയും കാൎയ്യങ്ങഠം തുറന്നു പറയുവാൻ പ്രഭുക്കന്മാൎക്കു സൗകൎയ്യമുണ്ടു്. രാജ്യഭാരത്തിന്റെ ചുമതലയൊന്നുമില്ലാത്തതുകൊണ്ടു് ബില്ലുകഠം നിഷ്പക്ഷമായി ചർച്ചചെയ്യുവാൻ അവൎക്കു സാധിക്കും. ധനസംബന്ധമായ യാതൊരു ബില്ലും ചർച്ചചെയ്യുവാൻ അവൎക്കധികാരമില്ല. മററു ബില്ലുകളിൽ ചില്ലറ ചില ഭേദഗതികഠം വരുത്തുവാൻ ശുപാർശചെയ്യുവാനോ, അവയെ അററം ഒരു കൊല്ലത്തോളം നീട്ടിക്കൊണ്ടുപോകുവാനോ മാത്രമേ അവൎക്കു കഴിയുകയുള്ളു. ബ്രിട്ടനിലെ സുപ്രീംകോടതിയും പ്രഭുസഭയാണു്; ന്യായാധിപതിയായും മററും നല്ല തഴക്കം സിദ്ധിച്ച പ്രഭുക്കന്മാർ മാത്രമെ ന്യായവിചാരണചെയ്യുമ്പോഠം സഭയിൽ പങ്കെടുക്കാറുള്ളു.

* * * *

പാർളിമെണ്ടു സമ്പ്രദായത്തിലുള്ള ഭരണത്തിൽ ജനങ്ങഠംക്കു കൂടുതൽ അഭിരുചിയും അറിവുമുണ്ടാക്കുവാൻ വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു 'സൊസൈററി'യാണു് 'ഹാൻസാർഡു സൊസൈററി.' ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി ആയിരത്തോളം മെമ്പർമാർമാത്രമേ ഈ സൊസൈററിയിലുള്ളു. ഓരോ രാജ്യങ്ങളിലേയും പാർളിമെണ്ടുകളുടെ പ്രവൎത്തനങ്ങളെപ്പററിയുള്ള വിവരങ്ങഠം നല്കിക്കൊണ്ടുള്ള പുസ്തകങ്ങഠം പ്രസിദ്ധപ്പെടുത്തുക, ഇത്തരം ലേഖനങ്ങളും ഗ്രന്ഥനിരൂപണങ്ങളുമടങ്ങിയ 'Parliamentary Affairs' എന്ന ത്രൈമാ

സികം നടത്തിവരിക എന്നിവയാണു് ഈ സൊസൈററി ചെയ്തുവരുന്നതു്.

'ഹാൻസാർഡു സൊസൈററി'യും 'ഹാൻസാർഡും' തമ്മിൽ വലിയ ബന്ധമൊന്നുമില്ല. ബ്രിട്ടീഷ് പാർളിമെണ്ടിൽ നടക്കുന്ന വാദപ്രതിവാദങ്ങളും പ്രസംഗങ്ങളുമെല്ലാം ഒരക്ഷരം പോലും വിടാതെ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകമാണു് 'ഹാൻസാർഡ്.' ഇപ്പോഴം ഇതു ഗവമ്മേണ്ടിൽനിന്നു നേരിട്ടാണു പ്രസിദ്ധപ്പെടുത്തുന്നതു്. തലേന്നാഠ വൈകുന്നേരം പാർളിമെണ്ടിൽവെച്ചു നടന്ന സകല പ്രസംഗങ്ങളും, അച്ചടിച്ച പുസ്തകത്തിൽനിന്നുതന്നെ, പ്രാതൽകഴിക്കുന്നതോടൊപ്പം വായിച്ചു മനസ്സിലാക്കുവാൻ സൗകയ്യപ്പെടത്തക്കവിധം വലിയ ശുഷ്കാന്തിയോടുകൂടിയാണു് ഇതിന്റെ പ്രസിദ്ധീകരണം. കായ്യങ്ങളെല്ലാം 'ഹാൻസാർഡു'നോക്കി മനസ്സിലാക്കാമല്ലോ എന്നു കരുതിയാണു മിക്ക മെമ്പർമാരും പ്രസംഗങ്ങഠ ശ്രദ്ധിച്ചു കേഠക്കുന്ന കായ്യത്തിൽ വൈമുഖ്യം കാണിക്കുന്നതു്. 'ഹാൻസാർഡു' വായിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന്നുള്ള 'സൊസൈററി' എന്ന നിലയ്ക്കു തുടങ്ങിയതുകൊണ്ടാണു് ഈ സമിതിക്കു 'ഹാൻസാർഡു സൊസൈററി' എന്നു പേർ സിദ്ധിച്ചതു്. ഏ. ഡി. 1803 മുതൽ 1952 വരെ ബ്രിട്ടീഷ്പാർളിമെണ്ടിൽ നടന്നിട്ടുള്ള എല്ലാ വാദപ്രതിവാദങ്ങളുടേയും പ്രസംഗങ്ങളുടേയും പകർപ്പുകഠ അനേകം വാള്യങ്ങളായി ഈ സമിതിയുടെ ആപ്പീസിൽ നിരത്തിവെച്ചിട്ടുള്ളതു ഞാൻ കാണുകയുണ്ടായി.

പുരാതനകാലത്തു് ബ്രിട്ടനിൽ ജനപ്രതിനിധിസഭ

യുടെ പ്രവൎത്തനം രാജാവിന്നെതിരായുള്ളൊരു ഗൂഢാലോചനയുടെ ഛായയിലായിരുന്നതുകൊണ്ടു് പ്രസംഗങ്ങൾ പ്രസിദ്ധീകരിക്കുവാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. അനന്തരകാലങ്ങളിൽ ചില പ്രധാനപ്പെട്ട പ്രസംഗങ്ങളുടെ റിപ്പോർട്ടു പത്രങ്ങളിൽ വന്നുതുടങ്ങി. 'ജോൺസൺ' ടോറികളെ അനുകൂലിച്ചുകൊണ്ടുള്ള പാർളിമെണ്ടുപ്രസംഗറിപ്പോർട്ടുകൾ എഴുതാറുണ്ടത്രെ. എ. ഡി. 1803-ൽ വില്യം കോബിററ് ആണു് നിയമസഭാനടപടികൾ നിഷ്പക്ഷമായെഴുതുവാൻ ആദ്യമായാരംഭിച്ചതു്; അന്നതു പ്രസിദ്ധീകരിച്ചതു്, 'ഹാൻസാർഡ്' ആയിരുന്നു. അങ്ങനെയാണു് ബ്രിട്ടീഷ് പാർളിമെണ്ടുപ്രസംഗറിപ്പോർട്ടിന്നു് 'ഹാൻസാർഡ്' എന്നു പേർ വന്നതു്.

* * *

11

ലണ്ടൻപട്ടണത്തിലെ ഇരുളും വെളിച്ചവുംകണ്ടു ജീവിക്കുവാൻ രസമുണ്ടു്. പക്ഷെ, അതിന്നിതാ തെല്ലൊരു തടസ്സം നേരിട്ടിരിക്കുന്നു. ഞങ്ങൾ താമസിക്കുന്ന വീടൊന്നു മാറിയേ കഴിയൂ. ജൂലൈ ആദ്യം വെക്കേഷൻ തുടങ്ങുന്നതോടുകൂടി കേംബ്രിഡ്ജിൽനിന്നു് ഉണ്ണിത്താനും ബൎമ്മിങ്ങാമിൽനിന്നു് എൻ. പി. പിള്ളയും ലണ്ടനിലേയ്ക്കു വരികയാണു്. ഉണ്ണിത്താൻ രണ്ടുമാസമേ ലണ്ടനിൽത്താമസമുള്ളു; പിള്ളസ്സാർ ഇനി ലണ്ടനിൽത്തന്നെ കൂടുവാനാണു നിശ്ചയിച്ചിട്ടുള്ളതു്. ബൎമ്മിങ്ങാംയൂണിവേഴ്സിററിക്കുള്ള തീസിസ് ലണ്ടനിൽവെച്ചു് എഴുതി മുഴമിച്ചാൽ മതിയെന്നു പ്രൊഫസരുടെ സമ്മതംവാങ്ങി വരി

കയാണു്. ഇവരെ രണ്ടുപേരേയും ഇവിടെ ഞങ്ങളുടെകൂടെ താമസിപ്പിക്കുവാൻ സൗകര്യമില്ല. അതിനാൽ നാലുപേൎക്കുംകൂടി താമസിക്കുവാൻ പററിയൊരു വീടന്വേഷിക്കണം.

ലണ്ടനിൽ സുഖമായിത്താമസിക്കുവാൻ വേണ്ടത്ര സൗകര്യമുള്ളൊരു സ്ഥലം കിട്ടുന്നകാൎയ്യം വളരെ പ്രയാസമുള്ളൊരു 'പ്രശ്ന'മായി ഞാനൊരിക്കലും കരുതിയിരുന്നില്ല. സായന്തനപത്രപാക്തികളിൽ തെരുതെരെ കാണപ്പെട്ടിരുന്ന പരസ്യങ്ങളിൽനിന്നും, അങ്ങിങ്ങു് ഓരോ മുക്കിലും മൂലയിലും ചില ചെറുകടകളുടെ ഉമ്മറത്തും മററും വെച്ചിരിക്കുന്ന വലിയ ബോർഡിൽ പതിച്ചിട്ടുള്ള കാർഡുകളിൽ മഷികൊണ്ടെഴുതിയോ ടൈപ്പുചെയ്തോ കാണപ്പെട്ടിരുന്ന ചെറുപരസ്യങ്ങളിൽനിന്നും, ഒരു സാധാരണക്കാരനു തോന്നുക ആ നഗരത്തിൽ വിവിധ സൗകര്യങ്ങളോടുകൂടിയ മുറികളും 'ഫ്ളാററു'കളും 'ഫ്ളാററ്ലററു'കളും വീടുകളുമെല്ലാം ധാരാളമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും താമസസ്ഥലം അന്വേഷിച്ചു ചെല്ലുന്നവരെ ഹാൎദ്ദമായി സ്വാഗതം ചെയ്യുവാൻ വീട്ടുടമസ്ഥകൾ കാത്തിരിക്കയാണെന്നും മററുമാണു്. ശരിയായ ഉള്ളുകള്ളികൾ മനസ്സിലാകുന്നതു് വീടന്വേഷിച്ചു നടന്നുനോക്കുമ്പോഴാണു്.

ഒരു ഞായറാഴ്ചകാലത്തു് ഞാനും സ്നേഹിതൻ മധുവുംകൂടി 'ഹാംസ്റ്റഡി'ലുള്ള പഴയ താമസസ്ഥലത്തുനിന്നു് വീടന്വേഷിച്ചു പുറപ്പെട്ടു. 'ഇന്ത്യാഹൗസി'ൽനിന്നും 'ബ്രിട്ടീഷ്കൗൺസി'ലിൽനിന്നും പത്രങ്ങളിലെ പരസ്യങ്ങളിൽനിന്നുംമററും കിട്ടിയ കുറെ മേൽവിലാസങ്ങളും ലണ്ടൻതെരുവുകളുടെ വിശദവിവരങ്ങളടങ്ങിയ 'മ്യാപ്പും'

കൈയിൽക്കരുതിയിട്ടുണ്ട്. 'മ്യാപ്പ്' നോക്കിപ്പുറപ്പെട്ടാൽ ലണ്ടൻതെരുവുകളെപ്പററിയുള്ള നമ്മുടെ അജ്ഞത മററുള്ളവരെ അറിയിക്കാതെ കഴിക്കാം.

ഞങ്ങൾക്ക് അനേകം സ്ഥലങ്ങളിൽ കയറിയിറങ്ങേണ്ടിവന്നു. മിക്കദിക്കിലും ഒഴിവുള്ള മുറികളില്ല. ചില ദിക്കിൽ ഒന്നോ രണ്ടോ മുറികളുണ്ടായിരിക്കും; പക്ഷേ, വാടക വളരെ അധികമാണ്. പരസ്യത്തിൽക്കണ്ടതും വാസ്തവത്തിലുള്ളതും തമ്മിൽ പല വ്യത്യാസങ്ങളും ഉണ്ട്. ഒന്നാംതരം 'ഫ്ളാററ്ലററ്' എന്നു പരസ്യത്തിലുള്ളതു വാസ്തവത്തിൽ ചെറിയൊരു മുറിമാത്രമായിരിക്കും. ചിലപ്പോൾ 'സർവ്വീസ്റൂംസ്' എന്നു കേൾക്കുമ്പോൾ, വിളിച്ചാലുടനെ എന്തും ചെയ്യുവാൻ തയ്യാറായി വേലക്കാരുണ്ടാകുമെന്നു നമ്മൾ വിചാരിച്ചാൽ അതു നമ്മുടെ കുററംതന്നെയാണ്; ദിവസേന, അല്ലെങ്കിൽ ആഴ്ചയിൽ രണ്ടുതവണ, മുറി അടിച്ചുവാരും എന്നേ വീട്ടുടമസ്ഥ 'സർവ്വീസ്'പദത്തിന്നു അർത്ഥം ഉദ്ദേശിച്ചിട്ടുള്ളു. തന്നെത്താൻ ഭക്ഷണം പാകം ചെയ്യുവാനുള്ള സൗകര്യങ്ങളെല്ലാം (Cooking facilities) ഉണ്ടെന്നു പരസ്യത്തിൽക്കണ്ടേയ്ക്കാം; പക്ഷെ, മുറികളിൽ ഒരു ചെറിയ 'ഗ്യാസ്റിങ്' മാത്രമാണുണ്ടായിരിക്കുക. എണ്ണയിൽ എന്തെങ്കിലും വറുത്താൽ അടുത്തമുറിയിലുള്ളവർക്കുപദ്രവമാകുമെന്നും ചായ ഉണ്ടാക്കുവാനോ പാൽ ചൂടാക്കുവാനോ മാത്രമേ അടുപ്പ് ഉപയോഗിക്കാവൂ എന്നും വീട്ടുടമസ്ഥ പ്രത്യേകം താക്കീതു നല്കും. ചിലദിക്കിൽ നിലവറയിലെ അടുപ്പ് വേണമെങ്കിൽ ഉപയോഗിക്കാമെന്ന് അനുവാദം ലഭിച്ചേയ്ക്കും. ഓരോതവണയും നാലാംനിലയിലെ

യോ അഞ്ചാംനിലയിലയോ മുറിയിൽനിന്ന താഴത്തിറങ്ങി വരേണ്ടതായി വരും. കാപ്പിയുണ്ടാക്കുവാൻ വേണ്ട സാമാനങ്ങളെല്ലാം എടുത്തു താഴെച്ചെല്ലുമ്പോഴാണ് മുറിയുടെ താക്കോലെടുത്തിട്ടില്ലെന്നോൎമ്മ വരിക; അതെടുത്തുകൊണ്ടുവന്ന തീപ്പിടിപ്പിക്കുവാൻ നോക്കുമ്പോൾ തീപ്പെട്ടി കണ്ടില്ലെങ്കിൽ വീണ്ടും നാലഞ്ചുനിലകൾ കയറിയിറങ്ങണം!

വീട്ടുടമസ്ഥകളിലധികവും പോളണ്ടുകാരും ഫ്രഞ്ചുകാരും മററുമാണ്; ഇംഗ്ലീഷിൽ പറഞ്ഞാൽ നല്ലവണ്ണം മനസ്സിലാക്കുവാൻ പ്രയാസമുള്ളവരാണ മിക്കവരും എന്ന പറയാം. ഇംഗ്ലീഷ്കാരും ഇല്ലായ്കയില്ല. അമ്പതും അമ്പത്തഞ്ചും ചെന്ന പ്രൗഢകളായിരിക്കും അധികവും; അപൂൎവ്വം ചില ദിക്കിൽ 'വീട്ടുടമസ്ഥൻ' ആയിരിക്കും ഉണ്ടാവുക.

ഉമ്മറത്തു ചെന്ന മണിയടിച്ചാൽ വീട്ടുടമസ്ഥ വന്ന വാതിൽ തുറക്കുകയായി, വൎണ്ണവിദ്വേഷം പ്രകടമായി ഒരിടത്തും കാണപ്പെട്ടിരുന്നില്ല ഇംഗ്ലീഷുകാൎക്കവിടെയുള്ള സ്വാതന്ത്ര്യം എല്ലാം ഞങ്ങൾക്കുമുണ്ട്. ഇന്ത്യക്കാൎക്ക സ്ഥലം കൊടുക്കുകയില്ലെന്ന് ഒരു വീട്ടുടമസ്ഥയും ഞങ്ങളോടു പറഞ്ഞിട്ടില്ല. എങ്കിലും ചിലപ്പോൾ പരസ്യം കണ്ടു ഫോൺ ചെയ്തു ചോദിക്കുമ്പോൾ സ്ഥലമുണ്ടെന്ന പറഞ്ഞവർതന്നെ, ഞങ്ങൾ വാതില്ക്കൽ ചെന്ന മുട്ടുമ്പോൾ വലിയ പ്രതീക്ഷയോടെ വാതിൽതുറന്നതിന്നുശേഷം ഞങ്ങളെക്കണ്ടു നിരാശയോടെ, "സ്ഥലമുണ്ടായിരുന്നതു് ഇപ്പോൾതന്നെ മററൊരാൾക്കു കൊടുത്തുപോയി; നിൎവ്യാജമായി വ്യസനിക്കുന്നു." എന്ന പറയുന്നതു കേൾക്കു

മ്പോൾ അതിന്നിടയിൽ കിടക്കുന്നതു ഞങ്ങളുടെ തൊലിയുടെ നിറമല്ലേ എന്നു ഞങ്ങൾക്കു സംശയം തോന്നാതിരുന്നിട്ടില്ല. സ്ഥലം കിട്ടാത്ത നിരാശകൊണ്ടു ഞങ്ങൾക്കങ്ങനെ തോന്നിയതായിരിക്കാം.

അനേകം സ്ഥലങ്ങളിൽ കയറിയിറങ്ങി നിരാശരായിത്തിരിച്ചു വന്നതിന്നുശേഷം ഞങ്ങൾ ഫോൺവഴിയാക്കി അടുത്ത ശ്രമം. പത്രങ്ങളിൽനിന്നു കിട്ടിയ ഫോൺ നമ്പറുകൾ കൈയിലുണ്ടല്ലോ. പലപല സ്വരങ്ങളിലുള്ള മറുപടികൾ ഞങ്ങൾക്കു കിട്ടി—പരുക്കൻ സ്കോട്ടിഷ് സ്വരത്തിലും തെററിത്തെറിച്ചുകൊണ്ടുള്ള കോൺടിനൻടൽ ഇംഗ്ലീഷിലും മധുരമായ ബി. ബി. സി. ഇംഗ്ലീഷിലും എല്ലാം. പലരും സ്ഥലം കാണുവാൻ ചെല്ലേണ്ട സമയവും മററും അറിയിച്ചു ഞങ്ങളെ ക്ഷണിച്ചു. ഞങ്ങൾ മര്യാദയ്ക്കു 'Thank you' ലോഭം കൂടാതെ കൊടുത്തുകൊണ്ടിരുന്നുവെങ്കിലും എവിടെയും പോവുകയുണ്ടായില്ല.

ഒടുവിൽ ഒരു 'ഏജൻസി'യിൽ ഒരു പവൻ കൊടുത്തു രജിസ്റ്റർ ചെയ്തതിൻെറ ഫലമായിട്ടാണു ഞങ്ങൾക്കു് ഒരുവിധം ഭേദപ്പെട്ട സ്ഥലം കണ്ടുകിട്ടിയതു്. 'ഫിൻസ്ബറി പാക്കിൽ' ഒരു ഫ്രഞ്ചുകാരൻെറ വീട്ടിൽ മുകളിലെ നിലയായിരുന്നു അതു്. ഒരു സ്വീകരണമുറിയും രണ്ടു വലിയ മുറികളും അടുക്കളയും മററുമുള്ള ആ 'ഫ്ളാററ്' ഞങ്ങൾക്കു പിടിച്ചു. ഒന്നാംതരം 'സെററി'യും കാർപ്പററുകളും മററും അവിടെയുണ്ടു്.

ഏതാണ്ടു രണ്ടു മാസത്തോളം ഞങ്ങൾ നാലു മലയാളികൾ (മധു, പിള്ളസ്സാർ, ഉണ്ണിത്താൻ, ഞാൻ) ആ വീ

ട്ടിലാണ് താമസിച്ചത്. വീട്ടുവേലയെസ്സംബന്ധിച്ചിട ത്തോളം ഞങ്ങൾ തൊഴിലാളികളാണ്; ഞങ്ങളുടെ മുത ലാളികൾ ഞങ്ങൾതന്നെ. ഭക്ഷണം പാകംചെയ്യുക മു തലായ ഓരോ പ്രവൃത്തിയും ഓരോരുത്തർ നിർവ്വഹിച്ചു പോന്നു. വീട്ടുജോലിയെസ്സംബന്ധിച്ച ക്ലേശം ആർക്കും പറയത്തക്കതായുണ്ടായിട്ടില്ല. ഹൂവർമെഷീൻ (വാക്വം ക്ലീനർ) കൊണ്ടു മുറികൾ വൃത്തിയാക്കുവാൻ നാലഞ്ചു മി നിട്ടേ വേണ്ടൂ. ഗ്യാസടുപ്പുകളുള്ളതുകൊണ്ട് പാചകവൃ ത്തിയും വിഷമംകൂടാതെ കഴിക്കാം. പാത്രങ്ങളിൽ ക രി തീരെ പിടിക്കുകയുമില്ല. എനിക്കുവേണ്ടി സ്നേഹിത ന്മാരും വീട്ടിൽ സസ്യഭോജികളാവുകതന്നെ ചെയ്തു. ഞ ങ്ങൾക്കു ഞങ്ങളുടെ കാര്യം കഴിച്ചുകൂട്ടുന്നതു മാത്രമല്ല, അ തിഥികളെ ക്ഷണിച്ചു സൽക്കരിക്കുന്നതും രസമായി തോ ന്നി. മലയാളപാകസമ്പ്രദായം ഒന്നും അറിഞ്ഞുകൂടാത്ത വരും പരന്ത്രീസ്ലായിൽ അടചിതീയരുമായ മദാമ്മമാ രും സായ്പുമാരും മാത്രമല്ല, പ്രൊഫസർ വി. കെ. നന്ദൻ മേനോൻ, തിരുവിതാംകൂർ യൂണിവേഴ്സിററിയിലെ പ രമേശ്വരപ്പണിക്കർ എന്നീ മലയാളികളായ മഹാന്മാരും ഞങ്ങളുടെ ആതിഥ്യം സ്വീകരിച്ചവരാണ്.

സാമ്പാറും അവിയലും കാളനും എരിശ്ശേരിയും മ ററുമെല്ലാം ഞങ്ങളവിടെ മാറിമാറിയുണ്ടാക്കും. അരിയും സാമ്പാർപൊടിയും രസപ്പൊടിയും തേങ്ങാപ്പൊടിയും (dessicated cocoanut), പരിപ്പും (lentils എന്ന് ഇം ഗ്ലീഷ്പേർ), തൈരും (ഇതിന്ന് ലണ്ടനിലെ പേർ yoghurt എന്നാണെന്നു മനസ്സിലാക്കുവാൻ അഞ്ചാറുമാ സം വേണ്ടിവന്നു), പപ്പടവും ഉപ്പിലിട്ടതും മററുമെല്ലാം

ലണ്ടനിൽത്തന്നെ വിലയ്ക്കുവാങ്ങുവാൻ കിട്ടും. യൂണിവേഴ്സിററിയുടെ മുമ്പിൽ റസ്സൽസ്ക്വയറിന്നടുത്തുള്ള 'ലാൽജ്യോതി,' 'വാറൻസ്ട്രീററി'ന്നടുത്തുള്ള 'ബോംബേ എമ്പോറിയം' എന്നീ ഷാപ്പുകളിലാണ് ഇത്തരം സാമാനങ്ങൾ ധാരാളമുള്ളതു്.

ഒരു ശനിയാഴ്ച, 'ഹാപ്പ്ൺഡ'നിൽ ഗവേഷണം ചെയ്തിരുന്ന ഡാക്ടർ കെ. കെ. നായരും, മീത്താപ്പൂരിൽ ടാററാകെമിക്കൽസിൽനിന്ന് ഉപരിപഠനത്തിന്ന് ഇംഗ്ലണ്ടിലെത്തിയിരുന്ന ശ്രീമാൻ നാരായണനും ഞങ്ങളുടെ വീട്ടിലെത്തി. വീട്ടിൽ അതിഥികളായി ആരേയും രാത്രി താമസിപ്പിക്കരുതെന്ന വീട്ടുടമസ്ഥൻെറ നിയമം അത്ര കാര്യമായി ഗണിക്കാതെ ഡാക്ടർനായരേയും നാരായണനേയും അവിടെത്തന്നെ കൂടാമെന്നു പറഞ്ഞു ഞങ്ങൾ ക്ഷണിച്ചു. ഞങ്ങൾ ആറുപേരുണ്ട്. ഇന്ത്യയുടെ ദാരിദ്ര്യം, കേരളത്തിലെ രാഷ്ട്രീയനില, ഇംഗ്ലീഷുകാരുടെ സ്വഭാവം തുടങ്ങിയ പല വിഷയങ്ങളും ചർച്ചചെയ്തുകൊണ്ടു ഞങ്ങൾ സംഭാഷണത്തിൽ ഏർപ്പെട്ടു. യോഗാഭ്യാസവിദഗ്ധനായ നാരായണൻ ഇതിനിടയ്ക്കു ചില അഭ്യാസങ്ങൾ കാണിക്കുകയും പഠിപ്പിക്കുകയുമുണ്ടായി. എല്ലാ കാര്യങ്ങളിലും വലിയ ഉത്സാഹിയായ ഉണ്ണിത്താൻ ശീഷാസനം അഭ്യസിക്കുവാൻ തുടങ്ങി. കാലു രണ്ടും ഞങ്ങൾ പിടിച്ചു മേൽപ്പോട്ടു നിർത്തിക്കൊടുക്കണം; ചിലപ്പോൾ 'പ്ധീം' എന്നു വലിയ ശബ്ദത്തോടെ നിലത്തു വീഴുകയും ചെയ്യും. രാത്രി മണി പന്ത്രണ്ടു കഴിഞ്ഞു. ഞങ്ങളതൊന്നുമറിയുന്നില്ല. ചെറിയൊരു മലയാളിത്തറവാട്ടിലെ പൂമുഖത്തിരുന്നു സൊള്ളുകയാണു ഞങ്ങൾ. രസംപി

ടിച്ച വാദപ്രതിവാദങ്ങൾ കടിഞ്ഞാണില്ലാതെ മുഴങ്ങുക യാണ്.

പെട്ടെന്നതാ വാതിൽക്കൽ ഒരു മുട്ട്. തുറന്നുനോക്കിയപ്പോൾ കോപാവിഷ്ടനായ വീട്ടുടമസ്ഥനാണ്. അയാൾ ഞങ്ങളുടെ അതിഥികളെ നേരിട്ടു: "നിങ്ങൾക്കു കിടക്കുവാനൊരു വീടില്ലേ? എന്താണ് അർദ്ധരാത്രിയായിട്ടും പോകാത്തതു്?" എന്നൊരു കുറലപ്രശ്നവും. ആരും ഒന്നും മിണ്ടിയില്ല. വലിയൊരു നിശ്ശബ്ദത. വീട്ടുടമസ്ഥൻ തിരികെപ്പോയി. അയാളുടെ ഭാര്യയ്ക്കു സുഖമില്ലാതെ താഴത്തു കിടക്കയാണെന്ന കാര്യം ഞങ്ങൾ ഓർക്കേണ്ടതായിരുന്നു. ഞങ്ങൾ ചെറിയൊരു അപരാധബോധത്തോടെ കിടന്നുറങ്ങുവാനുള്ള ശ്രമമായി.

പിററന്നാൾ കാലത്തു ഞങ്ങൾക്കു നോട്ടീസു കിട്ടി, ഒരാഴ്ചയ്ക്കുള്ളിൽ വീടുവിട്ടു പോകണമെന്ന്. ഞങ്ങൾ കൂട്ടു പിരിഞ്ഞു. ഉണ്ണിത്താൻ 'ഇന്ത്യൻ സ്ററുഡൻസ് ഹോസ്റ്റലി'ലും പിള്ളസ്സാർ വടക്കെ ഇന്ത്യക്കാരനായ ഒരു കച്ചവടക്കാരൻെറ കൂടെയും താമസമാക്കി. ഇനി വീടു വാടകയ്ക്കെടുപ്പാൻ മധുവും ഞാനും മാത്രമേയുള്ളു.

ഞങ്ങൾ 'ഹൈഡ് പാക്കി'നും 'പാഡിങ്ടൺ'നും അടുത്തായി 'ക്വീൻസ്ഗാർഡ'നിൽ ഒരു ഫ്ളാററ്ലററ്' വാടകയ്ക്കെടുത്തു താമസം തുടങ്ങി. മിസിസ്സ് ബട്‌ലർ എന്നൊരിംഗ്ലീഷുകാരിയായിരുന്നു ഞങ്ങളുടെ പുതിയ വീട്ടുടമസ്ഥ. ഞാൻ ലണ്ടൻവിടുന്നതുവരെ ഏതാണ്ടൊരു കൊല്ലത്തോളം ഞങ്ങൾ അവരുടെ വീട്ടിൽത്തന്നെയാണു താമസിച്ചതു്. വീട്ടുടമസ്ഥമാരിലും നല്ല സംസ്കാരസമ്പന്നകളുണ്ടെന്ന് അവർ ഞങ്ങളെ മനസ്സിലാക്കി.

12

മററു പല മറുനാടൻ നഗരങ്ങളിലുമെന്നതുപോലെ ലണ്ടനിലും ഒരു കേരളസമാജമുണ്ട്. അൻപതു കൊല്ലത്തോളമായി നിലവിലിരിക്കുന്ന ഈ സമാജത്തിൻെറ പ്രവൎത്തനം അതാതുകാലത്തെ മെമ്പർമാരിൽ കാണപ്പെടുന്ന ഉത്സാഹശക്തിയുടെ ഏററക്കുറവനുസരിച്ചു ചിലപ്പോൾ ഊർജ്ജസ്വലമായും ചിലപ്പോൾ മന്ദമായും മററു ചിലപ്പോൾ നാമമാത്രമായും നടന്നുവന്നിരുന്നു. ഡാക്ടർ എം. പി. കെ. മേനോനാണ് ഇതിൻെറ സ്ഥിരം പ്രസിഡണ്ട്; കേരളത്തിൻെറ ദേശാഭിമാനികളിൽ എണ്ണപ്പെട്ട മാന്യനായിത്തന്നെയാണ് ലണ്ടനിലും അദ്ദേഹം കഴിഞ്ഞുകൂടുന്നത് എന്നു കേരളീയൎക്കു തികച്ചും അഭിമാനിക്കാം. രണ്ടുമൂന്നു കൊല്ലമായി സമാജത്തിൻെറ കാൎയ്യദൎശി അമൃതബസാർ പത്രികയുടെ ലണ്ടൻ മാനേജരായ താത്രുർചന്ദ്രനാണ്; വാൿസാമൎത്ഥ്യവും പ്രാപ്തിയും തികഞ്ഞ ഈ യുവാവിൻെറ നേതൃത്വത്തിൽ ലണ്ടനിലെ മലയാളിസമാജം വളൎന്നുവരികയാണ്.

മലയാളികൾക്കു പരസ്പരം പരിചയപ്പെടുവാനും മാതൃഭാഷയിൽ സംസാരിക്കുവാനും മലയാളരീതിയിലുള്ള ഭക്ഷണം കഴിക്കുവാനും മററും സൗകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയാണ് കേരളസമാജത്തിൻെറ പ്രധാനോദ്ദേശ്യം. വിദ്യാൎത്ഥികളായും ഉദ്യോഗസ്ഥന്മാരായും ഇവിടെത്താമസിക്കുന്നവൎക്കും വാണിജ്യപരമായോ മറേറാ ഓരോ കാൎയ്യത്തിനായി വന്നുചേരുന്നവൎക്കും ഏകോപിച്ചു പ്രവൎത്തിക്കുവാൻ ഇതിൽ യാതൊരു പ്രയാസവുമില്ല. കക്ഷിവഴക്കുകൾക്കും അഭിപ്രായഭിന്നതകൾക്കും കാരണ

കേരളസാഹിത്യ അക്കാദമി

മായേയ്ക്കാവുന്ന രാഷ്ട്രീയകാര്യങ്ങൾ ഒന്നുംതന്നെ സമാജത്തിന്റെ പ്രവൃത്തിപഥത്തിലുൾപ്പെടുന്നില്ല. കേരളത്തിലേയോ ലണ്ടനിലേയോ മററോ ജീവൽപ്രശ്നങ്ങളെപ്പററിയുള്ള പ്രസംഗങ്ങളോ വാദപ്രതിവാദങ്ങളോ കേരളസമാജത്തിന്റെ നേതൃത്വത്തിൽ നടക്കാറില്ല. ഓണത്തിന്നു നല്ലൊരു സദ്യ, മററു ചിലപ്പോൾ ചില കാപ്പിസല്ക്കാരം, അതിനെത്തുടൎന്നുകൊണ്ടു ചില നാടൻപാട്ടുകളും ശ്ലോകങ്ങളും നേരമ്പോക്കുകളും—ഇത്രമാത്രമാണവിടെ സാമാന്യമായി കാണപ്പെടുന്നതു്; ലണ്ടൻകേരളസമാജത്തിൽ കക്ഷിവഴക്കുകളില്ലാത്തതിന്റെ പ്രധാന രഹസ്യം ഗൗരവമേറിയ കാര്യങ്ങളൊന്നും അവിടെ ഒരിക്കലും ചർച്ചാവിഷയമാകാറില്ല എന്നതാണു്.

ഇരുനൂറിൽപ്പരം മലയാളികളുണ്ടത്രെ ലണ്ടനിൽ. ഇവൎക്കെല്ലാം—വരിസംഖ്യ കൊടുത്തവൎക്കും കൊടുക്കാത്തവൎക്കും—സമാജത്തിൽ ഒരേസ്ഥാനംതന്നെയാണു്. ലണ്ടനിലെത്തിച്ചേരുന്ന മലയാളികൾക്കും അവരുടെ സ്നേഹിതൎക്കും ഇവിടെ സ്വാഗതമുണ്ടു്. എങ്ങനെയെങ്കിലും ചന്ദ്രന്റെ ഡയറിയിൽ മേൽവിലാസത്തിന്നു സ്ഥാനം ലഭിച്ചുകഴിഞ്ഞാൽ, പിന്നെ മുറയ്ക്കു സദ്യയ്ക്കും കാപ്പിക്കും മററും ക്ഷണങ്ങളായി. സദ്യയ്ക്കു വരുന്നവരിൽനിന്നുതന്നെ ഭക്ഷണത്തിന്നുള്ള ചാർജ്ജു വാങ്ങുന്നതുകൊണ്ടു് സദ്യച്ചെലവെല്ലാം അങ്ങനെ കഴിയും. അതിനാൽ വരിസംഖ്യ കൊടുക്കാത്തവരെ തള്ളിക്കളയേണ്ട ആവശ്യം സമാജത്തിന്നുണ്ടാകുന്നില്ല.

കേരളസമാജത്തിന്റെ നേതൃത്വത്തിലുള്ള ഒരു സദ്യ 'കാറനേഷൻ' മഹോത്സവത്തോടടുത്താണു് ആഘോ

ഷിക്കപ്പെട്ടതു്. വി. കെ. കൃഷ്ണമേനോനും തിരു-കൊച്ചിയിലെ ഒരു ജഡ്ജിയായ എം. ശങ്കരമേനോനും അതിഥികളായിരുന്നു. വിഭവസമൃദ്ധമായൊരു സദ്യ, അതിന്നുശേഷം ചില പ്രസംഗങ്ങൾ, ഫലിതംനിറഞ്ഞ പാട്ടുകളും ശ്ലോകങ്ങളും— അങ്ങനെ രസമായിക്കഴിഞ്ഞു ആ സായാഹ്നം.

വി. കെ. കൃഷ്ണമേനോൻ ഇത്തരം യോഗങ്ങളിൽ സജീവമായി പങ്കെടുക്കും. അഭിമാനം ഭിക്ഷിച്ചുകൊണ്ടു ഗൗരവത്തിലിരിക്കുന്നൊരു മട്ടു് അദ്ദേഹത്തിന്നില്ല. ഇംഗ്ലണ്ടിൽത്തന്നെ വിവാഹംചെയ്തു സ്ഥിരമായിക്കൂടിയിട്ടുള്ള മലയാളികൾക്കും കേരളത്തോടുള്ള അഭിമാനവും സ്നേഹവും അത്യഗാധമാണു്. എറണാകുളത്തു തോട്ടെക്കാട്ടുകുടുംബത്തിലെ ഒരംഗമായ കെ. ടി. എൻ. മേനോൻ ഇംഗ്ലണ്ടുകാരനായിട്ടു കാലം കാൽനൂററാണ്ടിലധികമായി. അദ്ദേഹത്തിൻെറ മലയാളിത്തത്തിന്നു് യാതൊരു കോട്ടവും തട്ടിയിട്ടില്ല. ഫലിതമയമായിട്ടാണു സംഭാഷണം. കേരളം ഫലിതത്തിന്നു പണ്ടേ കേളികേട്ടതാണല്ലോ.

അനേകം മലയാളിസഹൃദയന്മാർ വേറെയും ലണ്ടനിലുണ്ടു്. 'ഇന്ത്യൻ സ്ററുഡൻസ് ബ്യൂറോ' എന്ന ഹോസ്റ്റലിൻെറ മാനേജരായ കൃഷ്ണമൂർത്തി, ഇന്ത്യൻ ഹൈക്കമ്മീഷണർ ആപ്പീസിൽ വിദ്യാഭ്യാസവകുപ്പിലെ സ്റ്റെനോഗ്രാഫറായ വർഗ്ഗീസ്, ഉപരിപഠനത്തിന്നിംഗ്ലണ്ടിൽവന്നു് അവിടെ ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെണ്ടിൽ ജോലിനോക്കുന്ന ഭാസ്കരൻനായർ മുതലായി പലരും മലയാളിസമാജത്തിൽ സജീവമായി പ്രവർത്തിക്കുന്നവരാണു്.

1953 ജൂൺ അവസാനത്തിൽ ഡാക്ടർ എം. പി. കെ. മേനോന്റെ വീട്ടിൽവെച്ച് ഒരു കാപ്പിസല്ക്കാരം നടക്കുകയുണ്ടായി. കാപ്പികുശേഷം തോട്ടത്തിൽ വട്ടമിട്ടിരുന്ന് ശ്ലോകങ്ങൾ ചൊല്ലിയും പാട്ടുപാടിയും രണ്ടു മണിക്കൂറോളം ഇരുന്നു. വി. കെ. കൃഷ്ണമേനോനും ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. രണ്ടു പതിരണ്ടു മൂന്നു് നാട്ടുവിട്ടു പോന്നിട്ടുള്ള പല മലയാളികളും "നാമോരോരോളുജവല്ലികൊണ്ടു ദൃഢമായാലിംഗനം ചെയ്തു" രംഗങ്ങളും "ആലസ്യമാണ്ട മുഖമൊട്ടുകുനിച്ചു......ചാരുമുഖി ചാരിയിരുന്നിടുന്നാ" ചിത്രങ്ങളും മറന്നിട്ടില്ലെന്നു് അവിടെ വ്യക്തമായി.

ഇതാ ഓണമായി. ഇത്തവണ കേരളസമാജം വക സദ്യ കേമമായി. വട്ടമെല്ലാം കേരളത്തിൽ ഓണത്തിന്നു പതിവുള്ളതുതന്നെ. കഴിഞ്ഞ രണ്ടു കൊല്ലമായി ഓട്ടൻതുള്ളലായിരുന്നു ഓണക്കാഴ്ചയ്ക്കു പ്രധാനമായുണ്ടായിരുന്നതു്. പാശ്ചാത്യരുടെ ആചാരോപചാരങ്ങളെ കളിയാക്കിക്കൊണ്ടു്,

"തൊട്ടതിനൊക്കെ താങ്ക്യൂ താങ്ക്യൂ
ഒട്ടുമുഷിഞ്ഞാൽ സാറി സാറി."

എന്ന മട്ടിലുള്ള തുള്ളൽ രസകരമായിരുന്നു. എങ്കിലും വൈചിത്ര്യത്തിന്നുവേണ്ടി ഇക്കൊല്ലം അതു വേണ്ടെന്നുവെച്ചു. ഓണപ്പാട്ടുകൾക്കു പുറമേ ഒരു നാടകവും വേണമെന്നാണു് തീർച്ചപ്പെടുത്തിയതു്. 'ഓണം' എന്നൊരു നാടകം ഞാൻ എഴുതിയുണ്ടാക്കി. ചന്ദ്രന്റെ 'അമൃതബസാർ പത്രിക' ആപ്പീസിൽവെച്ചായിരുന്നു റിഹേഴ്സല്

കളെല്ലാം. എൻ. പി. പിള്ള, ഭാസ്കരൻനായർ, മഞ്ചേരി വെങ്കിട്ടരാമയ്യർ, ചന്ദ്രൻ എന്നിവരായിരുന്നു അഭിയത്തിന്ന്. പ്രോത്സാഹനത്തിന്ന് മിസ്. കുമാരിവർമ്മയും ഇടയ്ക്കെല്ലാം വരാറുണ്ടു്. മധുവും, ഉണ്ണിത്താനും, ഫിസിക്സിൽ ഉപരിപഠനം നടത്തുന്ന ദാമോദരനും മററുമെല്ലാം ഓണാഘോഷം കേമമാക്കുവാൻ സഹായത്തിന്നുണ്ടായിരുന്നു.

ഉണ്ണിത്താന്റെ നേതൃത്വത്തിൽ വലിയൊരാർപ്പുവിളിയോടുകൂടിയാണു പ്രദർശനം ആരംഭിച്ചതു്. ഓണത്തെപ്പററി ഉണ്ണിത്താൻ തന്നെയുണ്ടാക്കിയ ഒരു വഞ്ചിപ്പാട്ടു് പലരുംകൂടി പ്ലാററുഫാറത്തിൽനിന്നു താളം പിടിച്ചു പാടി. ദാമോദരന്റെ വകയും ഒരു പാട്ടുണ്ടായി. അനന്തരം മിസ് കുമാരിവർമ്മയുടെ കേരളഗാനമായിരുന്നു. ചന്ദ്രന്റെ വക മാപ്പിളപ്പാട്ടുകളും നന്നായി. ഒടുവിലാണു നാടകമുണ്ടായതു്; അഭിനയത്തിന്ന് ഒന്നാംസമ്മാനം നായകനായ എൻ. പി. പിള്ളയ്ക്കു കിട്ടി. ഉത്സവാവാഘോഷത്തിന്റെ അവസാനത്തിൽ ഞങ്ങളുടെ ബഹുമാന്യാതിഥിയായിരുന്ന ശ്രീ കെ. എം. പണിക്കരുടെ ഒരു പ്രൗഢമായ പ്രസംഗവുമുണ്ടായി.

13

ലണ്ടന്റെ കലാപരമായ വളർച്ച അവിടെയുള്ള 'ടേററ് ഗാലറി,' 'വിക്ടോറിയ ആൻഡ് ആൽബർട്ടു മ്യൂസിയം,' 'നാഷനൽ ഗ്യാലറി' മുതലായ ചിത്രപ്രദർശനശാലകളിൽ നിന്നുതന്നെ സ്പഷ്ടമാകുന്നുണ്ടു്. അങ്ങോട്ടു തെല്ലൊന്നു കണ്ണോടിക്കുകതന്നെ.

ചിത്രമെഴുത്തുകലയ്ക്കു് ഇംഗ്ലണ്ടിൽ സ്ഥാനം ലഭിച്ചിട്ട വളരെക്കാലമായിട്ടില്ല. പതിനെട്ടാംനൂററാണ്ടിന്നു മുമ്പു് ഇംഗ്ലണ്ടിൽ എണ്ണപ്പെട്ട ചിത്രകാരന്മാർ ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. ധനികരായ യുവാക്കൾ വിദേശസഞ്ചാരത്തിന്നിടയിൽ ഇററലിയിൽനിന്നും മററും ചില നല്ല ചിത്രങ്ങൾ വാങ്ങിക്കൊണ്ടുവരുന്ന സമ്പ്രദായമാണുണ്ടായിരുന്നതു്. അപൂർവ്വം ചിലർ വിദേശീയകലാകാരന്മാരെ ഇങ്ങോട്ടു ക്ഷണിച്ചുവരുത്തുകയും ചെയ്തിരുന്നു. 'കോർണീലിയസ്,' 'ജോൻസൺ,' 'ക്നെല്ലർ' മുതലായവർ ഇങ്ങനെ വന്നവരാണു്.

പതിനെട്ടാംനൂററാണ്ടിലെ ഇംഗ്ലീഷ് ചിത്രകാരന്മാരിൽ പ്രധാനപ്പെട്ടവർ 'ഹൊഗാത്ത്,' 'ഗെയിൻസ്ബറൊ,' 'റെയിനാൾഡ്സ്' എന്നിവരാണു്. ധനികരായ പ്രഭുക്കന്മാരുടെ ചിത്രം വരയ്ക്കുകയായിരുന്നു അവരുടെ പ്രധാനമായ തൊഴിൽ. 'കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന രംഗങ്ങൾ' (Conversation Pieces) പലതും അവർ ചിത്രീകരിച്ചിട്ടുണ്ടു്. പ്രകൃതിയുടെ രാമണീയകം ചിത്രത്തിൽപ്പെടുത്തുവാനും ചിലർ ശ്രമിക്കാതിരുന്നില്ല; പക്ഷെ, ആ പരിശ്രമം വളരെ വിജയകരമായിരുന്നുവെന്നു പറഞ്ഞുകൂടാ. പിന്നിട്ടു് 'കോൺസ്റ്റബി'ളും 'ടേണറും' ആണു് നാച്ചുറലിസം സ്വീകരിച്ചു പ്രകൃതിയുടെ ചിത്രങ്ങൾ ശരിയായി വരച്ചു പ്രസിദ്ധി നേടിയതു്. ഇവർ രണ്ടുപേരുമാണു് ബ്രിട്ടന്റെ ഏററവും വലിയ ചിത്രകാരന്മാർ എന്നു പറയാം.

സുപ്രസിദ്ധ കവിയും മിസ്റ്റിക്കും ചിത്രകാരനുമായ

'വില്യം ബ്ലേക്ക്' വരച്ച ചിത്രങ്ങൾ അധികവും ദേവദൂതന്മാരുടേയുംമററുമാണ്; അദ്ദേഹത്തിന്റെ മാനസദൃഷ്ടിക്ക് അവരെയെല്ലാം വ്യക്തമായി കാണുവാൻ സാധിച്ചിരുന്നുവത്രെ.

പത്തൊമ്പതാം നൂററാണ്ടിൽ ഫ്രഞ്ചുകലാകാരന്മാരിൽനിന്നു നാച്ചുറലിസവും ഇമ്പ്രഷനിസവുമെല്ലാം ഇംഗ്ലണ്ടിലും പടൎന്നുപിടിച്ചു. വിവിധവൎണ്ണങ്ങൾ കണ്ണിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്നു മാത്രം നോക്കി ചിത്രം വരച്ചാൽ മതി, ആകൃതിയും മററും മുഴുവനും ഒപ്പിക്കുവാൻ ശ്രമിക്കേണ്ട ആവശ്യമില്ലെന്നായിരുന്നു ഇമ്പ്രെഷനിസ്ററുകാരുടെ മതം. ചിത്രത്തിന്റെ അടുത്തു വന്നു നോക്കിയാൽ കണ്ണും മൂക്കുമെല്ലാം വ്യക്തമായിത്തിരിച്ചറിയുകയില്ല; കുറെ ചായങ്ങൾ അങ്ങിങ്ങ തേച്ചിരിക്കുന്നതു മാത്രം കാണാം. കുറച്ചകലെനിന്നു നോക്കിയാൽ ഒന്നാംതരം ചിത്രം.

ഇരുപതാംനൂററാണ്ടിൽ ചിത്രകലയിലുണ്ടായിട്ടുള്ള പരിവൎത്തനങ്ങൾ സാമാന്യജനങ്ങൾക്കു മനസ്സിലാക്കുവാൻതന്നെ പ്രയാസമാണ്. ഫ്രഞ്ച് 'ക്യൂബിസം,' കണക്കിലെ വൃത്തങ്ങളും ത്രികോണങ്ങളുംമററും പാകം പോലെ ചേൎത്തുള്ള ചിത്രനിൎമ്മാണമാണ്. 'പിക്കാസ്സോ'വിന്റേയും 'മാററിസ്സേ'യുടേയും നേതൃത്വത്തിലുള്ള 'സർറിയലിസ്ററു' പ്രസ്ഥാനത്തിന്നും ബ്രിട്ടനിൽ അനുയായികളില്ലാതിരുന്നില്ല.

ലണ്ടനിലെ ചിത്രപ്രദൎശനശാലകളിൽ വെറും സന്ദൎശകന്മാർ മാത്രമല്ല വരുന്നത്. അനേകം കലാവിദ്യാ

ത്ഥികൾ അവിടെ വന്ന ചിത്രങ്ങൾ നോക്കിപ്പഠിക്കുക യും ചിലതെല്ലാം പകൎത്തിയെടുക്കുകയും ചെയ്യുന്നതു കാണാം.

*   *   *   *

ബ്രിട്ടീഷ് ഗവൎമ്മെണ്ടിന്റെ കൈവശമുള്ള ചിത്ര ങ്ങൾ പ്രദർശനത്തിന്ന വെച്ചിട്ടുള്ള സ്ഥലമാണു 'ടേററ് ഗാലറി.' വെസ്റ്റ്മിൻസ്റ്ററിൽനിന്ന് ഏതാണ്ടൊരു നാ ഴിക ദൂരെയായി തെംസ്സനദിയുടെ തീരത്താണ് ഇതു നി ല്ക്കുന്നതു്. ബ്രിട്ടീഷ് ചിത്രകാരന്മാർ വരച്ച അനേകം ചിത്രങ്ങളും, കെട്ടിടം പണിയുവാൻ എൺപതിനായി രം പവനും ഗവൎമ്മെണ്ടിലേയ്ക്കു നൽകിയ സർ ഹെൻറി ടേററിന്റെ സ്മാരകമായാണ് ഇതിന്ന 'ടേററ്ഗാലറി' എന്ന പേർ ലഭിച്ചതു്. ഏ. ഡി. 1897-ൽ ഇതുൽഘാ ടനം ചെയ്യപ്പെട്ടു. പിന്നീട് മററനേകം ഉദാരമനസ്കരു ടേയും സഹായം ഇതിന്ന ലഭിച്ചുകൊണ്ടിരുന്നു. 1923-ൽ അനേകം ഫ്രഞ്ചു ചിത്രങ്ങളും ഇവിടേയ്ക്കു കിട്ടുകയുണ്ടാ യി. ആവശ്യമനുസരിച്ചു പ്രദർശനശാലയുടെ വലിപ്പ വും വൎദ്ധിച്ചുകൊണ്ടിരുന്നു. ഇന്നവിടെ ബ്രിട്ടീഷ് കലാ കാരന്മാർ വരച്ച മൂവ്വായിരത്തോളം ചിത്രങ്ങളും പുറമേ നിന്നുള്ള കലാകാരന്മാരുടേതായി അഞ്ഞൂറോളം ചിത്ര ങ്ങളും ഉണ്ടു്. ഇതിന്നും പുറമെ അനേകം പ്രതിമകളും അവിടെ പ്രദർശനത്തിന്ന വെച്ചിട്ടുണ്ടു്. കയറിച്ചെല്ലു ന്ന ഹാളിൽത്തന്നെ വെച്ചിട്ടുള്ളതു മാർബിളിൽക്കൊ ത്തിവെച്ചിട്ടുള്ള ഒരാലിംഗനരംഗമാണ്. 'റോഡിൻ' എന്ന സുപ്രസിദ്ധ കലാകാരന്റെ ശില്പവേലയാണിതു്. അനേകം ജനങ്ങളെ ഇതാകർഷിച്ചുവരുന്നു.

എല്ലാ ചിത്രങ്ങളും ഒരേ സമയത്തുതന്നെ പ്രദർശിപ്പിക്കുക സാദ്ധ്യമല്ല. പത്തഞ്ഞൂറു ചിത്രങ്ങൾ മാത്രമേ സാമാന്യമായി പ്രദർശിപ്പിക്കുകയുള്ളൂ. മററുള്ളതു് ആവശ്യക്കാൎക്ക് വേണമെങ്കിൽ മുൻകൂട്ടി അറിയിച്ചാൽ കാണുവാൻ സൗകര്യപ്പെടുത്തിത്തരും. ഈ ഗാലറിയിൽത്തന്നെ ഇടയ്ക്കിടെ ചില എക്സിബിഷനും ഉണ്ടായിരിക്കും.

* * * *

പ്രസിദ്ധമായ ട്രഫാൽഗാർ സ്ക്വയറിന്നു തൊട്ടുള്ളതാണു നാഷനൽ ഗാലറി. ഇവിടെയും വിലപിടിച്ച ഒന്നാംതരം ചിത്രങ്ങൾ പ്രദർശനത്തിന്നു വെച്ചിട്ടുണ്ടു്. വിദേശീയ ചിത്രങ്ങൾക്കും ഇവിടെ സ്ഥാനമുണ്ടു്.

* * * *

'വിക്ടോറിയ ആൻഡ് ആൽബർട്ട് മ്യൂസിയം' സൗത്ത് കെൻസിങ്ടനിലാണു്. ഇവിടെ അനേകം ചിത്രങ്ങൾക്കു പുറമെ വേറെയും പല കലാമാതൃകകളും പ്രദർശനത്തിന്നു വെച്ചിട്ടുണ്ടു്. നാനാരാജ്യങ്ങളിലേയും വിവിധകലകൾക്കിവിടെ സ്ഥാനമുണ്ടു്. കൊത്തുവേലകൾ, പ്രതിമകൾ, ഭരണികൾ, കപ്പിപ്പാത്രങ്ങൾ, ലോഹനിൎമ്മിതമായ കലാശില്പങ്ങൾ, പലതരം ചിത്രങ്ങൾ, കാർപ്പററുകൾ, ഓരോരോ കാലത്തെ വേഷവിധാനങ്ങൾ, രണ്ടരലക്ഷത്തിലധികം പുസ്തകങ്ങളുള്ള ഒരു കലാഗ്രന്ഥാലയം തുടങ്ങി പലതും ഇവിടെക്കാണാം. Primary Collection എന്നും Study Collection എന്നും രണ്ടായി തരംതിരിച്ചിട്ടുണ്ടിവയെല്ലാം. കലാവിദ്യാൎത്ഥികൾക്കു വേണ്ട എല്ലാ സൗകൎയ്യങ്ങളും അവിടെ നല്കിവരുന്നുമുണ്ടു്. ഗൈഡു

പുസ്തകം, വിസ്തരിച്ച ക്യാററലോഗുകൾ, ഫോട്ടോകൾ എന്നിവയെല്ലാം അവിടെ വിലയ്ക്കു കിട്ടും. ഈ മ്യൂസിയത്തിന്റെ തുടക്കം എ. ഡി. 1835-ലാണെങ്കിലും ഇപ്പോഴത്തെ കെട്ടിടം ഉൽഘാടനംചെയ്തതു് 1909-ൽ മാത്രമാണു്. ഇന്ത്യൻകലകൾ പ്രദർശിപ്പിച്ചിട്ടുള്ളതു് അടുത്തുതന്നെ Imperial Institute റോഡിലുള്ള മററൊരു കെട്ടിടത്തിലാണു്.

* * *

Science Museum, Natural History Museum എന്നിവയും സൗത്ത് കെൻസിങ്ടനിൽത്തന്നെ. ഇവിടെ പ്രദർശനം കാണ്മാൻ വരുന്നവരുടെ തിരക്ക കൂടുതലാണു്. പ്രാചീനകാലംമുതല്ക്കുള്ള ഭൗതികശാസ്ത്രത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയുടെ സമ്പൂർണ്ണചരിത്രം മനസ്സിലാക്കുവാൻ 'സൈൻസ് മ്യൂസിയ'ത്തിൽപ്പോയാൽ മതി. പലപല യന്ത്രങ്ങളുടേയും മോഡലുകൾ ഇവിടെയുണ്ടു്. ഓരോന്നിന്റേയും അടുത്തുചെന്നു് ഒരു 'ബട്ടൺ' അമർത്തിയാൽ യന്ത്രത്തിന്റെ പ്രവത്തനസമ്പ്രദായവും മനസ്സിലാക്കാം. സാമാന്യജനങ്ങൾക്കു് ഒരേകദേശജ്ഞാനമുണ്ടാകുവാനും വിദ്യാൎത്ഥികൾക്ക സൂക്ഷ്മമായിപ്പഠിക്കുവാനും ഇതുപകരിക്കുന്നു. 'നാച്ചുറൽ ഹിസ്റ്ററി മ്യൂസിയ'ത്തിൽ പക്ഷിമൃഗാദി ജീവജാലങ്ങളെപ്പററിയുള്ള പഠനത്തിന്നു വേണ്ട സൗകര്യങ്ങളാണുള്ളതു്. പക്ഷിമൃഗാദികൾ 'മോഡലു'കളായും 'സ്റ്റഫ്' ചെയ്യപ്പെട്ടവയായും, ചീഞ്ഞുപോകാതെ സൂക്ഷിക്കപ്പെട്ടവയായും എല്ലാം ഇവിടെയുണ്ടു്. ജീവനുള്ളവയെ കാണണമെങ്കിൽ ലണ്ടൻമൃഗശാല

യിലും പത്തുമുപ്പതുനാഴിക അകലെയുള്ള 'വിപ്സ്നേഡ്' മൃഗശാലയിലുംതന്നെ പോകണം.

* * * *

ബാലെ (Ballet) ഡാൻസുകൾ ലണ്ടനിൽ 'കവന്റ് ഗാർഡനി'ലെ 'സാഡ്ലേഴ്സ് വെൽ' തീയേററിൽ ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. നമ്മുടെ ഭരതനാട്യത്തിന്റെയും കഥകളിയുടേയും മട്ടായ ഇവയ്ക്കുണ്ടെന്നു പറയാം. സാമാന്യമായി കഥകൾ ഡാൻസുചെയ്തഭിനയിക്കയാണ്. ഇവ ആസ്വദിക്കുവാൻ വലിയ പഠിപ്പൊന്നുമില്ലെങ്കിലും കുറച്ചൊക്കെ സാധിക്കും. കഥകളിയിലെന്നതുപോലെ മുദ്രകളുടെ വൈവിദ്ധ്യംകൊണ്ടുള്ള വിഷമതകളൊന്നുമിതിലില്ല. കഥ ആകപ്പാടെ അഭിനയിച്ചാടുകയാണ്. പ്രതിപദമായ അഭിനയമല്ല ഇതിൽക്കാണുക. ആ അഭിനയഭംഗിയും അംഗവിക്ഷേപാദികളിലുള്ള ലാഘവംകൊണ്ടുണ്ടാവുന്ന സൗഭാഗ്യവും കണ്ടറിയേണ്ടതാണ്. അനേകം അപ്സരസ്സുകൾ ഉടുത്തണിഞ്ഞു, ഭൂമിയുടെ ആകർഷണശക്തിക്കു വിധേയമല്ലാത്തമട്ടിൽ അതിലാഘവത്തോടെ പാദവിന്യാസം ചെയ്തുകൊണ്ടു പറന്നുനടക്കുന്ന രംഗങ്ങൾ ആരേയും ആഹ്ലാദിപ്പിക്കും. 'Alice in the Wonderland' എന്ന പ്രസിദ്ധ കഥ മുഴുവനും അഭിനയിച്ചാടുന്ന ഒരു 'ബാലേ' ഞാൻ കാണുകയുണ്ടായി. 'ആറോണിനോ'വിന്റെ നേതൃത്വത്തിൽ വന്ന 'സ്പാനിഷ്ബാലെ'യിൽ ഷൂസുകൊണ്ടുള്ളൊരൊന്നാംതരം മേളംതന്നെ ഉണ്ടായിരുന്നു. പ്രസിദ്ധമായ 'റഷ്യൻബാലെ'യും ലണ്ടനിൽ പ്രദർശിക്കപ്പെടുകയുണ്ടായി.

നമ്മുടെ ഡാൻസുകളെപ്പററി പഠിച്ച് 'The Other Mind' എന്ന ഗ്രന്ഥമെഴുതിയ മിസ് ഡിസൂട്ടയെ ലണ്ടനിൽവെച്ചു ഞാൻ കണ്ടു. അവരുടെ ക്ഷണമനുസരിച്ച് പല ബാലേഡാൻസുകളിലും സന്നിഹിതനാകുവാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചിട്ടുണ്ട്. ബ്രിട്ടീഷ്കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ബാലേഡാൻസിനെപ്പററി നടത്തപ്പെട്ട വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങളും പ്രകടനങ്ങളും എന്നെപ്പോലുള്ള പല വിദ്യാർത്ഥികൾക്കു കേൾക്കുവാനും കാണുവാനും സാധിച്ചിട്ടുണ്ട്.

* * * *

ലണ്ടൻതീയേററുകൾ നാടകാഭിനയത്തിനുള്ള രംഗങ്ങളാണ്. ചത്തിരുപത്തു തീയേററുകളുണ്ട് ലണ്ടനിൽത്തന്നെ. ഇവിടെ ഞായറാഴ്ച ഒഴിച്ചു മററുദിവസങ്ങളിലെല്ലാം ഈരണ്ടുതവണ നാടകമുണ്ടായിരിക്കും. ഒരേ നാടകംതന്നെ ഒരു കൊല്ലത്തോളം ദിവസേന രണ്ടുതവണവീതം കളിച്ചുകൊണ്ടിരിക്കുന്നതു് അപൂർവ്വമല്ല. സിനിമയ്ക്കുള്ളതിനേക്കാൾ ഒട്ടും കുറവല്ല നാടകങ്ങൾക്കുള്ള തിരക്ക്. ഷേക്സ്പിയരുടെ ചില നാടകങ്ങൾ, എലിയററിന്റെ പദ്യനാടകങ്ങൾ, ടെറൻസ് റാററിഗന്റെയും ഗ്രഹാംഗ്രീനിന്റെയും നാടകങ്ങൾ, അഗതാക്രിസ്റ്റിയുടേയുംമററും ചില ഡിററക്റ്റീവുകഥകൾ, ഇവയ്ക്കുപുറമേ 'ഫ്രഞ്ചുമോഡ'ലിലുള്ള ചില കലാപ്രദർശനങ്ങൾ, ഇങ്ങനെ പലതും തന്മയത്വത്തോടെ അഭിനയിക്കപ്പെടുന്ന ലണ്ടൻനാടകരംഗങ്ങൾ ഒരുതവണ കാണുവാൻ കഴിഞ്ഞാൽ കലാരസികന്മാർ വിസ്മരിക്കുന്നതല്ല. ബ്രിട്ടീഷ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഡെയിം സിബിൽ

തോൺഡൈക്ക്, സർ റിച്ചാഡ്സൺ തുടങ്ങിയ സുപ്രസിദ്ധതാരങ്ങളെ നേരിട്ടുകാണുവാൻ എനിക്കു സാധിച്ചു.

*   *   *   *

ലണ്ടനിൽ സിനിമാശാലകൾ അസംഖ്യമുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ലസ്റ്റർസ്ക്വയറിന്നടുത്തുള്ളവയാണ്. പുതിയ ചിത്രങ്ങളെല്ലാം ആദ്യമായി വരുന്നതിവിടെയാണ്. ന്യൂസ്തീയെററുകളും ലണ്ടനിൽ ധാരാളമുണ്ട്; ന്യൂസ്റീലുകളും കാർട്ടൂണുകളുമാണിവിടെയുണ്ടാകുക.

*   *   *   *

പാട്ടുകച്ചേരികൾക്കും ക്ഷാമമില്ല. നല്ല തിരക്കും ഉണ്ടായിരിക്കും. പാശ്ചാത്യരീതിയിലുള്ള സംഗീതവൈദഗ്ധ്യം ഭാരതീയരുടെ ഉള്ളഴിഞ്ഞ ആസ്വാദനത്തിന്നും അഭിനന്ദനത്തിന്നും പാത്രമാകുമോ എന്ന കാര്യം ചിന്തിക്കേണ്ടിയിരിക്കുന്നു.

14

ഇതാ വീണ്ടും മഞ്ഞുകാലം വന്നിരിക്കുന്നു. ഇക്കൊല്ലത്തെ മഞ്ഞുകാലം പതിവിലുമധികം ദുസ്സഹവുമാണ്. ഈ അപകടംപിടിച്ച കാലത്താണ് മിസിസ്സിൻെറ വരവ്.

"ഞാനാളയച്ചിഹ വരുത്തിയതാണു, തന്നൊ-
ത്താനാര്യശാന്തയെഴുനള്ളുകയല്ല ചെയ്തു."

എന്നുകൂടിപ്പറഞ്ഞുകൊള്ളട്ടെ. ഇംഗ്ലണ്ടിലേയ്ക്കു് എഞ്ചിനീയറിങ്ങിൽ ഉപരിപരിശീലനം നേടുവാൻ വരുന്ന

സഹോദരൻ 'പീതാംബരൻ' ഒന്നിച്ചാണ് അവർ 'സതംപ്ടൺ' തുറമുഖത്തെത്തിച്ചേൎന്നതു്. 'ബഠോറി' എന്നൊരു പോളിഷ് കപ്പലിലായിരുന്നു അവരുടെ യാത്ര.

'സതംപ്ടൺ' ലണ്ടനിൽനിന്നും പത്തറുപത്തു നാഴികയിലധികം അകലെയായതിനാൽ, ശാന്തയേയും പീതാംബരനേയും സ്വീകരിക്കുവാൻ ഞാൻ മാത്രമേ തുറമുഖത്തേയ്ക്കു പോയുള്ളു. അവരെ കൂട്ടിക്കൊണ്ടു തീവണ്ടിയിൽ ലണ്ടനിലെ 'വിക്ടോറിയ' സ്റ്റേഷനിലെത്തിയപ്പോഴേയ്ക്കും അവിടെ കൂട്ടുകാരെല്ലാം സ്വാഗതം ചെയ്യുവാൻ തയ്യാറായി നില്ക്കുന്നു. അവരുടെ മംഗളാശംസകളോടു് അവരൊന്നിച്ചുതന്നെ ഞങ്ങൾ താമസസ്ഥലത്തെത്തി. 'പാർട്ടി' കഴിഞ്ഞു സ്നേഹിതന്മാരെല്ലാം താന്താങ്ങളുടെ വാസസ്ഥലങ്ങളിലേയ്ക്കു തിരിച്ചുപോയി. ശാന്തയും ഞാനും പീതാംബരനും മധുവും മാത്രമേ വീട്ടിലുള്ളു. മധുവിന്റെ താമസം ചുവട്ടിലെ നിലയിൽ ഒരു മുറിയിലാണ്. പീതാംബരൻ രണ്ടുമൂന്നു ദിവസം മധുവൊന്നിച്ചു താമസിച്ചതിന്നുശേഷം ട്രെയിനിങ്ങിനു വെയിത്സിലെ സ്വാൻസീ'യിലേയ്ക്കു പോയി. ഈ രണ്ടുമൂന്നു ദിവസത്തിന്നുള്ളിൽ ലണ്ടനിലെ പ്രധാന കാഴ്ചകൾ പലതും ഒന്നോടിച്ചു നോക്കുവാൻ മാത്രമേ സൗകൎയ്യപ്പെട്ടുള്ളു. തണുപ്പിന്റെ ശക്തികൊണ്ടു് ആൎക്കും പുറത്തിറങ്ങുവാൻ തീരെ ഉത്സാഹമുണ്ടായിരുന്നില്ല; എങ്കിലും പീതാംബരന് 'സ്വാൻസി'യിലേയ്ക്കു പോകുന്നതിന്നു മുമ്പു ലണ്ടനെപ്പററി ഒരേകദേശജ്ഞാനമെങ്കിലും ഉണ്ടാകുവാൻവേണ്ടി, തണുപ്പിനെ വകവെയ്ക്കാതെ ചില സ്ഥലങ്ങളെല്ലാം ഞങ്ങൾ നടന്നു കണ്ടു.

തണുപ്പിന്റെ ബാധ നിമിത്തം കുറച്ചു ദിവസത്തേക്കു ശാന്ത വിഷമിച്ചുവെങ്കിലും അചിരേണ ലണ്ടനിലെ കാലാവസ്ഥകളോടിണങ്ങി ജീവിക്കുവാൻ അവൾക്കു സാധിച്ചു. അതിനാൽ കൂട്ടുകാരുമായുള്ള സഹവാസത്തിനു കോട്ടമൊന്നും തട്ടിയില്ല.

* * *

ഞങ്ങളുടെ ലണ്ടനിലെ ഗൃഹസ്ഥാശ്രമത്തെ അഭിനന്ദിക്കുവാനെന്നോണം കാലതാമസം കൂടാതെ വസന്തം വന്നുചേൻറു. തണുപ്പുകാലം മുഴുവനും ഇലകളെല്ലാം കൊഴിഞ്ഞു കൊമ്പും ചില്ലകളും മാത്രമായി മേൽപ്പോട്ടുനോക്കിത്തപസ്സു ചെയ്തുകൊണ്ടിരുന്ന വൃക്ഷങ്ങൾ സവിതാവിന്റെ കരസ്പർശമേററു രോമാഞ്ചകഞ്ചുകിതരായിത്തീൻറു. ഇലകൾ തഴച്ചുപൂത്തു നിൽക്കുന്ന വൃക്ഷങ്ങളും ചെടികളുമുള്ള ഉദ്യാനങ്ങൾ സ്ത്രീകളും പുരുഷന്മാരും നിറഞ്ഞു കാണപ്പെട്ടു. വസന്തത്തിന്റെ വരവിനു വിളക്കു പിടിക്കുന്നതു പൊൻപൂക്കളുള്ള ഡാഫോഡിൽച്ചെടികളാണു്.

തണുപ്പു തെല്ലു കുറഞ്ഞതോടുകൂടി ജനങ്ങൾ ഓവർക്കോട്ടും മററും അഴിച്ചുമാററിത്തുടങ്ങി. തണുപ്പുകാലത്തു സർവ്വത്ര കറുത്ത നിറത്തിലുള്ള ഉടുപ്പുകളാണു കാണപ്പെട്ടിരുന്നതു്. ഇപ്പോൾ വിവിധ വർണ്ണത്തിലുള്ള ഉടുപ്പുകൾക്കും—പ്രത്യേകിച്ചും സ്ത്രീജനങ്ങളിൽ—സ്ഥാനം ലഭിച്ചു തുടങ്ങി. ഉദ്യാനങ്ങളിലും റോഡുകളിലും അങ്ങിങ്ങു ചില സാരികളും കാണ്മാനുണ്ടു്. വെയിൽകൊള്ളുവാൻ വരുന്ന സ്ത്രീപുരുഷന്മാർ 'പാൎക്കു'കളിൽ ചാരുകസേലകളിലും പച്ചപ്പുല്ലു നിറഞ്ഞ നിലത്തും അടുത്ത തണുപ്പുകാലത്തേയ്ക്കുവേണ്ട ചൂടും വെളിച്ചവും സംഭരിക്കുവാനെന്ന

ത്തുപോലെ യഥേഷ്ടം മലൎന്ന കിടക്കുകയാണ്. 'ഹൈഡ് പാൎക്കി'ലും മററും കാമിനീകാമുകന്മാർ കെട്ടിപ്പിടിച്ചു കിടക്കുന്ന രംഗങ്ങൾ ധാരാളമായിക്കണ്ടുതുടങ്ങി. ഓരോ മരങ്ങളുടെ ചുവട്ടിലും വഴിവക്കത്തുള്ള പുൽപ്പടൎപ്പിലും 'സൎപ്പൈൻറൈൻ'തടാകത്തിന്റെ സമീപത്തും മററും ഇത്തരം പ്രണയരംഗങ്ങൾ കാണാതെ പാൎക്കിൽക്കൂടി നടക്കുക സാദ്ധ്യമല്ലെന്ന നിലയായി.

വേനൽക്കാലമായതോടുകൂടി പകൽ നീണ്ടുനീണ്ടു വന്നുതുടങ്ങി. കാലത്തു നാലുമണിയാകുമ്പോഴേയ്ക്കും പ്രഭാതമാകും; പിന്നീടു രാത്രി പത്തുമണിയോടുകൂടിയേ ഇരുട്ടാവുകയുള്ളു. ലണ്ടനിലും പരിസരങ്ങളിലും മററുമുള്ള കാഴ്ചകൾ കാണുവാനുള്ള കാലം ഇപ്പോഴാണ്.

* * * *

15

മലയാളം പഠിക്കുവാൻവേണ്ടി മിസ് ചാപ്മാൻ എന്നൊരു മദാമ്മ ആഴ്ചയിൽ രണ്ടുതവണ എന്റെ വീട്ടിൽ വരാറുണ്ടായിരുന്നു. ശാന്ത ലണ്ടനിൽ എത്തിയതോടുകൂടി അവരെ പഠിപ്പിക്കേണ്ട ഭാരം ഞാൻ ശാന്തയെ ഏല്പിച്ചു. മിസ് ചാപ്മാൻ കേരളത്തിൽ കുറേക്കാലം താമസിച്ചിട്ടുണ്ട്; അടുത്തുതന്നെ വീണ്ടും അങ്ങോട്ടു പോകയുമാണ്. അറിയാവുന്ന മലയാളം മറക്കാതെ നോക്കുകയാണവൎക്കാവശ്യം. തൊടുപുഴ അടുത്ത് 'മേലേക്കാവ്' എന്ന സ്ഥലത്തുള്ള ഒരു ക്രിസ്ത്യൻ മിഷനിലേയ്ക്കാണവർ പോകുന്നത്. അല്പാല്പം തെററുകളുണ്ടെങ്കിലും

അതു വകവയ്ക്കാതെ ഒരു പ്രത്യേകമായ 'ആക്സെന്റോ'ടു കൂടി അവർ മലയാളത്തിൽ നല്ലവണ്ണം സംസാരിക്കും. ശാന്തയെ ലണ്ടൻ കാണിച്ചുകൊടുക്കുന്നകാര്യം അവർ ഏററു; അവരൊന്നിച്ചു ശാന്ത പല മദാമ്മമാരുടെ വീട്ടിലും ആതിഥ്യം സ്വീകരിച്ചു പോകയുണ്ടായി; കാറിൽ ചുററിയും നടന്നും മററും ലണ്ടനിലെ പല സ്ഥലങ്ങളും കാണുവാനും ശാന്തയ്ക്കു കഴിഞ്ഞു.

ശാന്തയ്ക്കു കിട്ടിയ മറെറാരു കൂട്ടുകാരി 'അമ്പിളി' എന്ന മിസ് കുമാരിവമ്മയാണ്. 'ഫൈസ്റ്റ്റീററ് കെൻസിങ്ടൺ'ണിലുള്ള 'എലിസബത്ത് കോളേജി'ൽ 'Social Studies' പഠിക്കയാണവർ. ഒഴിവുള്ളപ്പോഴെല്ലാം അവർ ഞങ്ങളുടെ വീട്ടിൽ വരും; പ്രസരിപ്പും തൻേറടവുമുള്ള ആ കുലീനബാലികയുടെ കൂട്ടുകെട്ട്, സ്വതേ സ്വപ്രത്യയം കുറഞ്ഞു ലജ്ജാശീലയായ ശാന്തയ്ക്കു പ്രത്യേകം പ്രയോജനപ്പെട്ടു.

ഞായറാഴ്ചയും മററു മുടക്കുദിവസവും കൂട്ടുകാർ മിക്കവരും ഒത്തുചേരും. മധു, ഡാക്റ്റർ കെ. കെ. നായർ, എൻ. പി. പിള്ള, ഭാസ്കരൻനായർ തുടങ്ങിയവരെല്ലാം ഈ സെററിൽപ്പെട്ടവരാണ്. ഞങ്ങളെല്ലാം ഒരുമിച്ചാണ് ഉല്ലാസയാത്രകളും മററും സാധാരണ പതിവ്.

മിസ് ചാപ്മാൻെറ സഹോദരി 'എപ്പിങ്ങി'നടുത്തുള്ള ഒരു ബാലികാപാഠശാലയിലെ ഹെഡ്മിസ്ട്രസ്സാണ്. അവരുടെ ക്ഷണമനസരിച്ച് ഒരുദിവസം ശാന്തയും ഞാനുംകൂടി ആ സ്കൂളിലേയ്ക്കു ചെന്നു. അതൊരു 'ഗ്രാമർസ്കൂൾ' ആണ്. സ്കൂൾ മുഴുവൻ ഞങ്ങൾ അവരൊന്നിച്ചു നടന്നുകണ്ടു കുട്ടികൾക്കു കായികമായും മാന

സികമായുമുള്ള വളച്ച്യ്ക്കുവേണ്ട സൗകര്യങ്ങളെല്ലാം തികഞ്ഞ ഒരു നല്ല സ്ക്കൂളാണതു്. നീന്തൽക്ലാസ്സിൽ ചെന്നപ്പോ‌ൾ അവിടെ വെള്ളത്തിൽവീണവരെ രക്ഷിക്കുവാൻ പഠിപ്പിക്കുന്ന രംഗമാണു്; താരുണ്യത്തിലേയ്ക്കു കാൽ വെച്ചുതുടങ്ങിയ പത്തിരുപത്തഞ്ചു പെൺകിടാങ്ങൾ തലയിൽ റബ്ബർതൊപ്പി ധരിച്ചു് നീന്തൽവേഷത്തിൽ കരയ്ക്കൽ നില്ക്കുന്നുണ്ടു്. കുളത്തിൽ നീന്തുന്നവർ രണ്ടുമൂന്നു പേർ മാത്രമേയുള്ളു; മററുള്ളവർ ഇതു നോക്കി മനസ്സിലാക്കുകയാണു്. ഒന്നുരണ്ടു മിനിട്ടവിടെ നിന്നതിന്നുശേഷം സയൻസ്ലാബൊറേട്ടറികളും മററും കണ്ടു് ഒടുവിൽ ഒരു ക്ലാസ്സിലേയ്ക്കു ചെന്നു. കുട്ടികൾക്കു ഞങ്ങളെ പരിചയപ്പെടുത്തിക്കൊടുത്തതിന്നുശേഷം ടീച്ചർ, ഞങ്ങളോടു് എന്തെങ്കിലും സംസാരിക്കണമെന്നാവശ്യപ്പെട്ടു. ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുവാൻ ഞാൻ കുട്ടികളോടു പറഞ്ഞു. അവക്കു സാമാന്യമായി ഇന്ത്യയെപ്പററിയുള്ള അറിവും, അറിയാത്ത കാര്യങ്ങൾ അറിയുവാനുള്ള ആഗ്രഹവും വിസ്മയകരമായിരുന്നു. ക്ലാസ്സുകഴിഞ്ഞു ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ ഒരു ചെറിയ ബാലിക ഓടിവന്നു്, "സർ, ഞാനും ഒരിന്ത്യക്കാരിയാണു്; ഞാൻ ഇന്ത്യയിലാണു ജനിച്ചതു്," എന്നു് അഭിമാനത്തോടും ആഹ്ലാദത്തോടുംകൂടി ഉറക്കെപ്പറഞ്ഞു; അതൊരിക്കലും മറക്കാത്തൊരു സംഭവമാണു്.

ഇംഗ്ലണ്ടിൽ പ്രധാനമായി മൂന്നുതരം സെക്കണ്ടറി വിദ്യാലയങ്ങളുണ്ടു്—ഗ്രാമർസ്ക്കൂൾ, ടെക്നിക്കൽസ്ക്കൂൾ, മോഡേൺസ്ക്കൂൾ. നിർബന്ധവും സൗജന്യവുമായ പ്രാഥമികവിദ്യാഭ്യാസം പതിനൊന്നുവയസ്സുവരെയാണു്;

ഇതിൽ വയസ്സുനോക്കിയാണ് ക്ലാസ്സുകയററം, പരീക്ഷ കളും മററുമൊന്നുമില്ല ഈ പ്രാഥമികവിദ്യാഭ്യാസ കാലത്ത്. (ഇതിൻെറ ഫലമായി പതിനൊന്നു വയസ്സു വരെ പഠിച്ചതിന്നുശേഷം തന്നെ എഴുത്തും വായനയും അറിയാത്തവർ അപൂൎവ്വം ഇല്ലെന്നില്ല.) പ്രാഥമിക വിദ്യാഭ്യാസത്തിൻെറ അവസാനത്തിലാണ് പരീക്ഷ യും Intelligence Test-ം മററും. അങ്ങനെ കുട്ടിക ളുടെ മാനസികമായ വളൎച്ചയുടെ താരതമ്യം മനസ്സിലാ ക്കി അവരെ മൂന്നു സെററാക്കിത്തിരിച്ച് ഗ്രാമർസ്കൂരം, ടെക്നിക്കൽ സ്കൂരം, മോഡേൺസ്കൂരം എന്നീ മൂന്നുത രം സെക്കണ്ടറി വിദ്യാലയങ്ങളിലേയ്ക്കു തിരിച്ചുവിടുകയാ ണുചെയ്യുന്നത്. മാൎക്കുകരം അധികം കിട്ടുന്ന ബുദ്ധിശാ ലികരംക്കു മാത്രമേ ഗ്രാമർസ്കൂളിൽ പ്രവേശനമുള്ളൂ. 'ബു ദ്ധിജീവി'കളായി വളരുവാനാഗ്രഹിക്കുന്നവർ ഇവിടെ യാണു വരുന്നത്. 'സെക്കണ്ടറി ടെക്നിക്കൽ സ്കൂരം' ഏതെങ്കിലും ഒരു സാങ്കേതികവിഷയത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള സാമാന്യ വിദ്യാഭ്യാസരംഗമാണ്. ഇവിടെ കുറച്ചു വിദ്യാൎത്ഥികരംക്കു മാത്രമേ ഇടമുള്ളൂ. ബാക്കിയു ള്ള ഭൂരിപക്ഷം കുട്ടികളും പതിനൊന്നു വയസ്സു കഴി ഞ്ഞാൽ 'സെക്കണ്ടറി മോഡേൺ സ്ക്കൂളുക'ളിലേയ്ക്കാ ണു പോകുന്നത്; പല തരക്കാരും ഇവിടെ ഉണ്ടായിരി ക്കും. ഇത്തരം സ്കൂളുകരംക്കു പുറമെ ചില 'Compre- hensive School'കളും അവിടവിടെ ആരംഭിച്ചിട്ടുണ്ട്. ഈററൺ, ഹാരോ തുടങ്ങിയ പ്രസിദ്ധമായ പബ്ലിക്ക് സ്കൂളുകരം—ഇവ പ്രൈവററ് സ്കൂളുകളാണ്—ഗ്രാമർ സ്ക്കൂളുകളാണെന്നു പറയാം. കലാശാലകളിൽച്ചേൎന്ന്

ഉപരിവിദ്യാഭ്യാസം ചെയ്യുന്നവർ മിക്കവരും ഗ്രാമർ സ്ക്കൂളിൽനിന്നു വന്നവരായിരിക്കും.

ഹെഡ്മിസ്ട്രസ്, മിസ്സ് ചാപ്മാൻ, ഞങ്ങളുടെ ലഘുഭക്ഷണത്തിന്നു പ്രത്യേകം ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. അതു കഴിഞ്ഞതിന്നു ശേഷം അടുത്തുള്ള 'എപ്പിങ് ഫോറസ്റ്റി'ലേയ്ക്കു അവരുടെ കാറിൽ ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. 'കാട്' എന്നു കേട്ടാൽ കുന്നും മലയും മറവും ഓർമ്മവരുന്ന ഞങ്ങൾക്കു വിശാലമൈതാനത്തിൽ ധാരാളമായി തഴച്ചുവളർന്നുനില്ക്കുന്ന മരങ്ങൾ കണ്ടപ്പോൾ, അതൊരു കാടാണെന്നുതന്നെ തോന്നിയില്ല. ഷേക്സ്പിയരുടെ 'As You Like It' എന്ന നാടകത്തിൽ സുപരിചിതമായ ആ കാടു ഞങ്ങൾ കണ്ടു എന്നഭിമാനം തോന്നായ്കയുമില്ല. മൂന്നുമണിയോടുകൂടി ഞങ്ങൾ സ്ക്കൂളിലേയ്ക്കു തിരിച്ചെത്തി. അന്നവിടെ ഒരു 'പാരേഡ്' ഉണ്ടായിരുന്നു. പല പ്രായത്തിലുമുള്ള പത്തുനൂറു പെൺകിടാങ്ങൾ അവരവർതന്നെ തുന്നിയുണ്ടാക്കിയ ഉടുപ്പുകൾ ധരിച്ചു് ഒരുവരിയായി ഞങ്ങളുടെയെല്ലാം മുമ്പിൽക്കൂടി 'പാരേഡു' ചെയ്യുന്നു. അവരുടെ തുന്നൽവേലയിലുള്ള വൈദഗ്ദ്ധ്യം അസാമാന്യംതന്നെ. ഷാപ്പുകളിൽ 'റെഡിമേഡാ'യി കിട്ടുന്ന ഉടുപ്പുകളേക്കാൾ ഒട്ടും താഴെയല്ല അവ. ലണ്ടനിലെ വിദ്യാർത്ഥിനികൾ 'ഒന്നിനും കൊള്ളരുതാത്തവ'രായിട്ടല്ല സ്ക്കൂൾ വിട്ടു പുറത്തിറങ്ങുന്നതെന്നു ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടു.

* * * *

ലണ്ടനിലെ ആകർഷകങ്ങളായ പല കാഴ്ചകളും അ

നേകം തവണ കണ്ടുകഴിഞ്ഞവയാണെങ്കിലും ശാന്തയുടെ കൂടെ നടന്നു വീണ്ടും അവ കാണുമ്പോൾ ഒരു പുതിയ ചൈതന്യവും വൈചിത്ര്യവും അവയിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഭാര്യാഭർത്താക്കന്മാർക്കും കാമിനീകാമുകന്മാർക്കുമാണ് ലണ്ടൻജീവിതത്തിൽ മാന്യസ്ഥാനം. ഒരു കൂട്ടുകാരിയില്ലെങ്കിൽ ജീവിതം പൂർണ്ണമാകുന്നില്ല; സിനിമായ്ക്കോ നാടകത്തിനോ പോകുമ്പോഴും കാപ്പിയോ ഭക്ഷണമോ കഴിക്കുമ്പോഴും ഓരോരോ കാഴ്ചകൾ കാണുമ്പോഴുമെല്ലാം തനിയെയായാൽ രസമില്ല. ഇതാണു പാശ്ചാത്യരുടെ നില. ബസ്സിന്നും സിനിമയ്ക്കും മററും ക്യൂ നിൽക്കുന്നതുതന്നെ രണ്ടു വരിയായിട്ടാണ്. ഡബിൾസീററുകളിലിരിക്കുന്ന മിഥുനങ്ങളെ വേർപിരിക്കുവാൻ ആരും ഇഷ്ടപ്പെടാറില്ല; ഇരിക്കുന്ന പുരുഷൻ എഴുന്നേററു മറെറാരു സ്ത്രീക്കു സീററു കൊടുക്കുവാൻ തയ്യാറായാൽത്തന്നെ, അവർ അതു സാധാരണമായി സ്വീകരിക്കയില്ല; ഡബിൾസീററിൽ തനിയേ ഇരിക്കുന്ന ഒരു മദ്ധ്യവയസ്ക എഴുന്നേററുനിന്ന് ചെറുപ്പക്കാരായ ദമ്പതിമാർക്കു സ്ഥലം കൊടുക്കുന്ന ഒരു രംഗം എൻെറ അനുഭവത്തിൽപ്പെട്ടിട്ടുണ്ട്.

* * * *

തണുപ്പുകാലത്തു മുറികളിൽ കഴിച്ചുകൂട്ടുന്നവർതന്നെ വേനൽക്കാലത്തു തുറസ്സായ പൂന്തോട്ടങ്ങളിലാണു പരമാനന്ദം കൊള്ളുന്നത്. ലണ്ടൻനഗരത്തിൽ ആകെയുള്ള വിസ്താരത്തിൽ ഏതാണ്ടു പകുതിയോളവും വിശാലമായ പൂന്തോട്ടങ്ങളാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയൊന്നുമില്ല. ഹൈഡ്

പാക്ക്, ഗ്രീൻ പാക്ക്, സെൻ ജേംസ് പാക്ക്, റീജൻറ് പാക്ക്, ഫിൽസ് ബറി പാക്ക് തുടങ്ങിയവ ജനങ്ങളെ ധാരാളമായാകർഷിക്കുന്നവയാണ്. ബോട്ടിങ്ങിന്നുള്ള സൗകര്യവും ഇവയിലെ മിക്ക തടാകങ്ങളിലും ഉണ്ടായിരിക്കും. 'ഹാംസ്റ്റെഡ്ഹീത്ത്' ഒരു വലിയ കാടുതന്നെയാണ്. എന്നാൽ മുൾച്ചെടികളോ, വന്യമൃഗങ്ങളോ ഒരിടത്തും തന്നെയില്ലാത്തതുകൊണ്ട്, ജനങ്ങൾക്ക നിർഭയം എവിടെയും സഞ്ചരിക്കാം. 'റിച്ച്മണ്ട് പാക്ക്' രണ്ടു നാലുനാഴിക സമചതുരത്തിലുള്ളതാണ്. ഇതിലെ പുൽപ്പടപ്പുകൾക്കിടയിൽ മാനുകളെക്കാണാം. പ്രകൃതി സൗന്ദര്യത്തെ മനുഷ്യപ്രതിഭകൊണ്ടു വേണ്ടവിധത്തിൽ അലങ്കരിച്ചതാണ സുപ്രസിദ്ധമായ ക്യൂ ഗാർഡൻസ് (Kew gardens) ; ലോകത്തിൽ ഓരോരോ രാജ്യങ്ങളിലുണ്ടാകുന്ന എല്ലാത്തരം വൃക്ഷങ്ങൾക്കും ചെടികൾക്കും ഇവിടെ സ്ഥാനമുണ്ടു്. ഒന്നുരണ്ടു ഫർലോങ്ങ് നീളത്തിൽ ഉണ്ടാക്കിയിട്ടുള്ള വലിയ ഗ്ലാസ്സുവീടുകൾ പലതും ഇതിൽക്കാണാം. ഇവയിൽ ചൂടു് യഥേഷ്ടം നിയന്ത്രിക്കുവാൻ സൗകര്യമുണ്ടു്. ലണ്ടനിൽ മറെറാരിടത്തും കാണാത്ത നമ്മുടെ നാടൻ ചെടികളും വൃക്ഷലതാദികളും ഇത്തരം ഗ്ലാസ്സുവീടുകളിൽക്കാണാം.

ലണ്ടൻമൃഗശാലയിൽ കരടികളും, കണ്ടാമൃഗങ്ങളും, സിംഹങ്ങളും, പുലികളും മററും കാണപ്പെട്ടാൽ അതിൽ പ്രത്യകതയൊന്നുമില്ല. എന്നെ ഏററവും ആകർഷിച്ചതു് magnifying glass-ൽക്കൂടി വ്യക്തമായിക്കാണത്തക്കവിധത്തിൽ അവിടെ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ള ഉറുമ്പുകളും ഈച്ചകളും തേരട്ടയും പുഴുവും മററുമാണ്.

ഈച്ചയും ഉറുമ്പും കൊതുകും മൂട്ടയും കാക്കയും മററുമില്ലാത്ത ഒരു നാട്ട് ലോകത്തിലുണ്ടാകുമെന്ന വിശ്വസിക്കാതിരുന്ന എനിക്ക്, ലണ്ടനിൽ ഇവയെക്കാണുവാൻ മൃഗശാലയിൽത്തന്നെ വരേണ്ടിവന്നു!

* * * *

ബ്രിട്ടീഷ് മ്യൂസിയം ലോകപ്രസിദ്ധമാണ്. ജീവിതത്തിൻെറ കാലദേശാദ്യവസ്ഥകളിന്നത്വം കൊണ്ടുള്ള പരിമിതത്വം അവിടെ പ്രത്യക്ഷമല്ല. ലോകത്തിൽ എല്ലായിടത്തും എല്ലാ കാലത്തും ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട പരിഷ്കാരങ്ങളുടെ സമഗ്രമായ ചരിത്രം പഠിക്കുവാൻ ഇവിടെ വന്നാൽമതി. ഈജിപ്റ്റിലേയും, ചൈനയിലേയും, ഇന്ത്യയിലേയും, യൂറോപ്പിലേയും, അമേരിക്കയിലേയുമെല്ലാം പരിഷ്കാരാവശിഷ്ടങ്ങൾ ഇവിടെയുണ്ട്. പഠനത്തിന്നാവശ്യമായ പുസ്തകങ്ങളും മുഴുവൻ ഇവിടത്തെ ലൈബ്രറിയിലുണ്ടായിരിക്കും. സംസ്കൃതം മുതലായ പൗരസ്ത്യഭാഷകളിലുള്ള ഗ്രന്ഥങ്ങൾക്കും പുസ്തകങ്ങൾക്കും ഒരു പ്രത്യേകം സെക്ഷൻതന്നെയുണ്ടിതിൽ.

പൗരസ്ത്യഭാഷാവിദ്യാർത്ഥികൾക്ക് 'ഇന്ത്യാ ആപ്പീസ്' ലൈബ്രറിയും വളരെ പ്രയോജനകരമാണ്. ട്രഫാൾഗാർസ്ക്വയറിൽനിന്ന 'വെസ്റ്റ്മിൻസ്റ്റ'റിലേയ്ക്കു പോകുമ്പോൾ വലത്തുഭാഗത്തു കാണുന്ന 'കിങ്ചാൾസ് സ്ട്രീററി'ലാണ് ഈ ലൈബ്രറി. ഇന്ത്യയും ബ്രിട്ടനും തമ്മിൽ ഇതിൻെറ ഉടമസ്ഥാവകാശത്തെപ്പററി ഇപ്പോഴും തക്കിച്ചുകൊണ്ടിരിക്കയാണ്. ഇന്ത്യയിലെ എല്ലാ ഭാഷകളിലുമുള്ള വളരെ വിലപിടിച്ച ഗ്രന്ഥങ്ങളും പുസ്തക

ങ്ങളും റിക്കാർട്ടുകളും ഇവിടെയുണ്ട്. സാമൂതിരിയും ഡച്ചുകാരും തമ്മിൽ ഉണ്ടായ ഒരുടമ്പടിയുടെ പൊൻതകിട്ടുരേഖ ഞാൻ പരിശോധിച്ചു പകർത്തിയെടുക്കുകയുണ്ടായി.

* * * *

16

ഞങ്ങളുടെ ലണ്ടൻജീവിതം അവസാനിക്കാറായി. 1954 ആഗസ്റ്റ് 20-ാംതീയതി സതംപ്ററൺ തുറമുഖത്തുനിന്നു പുറപ്പെടുന്ന 'എസ്. എസ്. കോർഫ്' എന്ന പി. ആൻഡ് ഓ. കമ്പനിക്കാരുടെ കപ്പലിൽ ഞങ്ങളുടെ സീററു റിസർവ്വ് ചെയ്തുകഴിഞ്ഞു. ജൂലൈ ആദ്യത്തിലെങ്കിലും തീസിസ് യൂണിവേഴ്സിററിക്കു കൊടുക്കണം. അതു പരിശോധിക്കുവാൻ പരീക്ഷകന്മാർക്ക് ഒരു മാസമെങ്കിലും കൂടാതെ കഴികയില്ല. പരിശോധനയ്ക്കു ശേഷം ഒരു 'ഇൻററർവ്യൂ'കൂടിയുണ്ട്. ഇതെല്ലാം പുറപ്പെടുന്നതിന്നു മുമ്പു കഴിയണമല്ലോ.

'ശബ്ദവൃത്തികളെപ്പററിയുള്ള ഭാരതീയസിദ്ധാന്തങ്ങൾ' എന്നതാണല്ലോ എൻെറ തീസിസ്സിന്നുള്ള വിഷയം (Indian Theories of Meaning). എനിക്കു വായിക്കുവാനുള്ള പ്രധാനപ്പെട്ട മൂലഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും ആധുനികകൃതികളുമെല്ലാം സൂക്ഷ്മമായി നോക്കി 'നോട്ടെ'ടുത്തു കഴിഞ്ഞിരുന്നു. സ്കൂളിൽ ഭാഷാശാസ്ത്രത്തെപ്പററിയുള്ള ക്ലാസ്സുകളിൽ ഇരുന്നും പ്രൊഫസർ 'ഫേത്ത്'മായി ചർച്ച ചെയ്തും പാശ്ചാത്യഭാഷാശാസ്ത്രജ്ഞന്മാരുടെ

വിവിധ സിദ്ധാന്തങ്ങളുടെ ഒരേകദേശജ്ഞാനമുണ്ടാകുവാനും എനിക്കു സാധിച്ചു. മാർച്ചുമാസമായതോടുകൂടി തീസിസ് എഴുതുവാനുള്ള ആരംഭമായി. പ്രൊഫസർ 'ബ്രഫ്'മായുള്ള ചർച്ചകളും വളരെ പ്രയോജനകരംതന്നെയായിരുന്നു. ജൂൺ അവസാനമായപ്പോഴേയ്ക്കുംതന്നെ തീസിസ് ഒരുവിധം പൂർത്തിയായി. വേണ്ട സമയത്തുതന്നെ അതു യൂണിവേഴ്സിററിക്കു സമർപ്പിക്കുകയും ചെയ്തു.

പിന്നീടൊരു മാസംകൂടിയുണ്ടായിരുന്നു ലണ്ടൻജീവിതം. പക്ഷെ, അതൊരാഴ്ചപോലെ ക്ഷണത്തിൽ കടന്നുപോയി. ലണ്ടനിലും പരിസരങ്ങളിലുമുള്ള കാഴ്ചസ്ഥലങ്ങളിൽ കണ്ടുകഴിഞ്ഞിട്ടില്ലാത്തവ സന്ദർശിക്കുക, 'വെയിൽസി'ൽ പീതാംബരൻ പരിശീലനം നടത്തുന്ന 'സ്വാൻസി'യിൽചെന്നു രണ്ടുദിവസം താമസിക്കുക, ലണ്ടനിലെ സ്നേഹിതന്മാരെക്കണ്ടു യാത്ര പറയുക തുടങ്ങിയ പല കർത്തവ്യങ്ങളും ഇതിനിടയ്ക്കു ചെയ്തുതീർത്തു.

പുറപ്പെടുന്നതിന്റെ തലേന്നാളായിരുന്നു 'ഇന്റർവ്യൂ.' പ്രൊഫസർ എൽ. ഡി. ബാർണററും, പ്രൊഫസർ ബ്രഫുമായിരുന്നു പരീക്ഷകന്മാർ. എഴുപതിൽപരം വയസ്സുചെന്ന ഡാക്ടർ ബാർണററ് സുപ്രസിദ്ധനായ ഒരു മഹാപണ്ഡിതനാണ്; അദ്ദേഹം എന്നോടു യാത്ര പറഞ്ഞതു്: "പന്ഥാനഃ സന്തു തേ ശുഭാഃ" എന്ന അനുഗ്രഹത്തോടുകൂടിയാണ്. പ്രൊഫസർ ബ്രഫിനോടു യാത്ര പറയുന്നതിനു മുമ്പുതന്നെ ലണ്ടൻ യൂണിവേഴ്സിററിയുടെ 'പിഎച്ച്. ഡി.'യ്ക്കു ഞാൻ തികച്ചും അർഹനാണെന്നവർ തീർച്ചപ്പെടുത്തിയിട്ടുണ്ടെന്നും സാവധാന

ത്തിൽ ഔദ്യോഗികമായി എഴുത്തു കിട്ടുമെന്നും അദ്ദേഹം എന്നെ അറിയിച്ചു.

'വാട്ടർലൂ'സ്റ്റേഷനിൽനിന്നാണു് 'ബോട്ടു്-ട്രെയിൻ' പുറപ്പെടുന്നതു്. സ്നേഹിതന്മാരെല്ലാം ഞങ്ങളെ യാത്രയാക്കുവാൻ വന്നിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഇതാ തീവണ്ടി നീങ്ങുകയായി. ഞങ്ങളുടെ ലണ്ടൻജീവിതം അവസാനിച്ചു.

പത്തുപതിനെട്ടു ദിവസംകൊണ്ടു കപ്പൽ ബോംബെയിലെത്തിച്ചേർന്നു. ചിങ്ങമാസത്തിലെ തിരുവോണദിവസം കാലത്തുതന്നെ ഞങ്ങൾ നാട്ടിൽ തിരിച്ചെത്തി.

കേരള സാഹിത്യ അക്കാദമി

കേരള സാഹിത്യ
അക്കാദമി